ഉ.124

[illegible]

1875
124.

Malayalam Men of Letters Series

# കേരളഭാഷാപ്രണയികൾ

---

മ. റാവുബഹദൂർ ഒയ്യാരത്തു ചന്തുമേനോൻ.

---

ഗ്രന്ഥകർത്താ

മൂർക്കോത്തു കുമാരൻ.

---

വി. വി. പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1932.

# മുഖവുര.

വളരെ അധൈൎയ്യത്തോടും ഉൽക്കണ്ഠയോടും കൂടി
യാണു് ഞാൻ ഈ പുസ്തകം ബഹുജനസമക്ഷം സമൎപ്പി
ക്കുന്നതു്.

ഒരു സാഹിത്യകാരന്റെ നിലയിൽ റാവുബഹദൂർ
ഒ. ചന്തുമേനോൻ അവർകൾ ഏററവും മുഖ്യനായി ഗ
ണിക്കപ്പെട്ടിരിക്കയാണു്; ഒരു ജഡ്ജിയുടെ നിലയിൽ അ
ദ്ദേഹം സൎവ്വസമ്മതനായിരുന്നു; ഒരു മനുഷ്യന്റെ നില
യിൽ അദ്ദേഹം ബഹുമാന്യനുമത്രെ. അദ്ദേഹത്തെ നേ
രിട്ടു പരിചയമുണ്ടായിരുന്ന പലരും ഇന്നു ജീവിക്കുന്നു
ണ്ടു്; ആ മഹാനെ സംബന്ധിക്കുന്ന സരസതരങ്ങളായ
ചരിത്രകഥകൾ ഇന്നും പലൎക്കും അറിയാം. താൻ ഭൂ
ലോകവാസം വെടിഞ്ഞിട്ടു് ഇന്നേക്കു കൃത്യമായി ൩൪
കൊല്ലം തികഞ്ഞുവെങ്കിലും അവിടത്തെ അനന്യസാധാ
രണമായ സ്വഭാവവൈശിഷ്ട്യങ്ങളും ഫലിതരസസമ്മി
ശ്രമായ പ്രവൃത്തികളും പൊടിക്കൈകളും പലേ മാന്യ
ന്മാരുടെയും ഓർമ്മയിൽ അവയ്ക്കുള്ള പുതുമയും രസിക
ത്വവും പോയ്പോകാതെ ഇങ്ങിനെ നിലനിന്നു വരുന്ന
ഈ അവസരത്തിൽ ആ അനുഗൃഹീതപുരുഷന്റെ ജീ
വചരിത്രം പരസ്യം ചെയ്യുന്ന ആൾക്കു് എങ്ങിനെയാ
ണു് അധൈൎയ്യവും ഉൽക്കണ്ഠയും ഇല്ലാതിരിക്കുക?

മഹാമഹിമശ്രീ കൊച്ചി, അപ്പൻതമ്പുരാൻ തിരു
മനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരുന്ന 'സാഹി

ത്യസമാജ്ത്തിന്റെ ഒരു കമ്മിററിയോഗത്തിൽ ചെയ്തിരുന്ന നിശ്ചയങ്ങളിൽ പ്രധാനമായ ഒന്നു, കേരളത്തിലെ പ്രധാനതരായ സാഹിത്യപ്രണയികളുടെ ജീവചരിത്രങ്ങൾ, ഇംഗ്ലീഷിലെ "Men of Letters Series." എന്ന ഗ്രന്ഥപരമ്പരയുടെ സമ്പ്രദായത്തിൽ മലയാളഭാഷയിൽ എഴുതി പരസ്യം ചെയ്യണമെന്നായിരുന്നു. പലരും ഓരോരുത്തരുടെ ജീവചരിത്രം എഴുതാമെന്ന് അന്ന് ഏല്ക്കുകയുണ്ടായി. ആ കൂട്ടത്തിൽ ചന്തുമേനോന്റെ ജീവചരിത്രം എഴുതാമെന്നു ഞാനും ഏററിരുന്നു. അതുകഴിഞ്ഞിട്ട് കൊല്ലം വളരെയായി. അതിൽ വേണ്ടുന്ന പ്രോത്സാഹനം കിട്ടുമെന്നുള്ള ആശയ്ക്കു വഴി കാണായ്കയാലും സമാജം പിന്നെ അതിൽ കാൎയ്യമായി പ്രവൎത്തിച്ചുകാണായ്കയാലും ഞാൻ അതിനായി ശ്രമിച്ചില്ലെന്നേ പറയേണ്ടതുള്ളൂ. ഇങ്ങിനെയുള്ള അഭിപ്രായങ്ങൾ പ്രകടിക്കുകയും അവയുടെ വിച്ഛയും സാധുതാഭാവും സ്ഥാപിച്ചുകൊണ്ടു പ്രസംഗങ്ങൾ ചെയ്കയും അവയ്ക്കനുസരിച്ചു പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്കയെന്നതു, നമ്മുടെ സാഹിത്യപരമായ സമ്മേളനങ്ങളിൽ സൎവ്വസാധാരണമായി നടക്കുന്ന സംഭവങ്ങളാണല്ലൊ. അവയെ നിറവേററുവാൻ പിന്നീട് ആരും ഒന്നും പ്രവൎത്തിക്കാതിരിക്കുകയും സൎവ്വസാധാരണമായിത്തീൎന്നിരിക്കുന്നു. "സമസ്തകേരള സാഹിത്യപരിഷത്തു" വകയായി നടത്തപ്പെടാറുള്ള വാൎഷികോത്സവങ്ങളിലും ഇങ്ങിനെയുള്ള പ്രസംഗങ്ങളും പ്രമേയങ്ങളും ധാരാളമുണ്ടാകാറുണ്ട്. അവയെക്കൊണ്ടും ഫലമൊന്നും ഉണ്ടായിക്കഴിഞ്ഞിട്ടില്ല.

എഴുത്തച്ഛൻ കിളിപ്പാട്ടുകളും ചെറുശ്ശേരി ഗാഥയും കൊട്ടാരക്കരത്തമ്പുരാനും കോട്ടയം തമ്പുരാനും ആട്ടക്ക

ഥകളും കുഞ്ചൻ ഓട്ടൻതുള്ളലും ബെയിലി, ഗുണ്ടർട്ട് എന്നിവർ നിഘണ്ടുക്കളും വ്യാകരണങ്ങളും മററും ഉണ്ടാക്കിയതു വല്ല സാഹിത്യസഭകളിലേയും പ്രമേയങ്ങൾ അനുസരിച്ചോ ബഹുമാനിച്ചോ അവയാൽ നിർബ്ബന്ധിതരായോ ആയിരുന്നില്ല. ഗോവിന്ദപ്പിള്ള ഭാഷാചരിത്രം രചിച്ചതും ചന്തുമേനോൻ നോവൽ എഴുതിയതും സമാജങ്ങളുടെ പ്രേരണകളാൽ ആയിരുന്നില്ല. സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻതക്കവണ്ണം ധാരാളം പണം മൂലധനമായി ശേഖരിച്ചുവെക്കാൻ സാധിക്കാത്ത നിലയിൽ, ഈ വക സമാജങ്ങളാൽ ഭാഷാപോഷണാൎത്ഥം വല്ലതും പ്രവൎത്തിക്കുവാൻ സാധിക്കുകയില്ലെന്നു് എല്ലാവൎക്കും ബോദ്ധ്യമാകത്തക്ക അനുഭവമാണു് അവയെക്കൊണ്ടു് ഇതുവരെ ഉണ്ടായിട്ടുള്ളതു്. ഒന്നുകിൽ സാഹിത്യകാരന്മാർ ധനവാന്മാരായിരിക്കണം; അല്ലെങ്കിൽ വല്ല ധനവാന്മാൎക്കും സാഹിത്യഭ്രമം കലശലായി ഉണ്ടായി അവർ സാഹിത്യകാരന്മാരെ പോഷിപ്പിക്കണം. വിജയനഗരം രാജകുമാരൻ, ക്രിക്കററുകളിയിൽ പരിഭ്രാന്തനായി, കൊല്ലംതോറും ലക്ഷക്കണക്കിൽ അതിന്നായി ധനം ചെലവുചെയ്യുന്നതു കാണുമ്പോൾ, മലയാളസാഹിത്യത്തിൽ ഇങ്ങിനെ ഒരു ഭ്രമം കടന്നുകൂടിയ രാജാക്കന്മാരൊ പ്രഭുക്കന്മാരൊ ഉണ്ടായെങ്കിൽ എത്ര നന്നായിരുന്നുവെന്നു് എനിക്കു തോന്നാറുണ്ടു്. ഭാഷാപോഷണത്തിൽ ഉത്സുകനായി സ്വന്തം കൈയിൽ നിന്നു് അനവധിധനം അതിലേക്കു ചെലവഴിച്ചു, വാസനാകവികളെ പ്രോത്സാഹിപ്പിച്ചുപോന്നിരുന്ന പരേതനായ വൎഗ്ഗീസ്സുമാ

പ്പിള അവർകളെ ഞാൻ ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. വിദ്വാന്മാർ പ്രായേണ ദരിദ്രരാണല്ലോ. അവർ ഭാഷയെ പട്ടിണിയിടീക്കമാറാകാതിരിക്കേണമെങ്കിൽ, അവരെ ഒന്നാമതു പട്ടിണിയിൽനിന്നു രക്ഷിക്കേണ്ടതു് ആവശ്യമാണു്.

ഈ മുഖവുരയിൽ ഈ സംഗതികൾ എടുത്തുപറവാൻ ഒരു പ്രത്യേകകാരണം ഉണ്ടായിട്ടുണ്ടു്. ഈ പുസ്തകം അപൂർണ്ണവും ദോഷസങ്കലിതവും ആയിരിക്കാമെങ്കിലും ഇതിനെ ഈ നിലയിലെങ്കിലും എഴുതിത്തീർക്കുവാൻ എനിക്കു സാധിച്ചതു, തിരുവനന്തപുരത്തെ "വി. വി. പബ്ലിഷിങ്ങ് ഹൌസ്," ഉടമസ്ഥനായ ശ്രീമാൻ തോമസ് പോൾ (ബി. എ.) അവർകളുടെ പ്രോത്സാഹനത്താൽ മാത്രമാകുന്നു. പ്രോത്സാഹനം എന്നു പറഞ്ഞാൽ പോരാ, അദ്ദേഹം നിരന്തരമായും നിർബ്ബന്ധമായും ഉത്സാഹിച്ചുകൊണ്ടിരുന്നില്ലെങ്കിൽ, ഈ പുസ്തകം ഈ വിധം മുഴമിപ്പിക്കുവാൻ കഴിയുന്നതല്ലായിരുന്നു. അതുകൊണ്ടു സാഹിത്യലോകത്തിലെ പ്രകാശം കാണുവാൻ ഈ പുസ്തകത്തിന്നു ഇടവന്നതു വല്ലവിധത്തിലും നന്നായിട്ടുണ്ടെന്നു മഹാജനങ്ങൾക്കു തോന്നിയെങ്കിൽ, അതിന്നുള്ള പ്രശസ്തി ശ്രീമാൻ .പോളിന്നു ചെല്ലേണ്ടതാകുന്നു; ദോഷങ്ങൾക്കൊക്കെ ഉത്തരവാദി ഞാനുമത്രെ.

എന്റെ സ്നേഹിതൻ ശ്രീമാൻ അമ്പ്രമോളി കുഞ്ഞിരാമൻവൈദ്യർ അവർകൾ ചന്തുമേനോന്റെ ജീവചരിത്രം സംക്ഷേപിച്ചെഴുതി, ഒരു ചെറുപുസ്തകമായി ഇതിന്നുമുമ്പുതന്നെ പരസ്യം ചെയ്തിരുന്നു. അതിൽനി

ന്ന ചരിത്രനായകനെ സംബന്ധിച്ച ഞാൻ അറിയാതിരുന്ന ചില വിവരങ്ങൾ അറിവാൻ ഇടയായിരിക്കുന്നുവെന്നും അവയെ ഇതിൽ ചേർത്തിരിക്കുന്നുവെന്നും കൃതജ്ഞതയോടുകൂടി പ്രസ്താവിക്കുന്നു. ചന്തുമേനോൻെറ മരുമകൻ, അദ്ധ്യാപകൻ ശ്രീമാൻ ഒ. ചന്തുമേനോൻ അവർകൾ ബി. എ., ബി. എൽ., കുടുംബസംബന്ധമായ ചില വിവരങ്ങൾ തന്നു് ഈ പുസ്തകം രചിക്കുന്നതിൽ എന്നെ സഹായിച്ചതിന്നു്, അദ്ദേഹത്തിന്നും ഞാൻ വന്ദനം പറയുന്നു. കൂടാതെയും, ചന്തുമേനോൻ അവർകൾ തന്നെ സാഹിത്യസംബന്ധമായ പല കാര്യങ്ങളെപ്പററിയും എഴുതിയിട്ടിരുന്ന ഒരു നോട്ടുബുക്കു് ശ്രീമാൻ പോൾ എനിക്കു സമ്പാദിച്ചു തന്നതു് ഈ ചരിത്രം എഴുതുന്നതിന്നു് എനിക്കു വളരെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കാൻ പാടില്ലാത്തതാകുന്നു.

"ഇന്ദുലേഖ", ചന്തുമേനോൻ ജീവിച്ച ഭാഷയ്ക്കു വേണ്ടി ചെയ്തിരിക്കുന്ന അമൂല്യമായ സഹായത്തെപ്പററി കേരളീയർ എന്നെന്നും കൃതജ്ഞതാപൂർവ്വം ഓർമ്മിക്കുവാനും, "ശാരദ", അദ്ദേഹത്തിൻെറ അപ്രതീക്ഷിതമായ ദേഹവിയോഗത്തെ അവർ എന്നെന്നും വ്യസനപൂർവ്വം ഓർമ്മിക്കുവാനും ഉള്ള രണ്ടുവിധം സ്മാരകങ്ങളായി മലയാളഭാഷ ഉള്ളന്നും നിലനില്ക്കുന്നതാകുന്നു. അവയ്ക്കിടയിൽ എൻെറ ഈ ചെറുപുസ്തകം, ആ മഹാൻ ജീവിച്ചകാലത്തേയും അദ്ദേഹത്തിൻെറ ജീവിതരീതിയേയും സ്വഭാവവൈശിഷ്ട്യങ്ങളേയും, ഇനിയത്തെ തലമുറകൾ അറിവാൻ സഹായമായിത്തീരുമെങ്കിൽ ഞാൻ കൃതാർത്ഥനാകും.

ജന്മനാ സിദ്ധിച്ചതും അഭ്യാസബലത്താലും ലോകപരിചയത്താലും പോഷിപ്പിക്കപ്പെട്ടതും ആയ വാസനാവൈഭവത്താലും ഭാവനാശക്തിയാലും നിരീക്ഷണപാടവത്താലും ധിഷണാഗുണത്താലും കേരളീയകവികളിൽ ഏററവും ഉന്നതമായ സ്ഥാനം അർഹിക്കുന്ന ദുർല്ലഭം ചിലരിൽ ഒരാളായിരുന്ന ചന്തുമേനോനെപ്പററി എനിക്കുണ്ടായിരുന്ന അകൈതവമായ ഭക്തിബഹുമാനങ്ങളുടെ ഓർമ്മക്കായി ഈ പുസ്തകത്തെ വിനയപൂർവ്വം സമർപ്പിക്കുകയും, അപൂർണ്ണസ്ഥിതിയിലുള്ള ശാരദയെ കാണുന്തോറും ഉണ്ടാകുന്ന ദുഃഖത്തിൻെറ ബാഹ്യചിഹ്നമായ കണ്ണുനീർതുള്ളിയോടുകൂടി ഈ മുഖവുരയിൽ ഒപ്പുവെക്കുകയും ചെയ്യുന്നു.

തലശ്ശേരി<br>
1932 സെപ്തമ്പർ 7

മൂർക്കോത്തു കുമാരൻ<br>
(ഒപ്പ്)

1875
5.124
ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്

# ഒയ്യാരത്തു ചന്തുമേനോൻ.

KRISHNAVILASAM READING ROOM MALAYINKIL

## പ്രാരംഭ അദ്ധ്യായം.

### ഗദ്യകാവ്യത്തിന്റെ വളൎച്ച.

പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം രാജ്യത്തു പ്രചരിച്ചുതുടങ്ങിയശേഷം ഭാഷാസാഹിത്യത്തിന്നു പ്രായേണ ഒരു മാന്ദ്യം സംഭവിച്ചു. ഇംഗ്ലീഷുപഠിച്ചവരുടെ ഇടയിൽ പലക്കും ഭാഷയോടും ഭാഷാസാഹിത്യത്തോടും അനാദരവും ചില സംഗതിയിൽ പുച്ഛവും ഉണ്ടായി എന്നുതന്നെ പറയാം. എന്നാൽ ഏതു ഭാഷയിലെ സാഹിത്യത്തിന്നും ഭൂഷണമായി കരുതാവുന്നവയും രാമാനുജൻ, എഴുത്തച്ഛൻ, ചെറുശ്ശേരിനമ്പൂരി, ഉണ്ണായിവാരിയർ, കലക്കത്തു കുഞ്ചൻനമ്പിയാർ മുതലായവർ നിർമ്മിച്ചവയും ആയ കാവ്യങ്ങൾ വായിക്കുവാനും അവയിൽ രസിക്കുവാനും സഹൃദയന്മാർ ഉണ്ടാകാതിരുന്നില്ല. വിശേഷിച്ചും ഓട്ടൻതുള്ളൽ, ആട്ടക്കഥ എന്നീ ദൃശ്യകാവ്യങ്ങൾ ആഹാരസമ്പാദ്യത്തെ മാത്രം ഉദ്ദേശിച്ചെങ്കിലും അഭിനയിക്കുവാൻ ആളുകൾ ഉണ്ടായതിനാൽ കേരളത്തിലെ ചില പ്രധാന കവികളെ ജനങ്ങൾ കേവലം വിസ്മരിച്ചുപോകുവാൻ ഇടവന്നില്ല. കർക്കടകത്തിലും ചിങ്ങത്തിലും രാമായണം, ഭാരതം, കൃഷ്ണഗാഥ മുതലായ ഗ്രന്ഥങ്ങൾ എല്ലാ ഹിന്ദുഗൃഹങ്ങളിലും നിർബ്ബ

ന്ധമായി വായിക്കണം എന്നുണ്ടായിരുന്ന പതിവ് ഇ കാലത്തു ചിലർ വലിയ അന്ധവിശ്വാസമായി കരുതു ന്നുണ്ടെങ്കിലും ആ സമ്പ്രദായം കുഞ്ചനും ചെറുശ്ശേരിയും കാലയവനികയിൽ തീരെമറഞ്ഞുപോകാതെ അവരുടെ നാമധേയങ്ങളും അവരുടെ കാവ്യങ്ങളും എല്ലാവരുടേയും സ്മൃതിരംഗത്തിൽ വിളയാടിക്കൊണ്ടിരിക്കുവാൻ സഹാ യിച്ചു. അവയിലെ സംസ്കൃതവാക്കുകൾ വാമൊഴി യിൽ മലയാളിക്കു നിത്യോപയോഗമായിത്തീൎന്നുകൊ ണ്ടിരുന്നു; ശരിയായ അൎത്ഥത്തിൽ മാത്രമല്ല, "പപ്ര ഞ്ചൻ", "പ്രാരബ്ധം" മുതലായ വാക്കുകൾ അൎത്ഥം തെ റ്റിദ്ധരിച്ചു തെറ്റായ അൎത്ഥത്തിൽ ഉപയോഗിക്കപ്പെ ടുകയും അവയ്ക്കു സംഭാഷണഭാഷയിൽ പ്രതിഷ്ഠ ലഭി ക്കുകയും ചെയ്തു.

ഭാഷയിൽ ഗദ്യരചന ആരംഭിച്ചതു് ഏതുകാല ത്തായിരിക്കും എന്നതു വാദവിഷയമായ സംഗതിയാകു ന്നു. ഇതിനെപ്പററി തീൎച്ചയായ ഒരു അഭിപ്രായം പറ യുവാൻ ഭാഷാചരിത്രകൎത്താവിന്നുതന്നെ സാധിച്ചിട്ടില്ല. അദ്ദേഹം പറയുന്നതു ഗദ്യം എപ്പോൾമുതല്ക്കു് എഴുതി ത്തുടങ്ങിയെന്നു തീൎച്ചപറവാൻ പാടില്ലെന്നും ഏകദേ ശം കലിവൎഷം 3000ന്നു് ഇപ്പുറം ഗദ്യം എഴുതിത്തുടങ്ങി യെന്നു് ഊഹിക്കാമെന്നും ആകുന്നു. ആദ്യകാലത്തെ ഭാ ഷാഗദ്യത്തിന്റെ രീതി എങ്ങിനെയായിരിക്കാം എന്നു് അറിയുന്നതു രസകരമായിരിക്കുമല്ലോ. മതിരാശിമ്യൂസി യത്തിൽനിന്നു കണ്ടെടുത്ത "കൌടില്യന്റെ അൎത്ഥശാ സ്ത്രം" എന്ന ഗദ്യകാവ്യത്തിൽ കാണുന്ന ഭാഷാരീതിയു ടെ മാതൃകയറിവാൻ അതിൽനിന്നു ചില വാക്യങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"വിനയാധികാരികം അധികരണത്തിൽ മൂന്നം പ്രകരണാധികരണസമുദ്ദേശമെമ്പിതു സൂത്രം. ഇശ്ശാസ്ത്രത്തിലുള്ള പ്രകരണങ്ങളെയും അധികരണങ്ങളെയും ഇത്തനയെന്നു കുറിട്ടു ചൊല്ലിൻറിതു. രാജാവു വിനയമുടയവനായി വേണ്ടും രാജ്യം രക്ഷിപ്പാൻ. വിനയം വിദ്യകളെൻറി അടതാകിൻറമയിനാൽ, വിദ്യാസമുദ്ദേശമെമ്പിതു സൂത്രം ചൊല്ലിതു. അവ്വിദ്യകളും വൃദ്ധസംയോഗമെൻറി അറിവാനാതാകിൻറമയിനാൽ, അതിനനന്തരം വൃദ്ധസംയോഗമാകിൻറ സൂത്രം ചൊല്ലിതു."

ഇങ്ങിനെയാണ് ഇതിലെ ഭാഷ. ഇതുപോലെതന്നെയാണ തിരുവിതാംകൂർ സക്കാർ വകയായി ശ്രീമാൻ കെ. സാംബശിവശാസ്ത്രികൾ പരിശോധിച്ചു പരസ്യം ചെയ്ത "ബ്രഹ്മാനന്ദവിദേവക"ത്തിലെ വാക്യരീതിയും. അതിന് ഉദാഹരണം കാണുക:—

"സച്ചിദാനന്ദികൾക്ക് ആവരണമില്ലയെന്നു ചൊല്ല, ഇതുക്ക് അനുഭവമെപ്പിടിയെന്നു ശങ്കവര അനുഭവം ചൊല്ലികിറാർ. സദ്രൂപമാനതു, അറിവേൻ, അറിയേൻ, അറിഃന്തേൻ, എമ്പതിലും കാമാദിപ്രവൃത്തികൾ തോന്നുകിലും തോന്നാപ്പിറകിലും ജാഗ്രത്താദി അവസ്ഥകളിടത്തിലും തനക്കൊന്നിലും വാസനയില്ലാമൽ ഉണ്ടെന്നിരുന്നു വിളങ്കിവക്കിറ ജ്ഞാനമേ സദ്രൂപം."

ഇതിലെ ഭാഷ മലയാളമാണെന്നു പറയത്തക്ക ലക്ഷ്യങ്ങൾ ചുരുക്കമൊണെന്നും, എന്നാൽ "തത്വമസിവ്യാഖ്യാന"ത്തിലെ ഭാഷ മലയാളം തന്നെയാണെന്നും ആണ് ശാസ്ത്രികളുടെ അഭിപ്രായം. അതിലെ ഭാഷയുള്ള ഉദാഹരണമാണിതു്:—

"ഇനി സ്ഥൂലത്തിൽ കാരണദേഹം ചൊല്ലുറേൻ. പൃഥ്വിയും അപ്പുംകൂടി ദേഹതമായി സ്ഥൂലത്തിൽ കാരണദേഹമാച്ചു. അതുയെപ്പടി? മണ്ണും തണ്ണീരും കൂടിന പടിയാലെ ചുവരാച്ചു. ഇതുക്കു മണ്ണേതു, തണ്ണീരേതു് എന്നാൽ ഞരമ്പു, എലിമ്പു, ദശൈ മുതലാന കറിനമെല്ലാം മണ്ണു. രക്തം, മൂത്രം, പിത്തം, ശ്ലേഷ്മം മുതലാന കുളുമൈയെല്ലാം തണ്ണീരാച്ചു. ഇതു രണ്ടുംകൂടി ദേഹം."

മലയാളഭാഷ തമിഴിൻെറ പിടിയിൽനിന്നു് ഇങ്ങിനെ ക്രമേണ വിട്ടുമാറിക്കൊണ്ടിരുന്നു. അതു പിന്നെയും പരിഷ്കരിക്കപ്പെട്ടതു നോക്കുക. "ഭാഗവതം ഭാഷാഗദ്യം" എന്ന പഴയ ഗദ്യകാവ്യത്തിലെ ഒരു ഖണ്ഡിക താഴെ പകർത്തുന്നു:—

"ആ ഭഗവാൻ ആത്മാവുകൊണ്ടു് ആത്മാവിനെ പാലയന്നായിട്ടു് ഒരു സംവത്സരം കഴിഞ്ഞു കാലം. അങ്ങിനെ പശു മേച്ചു പോരുന്നിടത്തു് ഒരുനാൾ പശുക്കളേയുംകൊണ്ടു വനത്തിൽ പോയെടത്തു, ഗോവർദ്ധനപർവ്വതത്തിൽ മുകൾപ്പരപ്പിൽ മേഞ്ഞു നില്ക്കുന്ന പശുക്കൾക്കു കാണായി വ്രജത്തിങ്കൽ ചില പശുക്കിടാക്കൾ മേയുന്നതു്. അപ്പോൾ പശുക്കിടാക്കളിലെ സ്നേഹം കൊണ്ടു പരവശരായി തങ്ങളെത്തങ്ങളെ മറന്നോടിത്തുടങ്ങിയാർ. അപ്പോൾ മേച്ചു നിന്നവർ തടുത്താർ. അപ്പോൾ ചെമ്മെ വാലുമുയർത്തി മുല ചുരന്നുപാലുമമ്പു് ഭൂമിയിൽ വീണിരിക്കുന്നു. അങ്ങിനെഅപ്പശുക്കിടാങ്ങൾക്കു മുലയും കൊടുത്തു നക്കവത്തും ചെയ്താർ. അപ്പോൾ മേച്ചുനിന്ന ഗോപന്മാർ കോപിച്ചോടിച്ചെന്നവർ കണ്ടാ-

ളെല്ലാം പക്ഷിക്കിടാക്കളെയും ഗോപക്കിടാക്കളെയും നില്ക്കുന്നതു്."

ഈ ഗ്രന്ഥം എഴുതിയതു് ഏതാണ്ടു കൊല്ലവർഷം എട്ടാം നൂറ്റാണ്ടിലായിരിക്കുമെന്നു തോന്നുന്നതായി ഒരു പണ്ഡിതർ അഭിപ്രായപ്പെട്ടിരിക്കുന്നു. പള്ളിക്കൂടങ്ങളിൽവെച്ചു സംസ്കൃതകാവ്യങ്ങളുടെ അന്വയാർത്ഥം പറവാൻ ഇടക്കാലത്തുകൂടി ഉപയോഗിച്ചിരുന്ന രീതിയാണു് ഇതിന്നുള്ളതെന്നു പറയേണ്ടതില്ലല്ലോ. ശ്ലോകങ്ങളുടെ അന്വയാർത്ഥം പറയുന്നതിൽ സംസ്കൃതപദങ്ങൾ അധികമായി ഉപയോഗിച്ചുപോന്നിരുന്ന വഴിക്കായിരിക്കണം, ഭാഷാഗദ്യത്തിൽനിന്നു തമിഴ്പദങ്ങൾ ക്രമേണ ബഹിഷ്കരിക്കപ്പെട്ടതു്. മേല്പറഞ്ഞ ഗ്രന്ഥത്തിൽ ഉപയോഗിച്ച പലേ ഭാഷാപദങ്ങളും ഇപ്പോൾ പ്രചാരലുപ്തങ്ങളായിത്തീർന്നിരിക്കയാണല്ലോ.

കാലഭേദം മാത്രമല്ല, ദേശഭേദവും ഗദ്യരീതിയ്ക്കുള്ള വ്യത്യാസത്തിന്നു കാരണമായിരുന്നു. അച്ചടിയന്ത്രങ്ങളും വൃത്താന്തപത്രങ്ങളും സഞ്ചാരസൌകര്യവും ധാരാളം ഉണ്ടായിരിക്കുന്ന ഈ കാലത്തും ദേശവ്യത്യാസം ഭാഷയിൽ പ്രതിഫലിച്ചു കാണുന്ന സ്ഥിതിക്കു പഴയ കാലത്തെ സ്ഥിതി എന്തായിരുന്നിരിക്കുമെന്നു് ഊഹിക്കാമല്ലോ. അഞ്ചാം ശതവർഷത്തിൽത്തന്നെയും മദ്ധ്യകേരളത്തിലെ ഭാഷയിൽ തെക്കൻ ഭാഷയെക്കാൾ തമിഴുവാക്കുകൾ കുറഞ്ഞും സംസ്കൃതവാക്കുകൾ അധികമായും ഉണ്ടായിരുന്നതായി കാണുന്നു. കോഴിക്കോടൻ "കേരളോല്പത്തി"യിൽനിന്നു് ഇതിന്നു ഗോവിന്ദപ്പിള്ള അവർകൾ എടുത്തു കാണിച്ച ഒരു ദൃഷ്ടാന്തമാണിതു്:—

"ദ്വാപരയുഗത്തിൽ ഒരു ബ്രാഹ്മണൻ ഒരു കന്യകയെ വിവാഹംചെയ്തു. അന്നു സ്ത്രീധനത്തിന്നായിക്കൊണ്ടു മറെറ ബ്രാഹ്മണൻ ഒരു ഭൂമി ഉദകംചെയ്തു. വേട്ട ബ്രാഹ്മണന്നു് അങ്ങിനെ സ്വല്പകാലം ചെന്നപ്പോൾ ഒരു നിക്ഷേപം കണ്ടു. അതിൽ വളരെ ദ്രവ്യം ഉണ്ടെന്നറിഞ്ഞു, മുമ്പിൽ കൊടുത്ത ബ്രാഹ്മണനോടു ചെന്നു പറഞ്ഞു. നമുക്കു താൻ തന്ന പറമ്പിൽ ഒരു നിധിയുണ്ടു്. അതു് ഇങ്ങു കൊണ്ടുപോരികയും വേണം. ആ ദ്രവ്യം കൂടെ താൻ നമുക്കിങ്ങു തന്നതുമില്ല. ബ്രഹ്മസ്വം അറിയാതെ തന്നതു് ഇങ്ങു പരിഗ്രഹിച്ചുകൂടാ. എന്നു കേട്ടതിന്റെ ശേഷം അതിൽ പെട്ടതൊക്കെയും ഞാൻ നിനക്കു തന്നിരിക്കുന്നു. അതു ഞാൻ പരിഗ്രഹിക്കയില്ലെന്നു മറെറ ബ്രാഹ്മണൻ പറഞ്ഞതിന്റെ ശേഷം തമ്മിൽ വിചാരിച്ചുപോകയും ചെയ്തു. അങ്ങിനെ കുറെ കാലം ചെല്ലുമ്പോൾ ഒരു രാത്രിയിൽ ഭൂമിയിങ്കൽ കലികടക്കയായ്തു്. അന്നു രാത്രി രണ്ടു പരിഷയ്ക്കും തോന്നി. ഭൂമിയുടെ കൂടെ തന്ന മുതലുകൾ ഒക്കെ ഇങ്ങു തന്നു കിടക്കുന്നു. ഞാൻ കൊടുക്കേണ്ടതല്ല. എന്റെ ഭോഷത്വമത്രെ ഞാൻ അങ്ങോട്ടു ചെന്നു പറഞ്ഞതെന്നു വാങ്ങിയ ആൾക്കു തോന്നി. മറെറ ബ്രാഹ്മണന്നു തോന്നി, ഞാൻ ഭൂമിയെ നീരും ജന്മവും കൊടുത്തിട്ടുള്ളു. അതിലെ നിധികളെ കൊടുത്തിട്ടില്ല. അതു് ഇങ്ങത്രെ വേണ്ടു എന്നു കല്പിച്ചു പിറേറന്നാൾ നിധിയെടുപ്പാൻ തക്കവണ്ണം രണ്ടു പരിഷകളും ആ പറമ്പിൽ എത്തുകയും ചെയ്തു."

ദക്ഷിണകേരളത്തിൽ ധാരാളം തമിഴ്പദങ്ങളും പ്രത്യയങ്ങളും ചേൎത്തു ഗദ്യം രചിച്ചുപോന്നകാലത്തു മദ്ധ്യ

കേരളത്തിൽ നടപ്പുണ്ടായിരുന്ന ഗദ്യത്തിൻെറ രീതിയാണ് ഇതു്. ഉത്തരകേരളത്തിൽ തമിഴ പിന്നെയും കുറഞ്ഞും സംസ്കൃപദങ്ങളുടെ തൽഭവങ്ങൾ തുളുവിലും കർണ്ണാടകത്തിലും കാണുന്നവയിൽ അല്പസ്വല്പ വ്യത്യാസങ്ങളോടുകൂടി ഉപയോഗപ്പെട്ടതിയും കാണപ്പെട്ടു. "തലശേരി റിക്കാർഡുകൾ" എന്നു ഗുണ്ടട്ടു പണ്ഡിതർ പറയുന്ന ഗ്രന്ഥവരിയിലെ ഭാഷയെപ്പററി അദ്ദേഹത്തിന്നു വളരെ നല്ല അഭിപ്രായമായിരുന്നു ഉണ്ടായിരുന്നതു്. ഈ റിക്കാർഡുകൾ എത്രതന്നെ ശ്രമിച്ചിട്ടും എനിക്കു കാണ്മാൻ സാധിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

കൊല്ലവഷത്തിൻെറ ആരംഭകാലത്തു് എല്ലാ കോവിലകങ്ങളിലും ക്ഷേത്രങ്ങളിലും ഗ്രന്ഥവരികൾ മലയാളത്തിൽ എഴുതിവെക്കുക പതിവുണ്ടായിരുന്നു. ഭാഷാചരിത്രത്തിൽ ഇങ്ങിനെ പറഞ്ഞു കാണുന്നു:—"കൊല്ലവഷം ആരംഭിച്ചു് അഞ്ചുദിവസം കഴിഞ്ഞ ഉടനെ എഴുതീട്ടുള്ളതായ ഗ്രന്ഥവരി അനന്തശയനമഹാക്ഷേത്രത്തിൽ ഉണ്ടു്. അതു് ഇപ്പോൾ എഴുതിയിരിക്കുന്നതു് ആര്യ അക്ഷരത്തിലാണ്. മുമ്പു കോലെഴുത്തിൽ എഴുതിയിരുന്നതു കാലപ്പഴക്കം കൊണ്ടു പകത്തിയതിൽ ആയ്യ എഴുത്തിൽ ആയതാകുന്നു. അതിൽ സംസ്കൃതവാക്കുകൾ വളരെ അപൂവ്വമത്രെ. വാചകരീതി തമിഴിനെ വിട്ടും ഉച്ചാരണം സംസ്കൃതം അനുസരിച്ചും ആകുന്നു."

ചില വൈദ്യഗ്രന്ഥങ്ങളും ജ്യോതിഷഗ്രന്ഥങ്ങളും ആദ്യകാലത്തു ഗദ്യത്തിൽ എഴുതിയിരുന്നുവെന്നു രേഖപ്പെടുത്തിക്കാണുന്നു. സംസ്കൃതഗ്രന്ഥങ്ങളിൽ... ചിലതിൻെറ വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നു. സാധാരണ

എഴുത്തുകുത്തുകളും അവയോടു സംബന്ധിച്ചുള്ള ഗ്രന്ഥവരികളും പട്ടോലകളും എഴുതിയിരുന്നതും ഗദ്യത്തിൽതന്നെയായിരുന്നു. എന്നൊക്കെയിരുന്നാലും ഗദ്യകാവ്യങ്ങൾ വല്ലതും ഉണ്ടായിരുന്നതായി അറിയുന്നില്ല. അച്ചുക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടതിനു ശേഷമാണു ഗദ്യകാവ്യങ്ങൾ പരസ്യമായതു്. അച്ചുക്കൂടത്തിൻെറ ആരംഭചരിത്രം ബഹുരസമുള്ളതാണു്.

ജസുയിററ് പാതിരിമാരായിരുന്നു അച്ചടിയന്ത്രം ഒന്നാമതു സ്ഥാപിച്ചിരുന്നതു്. കൊടുങ്ങല്ലൂരിനു സമീപം, ഇപ്പോൾ പ്രസിദ്ധികുറഞ്ഞിരിക്കുന്ന അമ്പലക്കാട്ട് എന്ന നഗരത്തിൽ ക്രിസ്തുവർഷം 1555-ൽ ആയിരുന്നു ഒന്നാമത്തെ അച്ചുക്കൂടം സ്ഥാപിച്ചിരുന്നതു്. കൊച്ചിയിൽ പാർത്തിരുന്ന ഗോയാന്നിസ് ഗൊാംസാൾവസ് എന്ന ആൾ 1577-ൽ തമിഴക്ഷരങ്ങളും മലയാള അക്ഷരങ്ങളും കൊത്തിയുണ്ടാക്കിയതായി അറിയുന്നു. അവിടെ വെച്ചു, രണ്ടുകൊല്ലം കഴിഞ്ഞതിൻെറ ശേഷം ഒരു തമിഴപുസ്തകം അച്ചടിക്കുകയുണ്ടായത്രെ. അതു ക്രിസ്തീയവേദപ്രമാണങ്ങളെ സംബന്ധിച്ചുള്ള ഒരു ഗ്രന്ഥമായിരുന്നു. മലയാളഭാഷയിൽ ഒന്നാമതു് ഒരു പുസ്തകം അച്ചടിച്ചതു ബോമ്പായിൽ വെച്ചായിരുന്നുവെന്നാണു കാണുന്നതു്. "അതു, സുറിയാനികളുടെ, ഏവൻഗോലിയോൻെറ തൎജ്ജിമയായിരുന്നു. (Translation of the first four gospels.)"

പോർത്തുഗീസുകാൎക്കു കേരളത്തിൽ പ്രാബല്യം ഉണ്ടായിരുന്ന കാലത്തായിരുന്നു ഇത്രയും കാൎയ്യങ്ങൾ നടന്നിരുന്നതു്. പിന്നീടു 1662-നു ശേഷം ലന്തക്കാർ

[illegible]

൧൮൧൧-ാമാണ്ട് ബൊംബെയിൽ കൊറിയർ പ്രസ്സിൽ അച്ചടിച്ച
മലയാളഭാഷാപുസ്തകങ്ങളിലെ ഒരു പുറത്തിന്റെ ശരിപകർപ്പ്.

വന്ന് പോൎത്തുഗീസുകാരെ പരാജയപ്പെടുത്തി. അവരും മലയാളഭാഷയ്ക്കുവേണ്ടി പലതും ചെയ്തിരുന്നു. റീഡിസ് എന്ന പേരായ ഒരു ലന്തക്കാരൻ കേരളത്തിൽ വന്നു പല കാൎയ്യങ്ങളും പഠിച്ചറിഞ്ഞുപോയി സ്വരാജ്യത്തിലെ ആംസ്റ്റർഡാം നഗരത്തിൽവെച്ച് "മലബാറിക്കം" എന്നു പേരായി പന്ത്രണ്ടു വാല്യത്തിലുള്ള ഒരു മഹാഗ്രന്ഥം അച്ചടിപ്പിച്ചുവെന്നും "അതിൽ ഔഷധച്ചെടികളുടെ പേരുകൾ മലയാള അക്ഷരത്തിൽ കൂടി അച്ചടിച്ചുകാണുന്നു" എന്നും അറിഞ്ഞാൽ കേരളത്തിൽ വന്ന പാശ്ചാത്യർ നമ്മുടെ മാതൃഭാഷക്കുവേണ്ടി ചെയ്ത ഗുണങ്ങൾ മനസ്സിലാക്കാം. മേല്പറഞ്ഞ സംഭവത്തെ അടിസ്ഥാനമാക്കി സാഹിത്യചരിത്രകാരൻ കേരളീയരെ ഇങ്ങിനെ ആക്ഷേപിക്കുന്നു:—

"ഈ കേരളത്തിലുള്ള രാജാക്കന്മാൎക്കോ പ്രഭുക്കന്മാൎക്കോ സ്വഭാഷയിലെ അക്ഷരങ്ങൾ അച്ചടിച്ചു കാണേണമെന്നുള്ള ആഗ്രഹം ആ കാലത്തു തീരെ ഇല്ലായിരുന്നു. യൂറോപ്യന്മാരുടെ അദ്ധ്വാനത്താൽ ഇരുന്നൂറു സംവത്സരം മുമ്പു മലയാളഅക്ഷരം യൂറോപ്പുരാജ്യത്ത് അച്ചടിച്ചു കാണുന്നു. ഈ കേരളവാസികൾക്കു തങ്ങളുടെ ഉദാസീനതയെക്കുറിച്ചു ലജ്ജിക്കുവാൻ വേറെ എന്തു സംഗതി വേണം?"

ഉറങ്ങിക്കിടക്കുന്ന മലയാളസാഹിത്യത്തെ തട്ടിയുണർത്തി, ഒരുസാഹിത്യത്തിന്നു കാലോചിതമായി വേണ്ടുന്ന യോഗ്യതകൾ സമ്പാദിക്കുവാൻ അതിനെ ആദ്യം സഹായിച്ചതു യൂറോപ്യന്മാരായിരുന്നുവെന്നും വിശേഷിച്ചു യൂറോപ്യൻ പാതിരിമാരായിരുന്നുവെന്നും കേരളീ

യർ എന്നും കൃതജ്ഞതയോടുകൂടി ഓർമ്മിക്കേണ്ടതാണ്. 1746-ൽ ഉണ്ടാക്കിയ ഒരു മലയാളനിഘണ്ടു വരാപ്പുഴ പാർത്തിരുന്ന പോർത്തുഗീസ് ഇററാലിയൻ പാതിരിമാരുടെ ഉത്സാഹത്താൽ ഉണ്ടായതാണ്. സജ്ജൻഡ്രുമണ്ട് എന്നു പേരായ മറെറാരു യൂറോപ്യൻ 17[illegible]-ൽ ഒരു മലയാളവ്യാകരണം കുറെ എഴുതിത്തുടങ്ങിയിരുന്നുവെന്നും അതു് ഒരു റോമൻബിഷപ്പ് എഴുതിവെച്ചിരുന്ന കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തിയായിരുന്നുവെന്നും കാണുന്നു. മലയാളത്തിൽ ഇദംപ്രഥമമായി ഒരു പുസ്തകം അച്ചടിച്ചതു ബൊമ്പായി നഗരത്തിൽ വെച്ചായിരുന്നുവെന്നു പറഞ്ഞുവല്ലൊ. ഈ പുസ്തകത്തിന്റെ ഒരു പ്രതി എറണാകുളത്തു വെച്ചു കഴിഞ്ഞ കൊല്ലം നടത്തപ്പെട്ട സമസ്തകേരളസാഹിത്യപരിഷത്തിൽ ശ്രീമാൻ തോമസ് പോൾ ബി. ഏ. പ്രദർശിപ്പിച്ചിരുന്നതായി കണ്ടു. അദ്ദേഹംതന്നെ, "വേദാർത്ഥസംക്ഷേപം" എന്നപേരിൽ മറെറാരു പഴയ പുസ്തകവും പ്രദർശിപ്പിച്ചിരുന്നു. അതു് 1772-ൽ റോം നഗരത്തിൽവെച്ചു് അച്ചടിക്കപ്പെട്ടതായിരുന്നുവെന്നുള്ളതു് അത്ഭുതം തന്നെ.

വളരെ കൊല്ലം മുമ്പുതന്നെ തലശ്ശേരിയിൽ ബാസൽമിഷ്യൻ പാതിരിമാരുടെ വകയായി ഒരു കല്ലച്ചു് ഉണ്ടായിരുന്നു. ഇംഗ്ലീഷിലെ "പിൽഗ്രിംസ് പ്രോഗ്രസ്" എന്ന പ്രസിദ്ധഗ്രന്ഥത്തിന്റെ ഒരു മലയാളപരിഭാഷ അവിടെവെച്ചു് 1847-ൽ അച്ചടിച്ചിരുന്നു. 1848-ൽ മലയാളത്തിൽ ഒരു ക്ഷേത്രഗണിതം (ജ്യോമട്രി) പുസ്തകവും അച്ചടിച്ചതായി കാണുന്നു.

184[illegible]-ൽ പീററു് എന്ന യൂറോപ്യൻ ഒരു മലയാളവ്യാകരണം ഉണ്ടാക്കി അച്ചടിപ്പിച്ചു. അദ്ധ്യാത്മരാ




൧൮൬൦-ൽ തലശ്ശേരിയിലെ മിഷ്യൻ അച്ചുക്കൂടത്തിൽ അച്ചടിച്ച ക്ഷേത്രവ്യവഹാരത്തിലെ ഒരു പുറത്തിന്റെ ശരിപകർപ്പ്.

മായണത്തിന്റെ ഒരു ഗദ്യവിവർത്തനം 1850-ൽ എഴുതിയിരുന്നതായി കാണുന്നു. ഇവയ്ക്കു പുറമേ ഷേക്സ്പീയർ കവിയുടെ "കോമഡി ഓഫ് എറേർസ്" എന്ന കഥ "ആൾമാറാട്ടം ഒരു കേളീസല്ലാപം" എന്ന പേരിൽ കല്ലൂർ ഉമ്മൻ ആശാൻ എന്ന ഒരു ഗ്രന്ഥകാരനാൽ എഴുതപ്പെട്ടതു മലയാളത്തിൽ ആ കാലത്തു തന്നെ മുദ്രണം ചെയ്യപ്പെട്ടിരുന്നു. മേല്പറഞ്ഞ പുസ്തകങ്ങളുടെ പ്രതികൾ കഴിഞ്ഞ സാഹിത്യപരിഷത്തിൽ മിസ്റ്റർ പോൾ പ്രദർശിപ്പിച്ചിരുന്നു.

മിഷ്യനറിമാർ തെക്കൻകോട്ടയത്തും മംഗലാപുരത്തും അതിവിശേഷമായ അച്ചുക്കൂടങ്ങൾ സ്ഥാപിച്ചു പല പുസ്തകങ്ങളും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതിന്നു ശേഷം നാട്ടുകാരും ചില മുദ്രാലയങ്ങൾ ഏർപ്പെടുത്തിത്തുടങ്ങി. ആദ്യം ബെയിലിയും പിന്നീടു ഡാക്ടർ ഗുണ്ടർട്ടും ഭാഷയ്ക്കു, വിപുലങ്ങളും പ്രയോജനകരങ്ങളും ആയ നിഘണ്ടുക്കൾ ഉണ്ടാക്കി അച്ചടിപ്പിച്ചു. ഭാഷയിൽ ഗദ്യപുസ്തകങ്ങൾ വർദ്ധിച്ചുതുടങ്ങി.

ഇതിലിടയ്ക്കു പ്രാചീനകവികളെ അനുകരിച്ചും അവരുടെ സമ്പ്രദായം അനുസരിച്ചും പദ്യകാവ്യങ്ങൾ രചിച്ചുപോന്നിരുന്ന അനേകം ഹിന്ദുകവികൾ ഉണ്ടായിരുന്നു. അവരൊക്കെ അടക്കിവെക്കാൻ കഴിയാത്ത വാസന തള്ളിപ്പുറപ്പെടുന്നതനുസരിച്ചു കാവ്യങ്ങൾ രചിച്ചുകൊണ്ടിരുന്നുവെന്നല്ലാതെ ഭാഷയ്ക്കു കാലോചിതമായി വേണ്ടുന്ന അഭിവൃദ്ധിമാർഗ്ഗങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിച്ചിരുന്നില്ല. അവർ അധികവും പദ്യകാവ്യങ്ങളല്ലാതെ ഗദ്യകാവ്യങ്ങൾ രചിച്ചിരുന്നുമില്ല.

അങ്ങിനെയിരിക്കെ എല്ലാ രാജ്യങ്ങളിലും അച്ചുക്കൂടങ്ങൾ സ്ഥാപിച്ചുകൊള്ളുന്നതിന് 1011 കന്നിമാസം 1-ാംനു- ബ്രിട്ടീഷ് ഗവൺമെണ്ടിന്റെ സമ്മതം ഉണ്ടായി. മതിരാശി സർവ്വകലാശാല ഏൎപ്പെടുത്തുകയും അതിൽ മലയാളം ഒരു ഉപഭാഷയായി അംഗീകരിക്കപ്പെടുകയും ചെയ്തു. അതിന്നനുസരിച്ചു പാഠ്യപുസ്തകങ്ങൾ രചിക്കാൻ കമ്മിററികൾ ഏൎപ്പെടുത്തപ്പെട്ടു. പ്രാഥമികവിദ്യാഭ്യാസത്തിന്റെ സമ്പ്രദായം ഭേദപ്പെടുത്തുകയും നവീനരീതിയിലുള്ള വിദ്യാശാലകൾ ഏൎപ്പെടുത്തുകയും ചെയ്തു. മലയാളഭാഷക്കു ഭാഗ്യോദയം ഉണ്ടായി.

തിരുവിതാംകൂറിൽ ആയില്യംതിരുനാൾ, വിശാഖംതിരുനാൾ, മുതലായ ഭാഷാപ്രണയികളായ മഹാരാജാക്കന്മാർ മാതൃഭാഷയെ പോഷിപ്പിക്കുവാൻ പലതും ചെയ്തു. 1020-ൽ ഭൂജാതനായ പൂയംതിരുനാൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു പ്രായപൂൎത്തിയായി. മഹാവിദ്വാനായിരുന്ന അദ്ദേഹം കേരളഭാഷാസാഹിത്യലോകത്തിന്റെ അവിതൎക്കിതമായ ചക്രവൎത്തിസ്ഥാനം കയ്യേററു. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും പദ്യങ്ങളും ഗദ്യങ്ങളും രചിക്കുവാൻ പോരുന്ന കവികൾ ഉണ്ടായിത്തുടങ്ങി. തിരുവിതാംകൂറിലെ പാഠപുസ്തകക്കമ്മിററിയുടെ അദ്ധ്യക്ഷന്റെ നിലയിൽ വലിയകോയിത്തമ്പുരാൻ പല ഗദ്യപുസ്തകങ്ങളും രചിച്ചു പ്രസിദ്ധംചെയ്തു. കോഴിക്കോട്ട് മാനവിക്രമൻ ഏട്ടൻതമ്പുരാൻ, കടത്തനാട്ടു പോർളാതിരി ഉദയവർമ്മ ഇളയതമ്പുരാൻ, മുത

ലായ മാന്യന്മാരും ഭാഷാഭിവൃദ്ധിക്കായി പരിശ്രമിച്ചു തുടങ്ങി. കേരളമിത്രം, കേരളപത്രിക, മുതലായ ചില വൃത്താന്തപത്രങ്ങൾ ആരംഭിച്ചു.

ഇങ്ങിനെ ഭാഷയുടെ അഭിവൃദ്ധിക്കുള്ള മാറ്റങ്ങൾ വെട്ടിത്തെളിഞ്ഞുവരുമളവിൽ, ഗദ്യപദ്യങ്ങൾ നിർമ്മിക്കുവാൻ കഴിവും വാസനയും ഉള്ള കവികൾ രാജ്യത്ത് അതാതു മുക്കിലും മൂലയിലും ഇരുന്ന് അന്യോന്യമറിയാതെ അവരിൽ നിന്നുത്ഭവിക്കുന്ന കാവ്യസ്ഫുലിംഗങ്ങളെക്കൊണ്ട് അടുത്തപരിസരങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടു വരുമളവിൽ,അവയെ ഒക്കെ കൂട്ടിച്ചേർത്തു കേരളഭാഷാസാഹിത്യലോകം ഒന്നിച്ചു പ്രകാശമാനമാക്കിത്തീർക്കത്തക്ക ഒരു ശക്തി ഉത്ഭവിച്ചു. അതായിരുന്നു തിരുവിതാംകൂർ സംസ്ഥാനത്തിലെ കോട്ടയം നഗരത്തിൽ നിന്ന് ഉത്ഭവിച്ച "മലയാളമനോരമ" എന്ന പത്രം.

മാതൃഭാഷയുടെ തൽക്കാലസ്ഥിതിയും അഭിവൃദ്ധിമാറ്റത്തിലുള്ള തടസ്സങ്ങളും അവയെ ജയിക്കാനുള്ള ഉപായങ്ങളും ശരിയായി മനസ്സിലാക്കി ന്യായമായ വഴിയിൽ അതിനെ നയിക്കുവാൻ തക്കവണ്ണം തനിക്കു ജന്മനാ സിദ്ധിച്ച ശക്തിയും ധീരതയും ഔദാര്യവും പ്രതിഭാവിലാസവും ഉപയോഗിച്ചു മാതൃഭാഷയോടു തനിക്കുണ്ടായ പുത്രീനിർവ്വിശേഷമായ വാത്സല്യം പ്രത്യക്ഷപ്പെടുത്തിയ ശ്രീമാൻ കെ. ഐ. വറ്ഗീസ്സുമാപ്പിള അവർകൾ തൻെറ മഹനീയമായ ഉദ്ദേശ്യം സാധിക്കേണ്ടതിന്നു 'മലയാളമനോരമ'യെ ഉപകരണമായി ഉപയോഗിച്ചു. ഉഷ്ണംകൊണ്ടു വറണ്ടുകിടക്കുന്ന ഭൂമിയിൽ അവിടവിടെ ശുഷ്കിച്ചു ജീവിക്കുന്ന ചെടികൾ

ക്ക പെട്ടെന്നു വർഷം ഉണ്ടായാലുള്ള അനുഭവംപോലെ യായിരുന്നു കേരളത്തിൽ അവിടവിടെ ആരുമറിയാതെ ജീവിച്ചുപോന്നിരുന്ന വാസനാകവികൾക്ക് "മലയാള മനോരമ"യുടെ ആവിർഭാവംകൊണ്ടുണ്ടായ അനുഭവം. അനേകം കവിതകൾ ആ രംഗത്തിൽ ആകർഷിക്കപ്പെട്ടു. പേരുംപെരുമയും സിദ്ധിച്ച കവികൾ അതിൽ സൈ്വ രമായി നൃത്തംചെയ്തു. ഉൽകൃഷ്ടസ്ഥാനത്തിന്നായി അ തിൽവെച്ച് അവർ തമ്മിൽ മത്സരിച്ചു. സ്വശക്തിയ റിയാതെ ശങ്കിച്ചു കോണിൽ പതിഞ്ഞിരിക്കുന്നവരെ "മനോരമ"യുടെ നായകൻ തന്റെ മനോരമ്യമായ ന യങ്ങളാൽ വശീകരിച്ചു രംഗത്തിലിറക്കി വാസനാക വികളെ രാജ്യമെങ്ങും അറിവാൻ ഇടവന്നു. അനേകം പേർക്ക സാഹിത്യരംഗത്തു പ്രവേശിക്കുവാൻ ആഗ്രഹം ജനിച്ചു; പലരും അതിന്നു ശ്രമിച്ചു; മിക്കപേരും അ തിൽ വിജയികളായി.

ഈ ഘട്ടത്തിലാണ് കേരളകാളിദാസൻ ശാകുന്തളം പരിഭാഷചെയ്ത് അച്ചടിപ്പിച്ചത്. പിന്നെയുണ്ടായ കോലാഹലം പറവാനില്ല. സാഹിത്യലോകം മുഴുവൻ ഇളകിവശായി. സംസ്കൃതത്തിലുള്ള നാടകങ്ങൾ പരിഭാ ഷചെയ്യാൻ കവികൾ അഹമഹമികയോടുകൂടി പരി ശ്രമിച്ചു. പത്രങ്ങൾ വർദ്ധിച്ചു; വിമർശകന്മാർ പൊ ട്ടിമുളച്ചു. ഭാഷയെ അഭിവൃദ്ധിപ്പെടുത്തേണ്ടുന്ന മാർഗ്ഗ ത്തിലേക്ക സഞ്ചരിക്കുവാനുള്ള ആവശ്യവും ആഗ്രഹവും അതിന്നുള്ള സന്നദ്ധതയും പലക്കമുണ്ടായി.

ഇംഗ്ലീഷുഭാഷാപരിജ്ഞാനം എങ്ങിനെ ജനങ്ങ ളിൽ ആദ്യകാലം മാതൃഭാഷയിൽ 'അനാദരവു ജനിപ്പി ച്ചുവോ, അങ്ങിനെതന്നെ അതു പിന്നീട്,

ഇക്കണ്ട ലോകത്തിൻ വർഷമെല്ലാൻ
കാർകൊണ്ടെഴും വാസരമെന്നപോലെ

മാതൃഭാഷാഭിവൃദ്ധിക്കു കാരണമായും തീൎന്നു. ഇംഗ്ലീഷു സാഹിത്യത്തിൻെറ സഹായത്താൽ ചില പുതിയ പ്രസ്ഥാനങ്ങൾ ഭാഷയിൽ ഉണ്ടായി. വിശേഷിച്ചും ഭാഷയിലെ ഗദ്യകാവ്യത്തെ നിയന്ത്രണംചെയ്യുന്ന "സാഹിത്യസാഹ്യം" എന്ന ശാസ്ത്രഗ്രന്ഥംതന്നേയും "ആംഗലകാരികന്മാരുടെ അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തി" നിൎമ്മിച്ചതാകുന്നു. അതിലും വിശേഷിച്ചു ഗദ്യങ്ങളിൽ വളരെ പ്രധാനമായ ഒന്നായി കരുതേണ്ടുന്ന "നോവൽ" പ്രസ്ഥാനം കേവലം ഇംഗ്ലീഷുഭാഷയുടെ സഹായത്താൽ ഭാഷക്കു ലഭിച്ച ഒരു സ്വത്തത്രെ.

വിത്തു കുഴിച്ചിട്ട് മുളച്ചു ചെടിയായിവളൎന്നു, വൃക്ഷമായി, പൂത്തുകായ്ക്കുംപോലെ ഇംഗ്ലീഷു ഭാഷയിൽ "നോവൽ" എന്ന പ്രസ്ഥാനം ക്രമേണ അഭിവൃദ്ധി പ്രാപിച്ചു പരിഷ്കരിക്കപ്പെട്ട നിലയിൽ എത്തിയതാകുന്നു. ആ നിലയിൽ അതിനെ കണ്ടതുപോലെ പകൎത്തിയതാകുന്നു മലയാളഭാഷയിൽ ഉള്ളതു്. അതുകൊണ്ടു് ആ കാൎയ്യത്തിൽ കേരളീയവിദ്വാന്മാൎക്കു് അനേകസംവത്സരങ്ങളുടെ ലാഭം ഉണ്ടായിരിക്കുന്നുവെന്നു പറയാം.

ഉയൎന്നതരം പരീക്ഷകൾക്കു പാഠ്യപുസ്തകങ്ങളായി ഇംഗ്ലീഷുനോവലുകൾ ഒരു മലയാളി പഠിച്ചതിൻെറ ഫലമായിട്ടാണു ഭാഷയിൽ ഒന്നാമത്തെ നോവൽ ഉണ്ടായതു്. "സ്കാട്ട്" എന്ന ആംഗ്ലേയപണ്ഡിതൻെറ ഒരു നോവൽ പഠിക്കുവാൻ ഇടയായപ്പോൾ ആ വിധം ഒന്നു

മലയാളത്തിൽ രചിക്കുന്നതു നന്നായിരിക്കുമെന്നു വിചാരിച്ച് (ഇപ്പോൾ റാവുബഹദൂർസ്ഥാനമുള്ള) ശ്രീമാൻ ടി. എം. അപ്പുനെടുങ്ങാടി അവർകൾ "കുന്ദലത" എഴുതി പരസ്യംചെയ്തു. സാമുദായികപരമായോ രാജ്യചരിത്രപരമായോ അദ്ധ്യാത്മപരമായോ ശാസ്ത്രപരമായോ എഴുതപ്പെട്ടതായിരുന്നില്ല കുന്ദലത. എന്നാൽ വിചിത്രതരങ്ങളായ വിവിധാചാരങ്ങൾ നടപ്പുള്ള കേരളത്തിലെ പ്രത്യേകസമുദായങ്ങളുടെ നടപടികളെ വിവരിച്ച് രസകരവും അതേസമയത്തു പരിഷ്കാരസൂചകവും ആയ ഒരു യഥാൎത്ഥസാമുദായികനോവൽ മലയാളഭാഷയിൽ ഇദംപ്രഥമമായി രചിച്ചതു് ഒയ്യാരത്തു ചന്തുമേനോൻ ആയിരുന്നു. അതുകൊണ്ടു കിളിപ്പാട്ടിന്നു് എഴുത്തച്ഛനും, ഗാഥയ്ക്കു ചെറുശ്ശേരിക്കും കഥകളിക്കു കൊട്ടാരക്കരത്തമ്പുരാനും ഓട്ടൻതുള്ളലിന്നു കുഞ്ചൻനമ്പിയാൎക്കും ഉള്ളതുപോലെ നോവലിന്നു ജനകസ്ഥാനം ഉള്ളതു ചന്തുമേനോനാകുന്നു. ചന്തുമേനോന്റെ ജീവചരിത്രം ഇതിൽ സംക്ഷേപമായി വിവരിക്കുന്നു.



ചന്തുമേനോൻ അവർകളുടെ ഒയ്യാരത്തു വീട്ട്, തലശ്ശേരി.

# ജീവചരിത്രം.

## I

## കുട്ടിക്കാലവും വിദ്യാഭ്യാസവും.

ഒയ്യാരത്തു ചന്തുമേനോൻ വടക്കേമലയാളത്തിൽ കുറുമ്പ്രനാട്ടു താലൂക്കിൽ നടുവണ്ണൂരിൽ കുളങ്ങരക്കണ്ടിമഠം എന്ന ഭവനത്തിൽ കൊല്ലവൎഷം 1022 ധനുമാസം 26-ാംനു അത്തം നക്ഷത്രത്തിൽ ഭൂജാതനായി. അദ്ദേഹത്തിൻെറ അച്ഛൻ കോട്ടയം താലൂക്കിൽ തലശ്ശേരിനഗരത്തിന്നു സമീപം പിണറായി അംശം കെളാലൂർദേശത്ത്, എടപ്പാടി ചന്തുനായർ എന്ന മാന്യനായിരുന്നു. ആദ്യം പോലീസ് ആമീൻ ഉദ്യോഗവും പിന്നീടു താസിൽദാർ ഉദ്യോഗവും വഹിച്ചിരുന്നതിനാൽ ചന്തു ആമീൻതാസിൽദാർ എന്നായിരുന്നു അദ്ദേഹത്തെ എല്ലാവരും വിളിച്ചിരുന്നതു്. ആമീൻ എന്നാൽ അക്കാലത്തെ മജിസ്ത്രേട്ടായിരുന്നു. കണ്ണൂർ മുതലായ സ്ഥലങ്ങളിൽ അദ്ദേഹം ആമീൻഉദ്യോഗം വഹിച്ചപ്പോൾ ചന്തുആമീൻ എന്നും അതിൽപ്പിന്നെ താസിൽദാരായപ്പോൾ ചന്തുആമീൻ താസിൽദാർ എന്നും വിളിക്കപ്പെട്ടു. അദ്ദേഹത്തിൻെറ കുടുംബം അന്നു പ്രാചീനത്വംകൊണ്ടും പ്രമാണിത്വംകൊണ്ടും പ്രസിദ്ധപ്പെട്ടതായിരുന്നു. സൎക്കാരുദ്യോഗത്തിൽ പ്രവേശിച്ച് അധികകാലം ചെല്ലുന്നതിന്നുമുമ്പ് അദ്ദേഹത്തിന്നു കൊടുങ്ങല്ലൂരിന്നു സ-

മീപം സ്ഥലമാററം ഉണ്ടാകയും അവിടെയുള്ള ചിറെറഴത്തു് എന്ന ഭവനത്തിലെ പാൎവ്വതിഅമ്മയെ അദ്ദേഹം വിവാഹം കഴിക്കുകയും ചെയ്തു. ചന്തുനായൎക്ക് ഈ അമ്മയിൽ, ലക്ഷ്മിഅമ്മ, പാൎവ്വതിയമ്മ എന്നീരണ്ടുപുത്രികളും ശങ്കരമേനോൻ, ഗോവിന്ദമേനോൻ, ചന്തുമേനോൻ, എന്നീപുത്രന്മാരും ജനിച്ചു. അഞ്ചുമക്കളിൽവെച്ച് ഇളയതു് നമ്മുടെ കഥാനായകനായിരുന്നു. ചന്തുനായൎക്കു, തലശ്ശേരിയിൽനിന്നു മൂന്നു നാഴിക കിഴക്കു, വയലളം എന്ന ദേശത്തുള്ള കൊററിയത്തുവീട്ടിൽ ഒരു സംബന്ധം ഉണ്ടായിരുന്നു. അതിൽ കുഞ്ഞമ്പുനായർ എന്നൊരു മകൻ മുമ്പുതന്നെ ജനിച്ചിരുന്നു. കുഞ്ഞമ്പുനായരെപ്പററി ഈ ചരിത്രത്തിൽ പിന്നീടു പ്രസ്താവിക്കേണ്ടുന്ന അവസരം ഉണ്ടായിരിക്കും.

തൻെറ പിതാവു കുറുമ്പ്രനാട്ടുതാലൂക്കിൽ താസിൽദാർ ഉദ്യോഗം വഹിച്ചിരുന്നപ്പോൾ, നടുവണ്ണൂരിൽ കുളങ്ങരകണ്ടിമഠത്തിൽ പാർത്തിരുന്ന അവസരത്തിൽ അവിടെവെച്ചായിരുന്നു നമ്മുടെ ചരിത്രനായകൻ ജനിച്ചിരുന്നതു്. അല്പം കഴിഞ്ഞതിന്നുശേഷം താലൂക്കുകച്ചേരി നടുവണ്ണൂരിൽനിന്നു കോവിൽക്കണ്ടിയിലേക്കു സ്ഥലമാററംചെയ്കയും താസിൽദാർ, കുടുംബസഹിതം കോതമംഗലം ക്ഷേത്രത്തിന്നടുത്തു താൻ ഉണ്ടാക്കിച്ച വീട്ടിൽ പാൎക്കുകയും ചെയ്തു. ചന്തു മേനോൻെറകുട്ടിക്കാലം അവിടെയായിരുന്നു മുഖ്യമായി കഴിച്ചിരുന്നതു്.

അവിടെവെച്ചു വിദ്യാരംഭം കഴിച്ചതിന്നു ശേഷം ചന്തുമേനോൻ ആദ്യം പഠിച്ചതു കോരൻകുരിക്കൾ എന്നൊരു നാട്ടെഴുത്തച്ഛൻെറ കീഴിലായിരുന്നു. പഴയ

സമ്പ്രദായത്തിൽ അടിച്ചും പഠിപ്പിച്ചും പോന്നിരുന്ന ആ ഗുരിക്കളുടെ കീഴിൽ ക്രുട്ടിവായന പഠിച്ചതിന്നുശേഷം, പിതാവിന്നു കോട്ടയം താലൂക്കിൽ താസിൽദാരായി സ്ഥലമാററം ഉണ്ടാകയാൽ കുടുംബസമേതം ബാലൻ തലശ്ശേരിക്കു പോകേണ്ടിവന്നു. അവിടെ തിരുവങ്ങാട്ടു, തൻെറ അച്ഛൻ ഉണ്ടാക്കിച്ചിരുന്ന "ഒയ്യാരത്തു" എന്ന ഭവനത്തിലായിരുന്നു പാർത്തിരുന്നതു്. ആ അവസരത്തിൽ തിരുവങ്ങാട്ടു ശ്രീരാമക്ഷേത്രപരിസരത്തിൽ ഉണ്ടായിരുന്ന ഒരു പള്ളിക്കൂടത്തിൽ കുട്ടിയെ പഠിക്കാനാക്കി. അവിടെവെച്ചു, കുഞ്ഞമ്പുനമ്പിയാർ എന്ന പ്രസിദ്ധവിദ്വാൻെറ കീഴിൽ കാവ്യാലങ്കാരാദികൾ പഠിച്ചു, സംസ്കൃതത്തിൽ സാമാന്യം പാണ്ഡിത്യം സമ്പാദിച്ചു.

ഒരു ദിവസം നമ്മുടെ കഥാനായകൻ ആ വിദ്യാശാലയിൽവെച്ചു നൈഷധം കാവ്യത്തിലെ ഒരു ശ്ലോകം അക്ഷരസ്പഷ്ടതയോടും സ്വരമാധുര്യത്തോടും ഉച്ചത്തിൽ ചൊല്ലുകയായിരുന്നു. അതിലേ വഴിപോകുന്നുണ്ടായിരുന്ന ഒരു വിദ്വാൻ അതുകേട്ടു് ആകർഷിതനാകയും അദ്ദേഹം എഴുത്തുപള്ളിയിൽ കടന്നുചെന്നു ശ്ലോകം ചൊല്ലിയ കുട്ടിയെ സ്നേഹപൂർവ്വം അഭിനന്ദിക്കുകയും ചെയ്തു. ആ വിദ്വാൻ അന്നു വടക്കെ മലയാളത്തിൽ അതിരസികനും നല്ലൊരു കവിയും ആയി പ്രസിദ്ധി നേടിയ നാരങ്ങോളി ചിറക്കൽ കുഞ്ഞിശങ്കരൻ നമ്പിയാർ എന്ന ഇടപ്രഭുവായിരുന്നു. ഈ പണ്ഡിതകവിയുടെ ഒററശ്ലോകങ്ങൾക്കു് ഇന്നും രാജ്യത്തു പ്രചാരമുണ്ടു്. ഇന്നത്തെപ്പോലെ പത്രങ്ങളും പത്രഗ്രന്ഥങ്ങ

ളും അച്ചുകൂടങ്ങളും അന്നുണ്ടായിരുന്നുവെങ്കിൽ നാര ങ്ങോളി ചിറക്കൽ കുഞ്ഞിശങ്കരൻനമ്പിയാരുടെ പേർ ഭാഷാസാഹിത്യചരിത്രത്തിൽ ഒരു ഉന്നതസ്ഥാനത്തെ അലങ്കരിക്കുമായിരുന്നു. അദ്ദേഹം ഉണ്ടാക്കിയതായി അറിയപ്പെടുന്ന ഒരു ഭാഷാശ്ലോകം താഴെ ചേർക്കുന്നു.

ജാതേ, ജാതാനുകമ്പാഭവ, ഭവശരണം
    മല്ലികേ, കുപ്പുകൈതേ
കൈതേ, 'കൈതേരിമാക്കം' കബരിയിലണിവാൻ
    കയ്യിലേന്തും ദശായാം,
നീതാനേതാൻ മദീയാനലർശരപരിതാ
    പോദയാനാശു, നീതാൻ
നീതാൻ നീതാൻ പറഞ്ഞീടുക ചടുലമിഴി-
    ത്തനപിയാം കണ്ണുമൂലേ.

അദ്ദേഹത്തിൻെറ വിദഗ്ദ്ധത്വവും രസികത്വവും ക വിതാവാസനയും ഈ ഒരു ഒററ ശ്ലോകത്തിൽനിന്നു മ നസ്സിലാക്കാം. ഇതുപോലെതന്നെ ഒഴുക്കും പഴക്കവു മുള്ള മററു ചില ശ്ലോകങ്ങൾ, ഇക്കാലത്തെ വായനക്കാ ക്ക് അധികം രുചിക്കാതിരിക്കത്തക്കവണ്ണം പച്ച ശൃം ഗാരം അടങ്ങിയവയാകയാൽ, ഇവിടെ എഴുതുന്നില്ല. രസികത്വത്തിൽ നമ്പിയാരും മേനോനും തമ്മിൽ വള രെ സാമ്യമുണ്ടായിരുന്നതിനാൽ ഇരുവരുംപിന്നീടു പ്രകൃ ത്യാ വലിയ സ്നേഹത്തിലായി. നമ്പിയാരുടെ രസിക ത്വം "നരിചരിതം" എന്ന വിനോദകാവ്യത്തിലും മേ നോൻെറ രസികത്വം ആ ഗ്രന്ഥത്തിൻെറ മുഖവുരയി

ലും രണ്ടുപേക്കും തമ്മിലുണ്ടായിരുന്ന സ്നേഹം ആ പുസ്തകം പിന്നീട് അച്ചടിപ്പിക്കപ്പെട്ട സമ്പ്രദായത്തിലും പ്രതിഫലിച്ചു പ്രത്യക്ഷപ്പെട്ടു കാണാം. ഈ ഗ്രന്ഥത്തെപ്പററി പിന്നീട് പറയുന്നതാണ്.

ചന്തുനായർതാസിൽദാക്കു വീണ്ടും കോവിൽക്കണ്ടിക്കു സ്ഥലമാററം ഉണ്ടാകയാൽ, അദ്ദേഹം കുടുംബസഹിതം പിന്നെയും അവിടെ പോയി പാക്കേണ്ടിവന്നു. അപ്പോഠം ചന്തുമേനോനെ അവിടെ ഉണ്ടായിരുന്ന ഒരു ഇംഗ്ലീഷ്സ്കൂളിൽ ചേത്തു പഠിപ്പിച്ചിരുന്നുവെന്നു കാണുന്നു.

അക്കാലത്തു സക്കാരുദ്യോഗസ്ഥന്മാർ ഹിന്തുസ്ഥാനിഭാഷ അറിയേണ്ടതു് ആവശ്യവും അറിയുന്നതു് അവക്കു ഗുണകരവും ആയിരുന്നതിനാൽ ചന്തുനായർ താസിൽദാർ തൻെറ പുത്രന്മാരെ ആ ഭാഷ പഠിപ്പിക്കുവാനും ഏപ്പാടു ചെയ്തിരുന്നു.

മാന്യനും യോഗ്യനും ആയിരുന്ന ചന്തുആമീൻതാസിൽദാർ 1052 കന്നിമാസം 2-ാംനു- തൻെറ 57-ാം വയസ്സിൽ പ്രമേഹരോഗത്താൽ നിര്യാതനായി. ആ അവസരത്തിൽ തൻെറ മൂത്ത പുത്രനായിരുന്ന ശങ്കരമേനോനു കോവിൽക്കണ്ടി താലൂക്കുകച്ചേരിയിൽ ചെറിയ ഒരു ഉദ്യോഗം ഉണ്ടായിരുന്നു. അതുകൊണ്ടു പിതാവിൻെറ മരണശേഷം മക്കഠം പെട്ടെന്നു് ആ വീടും നാടും വിട്ടുപോകേണ്ടിവന്നില്ല. പക്ഷെ അതിൻെറ ആവശ്യം അചിരേണ നേരിട്ടു. പിതാവിൻെറ കാലഗതിക്കുശേഷം, ആറു മാസം കഴിഞ്ഞപ്പോഠം ശങ്കരമേനോനും അദ്ദേഹത്തെ അനുഗമിച്ചു; ആ കൊല്ലം മേടമാസത്തിൽ

തന്റെ 19-ാം വയസ്സിൽ അദ്ദേഹം വസൂരിരോഗം ബാധിച്ച് ഇഹലോകവാസം വെടിഞ്ഞു.

ശങ്കരമേനോൻ മലയാളത്തിലും സംസ്കൃതത്തിലും നല്ല പാണ്ഡിത്യം സമ്പാദിച്ച ആളും ഒരു സരസകവിയും ആയിരുന്നു. അദ്ദേഹം കോരൻകുരിക്കളുടെ കീഴിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് എന്തോ കരണത്താൽ ഗുരുനാഥൻ കുട്ടിയെ ശിക്ഷിക്കുകയും വിവരമറിഞ്ഞപ്പോൾ മാതാപിതാക്കളും പുത്രനെ ശാസിക്കുകയും ചെയ്തുപോൽ. ശിക്ഷ വല്ല തെററിന്റെ കാരണനിമിത്തവും അന്യായമായിരുന്നിരിക്കാം. ഏതായാലും കുട്ടിക്ക് അതുനിമിത്തം വലിയ നൈരാശ്യമാണുണ്ടായത്. അന്നു പതിനൊന്നുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ബാലൻ കോതമംഗലം വിഷ്ണുക്ഷേത്രത്തിന്റെ ആൽത്തറമേൽ ചെന്നിരുന്നു ദുഃഖിക്കുകയും താഴെ പറയുന്ന ശ്ലോകങ്ങൾ ഉണ്ടാക്കി ചൊല്ലുകയും ചെയ്തുവത്രെ.

താതമാതൃഗുരുശിഷ്ടബന്ധുഭി
സ്ത്യാജിതോസ്മ്യഹമഹോ വിധേർബ്ബലാൽ
ത്വാംഹി മേ ശരണമംബുജാക്ഷ, ഹേ,
പാഹി, പാഹി, പരിപാഹിമാം സദാ. 1.

അഖിലഭുവനതായേ, ഭൂരികാരുണ്യശീലേ,
ത്രിപുരമഥനജായേ, നീരദാകാരകായേ,
ത്രിപുരനതജനാർത്തിധ്വാന്തദീപായമാനാ
പ്രണതനതമജസ്രം പാഹിമാം ഭൈരവീ, ത്വം. 2

ഹാരകങ്കണകുണ്ഡലമുദാരഭൂഷ്ടമഖിലാദരീയ
തര രൂപിണം,
ചാരുഗണ്ഡമരുണാധരദ്യുതിവിരാജിതാനന-
സരോരുഹം,
കാരണാ സകരുണം സരോജദലലോചനാ
സകലപാലകം,
ചിന്തയാമി ഗുരുഭൈരവം, മനസി ചിന്തനീയ
ഗുണമണ്ഡലം. 3

ഈ ബാലന്റെ അകാലനിര്യാണം സ്വന്തം കുടുംബത്തിന്നു മാത്രമല്ല, രാജ്യത്തിന്നൊട്ടുക്കും വലിയ നഷ്ടമാണെന്നു് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

ശങ്കരമേനോന്റെ മരണശേഷം ആ ചെറുകുടുംബത്തിന്നു കോവിൽക്കണ്ടിയിൽ പാർക്കേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നില്ല; എല്ലാവരും തലശ്ശേരിയിൽ, തിരുവങ്ങാട്ട്, ഒയ്യാരത്തു ഭവനത്തിൽ പാർപ്പാക്കി. തന്റെ പിതാവു നിർമ്മിച്ചുകൊടുത്ത ഒയ്യാരത്തുവീട്ടിൽ പാർത്തുവഴിക്കാണു നമ്മുടെ കഥാനായകനെ ഒയ്യാരത്തു ചന്തുമേനോൻ എന്നു വിളിക്കുവാൻ സംഗതിയായതെന്നു വിശ്വസിക്കുന്നു. മാതൃകുടുംബവുമായി വേറിട്ടു പാർക്കുവാൻ സംഗതി വന്നിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ പേർ ചിററെഴുത്തു ചന്തുമേനോൻ എന്നാകുമായിരുന്നു.

ഒയ്യാരത്തുഭവനം ഇന്നും ആ പ്രദേശത്തുള്ള വീടുകളിൽ നല്ല ആഴകും ഗാംഭീര്യവും ഉള്ള മാളികഭവനമാകുന്നു.

ഒയ്യാരത്തു മാറിപ്പാർത്തുതുടങ്ങിയശേഷം ബാലനെ തലശ്ശേരിയിൽ "പാർസി" സ്കൂളിൽ ചേർത്തു പഠിപ്പി

ച്ചു. ബാസൽമിഷ്യൻ സംഘക്കാരാൽ നടത്തപ്പെട്ടുവരുന്ന ആ സ്കൂളിന്നു, തലശ്ശേരിയിൽ കച്ചവടം ചെയ്തുപാർത്തിരുന്ന ധനവാനായ ഒരു പാർസി കുറെ ധനം സംഭാവനചെയ്തിരുന്നതിനെ അനുസ്മരിച്ചു്, ബാസൽമിഷ്യൻ പാർസിഹൈസ്കൂൾ എന്നു പേർ വിളിച്ചുതാകുന്നു. സ്കൂളിൽ പഠിച്ചുവരുന്നതിലിടക്കു, കെ. കുഞ്ഞൻമേനോൻ എന്ന വിദ്വാൻ, വീട്ടിൽവെച്ചു് കുട്ടിയെ പ്രത്യേകമായി ഇംഗ്ലീഷുപഠിപ്പിച്ചുപോന്നു. അതോടുകൂടി കുഞ്ഞനമ്പിയാർ സംസ്കൃതവും പഠിപ്പിച്ചുകൊണ്ടിരുന്നു. മേല്പറഞ്ഞ കുഞ്ഞൻമേനോൻ അക്കാലത്തു തലശ്ശേരി ഡിസ്ട്രിക്ട് കോടതിയിൽ ട്രാൻസ്ലേററർ ആയിരുന്നു. പിന്നീടു മുൻസീപ്പ് ഉദ്യോഗവും ഒടുവിൽ തലശ്ശേരിയിൽ സബ്ബ് ജഡ്ജിഉദ്യോഗവും വഹിച്ചിരുന്ന ശ്രീമാൻ കുഞ്ഞൻമേനോൻ ഇംഗ്ലീഷുഭാഷയിൽ അന്നു് അനിതരസാധാരണമായ അറിവും ആ ഭാഷയിൽ പ്രബന്ധങ്ങൾ രചിക്കുവാനുള്ള വൈഭവവും സിദ്ധിച്ച ആളായിരുന്നു. അദ്ദേഹത്തിന്നു് ഒടുവിൽ ഉദ്യോഗസംബന്ധമായി അനുഭവമായ അനിഷ്ടസംഭവം പ്രസിദ്ധമാണല്ലോ.

പാർസിസ്കൂളിൽവെച്ചു നമ്മുടെ ചരിത്രപുരുഷൻ "അൺകവനൻറ് സിവിൽസർവ്വീസ്" എന്ന പരീക്ഷയിൽ, ഇംഗ്ലീഷിൽ വളരെ ഉന്നത നിലയിൽ വിജയിയാകുകയും അതിന്നുശേഷം മെട്രിക്കുലേഷൻ പരീക്ഷക്കു പഠിച്ചുതുടങ്ങുകയുംചെയ്തു. അങ്ങിനെ ഇരിക്കുമ്പോൾ തലശ്ശേരി സ്മാൾക്കാസ് കോടതിയിൽ ഒരുഗുമസ്തൻെറ ഉദ്യോഗം ഒഴിവുണ്ടായി. അന്നു സ്മാൾക്കാസ് ജഡ്ജിമിസ്റ്റർ ജി. ആർ. ഷാർപ്പ് (G. R. Sharp) എന്ന യൂറോപ്യനാ

യിരുന്നു. ഒഴിവുണ്ടായ ഉദ്യോഗത്തിനു ചന്തുമേനോൻ അപേക്ഷാഹരജി അയക്കുകയും അദ്ദേഹത്തെ ആറാം ഗുമസ്തനായി നിയമിക്കുകയും ചെയ്തു. ഉദ്യോഗാൎത്ഥിയായി സായ്പിന്റെ അടുക്കെ ചെന്ന സുന്ദരനായ യുവാവിനെ അദ്ദേഹം ആപാദചൂഡം ഒന്നു നല്ലവണ്ണം നോക്കി വളരെ തൃപ്തനായ നിലയിൽ പുഞ്ചിരിയിടുകയും യുവാവിന്റെ നിബിഡമായി വളൎന്ന കുടുമ അഴകിൽ കെട്ടിവെച്ചതിനെ കൗതുകത്തോടുകൂടി പിടിച്ച് "ഇന്നുതന്നെ ഉദ്യോഗത്തിൽ പ്രവേശിച്ചോളൂ" എന്നു പറകയും ചെയ്തിരുന്നുപോൽ. ഇങ്ങിനെ ചന്തുമേനോൻ ഒന്നാമതു സൎക്കാരുദ്യോഗത്തിൽ പ്രവേശിച്ചതു് 1864-ൽ ആയിരുന്നു.

---

## II

## സൎക്കാരുദ്യോഗസ്ഥൻ.

---

പറയത്തക്ക വലിയ പരീക്ഷകളിൽ വിജയിയാകാതെ സൎക്കാരുദ്യോഗത്തിൽ ഏററവും താണ പടിയിൽ ചെന്നുചേൎന്ന് സ്വന്തം യോഗ്യതകൊണ്ടു ക്രമേണ ഉയൎന്ന്, അക്കാലത്തു നാട്ടുകാൎക്ക് പ്രാപിക്കാൻ സാധിച്ചിരുന്ന വലിയൊരു ഉദ്യോഗം വഹിച്ചു ഖ്യാതിനേടിയ ചന്തുമേനോന്റെ ഉദ്യോഗജീവിതം അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും കൃത്യനിഷ്ഠയും സത്യസന്ധതയും ഏകസമയത്തു വിളംബരപ്പെടുത്തുന്നു.

സ്മാാംക്കാസ് കോടതിയിൽ ചന്തുമേനോൻ മൂന്നു കൊല്ലം ക്ലാക്കായി ഇരുന്നിരുന്നു. അതിലിടയ്ക്കു സ്ഥാനത്തിലും ശമ്പളത്തിലും കയററം കിട്ടിക്കൊണ്ടിരുന്നു. മിസ്റ്റർ ഷാർപ്പിൻെറ പ്രത്യേകവാത്സല്യത്തിന്നു പാത്രമായിരുന്നതിനാൽ ഉദ്യോഗത്തിൽ കയററം കിട്ടുവാൻ വല്ല ഒഴിവും സന്ദർഭവും സംഭവിക്കേണ്ടുന്ന താമസമേ വേണ്ടിയിരുന്നുള്ളു.

മലബാറിലെ ജനങ്ങൾ ഇന്നും ബഹുമാനപൂർവ്വം ഓർമ്മിക്കുവാൻ സംഗതിയുള്ള കലക്ടർ മിസ്റ്റർ ലോഗൻ അക്കാലം തലശ്ശേരിയിൽ സബ്ബ് കലക്ടരായിരുന്നു. മേനോൻെറ വിശേഷവിധി യോഗ്യതകളും ഗുണങ്ങളും മിസ്റ്റർ ഷാർപ്പ് പറഞ്ഞു മിസ്റ്റർ ലോഗൻ അറിഞ്ഞു. ആ ക്ലാക്കിനെ തനിക്കു കിട്ടിയാൽ കൊള്ളാം എന്നു മിസ്റ്റർ ലോഗന്നുണ്ടായ ആഗ്രഹത്തിൻെറ ഫലമായി 1867മാർച്ചുമാസം 3-ാംനു-, ചന്തുമേനോൻ തുക്കിടികച്ചേരിയിൽ മൂന്നാം ഗുമസ്തനായി നിയമിക്കപ്പെട്ടു. അവിടുന്നു കൊല്ലംതോറും കയററം കിട്ടുകയും 1869-ൽ ആക്ടിംഗ് ഒന്നാം ഗുമസ്തനായിത്തീരുകയും ചെയ്തു.

മിസ്റ്റർ ലോഗൻ മലബാർ കലക്ടരായി കോഴിക്കോട്ടു പോയി; അധികം താമസിക്കാതെ ചന്തുമേനോനെ അദ്ദേഹം ഹജ്ജൂർകച്ചേരിയിൽ പോലീസ്സു മുൻഷിയായി നിയമിക്കുകയും ചെയ്തു. 1871-ൽ അവിടെ ഹെഡ് മുൻഷിയായി.

അതിലിടക്കു, മിസ്റ്റർ ഷാർപ്പ് കോഴിക്കോട്ട് ഡിസ്ട്രിക്ട് ജഡ്ജിയായി നിയമിക്കപ്പെടുകയാൽ അദ്ദേഹവും അവിടെ ചെന്നുചേർന്നു. തനിക്കു പ്രിയപ്പെട്ട ക്ലാക്കായ

നമ്മുടെ കഥാനായകനെ വീണ്ടും തന്റെ കീഴിൽ കിട്ടിയാൽ കൊള്ളാം എന്നു് അദ്ദേഹത്തിന്നു് ആഗ്രഹം ഉണ്ടാകയും അതിന്റെ ഫലമായി 1872 നവമ്പർ 22-ാംനു- അദ്ദേഹം കോഴിക്കോട്ടു സിവിൽ കോടതിയിൽ ഹെഡ്ക്ലാർക്കായി നിയമിക്കപ്പെട്ടകയും ചെയ്തു. ഇങ്ങിനെ അന്നു മലബാറിൽ ഏററവും ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ടിരുന്ന രണ്ടു യൂറോപ്യന്മാരുടെ പ്രത്യേകമായ തൃപ്തിക്കും സ്നേഹത്തിന്നും പാത്രമായിത്തീരുവാൻ ചന്തുമേനോന്നുണ്ടായിരുന്ന എന്തോ വിശേഷവിധിഗുണങ്ങൾ തന്നെയാണു പിന്നീടു് ഒരു മഹാകവിയെക്കൊണ്ടു്

കിന്തുമേ,നവനവംബഹുമാനം
ചന്തുമേനവനിലുണ്ടസമാനം

എന്നു് പാടിക്കുവാൻ സംഗതിവരുത്തിയതും. ഡിസ്ട്രിക്ട് കോടതിയിൽ ഹെഡ്ക്ലാർക്കായി അദ്ദേഹം അധികകാലം ഇരിക്കേണ്ടിവന്നില്ല. അടുത്ത അവസരത്തിൽ മിസ്റ്റർ ഷാർപ്പ് അദ്ദേഹത്തെ പട്ടാമ്പി ആക്ടിംഗ് മുൻസീപ്പായി നിയമിച്ചു. അവിടുന്നു് 1874 ഒക്ടോബർ മാസത്തിൽ ചന്തുമേനോൻ മഞ്ചേരി മുൻസീപ്പായും രണ്ടുകൊല്ലം കഴിഞ്ഞശേഷം പാലക്കാട്ടു മുൻസീപ്പായും സ്ഥലമാററം ചെയ്യപ്പെട്ടു. 1882 വരെ അദ്ദേഹം പാലക്കാട്ടു മുൻസീപ്പായിരുന്നു. ബ്രാഹ്മണർ അനവധി നിവസിക്കുകയും പലവിധം കണ്ടാമണ്ടികളുള്ള വ്യവഹാരങ്ങൾ സദാ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യു പാലക്കാട്ടു വിട്ടുപോകുമ്പോൾ ചന്തുമേനോൻമുൻസീപ്പിനെ അനേകം ജനങ്ങൾ ഒത്തുചേർന്നു് ആഘോഷപൂ

ഷ്ടം യാത്ര അയച്ചതോൎത്താൽ ഒരു ജഡ്ജിയുടെ നിലയിൽ അദ്ദേഹം സമ്പാദിച്ച ജനതൃപ്തിയെ നമ്മൾക്ക് ഊഹിക്കാം. പാലക്കാട്ടുനിന്നു സ്ഥലമാററം ചെയ്യപ്പെട്ടതു കോഴിക്കോട്ടു മുൻസീപ്പായിട്ടായിരുന്നു. 1856 വരെ അവിടെ മുൻസീപ്പുദ്യോഗം വഹിച്ചു. അതിലിടക്കു മുൻസീപ്പുമാരുടെ തസ്തികയിൽ ചില ഭേദഗതികളൊക്കെ വരുത്തി ശമ്പളം വർദ്ധിപ്പിക്കുകയും മററും ചെയ്തപ്പോൾ ചന്തുമേനോനെ 400 ക. ശമ്പളത്തിന്മേൽ ഒന്നാം ക്ലാസ്സു മുൻസീപ്പാക്കി.

അന്നു കോഴിക്കോട്ട് ഡിസ്ത്രിക്ട് ജഡ്ജിയായിരുന്നതു മിസ്റ്റർ വിഗ്രാം (Vigram) എന്ന യൂറോപ്യനും, സബ്ബ് ജഡ്ജിയായിരുന്നതു പിന്നീടു ദിവാൻ ബഹദൂർസ്ഥാനം ലഭിച്ച ശ്രീമാൻ ഇ. കെ. കൃഷ്ണൻ അവർകളും ആയിരുന്നു. ചന്തുമേനോനും ഇ. കെ. കൃഷ്ണനും ആത്മമിത്രങ്ങളായിത്തീൎന്നു. രണ്ടുപേരും അത്ര പ്രാപ്തന്മാരും നിഷ്കളങ്കമായ സത്യസന്ധതയുള്ളവരും ആയിരുന്നതിനാൽ അന്യോന്യം തനിയെ ആകർഷിക്കപ്പെട്ടുവെന്നേ പറയേണ്ടതുള്ളു. ഇ. കെ. കൃഷ്ണൻ അവർകൾ സസ്യാദിസ്ഥാവരങ്ങളേയും പക്ഷിമൃഗാദി തിൎയ്യക്കുകളേയും നിരീക്ഷണംചെയ്ത് അവയുടെ സ്വഭാവചേഷ്ടാദികൾ മനസ്സിലാക്കി രസിച്ചിരുന്ന പ്രകൃതിശാസ്ത്രജ്ഞനും ചന്തുമേനോൻ അവർകൾ മനുഷ്യരേയും അവരുടെ സ്വഭാവവിശേഷങ്ങളേയും മനസ്സിലാക്കി അവരുടെ ഗോഷ്ഠികൾ അനുകരിച്ചു നടിച്ചു പരിഹസിക്കുകയും ദോഷങ്ങളെ വെറുക്കുകയും ഗുണങ്ങളെ കൊണ്ടാടുകയും ചെയ്യുന്നതിൽ സ്വതസ്സിദ്ധമായ വാസനയുള്ള രസികനും ആയിരുന്നു. ര

ണ്ടുപേരും ശിക്കാറിലും നായാട്ടിലും ഭ്രമമുള്ളവരും തന്നെ. വിഗ്രാംസായ്പ് രണ്ടുപേരെയും ഒരുപോലെ സ്നേഹിച്ചു. ആ യൂറോപ്യൻ കോഴിക്കോട്ട വിട്ടുപോയതിന്റെശേഷം രണ്ടുപേരുംകൂടി കേരളവിദ്യാശാലയിൽ (ഇന്നത്തെ സാമൂതിരികോളേജ്) വെച്ചു കൊല്ലംതോറും മെട്രിക്കുലേഷൻ, എഫ്. എ. എന്നീ പരീക്ഷകളിൽ ഒന്നാമന്മാരായി ജയിക്കുന്നവക്ക് സായ്പിന്റെ സ്മാരകമായി ഓരോ സ്വർണ്ണമോതിരം സമ്മാനമായി കൊടുപ്പാൻ ഏർപ്പാടുചെയ്തിരുന്നു.

1886-ൽ ചന്തുമേനോൻ ഒററപ്പാലത്തും പിന്നത്തെ കൊല്ലം പരപ്പനങ്ങാടിയിലും മുൻസീപ്പായി. പരപ്പനങ്ങാടിയിൽ മുൻസീപ്പായിരുന്നകാലത്ത് 1889-ൽ ആയിരുന്നു "ഇന്ദുലേഖ" എഴുതിയിരുന്നതു്. 1891-ൽ കോഴിക്കോട്ട മുൻസീപ്പായി വീണ്ടും സ്ഥലമാററം ചെയ്യപ്പെട്ടു. ആ അവസരത്തിലായിരുന്നു "ശാരദ"യുടെ ഒന്നാംഭാഗം പ്രസിദ്ധപ്പെടുത്തിയതു്. "ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിവാൻ വിദഗ്ദ്ധതയുള്ള ഒരു സ്നേഹിതൻ" അഭിപ്രായപ്പെട്ടുകയാലാണ പുസ്തകം മുഴുവൻ എഴുതിത്തീക്കുന്നതിനു മുമ്പ് ഒന്നാംഭാഗം പരസ്യം ചെയ്തതെന്ന് എല്ലാവരും അറിയുമല്ലൊ. ആ സ്നേഹിതൻ ഇ. കെ. കൃഷ്ണൻ അവർകൾ അല്ലാതെ മററാരും ആയിരുന്നില്ല.

സർ. സി. ശങ്കരൻനായർ എന്നു പ്രസിദ്ധമായി അറിയപ്പെടുന്ന ശ്രീമാൻ ചേററൂർ ശങ്കരൻനായർ അവർകൾ, ഈ അവസരത്തിലായിരുന്നു "മലബാർ വിവാഹബിൽ" മതിരാശി നിയമസഭയിൽ അവതരിപ്പി

ച്ചതു്. അതിനെപ്പററി അന്വേഷിച്ചു, സാക്ഷികളെ വിസ്തരിച്ചും മററും ജനങ്ങളുടെ അഭിപ്രായം അറിഞ്ഞു, റിപ്പോൎട്ടുചെയ്യാൻ സർ. ടി. മുത്തുസ്വാമി അയ്യരുടെ അധ്യക്ഷതയിൽ ഒരു കമ്മിററി ഏൎപ്പെടുത്തിയിരുന്നു. അതിലെ അംഗങ്ങളിൽ ഒന്നു ചന്തുമേനോൻ ആയിരുന്നു. മലയാളികളിൽ മരുമക്കത്തായക്കാരായ ഹിന്തുക്കളുടെ വിവാഹം പുതുതായി ഉണ്ടാക്കുന്ന വല്ല രാജനിയമങ്ങൾക്കും അനുസരിച്ചു നടത്തിയാലേ അതിന്നു ദൃഢതയുണ്ടാകയുള്ളു എന്നു വരുത്തിക്കൂട്ടുന്നതു ശരിയല്ലെന്നും സാധാരണ നടപ്പുള്ള സംബന്ധം ന്യായമായ വിവാഹമായി നിയമത്താൽ അനുവദിക്കപ്പെടുകയാണു വേണ്ടതെന്നും വിവാഹം വേർപെടുത്തുന്നതിന്നു കോടതികയറണം എന്നും മററുംവരുത്തുന്നതു് അനാവശ്യമായ പ്രതിബന്ധമാണെന്നും മററുമായിരുന്നു അന്നു ചന്തുമേനോൻ അഭിപ്രായപ്പെട്ടതു്. ശങ്കരൻനായർ അവർകളുടെ അഭിപ്രായത്തിൽനിന്നു പലേ സംഗതിയിലും ഭിന്നിച്ച അഭിപ്രായമായിരുന്നു ചന്തുമേനോന്റേതു്. മിക്കസംഗതിയിലും സർ. ടി. മുത്തുസ്വാമിഅയ്യർ ചന്തുമേനോനോടു യോജിക്കുകയാണു ചെയ്തതെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു്.

1892-ൽ ചന്തുമേനോനെ തിരുനൽവേലിയിൽ ആക്ടിംഗ് അഡിഷനൽ സബ്ബ് ജഡ്ജിയായി നിയമിച്ചു. അവിടുന്നു് ഉടനെതന്നെ മംഗലാപുരത്തേക്കു സ്ഥലമാററം ചെയ്കയും 1893-ൽ അവിടെ സബ്ബ് ജഡ്ജിയായി സ്ഥിരപ്പെടുത്തുകയും ചെയ്തു. ഇവിടെവെച്ചു നമ്മുടെ ചരിത്രനായകൻ, അതിയോഗ്യനും പ്രാപ്തനും

സത്യവാനും നിഷ്പക്ഷപാതിയും ആയ ഒരു ജഡ്ജിയാ ണെന്നുള്ള വിശേഷവിധമായ ഖ്യാതിയെ സമ്പാദിച്ചു. എന്നുമാത്രമല്ല, മലയാളഭാഷയിലെന്നപോലെ തന്നെ ഇംഗ്ലീഷിലും തേജസ്സും ഓജസ്സും ഉള്ള ഗദ്യം രചിക്കു വാൻ പ്രാപ്തനാണെന്നും അവിടെവെച്ചു പരസ്യമായി അറിയപ്പെട്ടു. അതിലിടയ്ക്കു കാലധർമ്മം പ്രാപിച്ചു പോയിരുന്ന സർ. ടി. മുത്തുസ്വാമിഅയ്യരുടെ സ്മാരക മായി സ്ഥാപിക്കുവാൻ തീർച്ചയാക്കിയിരുന്ന പ്രതിമയ്ക്കാ യി പണം പിരിപ്പിക്കുവാൻ സംസ്ഥാനത്തിൽ മിക്കെടി ക്കിലും സഭകൾ ചേർന്നിരുന്നു. മംഗലാപുരത്ത് ആ ആ വശ്യത്തിനായി ചേർന്ന സഭയിൽ അദ്ധ്യക്ഷസ്ഥാനം വ ഹിച്ച ചന്തുമേനോൻ ഇംഗ്ലീഷിൽ ചെയ്ത പ്രസംഗ ത്തെ അന്നു മതിരാശിയിലെ ദിനപത്രങ്ങൾ വളരെ പ്രശംസിച്ചിരുന്നു. ഇതിന്നു പുറമെ "പ്രാചീനകാല ത്തെ നീതിന്യായഭരണം" എന്ന വിഷയത്തെപ്പററി മംഗലാപുരത്തുവെച്ച് ഇംഗ്ലീഷിൽ മററൊരു പ്രസംഗം ചെയ്കയുണ്ടായി. ഈ രണ്ടു പ്രസംഗങ്ങളും പുസ്തക രൂപത്തിൽ അച്ചടിപ്പിച്ചിട്ടുണ്ട്. ആ കാലത്തുതന്നെ യായിരുന്നു "മയൂരസന്ദേശം" എന്ന കാവ്യത്തെ തൻെറ സ്നേഹിതന്മാർക്കു സൌജന്യമായി അയച്ചുകൊടുക്കേണ്ടു തിന്നുവേണ്ടി ഏകദേശം 400 ക. ചെലവഴിച്ചു "ബാ സൽമിഷ്യൻ" അച്ചുക്കൂടത്തിൽ വെച്ച് അച്ചടിപ്പിച്ചി രുന്നതു്.

മംഗലാപുരത്തുവെച്ച് ചന്തുമേനവന്നു് ഒരു ജ്വര ബാധയുണ്ടായി. അതുനിമിത്തം ഒരുമാസത്തിൽ അ ധികം അവധിവാങ്ങി അവിടെതന്നെ പാർത്തു ചികി

ത്സിപ്പിച്ചു. രോഗം ഭേദമായെങ്കിലും ശരീരത്തിന്റെ ക്ഷീണം തീരെ വിട്ടുമാറുന്നതിനുമുമ്പു, വീണ്ടും ജോലിയിൽ പ്രവേശിക്കുകയും അങ്ങിനെ പ്രവേശിച്ച ദിവസം തന്നെ വൈകുന്നേരം വീട്ടിൽ എത്തിയ ഉടനെ പക്ഷവാതം പിടിപെട്ടു് അവശനായിത്തീരുകയും ചെയ്തു. വലത്തുകൈക്കും കാലിന്നും ചൈതന്യം ഇല്ലാതാകുകയും സംസാരിക്കുന്നതിന്നും എഴുതുന്നതിന്നും സാധിക്കാതെ വരികയും ചെയ്തു. എന്നാൽ പ്രജ്ഞ ഇല്ലാതായിരുന്നില്ല. ഉടനെ വേണ്ടുന്ന ചികിത്സകൾ വിദഗ്ദ്ധന്മാരായ വൈദ്യന്മാരെക്കൊണ്ടു ചെയ്യിച്ചു. അന്നു് അവിടെ ഡിസ്ത്രിക്ട് ജഡ്ജിയായിരുന്ന മിസ്റ്റർ ഫോംസ് തുടങ്ങിയുള്ള പ്രധാനപ്പെട്ട എല്ലാ സക്കാരുദ്യോഗസ്ഥന്മാരും വക്കീൽമാരും നാട്ടുപ്രമാണികളും മററും ആ അവസരത്തിൽ ചന്തുമേനോനോടു കാണിച്ച സഹതാപവുംഏതു സഹായവും ചെയ്യാൻ പ്രദർശിപ്പിച്ച സന്നദ്ധതയും, അദ്ദേഹത്തെപ്പററി സവ്വക്കും ഉണ്ടായിരുന്ന ബഹുമാനത്തേയും സ്നേഹത്തേയും തെളിയിച്ചു.

സുഖക്കേടിന്നു് അല്പം ഭേദമുണ്ടായതിന്നുശേഷം അദ്ദേഹം അധികദിവസത്തെ അവധിയിന്മേൽ തലശ്ശേരിയിൽപോയി ഒയ്യാരത്തുവീട്ടിൽ പാർത്തു ചികിത്സിപ്പിച്ചു. ഇംഗ്ലീഷ് വൈദ്യവും അതോടുകൂടി ആയ്യവൈദ്യവും പോരാഞ്ഞിട്ടു യൂനാനി വൈദ്യവുംകൂടിച്ചേന്നുള്ള ഒരു ചികിത്സയായിരുന്നു നടത്തിയിരുന്നതു്. ഉള്ളിൽ ഇംഗ്ലീഷ് വൈദ്യശാസ്ത്രമനുസരിച്ചുള്ള മരുന്നുകൾ സേവിക്കുകയും പുറമെ ലേപനാദികൾക്കു് ആയ്യവൈദ്യന്മാരുടേയും, യൂനാനിവൈദ്യന്മാരുടേയും അഭിപ്രായ

മനുസരിച്ചുള്ള തൈലാദികൾ ഉപയോഗിക്കുകയും ചെയ്തുപോന്നു. ഈ ചികിത്സകൾകൊണ്ടു രോഗത്തിനു കുറെ ഭേദമുണ്ടെന്നു കണ്ടതിനുശേഷം വീണ്ടും ജോലിയിൽ പ്രവേശിക്കുന്നതുകൊണ്ടു വല്ല അബദ്ധവും ഉണ്ടാകുമോ എന്നു തൻെറ ശരീരം പരിശോധിപ്പിച്ച് അഭിപ്രായം അറിയുവാൻ അദ്ദേഹം മതിരാശിയിലേയ്ക്കു പോയി. അവിടെ അക്കാലത്തുണ്ടായിരുന്ന ഇംഗ്ലീഷു വൈദ്യന്മാരിൽ അതിവിദഗ്ദ്ധനായിരുന്ന ഡാക്ടർ ബ്രാഡ്ഫൂട്ടിനെ (Dr. Brad foot) കൊണ്ടു പരിശോധിപ്പിക്കുകയും അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു വീണ്ടും ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു. അങ്ങിനെ ചന്തുമേനോൻ 1897-ൽ കോഴിക്കോട്ടു സബ്ബ്ജഡ്ജിയായി.

1898-ൽ ഗവർമ്മെണ്ടിൽനിന്നു ചന്തുമേനോന്നു റാവുബഹദൂർ എന്ന ബഹുമതി കല്പിച്ചുകൊടുത്തു. അദ്ദേഹം മതിരാശി സർവ്വകലാശാലവക നിയമപരീക്ഷകളിൽ ഒരു പരീക്ഷകനും കലാശാലയിലെ ഒരു അംഗവും (Fellow of the Madras University) ആയിരുന്നു.

അദ്ദേഹത്തിന്ന് എഫ്. എം. യു. സ്ഥാനം കിട്ടിയപ്പോൾ സരസനിമിഷകവിയായിരുന്ന കെ. സി. നാരായണൻനമ്പിയാർ അവർകൾ താഴെ കാണുന്ന ശ്ലോകങ്ങൾ രചിച്ചയച്ചിരുന്നു:—

സീമാതീതത്തഴപ്പാൽ പരമസുഖദയാ
മിന്ദുലേഖപ്രകാശ-
ശ്രീ, മാനത്തിങ്കലെത്തി തെളുതെളെ വിലസും
സുരസംപൂജ്യകീർത്തി

ശ്രീ, മാനം, ബുദ്ധി, ഗാംഭീൎയ്യത, രസികതയി
ത്യാദിയാലത്ര രാജ
ശ്രീമാനാം ചന്തുമേനോനവർകളെയറിയാ-
താരഹോ പാരിടത്തിൽ. 1

സൎവ്വകലാശാലയതാം
കലശപയോരാശിയിൽ പ്രകാശമൊട്ടം
രാകാശശിബിംബംപോൽ
സാമാജികനായ് ഭവിച്ചുതതിയുക്തം. 2

വൎണ്ണംകൊണ്ടും വലിയ വിലയേ-
റുന്ന ജോടിപ്പുകൊണ്ടും
സ്വൎണ്ണംതന്നിൽ സപദി പതിവാൻ
യോഗ്യമായുള്ള രത്നം
തിണ്ണം ചേൎന്നാലതിനു പെരുതാ
യുണ്ടു മാഹാത്മ്യമിന്നെൻ-
വ്വണ്ണംതന്നേ ജയതി നിതരാം
"ശാല"യിൽ താങ്കളിപ്പോൾ. 3

റാവുബഹദ്ദൂർ ഒ. ചന്തുമേനോൻ പിന്നെ ഇഹലോകവാസം വെടിയുന്ന ദിവസംവരെ കോഴിക്കോട്ടു സബ്ബ്ജഡ്ജിയായിരുന്നു.

---

# III

## ഗൃഹസ്ഥൻ.

കൊല്ലവർഷം 1047-ൽ ആയിരുന്നു ചന്തുമേനോൻെറ വിവാഹം നടന്നതു്. രൂപശീലാദിഗുണങ്ങളാൽ പ്രശോഭിതയായിരുന്ന കാഞ്ഞോളിവീട്ടിൽ ലക്ഷ്മിയമ്മക്കായിരുന്നു, സരസാഗ്രഗണ്യനായ ചന്തുമേനോൻെറ ഭാര്യയാവാനുള്ള പരമഭാഗ്യം സിദ്ധിച്ചതു്. സർവ്വവിധത്തിലും തനിക്കു് അനുരൂപിണിയായിരുന്ന ഈ സഹധർമ്മചാരിണി തൻെറ ഗൃഹത്തിൽ ഒരു ലക്ഷ്മിയായി തന്നെ ശോഭിച്ചിരുന്നുവെന്നുള്ളതു് അവരെ അറിഞ്ഞിരുന്നവരൊക്കെ സമ്മതിക്കുന്നതാണു്. ഇന്ദുലേഖാപുസ്തകത്തിൽ തിളങ്ങി കാണുന്ന ശൃംഗാരത്തെ സൃഷ്ടിച്ച ചന്തുമേനോൻെറ ധർമ്മപത്നിയായി അഭേദ്യമായ അന്യോന്യപ്രണയത്തോടുകൂടി അദ്ദേഹത്തെ മരണംവരെ ശുശ്രൂഷിച്ച ആ മഹിളാമണിയുടെ വിശേഷബുദ്ധിയും ലോകപരിജ്ഞാനവും പാതിവ്രത്യവും, വിശേഷിച്ചു ക്ഷമാശീലവും അത്യന്തം ആദരണീയമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. കേരളകാളിദാസൻ അമരുകശതകം മണിപ്രവാളം ഉണ്ടാക്കി അച്ചടിപ്പിച്ചു് അതിൻെറ ഒരു പ്രതി ചന്തുമേനോന്നു് അയച്ചുകൊടുത്തപ്പോഠം അതോടുകൂടി താഴെ പറയുന്ന ശ്ലോകങ്ങളും എഴുതി അയച്ചിരുന്നു.

സന്തുമേദിനിയിലിക്കവെനങ്ങഠം
ചിന്തുമേറിയമനീഷിജനങ്ങഠം
കിന്തുമേ നവനവം ബഹുമാനം
ചന്തുമേനവനിലുണ്ടസമാനം. I

സ്വമതികൾമണി ചന്തുമേനവൻ തൻ
കമനിമനീഷിണിതന്റെയിച്ഛയാലെ
'അമരുകശതകം' മണിപ്രവാളം
കിമപിചമച്ചതു ഞാനയച്ചിട്ടന്നേൻ. 2

ആ "യിന്ദുലേഖ"യിലുമായതിലും വിശേഷ-
മായിന്നു "ശാരദ"യിലും സരസത്വമേററം
ആവിഷ്കരിച്ച രസികന്നു ചമൽകൃതിക്കൊ-
യാവില്ലയെങ്കിലുമിതിൽ പ്രണയം ഭവിക്കും. 3

ഈ ദമ്പതിമാൎക്കു് അഞ്ചുപുത്രന്മാരും രണ്ടു പുത്രികളും ഉണ്ടായിരുന്നു. അവരിൽ ഒരു പുത്രി ചെറുപ്പത്തിൽ തന്നെ മരിച്ചുപോയിരുന്നു. രണ്ടാമത്തെ പുത്രിയെ അന്നു് കോഴിക്കോട്ട് ഒരു ഹൈക്കോർട്ടുവക്കീലായിരുന്ന ശ്രീമാൻ പാട്ടത്തിൽ നാരായണമേനോൻ അവർകൾ വിവാഹംചെയ്തു. പിന്നീടു കൊച്ചിയിൽ ചീഫ്കോടതിയിൽ ഒരു ജഡ്ജിയായും മററും പ്രസിദ്ധനായിത്തീർന്ന നാരായണമേനോൻ അവർകൾ കേരളീയർക്കൊക്കെ സുപരിചിതനാണല്ലോ.

ചന്തുമേനോന്റെ സീമന്തപുത്രനായ ശ്രീമാൻ കെ. ചന്തുമേനോൻ ദക്കിയിൽവെച്ചു ഗവമ്മേണ്ടുവക മത്സരപ്പരീക്ഷയിൽ ജയിച്ചു വിദ്യുച്ഛക്തിസംബന്ധമായ വിദ്യാഭ്യാസം കഴിച്ചു് ഇന്ത്യാഗവമ്മേണ്ടിന്റെ കീഴിൽ ഒരു ഉദ്യോഗം വഹിച്ചിരുന്നു. ആ ഉദ്യോഗം രാജിവെച്ചു ഇപ്പോൾ കെ. സി. മേനോൻ എന്ന പേരിൽ കോഴിക്കോട്ടു് "ഇലക്ട്രിക്ക് സപ്ലൈ" ഏൎപ്പാടുചെയ്തു് അതിൽ ഉദ്യോഗിച്ചിരിക്കയാണു്. രണ്ടാമത്തേയും മൂന്നാമത്തേയും പുത്രന്മാർ കാലധമ്മം പ്രാപിച്ചുപോയി. നാ

ലാമത്തെ മകൻ ശ്രീമാൻ മാധവമേനോൻ കോഴിക്കോട്ട് ഒരു വക്കീലാണ്. അഞ്ചാമത്തെ മകൻ ശ്രീമാൻ ഗോവിന്ദമേനോൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിച്ചതിൻെറ ശേഷം ദേഹസുഖമില്ലായ്കയാൽ സ്വസ്ഥനായിരിക്കുകയാണെന്നറിയുന്നു.

ചന്തുമേനോൻെറ സഹോദരിമാരിൽ മൂത്തവരായിരുന്ന ലക്ഷ്മി അമ്മയെ കരിയാട്ടു കുഞ്ഞിരാമൻ നമ്പിയാർ എന്ന മാന്യനായിരുന്നു സംബന്ധം ചെയ്തിരുന്നത്. കരിയാട്ടു നമ്പിയാന്മാർ പ്രഭുത്വം കൊണ്ടും ഐശ്വര്യംകൊണ്ടും പ്രബലന്മാരാണ്. രണ്ടാമത്തെ സഹോദരിയായ മാധവിയമ്മയെ സംബന്ധംചെയ്തതും അതുപോലെതന്നെ മാന്യനായിരുന്ന കൃത്താളി വലിയ നായരായിരുന്നു.

ചന്തുമേനോൻെറ മാതാവും ഭാഗ്യവതിയും ആയിരുന്ന പാർവ്വതിയമ്മ 1038-ൽ ചരമഗതിപ്രാപിച്ചു. സ്യാലനായിരുന്ന കരിയാട്ടു നമ്പിയാരുടെ പുത്രനും കഥാനായകന്നു അക്കാലം ഉണ്ടായിരുന്ന ഏകഭാഗിനേയനും 1046-ൽ ഇഹലോകവാസം വെടിഞ്ഞു. അചിരേണ നമ്പിയാർ തന്നെയും പുത്രനെ അനുഗമിച്ചു. മാധവി അമ്മക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. ആ രണ്ടു സന്താനങ്ങളായിരുന്നു ചന്തുമേനോൻെറ മാതൃവഴിയായ കുടുംബത്തിൽ സന്താനങ്ങളായി ഉണ്ടായിരുന്നത്.

മാധവിഅമ്മയുടെ പുത്രിയായിരുന്ന ലക്ഷ്മിക്കുട്ടി അമ്മയെ വിവാഹം കഴിച്ചത് അന്നു "പാമ്പിരിക്കുന്നിന്മേൽ നായർ" ആയ ഇപ്പോഴത്തെ കൃത്താളിമൂപ്പിൽ നായരാകുന്നു.

ലക്ഷ്മിക്കുട്ടി അമ്മക്കു പല്ല സന്താനങ്ങൾ ഉണ്ടായതിൽ ഏകപുത്രിയായ കല്യാണിക്കുട്ടിയമ്മ അവിവാഹിതയായ നിലയിൽ അകാലകാലധർമ്മം പ്രാപിച്ചുപോയി. പുത്രന്മാരിൽ ശ്രീമാൻ ഒ. ചന്തുമേനോൻ ഇൻടർമീഡിയററ്, ബി.ഏ. എന്നീപരീക്ഷകളിൽ ഒന്നാംക്ലാസ്സിൽ ജയിക്കുകയും ബി. എൽ. പരീക്ഷയിലും വളരെ ഉയൎന്നനിലയിൽ ജയിക്കുകയും ചെയ്തശേഷം ഇപ്പോൾ തലശ്ശേരിയിൽ ഒരു അദ്ധ്യാപകനായിരിക്കുകയാണ്. ഇദ്ദേഹം ഐ. സി. എസ്. പരീക്ഷക്കു വേണ്ടുന്ന എല്ലാ ഒരുക്കങ്ങളും ചെയ്തിരുന്നു. തദവസരത്തിൽ തന്റെ പിതാവിന്നു കഠിനമായ ഒരു രോഗം ബാധിക്കയാൽ ആ പരീക്ഷക്ക് ഹാജരാവാൻ സാധിക്കാതെപോയി. ഒടുവിലത്തെ പുത്രൻ മാധവമേനോൻ ബി. ഏ. പരീക്ഷക്കു പഠിച്ചുവരുകയാണ്. ഇദ്ദേഹം മലയാളഭാഷയിൽ പ്രബന്ധരചനയിൽ അസാമാന്യമായ വാസന പ്രദർശിപ്പിച്ചുവരുന്നുണ്ടെന്നുള്ളതു്, കേരളത്തിലെ സാഹിത്യലോകത്തിന്ന് ആശാജനകമായ ഒരു സംഗതിയാണല്ലൊ.

ആകപ്പാടെ പറയുന്നതായാൽ ചന്തുമേനോന്റെ മാതൃവഴിയായ കുടുംബത്തിൽ ഇനി സ്ത്രീസന്താനങ്ങൾ ഇല്ല. അദ്ദേഹത്തിന്റെ സൃഷ്ടിയായ പൂഞ്ചോലക്കര എടം എന്ന തറവാട്ടിലും സ്ത്രീസന്താനങ്ങൾ ഒക്കെ നശിച്ചു സന്ദിഗ്ദ്ധസ്ഥിതിയിലുള്ള ശാരദമാത്രമേ ബാക്കിയുള്ളുവെന്നുള്ളതു് അത്ഭുതമല്ലയോ?

ചന്തുമേനോൻ കാലധർമ്മം പ്രാപിക്കുന്നതീയതിവരെ അദ്ദേഹം തന്റെ ഉദ്യോഗസംബന്ധമായ ജോലി നിൎവ്വഹിച്ചുകൊണ്ടിരുന്നുവെന്നുള്ളതു് ആ പുണ്യവാനെ

സംബന്ധിച്ച് ഒരു വിശേഷവിധിയായ സംഭവമായിരുന്നു.

1899 സപ്തമ്പർ 7-ാനു- പതിവുപോലെ അദ്ദേഹം കോടതിക്കു പോയി. കേസ്സു വിചാരണകളെല്ലാം കഴിഞ്ഞു് ബാറിൽ ഉണ്ടായിരുന്ന വക്കീൽമാരോട്ട് "എൻെറ പ്രവൃത്തിയെല്ലാം തീൎന്നു, ഞാനിതാ പോകുന്നു" എന്നു യാത്രപറകയും അതിന്നു തുടൎച്ചയായി, ജഡ്ജി ബഞ്ചിൽനിന്നു് എഴുന്നേററാൽ വക്കീൽമാർ പിന്നെ ബാറിൽ ഇരിക്കേണ്ടതില്ലെന്നു സൂചിപ്പിച്ചുകൊണ്ടു ഫലിതമായി "നിങ്ങൾ ഇനിയും ഇവിടെ ഇരിക്കുകയാണെങ്കിൽ ഇരുന്നുകൊൾവിൻ" എന്നു പറകയും ചെയ്തു് എഴുന്നേററു വീട്ടിലേക്കു യാത്രയായി. വഴിക്കൽ ഒരു ഷാപ്പിൽ ഇറങ്ങി ചില സാമാനങ്ങൾ വീട്ടിലേക്കു് അയച്ചുകൊടുപ്പാൻ ശട്ടംകെട്ടി.

വീട്ടിൽ എത്തിയതു പതിവിന്നു് എതിരായി അല്പം കാലേക്കൂട്ടിയായിരുന്നതിനാൽ സാധാരണ ഒരുക്കിവെക്കാറുള്ള ചായയും പലഹാരവും ഒരുക്കീട്ടില്ലായിരുന്നു. ഭാൎയ്യ കുളത്തിലേക്കു കുളിക്കാൻ പോയിരിക്കയാണെന്നും അവർ ഊണുകഴിച്ചിട്ടില്ലെന്നും അറിഞ്ഞപ്പോൾ "ഇന്നു ചായയുടെ പകരം ചുരുക്കത്തിൽ ഊണുതന്നെയാവാം" എന്നു പറഞ്ഞു് ഉണ്ണാൻ ഇരുന്നു. അപ്പോഴെക്കും ഭാൎയ്യ കുളിച്ചുവന്നു. അവരോട്ട്, "ഇന്നു നിൻെറ ഊണു ഞാൻ ഇല്ലാതാക്കി" എന്നു പറകയുണ്ടായത്രെ. ഊണു കഴിച്ചു പൂമുഖത്തു് ഒരു ചാരുകസാലയിൽ ചെന്നിരുന്നു. ആ അവസരത്തിൽ ആഹ്ലാദചിത്തനായിട്ടുതന്നെയായിരുന്നു കാണപ്പെട്ടിരുന്നതു്. അങ്ങിനെ അവിടെ ഇരിക്കുമ്പോൾ തൻെറ ചിരപരിചിതനും സ്നേഹിതനും

ആയിരുന്ന് ഹൈക്കോർട്ടുവക്കീൽ വള്ളിയിൽ കണ്ണൻ നായർ അവർകൾ അവിടെ കയറിച്ചെന്നു. അദ്ദേഹവുമായി ചില നിയമകാര്യങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. ഇടയ്ക്കുണ്ടായ എന്തോ ഒരു സംശയം തീർക്കുവാൻ ഒരു നിയമപുസ്തകം എടുത്തുകൊണ്ടുവരുവാൻ ഭൃത്യനെ അയച്ചു. അവൻ പുസ്തകവുംകൊണ്ടു മടങ്ങിയെത്തുന്നതിലിടയ്ക്കു് എന്തോ ഒരു അസ്വാസ്ഥ്യം തോന്നുകയാൽ കസാലയിൽനിന്നു് എഴുന്നേററു് അകത്തേക്കു നടന്നുതുടങ്ങി. അതു കണ്ടു മിസ്റ്റർ കണ്ണൻനായർ സ്വഗൃഹത്തിലേക്കു മടങ്ങി. അകത്തേക്കു നടന്നുപോകുന്ന തന്റെ യജമാനന്റെ കാൽ പതറുന്നുണ്ടെന്നു മനസ്സിലാക്കിയ ഭൃത്യൻ അദ്ദേഹത്തെ താങ്ങിപ്പിടിക്കാൻ ഭാവിച്ചപ്പോൾ അവനെ "ഫോ" എന്നു് ആട്ടിവിലക്കി ഒരു കോച്ചിന്മേൽ ചെന്നുകിടന്നു. കിടക്കുമ്പോൾ അവ്യക്തസ്വരത്തിൽ "നാരായണാ" എന്നു് ഉച്ചരിച്ചുകൊണ്ടായിരുന്നു കിടന്നിരുന്നതു്.

കേരളഭാഷ വായിക്കുവാൻ അറിയുന്ന ഏതൊരാളെയും രസിപ്പിക്കുവാൻ പര്യാപ്തങ്ങളായ—കേരളസന്താനങ്ങൾക്കു് ഏതുകാലത്തും അഭിമാനജനകങ്ങളായ—അനേകം വാക്യങ്ങൾ ശാശ്വതമായി നിലനില്ക്കത്തക്കവണ്ണം പ്രത്യേകവാണീവിലാസപ്പുതുമയോടുകൂടി നിർഗ്ഗളിച്ചിരുന്ന ആ മുഖത്തുനിന്നു് അന്ത്യമായി പുറപ്പെട്ടതായിരുന്നു ആ നാരായണശബ്ദമെന്നു പിന്നീടു പ്രത്യക്ഷപ്പെട്ടു.

ക്ഷീണംകൊണ്ടു കിടക്കുകയാണെന്നേ വീട്ടിലുള്ളവർ ആദ്യം വിചാരിച്ചിരുന്നുള്ളു. എങ്കിലും ചില ലക്ഷണങ്ങ

ള്ളാൽ എന്തോ അപകടമുണ്ടെന്നു സംശയിച്ചു ജാമാതാവായ നാരായണമേനോനേയും ഡാക്ടർ ഹാക്കെറ്റ്‌വിൽക്കിൻസനെയും (Dr. Hacket Wilkinson) ഉടനെ വരുത്തി. ഡാക്ടർ വേണ്ടുന്നതൊക്കെ ചെയ്തുനോക്കിയെങ്കിലും യാതൊന്നും ഫലിക്കാത്തേയും താൻ ഉച്ചരിച്ച നാരായണശബ്ദത്തെ അതിരാക്കി ആരംഭിച്ച മൂർഛയിൽനിന്നു നിവൎത്തനാകാതേയും ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ അത്യുജ്ജ്വലമായ നക്ഷത്രവും, നീതിന്യായസമിതിയിലെ സത്യദീപപ്രകാശവും ആയിരുന്ന ആ മഹാൻ പിറെറദിവസം സൂൎയ്യോദയത്തോടുകൂടി അസ്തമിച്ചു.

മരിച്ചതു ചന്തുമേനോൻ; മരണം അപ്രതീക്ഷിതം; പിന്നെയുണ്ടായ സംഭവങ്ങൾ വിവരിക്കാവതോ! കോഴിക്കോട്ടുനഗരത്തിൽ വൎത്തമാനം കാട്ടുതീപോലെ ഉടനെ പടരുകയും പ്രഭുക്കളും, പ്രമാണികളും, ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥന്മാരും, കച്ചവടക്കാരും, കൃഷിക്കാരും എല്ലാവരും ആ മഹാന്റെ മുഖം ഒടുവിലായി ഒന്നു സന്ദൎശിച്ചുപോകാൻ അദ്ദേഹത്തിന്റെ വീട്ടിൽ തുരുതുരെ എത്തിച്ചേരുകയും ചെയ്തു.

റാവുബഹദൂർ ഒയ്യാരത്തു ചന്തുമേനോൻ അവൎകൾക്കു ലോകരംഗത്തിൽ അഭിനയിക്കുവാൻ ഉണ്ടായിരുന്ന ഭാഗം പ്രശംസനീയമാംവണ്ണം അഭിനയിച്ച് ആ മാന്യൻ തിരോഭൂതനായി. ആ ആത്മാവു അതുവരെ വഹിച്ചു ശരീരം അന്നു പത്തുമണിക്കു ദഹിച്ചു ഭസ്മമായി. എന്നാൽ ജീവകാലത്തു് അദ്ദേഹം ഭാഷാസാഹിത്യത്തിന്നും നീതിന്യായപരിപാലനകാൎയ്യത്തിലും ചെയ്ത മ

ഘത്തരങ്ങളായ കൃത്യങ്ങൾ മററുള്ളവക്ക് ഉദാഹരണങ്ങളായി എന്നെന്നും ജീവിക്കും.

കേരളകാളിദാസൻ ചന്തുമേനോനെപ്പററി എഴുതിയ ചരമശ്ലോകം താഴെ എഴുതുന്നു:

ഹാ! കഷ്ടമെന്നുടെ സുഹൃന്മണി നഷ്ടമായി
നാകത്തിലായി നയവിന്മണി ചന്തുമേനോൻ;
ലോകത്തിലുള്ള സുമനോജനവൃന്ദമെല്ലാം
ശോകത്തിലപ്പിലവശം വശമായിദാനീം.

---

## IV

## സ്വഭാവവൈശിഷ്ട്യങ്ങൾ.

---

ചന്തുമേനോന്റെ ആകൃതി ദർശനീയവും ആകർഷണീയവുമായിരുന്നു. ആറംഫീററിൽ അധികം പൊക്കം; അതിന്നനുസരിച്ച കായപുഷ്ടി; വിശേഷവിധിയായ കുടവയ്റ്റി—ഇങ്ങിനെയുള്ള ആകൃതി, സാധാരണ വല്ല മനുഷ്യനും ഉണ്ടായാൽ, അതു് അല്പം ആഭാസമായിട്ടേ തീരുകയുള്ളു. എന്നാൽ അസാമാന്യമായ ബുദ്ധിശക്തിയും രസികത്വവും തിളങ്ങിക്കാണുന്ന മുഖകാന്തിയും ആത്മബോധത്തോടുകൂടിയ സത്യനിഷ്ഠയും അതുവഴിയുണ്ടായ ധൈര്യവും തിളങ്ങിക്കാണുന്ന നയനകാന്തിയും ചന്തുമേനവന്നു് ഉണ്ടായിരുന്നതു മേല്പറഞ്ഞ ആകൃതിക്കു മഹത്വവും ഗാംഭീര്യവും നൽകിയിരുന്നു. വല്ലവരേയും ഭയപ്പെടത്തക്കവണ്ണം സ്ഥായിയായ ദുർഗ്ഗുണങ്ങളൊന്നും ത-

നിക്കില്ലെന്നുള്ള ആത്മവിശ്വാസം തന്റെ നേത്രങ്ങളിൽ പ്രകാശിക്കുന്നതോടുകൂടി, അല്പമായുണ്ടായിരുന്ന "എറക്കണ്ണ്" സാമാന്യക്കാർക്കൊന്നും അടുത്തു ചെല്ലുവാൻ ധൈര്യംവരാതിരിക്കത്തക്കവണ്ണം തീക്ഷ്ണതയുള്ളതായിരുന്നു. എന്നാൽ ആ ആകാരത്തിനുള്ളിലുള്ള ഹൃദയം സഹതാപപൂർണ്ണമായി, വിശാലമായി, "നൽത്താരിലും മൃദുതര"മായിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തു പരിചയിച്ചവരൊക്കെ സമ്മതിക്കുന്നതാണ്.

ചന്തുമേനോനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തവരെപ്പോലെതന്നെ അദ്ദേഹത്തിന്റെ പരിഹാസത്തെ ഭയപ്പെടുകയും ചെയ്തവർ ഉണ്ടായിരുന്നുവെന്നല്ലാതെ, അദ്ദേഹത്തെ വെറുത്തിരുന്നവർ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നാണു വിശ്വസിക്കേണ്ടതു്. ഗുണം കണ്ടാൽ, അതു് ആരിൽത്തന്നെയായിരുന്നാലും അതിനെ തന്നത്താൻ മറന്നു പ്രശംസിക്കുകയും ദോഷം കണ്ടാൽ അതു പ്രിയമിത്രത്തിലായാലും നിർദ്ദയമായി പരിഹസിക്കുകയും ചെയ്കയെന്നതു് ഇന്ദുലേഖാകർത്താവിന്റെ ഒരു സ്വഭാവവിശേഷമായിരുന്നു.

സ്വതഃസിദ്ധമായ രസികത്വത്തെ മററുള്ളവരുടെ വിനോദാർത്ഥം പ്രകടിക്കുന്നതിന്നു വേണ്ടുന്ന പരിജ്ഞാനം ചന്തുമേനോന്നു ധാരാളം ഉണ്ടായിരുന്നു. സംഗീതത്തിൽ വൈദഗ്ദ്ധ്യം, ചെണ്ടകൊട്ടിൽ പാടവം, കഥകളിയിൽ ഭ്രാന്തു്, മോഹിനിയാട്ടത്തിൽ ഭ്രമം, സാഹിത്യമർമ്മജ്ഞത്വം, അനന്യസാധാരണമായ ഫലിതരസം, മുതലായി സമവയസ്സുള്ള യുവാക്കളേയും യുവതികളേയും രസിപ്പിക്കാനും ആകർഷിക്കാനും ഉള്ള സർവ്വ

കലാവല്ലഭത്വം കേരളത്തിൽ വല്ലവക്കും ജന്മസിദ്ധമായിരിക്കുകയും അഭ്യാസബലംകൊണ്ടു് പരിപക്വത പ്രാപിക്കുകയും ചെയ്തിരുന്നുവെങ്കിൽ അതു് ഒയ്യാരത്തു ചന്തുമേനോന്നായിരുന്നു.

ക്ലാർക്കായി ഉദ്യോഗം വഹിച്ചിരുന്ന കാലത്തു് ആപ്പീസ്സുവകജോലികളൊക്കെ അതിവേഗം ചെയ്തുതീക്കും. അതിൽപ്പിന്നെ ഒന്നിച്ചു ജോലിചെയ്തുപോന്നിരുന്നവരെ വെറുപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന പണിയായി. ഉദ്യോഗനിലയിൽ കീഴൊതുങ്ങി ബഹുമാനിക്കേണ്ടുന്ന മേലധികാരികൾ ആപ്പീസ്സുപിരിഞ്ഞുപോയെന്നു കണ്ടാൽ, പാട്ടും കൊട്ടും തുടങ്ങും. പെൻസിലോ റൂൾവടിയോ എടുത്തു യുവാവായ ചന്തുമേനോൻ ഭംഗിയിൽ തലയാട്ടിക്കൊണ്ടു താളത്തിൽ കൊട്ടിതന്നത്താൻ രസിക്കുന്നതും തങ്ങളുടെ ജോലി മുഷിഞ്ഞിരുന്നു ചെയ്യുന്നവരുടെ നെററി ചുളിയുന്നതും കൂട്ടത്തിൽ രസികന്മാരായവർ പേന കീഴെവെച്ചു രസിക്കുന്നതും ഇടക്കുചിലർ താളത്തിനൊത്തു് ആട്ടംതുടങ്ങുന്നതും ആക്കും സങ്കല്പശക്തികൊണ്ടു് കാണ്മാൻ കഴിയുന്ന കാഴ്ചകളാകുന്നു. ഇടക്കു ചില സ്നേഹിതന്മാരുടെ പുറം ചെണ്ടയായി കല്പിച്ചു തൻെറ കൊട്ടിലുള്ള സാമത്ഥ്യം അദ്ദേഹം അവിടെ പ്രകടിപ്പിക്കാറും ഉണ്ടു്, കഷണ്ടിത്തലയന്മാരുടെ പിറകിൽ ചെന്നുനിന്നു, കൈകൊണ്ടു് അവരുടെ പൂമൊട്ടുകളും താളംപിടിക്കും. എന്തായാലും ആക്കും ഒരു മുഷിച്ചലും ഉണ്ടായിരുന്നില്ലെന്നുമാത്രമല്ല, ദുരുദ്ദേശം ഇല്ലാതിരുന്ന ആളാണെന്നു് എല്ലാവക്കും ബോദ്ധ്യമുണ്ടായിരുന്നതിനാൽ, ചന്തുമേനോ

ന്റെ നേരംപോക്കായ ഈ വികൃതിത്തരങ്ങളിൽ എല്ലാവരും രസിക്കുകയേ ചെയ്യിരുന്നുള്ളൂ. ഈ രസികത്വം മരണംവരെ ഉണ്ടായിരുന്നുവെന്നുള്ളതിന്നു പലേ ദൃഷ്ടാന്തങ്ങളും ഉണ്ട്.

ചന്തുമേനോൻ മുൻസീഫായിരുന്ന കാലം ഒരിക്കൽ ഒരു നാടകം കണ്ടുകൊണ്ടിരിക്കയായിരുന്നു. ഒരു വേഷക്കാരന്റെ പാട്ടു തന്നെ അസാമാന്യമായി രസിപ്പിച്ചതിന്റെ ബാഹ്യചിഹ്നമായി അദ്ദേഹം "ഭേഷ്" എന്ന് ഉറക്കെ പറഞ്ഞുകൊണ്ട്, അടുത്തിരുന്ന ഒരു വക്കീലിന്റെ പുറത്തു നല്ലൊരു അടികൊടുത്തു. മുൻസീഫിന്റെ അടി വക്കീലിന്നു നല്ലവേദനയുണ്ടാക്കിയെന്ന്, അയാളുടെ പുറത്തിന്നു പെട്ടെന്നുണ്ടായ വളവു കണ്ടപ്പോൾ ബോദ്ധ്യമാകയാൽ, "ക്ഷമിക്കണം; ഞാൻ അറിയാതെ ചെയ്തുപോയതാണ്" എന്നു പറകയും ചെയ്തു.

മറ്റൊരിക്കൽ വടക്കു നിന്നു വന്ന ഒരു നാടകസംഘം കോഴിക്കോട്ടു ടൌൺഹാളിൽവെച്ച് ഒരു നാടകം കളിച്ചിരുന്നു. കളികാണുവാൻചെന്നു തങ്ങളെ അനുഗ്രഹിക്കേണമെന്നു നാടകാധികൃതന്മാർ അപേക്ഷിക്കുകയാൽ ചന്തുമേനോനും കളി കാണുവാൻ പോയി. നാടകത്തിൽ മൂന്നു ചെറുപ്പക്കാർ സ്ത്രീവേഷം ധരിച്ചു നൃത്തം ചെയ്യേണ്ടുന്ന ഘട്ടം വന്നു. നൃത്തം ആരംഭിച്ച് അല്പം കഴിഞ്ഞപ്പോൾ ചന്തുമേനോൻ വെറുപ്പോടുകൂടി എഴുന്നേററ്, വരാന്തയിൽ ചെന്നു നിന്നു, നാടകം മാനേജരെ വിളിച്ച്, "എന്തൊരു കഷ്ടമാണിത്? കാണാൻ ഒരു സുഖവും ഇല്ലാത്ത ഈ കുട്ടികളെ

കൊണ്ടു് ഇങ്ങിനെ അരംഗത്തുവെച്ച് അവക്ക് അറി ഞ്ഞുകൂടാത്ത നൃത്തം ചെയ്യിക്കുന്നതിൻെറ അൎത്ഥമെന്താ ണു്?" എന്നു ചോദിച്ചു. മാനേജർ നൃത്തവും മതി യാക്കി. ആ നാടകത്തിലെ വിദൂഷകൻ ബഹുരസിക നാണെന്നു പേർ കേട്ട ആളായിരുന്നു. അയാളം വേ ഷംകെട്ടി രംഗത്തുവന്നു് ഒരു പഴയ കഥ പറഞ്ഞുതുട ങ്ങി. കഥ അവസാനിക്കാറായിട്ടും സഭ്യന്മാരിൽ ആരു ം രസിക്കുന്ന ഭാവം കണ്ടില്ല. വിദൂഷകൻ കഥയവി ടെ നിറുത്തി വലിയ പരിഭവസ്വരത്തിൽ "നിങ്ങളാ രും എന്താണപ്പാ ചിരിക്കാത്തതു്?" എന്നു ചോദി ച്ചു. ആ ചോദിച്ച രീതിയും അതിൻെറ സ്വരവും സ ൎവ്വരേയും രസിപ്പിച്ചു. സഭ്യന്മാർ മുഴുവൻ ഉച്ചത്തിൽ കൈകൊട്ടിപ്പൊട്ടിച്ചിരിച്ചു. ചന്തുമേനോനും കുംഭകു ലുക്കിക്കൊണ്ടു ഉച്ചത്തിൽ ചിരിക്കുകയും കീശയിൽ നി ന്നു് ഒരുറുപ്പികയെടുത്തു രംഗത്തു് എറിഞ്ഞുകൊടുക്കുക യും തിരിഞ്ഞു് അടുത്തുണ്ടായിരുന്നവരോടു് "അവന്നു് എല്ലാവരേയും ചിരിപ്പിക്കുവാൻ കഴിയുമെന്നു് അറി യാം. അതാണു കാൎയ്യം" എന്നു പറകയും ചെയ്തു.

വല്ല ഭാഗവതരും പുതുതായി രാജ്യത്തു വന്നെങ്കിൽ ഒന്നാമത്തു ചന്തുമേനോൻെറ മുമ്പിൽ ചെന്നിട്ടാണു ത ൻെറ സംഗീതപാടവത്തിൻെറ മാററു് ഉരച്ചുനോക്കുക. എന്നാൽ എത്ര ശങ്കയോടും ആശങ്കയോടും കൂടിയാണു അദ്ദേഹത്തിൻെറ മുമ്പിൽ ചെല്ലുക! പാട്ടു് അദ്ദേഹത്തി ന്നു ബോധിച്ചെങ്കിൽ ഭാഗവതർ പ്രതീക്ഷിക്കാത്തത്ര വ ലിയ സമ്മാനം ലഭിച്ചെന്നുവരാം; അല്ലെങ്കിൽ നല്ല ആട്ടും കിട്ടും. ഒരിക്കൽ ഇങ്ങിനെ ചെന്നിരുന്ന ഒരു പ

ട്ടർ ഭാഗവതരെപ്പററി അദ്ദേഹം ഉണ്ടാക്കിയ ശ്ലോകമാണിതു്.

മരക്കൈക്കലിളക്കാൻ മിടുക്കില്ലയാഞ്ഞി-
ട്ടടപ്പൊന്നുകൂട്ടി, ത്രിധാതന്ത്രികെട്ടി,
പുരാണോപധാനച്ഛദേ കെട്ടിവന്നാൽ
പണംകിട്ടുമോ പട്ടരെ, പോട പോടാ.

ഒരുദിവസം ചന്തുമേനോന്റെ വീട്ടിന്റെ കോലായിൽ അദ്ദേഹവും ഞാനും ഇരുന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ബ്രാഹ്മണൻ വന്നു മുററത്തുനിന്നു. "ആരാണ്?" എന്നു ചോദിച്ചതിന്നു ഭാഗവതരാണെന്നു മറുപടി കേട്ടഉടനെ മേനോന്നു രസംപിടിച്ചതായി തോന്നി. കോലായിൽ കടന്നിരിക്കാൻ ക്ഷണിച്ചു; പാടിത്തുടങ്ങാനും കല്പിച്ചു. ഭാഗവതർ മൂളിത്തുടങ്ങുന്നതിനിടക്ക് അയാളെ ഇടകണ്ണിട്ടു നോക്കിക്കൊണ്ടിരുന്നുവെന്നല്ലാതെ, ഞങ്ങൾ തമ്മിലുള്ള സംഭാഷണം നിറുത്തിയിരുന്നില്ല. അല്പം കഴിഞ്ഞപ്പോൾ ഭാഗവതരോടു "ഫിഡിൽ അറിയാമോ?" എന്നായി. അറിയാമെന്നു പറഞ്ഞപ്പോൾ ഭൃത്യനെ വിളിച്ചു, "കൃഷ്ണാ, ആ ഫിഡിൽ എടുത്തുകൊണ്ടുവാ" എന്നുപറഞ്ഞു. ഭൃത്യൻ ഫിഡിൽ കൊണ്ടുവന്നപ്പോൾ അതു വാങ്ങി അതിന്റെ കമ്പികളൊക്കെ കുറെ അഴിച്ചു ഭാഗവതരുടെ കയ്യിൽ കൊടുത്തു. വീണ്ടും എന്നോടു സംഭാഷണം തുടങ്ങി. സാധുബ്രാഹ്മണൻ പത്തുപതിനഞ്ചു മിനിട്ടുനേരം ഫിഡിലിന്നു ശ്രുതികൂട്ടിക്കൊണ്ടും ഇടക്കിടക്കു ചന്തുമേനോനെ ഭയത്തോടെ നോക്കിക്കൊണ്ടും കഴിച്ചശേഷം അയാളോടു മേനോൻ ഇങ്ങിനെ ചോദിച്ചു.

"ഫിഡിൽവായന നല്ല ശീലമില്ല; ഇല്ലെ?"

"ഇല്ല; ഫിഡിൽ ശീലിച്ചുതുടങ്ങീട്ട് അധികമായില്ല."

"ശരി, ഫിഡിലവിടെവെക്കു; എവിടെയാ?"

"പാലക്കാട്ടാണ്."

"ഇവിടുന്നു പാലക്കാട്ടേക്ക് എന്താണു വണ്ടിക്കൂലി?"

"പതിന്നാലണ."

"അതു വേഗം പോകുന്ന വണ്ടിക്കാണോ?"

(എന്നുവെച്ചാൽ മെയിൽ വണ്ടിക്കാണോ, എന്നർത്ഥം)

ബ്രാഹ്മണൻ അതും സമ്മതിച്ചശേഷം ഭൃത്യനെവിളിച്ച് എഴുത്തുപെട്ടി എടുത്തുകൊണ്ടുവരാൻ കല്പിച്ചു. കൊണ്ടുവന്ന് അടുക്കെ വെച്ചപ്പോൾ, "അതു തുറന്നു പതിന്നാലണ പട്ടർക്ക് എടുത്തുകൊടുക്കു" എന്നു കല്പിച്ചു. പെട്ടിയിൽ ചില്ലറയില്ലെന്നു ഭൃത്യൻ പറഞ്ഞപ്പോൾ, "ഉറുപ്പിക എടുത്തു മാറി പതിന്നാലണ കൊടുക്കെടൊ" എന്ന് ഉച്ചത്തിൽ പറഞ്ഞു. അന്നു ചില്ലറമാറാൻപോകുന്ന ഭൃത്യന്റെ പിന്നാലെ'പോയ ആ ബ്രാഹ്മണന്റെ മുഖഭാവം ഞാൻ ഒരു കാലത്തും മറക്കയില്ല. മറ്റൊരാൾ ആയിരുന്നുവെങ്കിൽ ചില്ലറയില്ലെങ്കിൽ ഒരു ഉറുപ്പിക കൊടുത്തേക്കാൻ പറയുമായിരുന്നില്ലെ? സരസാഗ്രഗണ്യനായ ചന്തുമേനോൻ അതുകൊണ്ടു തൃപ്തനാകയില്ല. ഭാഗവതരോടു കഴിയുന്ന വേഗം സ്വരാജ്യത്തേക്കു മടങ്ങിപ്പോയിക്കൊള്ളണം എന്നു വാക്കുകൊണ്ടു പറഞ്ഞാൽ അതിന്ന് ഇത്ര ശക്തിയും ഫലിതവും ഉണ്ടാകുമായിരുന്നുവോ? ബ്രാഹ്മണന്ന് അത്ര മനസ്സിലായിരുന്നുവോ എന്തോ?

കഥകളിക്കാർ അമ്പലത്തിൽ സേവ കഴിഞ്ഞാൽ പിന്നെ കളിക്കുന്നതു ചന്തുമേനോന്റെ വീട്ടിലായിരിക്കും. കേളിക്കൈയ്യും തിരശ്ശീലപ്പാട്ടും മററു ചടങ്ങുകളും ഒന്നും അവിടെ ആവശ്യമില്ല. വല്ല കഥയും മുഴുവൻ ആടേണമെന്നും ഇല്ല. നളചരിതത്തിൽ കാട്ടാളനും ദമയന്തിയും തമ്മിലുള്ള കൂടിക്കാഴ്ച, കല്യാണസൌഗന്ധികത്തിൽ ഭീമനും ഹനുമാനും തമ്മിലുള്ള കൂട്ടിമുട്ടൽ, നരകാസുരവധത്തിൽ ലളിത, കാലകേയവധത്തിൽ ഉൎവ്വശി എന്നിങ്ങിനെ പല ഭാഗങ്ങൾ മുൻകൂട്ടി പറഞ്ഞുകൊടുക്കും. എട്ടുമണിക്കു കളി ആരംഭിക്കണം; പതിനൊന്നു മണിക്ക് അവസാനിക്കണം. ചെണ്ടക്കാരനോ ഭാഗവതരോ നന്നല്ലെന്നു തോന്നിയെങ്കിൽ, ഉടനെ കളി മതിയാക്കി എല്ലാവരോടും പോയിക്കൊൾവാൻ കല്പിക്കും. അല്ലെങ്കിൽ താൻ ഉറങ്ങാൻ പോയി കിടക്കും.

കുഞ്ചുകൎത്താവ് എന്നു പേരായി തലയ്ക്കു നല്ല സുഖമില്ലാതിരുന്ന ഒരു വേഷക്കാരൻ ഉണ്ടായിരുന്നു. പകൽ മുഴുവനും രാത്രി വേഷം അണിയുന്നതുവരേക്കും അയാൾ വല്ല പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കും. ചുട്ടികുത്തുമ്പോൾ കൈകൾ പിടിച്ചു കെട്ടണം; അല്ലെങ്കിൽ തുടച്ചുകളയും. കിരീടം വെച്ച് അരംഗത്തേക്കു ഉന്തി അയയ്ക്കുമ്പോൾ, ഇന്ന കഥയിൽ ഇന്ന വേഷമാണ് എന്നു പറഞ്ഞാൽ മതി; അതു പിന്നെ ഭംഗിയായി അഭിനയിച്ചുകൊള്ളും. ആട്ടത്തിൽ ബഹുസമൎത്ഥനായിരുന്നു; ചന്തുമേനോന്നു് അദ്ദേഹത്തെ വളരെ ബോദ്ധ്യവുമായിരുന്നു.

ഒരിക്കൽ ഒയ്യാരത്തുവെച്ചു കളിപ്പിച്ചിരുന്ന ഒരു കളിയിൽ, കുഞ്ചുകൎത്താവു വേഷംകെട്ടി അരംഗത്തു വന്ന

പ്പോൾ ചന്തുമേനോൻ വിളക്കിന്നടുത്തിരുന്നു. അഭിനയം കുറെ കഴിഞ്ഞപ്പോൾ "അല്പം നിൽക്കണം" എന്നു പറഞ്ഞു് എഴുന്നേററു നിന്നു്, അടുത്തുണ്ടായിരുന്ന കുഞ്ഞുനായരോടു്, "ജ്യേഷ്ഠാ, പവന്നു് എന്തുണ്ടു് ഇപ്പോൾ വില?" എന്നുചോദിച്ചു. പത്തര ഉറുപ്പികയുണ്ടെന്നു് അദ്ദേഹം പറഞ്ഞപ്പോൾ, കോലായിൽ ഇരിക്കുന്നുണ്ടായിരുന്ന ഭാര്യയോടു പത്തര ഉറുപ്പിക അയക്കാൻ ആവശ്യപ്പെട്ടു. അതു വാങ്ങി ഓരോ ഉറുപ്പികയായി എണ്ണിയെണ്ണി കഥകർത്താവിന്റെ കൈയിൽ ഇട്ടുകൊടുത്തു.

ഇങ്ങിനെ കഥകളി, സംഗീതം, സാഹിത്യം മുതലായവയെ സംബന്ധിച്ചു മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ അനന്യസാധാരണമായ രസികത്വം പ്രകടിക്കപ്പെട്ടിരുന്നതു്. കോടതിസംബന്ധമായും പലേ രസികത്വവും കാണിക്കാറുണ്ടായിരുന്നു. അദ്ദേഹം ഒരു യൂറോപ്യൻജഡ്ജിയെ ചെണ്ടകൊട്ടിച്ച പ്രസിദ്ധപ്പെട്ട കഥ, ശ്രീമാൻ പി. ബാലകൃഷ്ണപിള്ള എം. എ., അവർകൾ "മലയാളമനോരമ"യിൽ എഴുതിയതു് ഇവിടെ പകർത്തുന്നു:—

"ഏതെങ്കിലും ഒരു സംഗതിയിൽ ഒരാൾക്കു കുറെ നിർബ്ബന്ധമുണ്ടെന്നുകണ്ടാൽ, അതിന്നു വിരുദ്ധമായി പ്രവർത്തിച്ചു് അയാളെ കമ്പമാക്കുന്നതു ചന്തുമേനോന്നു വലിയ ഒരാനന്ദമാണു്. അദ്ദേഹം കോഴിക്കോട്ടു സബ്ബ് ജഡ്ജിയായിരുന്ന കാലത്തു് ഡേവിസ് സായ്പു് അവിടെ ഡിസ്ട്രിക്ട് ജഡ്ജിയായി വന്നുചേർന്നു. ഡേവിസ് കോടതിയിൽ കേസ്സുവിസ്തരിക്കുന്ന സമയം സമീപത്തെങ്ങും ശ

ബ്ബമുണ്ടാകുന്നതു് അദ്ദേഹത്തിന്നു വലിയ വിരോധമാണു്. 'താൻ ഇരിക്കുന്നതിന്നു മുകളിൽ കൂടി കാക്ക പറക്കുന്നതു് ഇഷ്ടമല്ലാത്ത ആൾ' എന്നു നമ്മുടെ ഇടയിലുള്ള ദുർവ്വാസസ്സുകളെപ്പററി അതിശയോക്തിയായി പറയുന്നതു ഡേവിസ് സായ്പിനെ സംബന്ധിച്ചേടത്തോളം അക്ഷരംപ്രതി വാസ്തവമായിരുന്നുവെന്നു പ്രസിദ്ധമാണു്.

"കോഴിക്കോട്ടു ടൌണിൽനിന്നു മൂന്നു മൈൽ അകലെയായി വരയ്ക്കൽ എന്നൊരു ക്ഷേത്രമുണ്ടു്. അവിടെ ഒരു ചിറപ്പിന്നു ചെണ്ടകൊട്ടാൻ ഒരു മാരാരെ വരുത്തിയിരുന്നു. ഒന്നാംതരം ചെണ്ടകൊട്ടുകാരൻെറ ശമ്പളം കിട്ടേണമെന്നു മുമ്പിൽകൂട്ടി ക്ഷേത്രാധികാരികളെ മനസ്സിലാക്കിയശേഷമാണു മാരാർ കൊട്ടാൻ പുറപ്പെട്ടതു്. എന്നാൽ ചിറപ്പുകഴിഞ്ഞപ്പോൾ മൂന്നാംതരക്കാരുടെ കണക്കനുസരിച്ചുള്ള പ്രതിഫലമാണു മാരാക്കു കിട്ടിയതു്. കൂടുതൽ ആദായത്തിന്നു താൻ അവകാശിയാണെന്നുള്ള മാരാരുടെ വാദസമരങ്ങളൊന്നും ഊരാളന്മാരോടു ഫലിച്ചില്ല. ഇച്ഛാഭംഗകലുഷിതനായ മാരാർ ഗത്യന്തരമില്ലാതെ ചന്തുമേനോൻ സബ്ജഡ്ജിയുടെ കോർട്ടിൽ കേസ്സുകൊടുത്തു. ചിറപ്പിന്നു വന്ന തിയ്യരിൽ ആരും സാധു മാരാക്കുവേണ്ടി സാക്ഷിപറവാൻ തയ്യാറായില്ല. വേറെ ഒന്നുരണ്ടാളുകളെ മാരാർ സാക്ഷികളായി കൊണ്ടുവന്നുവെങ്കിലും ചന്തുമേനോൻ ചോദ്യങ്ങളും "ക്രാസ്സു"കളുംകൊണ്ടു് അവക്കു ചെണ്ടകൊട്ടിനെപ്പററി യാതൊരു ഗന്ധവും ഇല്ലെന്നു വെളിവാക്കി.

"മാരാക്കു വാസ്തവത്തിൽ ഒന്നാംതരം ചെണ്ടക്കാരൻെറ പഠിപ്പും സാമർത്ഥ്യവും ഉണ്ടോ എന്നു തീച്ചപ്പെട്ടു

ത്തേണ്ടതാണു കേസിലെ പ്രധാന "പോയിൻറു്." അതിനെന്താണു നിവൃത്തിയെന്നു് ആലോചനയായി. ഒടുവിൽ ചെണ്ടകൊണ്ടുവന്നു കോടതിമുമ്പാകെ കൊട്ടിക്കാണിക്കുവാൻ തയ്യാറുണ്ടോ എന്നു മാരാരോടു സബ്ജഡ്ജി ചോദിക്കുകയും അയാൾ അപ്രകാരം സമ്മതിക്കുകയും ചെയ്തു. മാരാർ ചെണ്ടയുമായി കോടതിയിൽ പ്രവേശിച്ചു മേളം മുഴക്കി കൊട്ടുമാരംഭിച്ചു.

"സബ്ജഡ്ജിയുടെയും ഡിസ്ട്രിക്ടു് ജഡ്ജിയുടെയും കോടതികൾ ഒരു കെട്ടിടത്തിലാണു്. കർണ്ണകഠോരമായ പടഹധ്വനി കേട്ടു ഡേവിസ് ധ്വര പരിഭ്രാന്തചിത്തനായി ഇതെന്തു കഥയാണെന്നു നോക്കിവരാൻ ശിപായിയെ അയച്ചു. ശിപായി തിരിച്ചുചെന്നു ചന്തുമേനോൻ സബ്ജഡ്ജി ഒരാളെക്കൊണ്ടു് ചെണ്ടകൊട്ടിക്കുന്ന ബഹളമാണു കേൾക്കുന്നതെന്നു സായ്പിനെ അറിയിച്ചു. ഡേവിസ് ഉടനെ തൻെറ ഡഫേദാരെ വിളിച്ചു് ഈ ചെണ്ടകൊട്ടു് ഉടനെ നിർത്താൻ ഏർപ്പാടുചെയ്യേണമെന്നു സബ്ജഡ്ജിയോടു പറവാൻ ആജ്ഞാപിച്ചു. ചെണ്ട കൊട്ടുതുടങ്ങിയപ്പോൾതന്നെ അതിനെ തടയാൻ ഡിസ്ട്രിക്ടു ജഡ്ജിയുടെ ആൾ വരുമെന്നു് അറിയാമായിരുന്നതുകൊണ്ടു് ഡഫേദാരുടെ തലപ്പാവു വാതിലിൽ കണ്ടുതുടങ്ങിയപ്പോൾതന്നെ ചന്തുമേനോൻ അഭൂതപൂർവമായ ഒരു ഗൌരവഭാവം നടിച്ചു് ഇരിപ്പായി.

"ഇതിനിടയിൽ ചന്തുമേനോൻെറ ആകാരസൌഷ്ഠവത്തെപ്പററി ഒന്നു പറഞ്ഞുകൊള്ളട്ടെ. ചന്തുമേനോൻെറ പൊക്കം ആറടിയിൽ കൂടുതലല്ലാതെ കുറവല്ലായിരുന്നു. അസാമാന്യവർണ്ണമുള്ളതായിരുന്നു അദ്ദേഹ

ത്തിൻെറ ശരീരം. ഇപ്രകാരമുള്ള പൊക്കത്തേയും വണ്ണത്തേയും അതിശയിക്കുന്നതായിരുന്നു ചന്തുമേനോൻെറ കുടവയർ. ഇപ്രകാരമുള്ള ഒരു മഹാപുരുഷൻ ഗംഭീരമായി ഒരൊററ നോട്ടംനോക്കിയാൽ ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടേതല്ല വലിയ വൈസറോയിയുടെ ഡഫേദാർക്കൂടി അസ്തമിച്ചുപോകില്ലേ? ഗൌരവമൂർത്തിയായ സബ് ജഡ്ജിയുടെ മുമ്പിൽ കയറിച്ചെന്നു തൻെറ സന്ദേശം ധരിപ്പിക്കുവാൻ ഡഫേദാർക്കു ധൈര്യം മതിയായില്ല. കൊട്ടുനിറുത്താതെ സായ്വിൻെറ അടുത്തുചെല്ലാമോ? അതും വയ്യാ. നിർഭാഗ്യവാനായ ഡഫേദാർ വലിയ പരുങ്ങലിൽ ആയി.

"ഇതിനിടയിൽ തൻെറ പാടവം മുഴുവൻ പ്രദർശിപ്പിക്കാനായി മാരാർ സാഹസപ്പെട്ടു ചെണ്ട കൊട്ടിത്തകർക്കുന്നു. കോടതിയും പരിസരങ്ങളും ശബ്ദകോലാഹലത്താൽ മുഖരിതമാകുന്നു. യൂറോപ്യൻെറ ചെവിക്കു നിശിതശല്യമായ ഈ പെരുമ്പറ ശബ്ദം സഹിക്കവയ്യാതെ ഡേവിസ് ധാര കൂട്ടിലിട്ട മെരുവെപ്പോലെ തൻെറ ന്യായാധിപപീഠത്തിൽ ഇരിക്കുന്നു. സായ്വിൻെറ ഈ അവസ്ഥ സ്വന്തം ഭാവനാശക്തിയിൽ കാണുന്ന സഹൃദയശിരോമണിയായ ചന്തുമേനോൻെറ മുഖത്തു് അസാമാന്യമായ ഒരു സന്തുഷ്ടി പ്രകാശിക്കുന്നു. ജഡ്ജിയുടെ ഈ മുഖപ്രസന്നത തൻെറ ചെണ്ടകൊട്ടിലുള്ള രസം കൊണ്ടാണെന്നു തെററിദ്ധരിച്ച മാരാർ അയാളുടെ സർവ്വശക്തിയും പ്രയോഗിച്ചു ചെണ്ട അടിച്ചു വീക്കുന്നു.

"ഡഫേദാർ പോയി കുറച്ചൊക്കെ സമയമായിട്ടും യാതൊരു പ്രയോജനവും കാണാത്തതുകൊണ്ടു് അക്ഷമ

നായ സായ്പ് വീണ്ടും ഒരു ശിപായിയെക്കൂടി കർശനമായ കല്പനകൊടുത്തയച്ചു. രണ്ടാമത്തും സായ്പിൻെറ ഒരാൾ വരുന്നതു ദൂരെവച്ചുതന്നെ ചന്തുമേനോൻ കണ്ടു. തനിക്കു സഹായത്തിന് ഒരാൾ കൂടി വന്നുചേൎന്നുവെന്നു കണ്ടപ്പോൾ ഡഫേദാക്കു ഏതാണ്ടൊരു ധൈൎയ്യം തോന്നി. ഇനി എന്തെങ്കിലുമാകട്ടെ, അങ്ങോട്ടു കയറിച്ചെല്ലുകതന്നെ എന്ന് അയാൾ ഉറച്ചു. നൈഷധഹസ്തങ്ങളിൽനിന്നും മോചനം ലഭിച്ച ഹംസത്തെപ്പോലെ ശരീരമാസകലം ഒന്നുകുടഞ്ഞു കുപ്പായത്തിൻെറ തുമ്പുകൾ വലിച്ചുനീട്ടി ശരിപ്പെടുത്തി ഡഫേദാർ കോർട്ട് ഹാളിന്നുള്ളിൽ പ്രവേശിച്ചു.

"രാഗസ്ഥിതി മാറി വീഴുന്നുവെന്നു കാലേക്കൂട്ടി മനസ്സിലാക്കിയ ചന്തുമേനോൻെറയും വിധം ഒന്നു മാറി. ചെണ്ടകൊട്ടിൽ അദ്ദേഹം ലയിച്ചു, കണ്ണും ചിമ്മി, കൊട്ടിൻെറ താളത്തിനൊത്തു സാവധാനത്തിൽ തലയും കുലുക്കി ഇരിപ്പായി. സാധു ഡഫേദാർ എന്തുചെയ്യും? കേസ്സു വിചാരണയിൽ ഏകാഗ്രചിത്തനായി കണ്ണുമടച്ചിരിക്കുന്ന ന്യായാധിപൻെറ അടുക്കൽ കയറിച്ചെന്നു വിളിച്ചുണർത്തി സംസാരിക്കാൻ ഒരുശിപായിപ്രധാനൻ ധൈൎയ്യപ്പെടുമോ? പക്ഷെ കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ ഇനിയും താമസിച്ചാൽ സായ്പ് മൂക്കു ചെത്തുകില്ലേ? 'ആവശ്യം സൃഷ്ടിയുടെ മാതാവു്' എന്ന നിയമമനുസരിച്ചു് ഈ ആപൽസന്ധിയിൽ ഡഫേദാക്കു് ഒരു ജ്ഞാനോദയം ഉണ്ടായി. ചന്തുമേനോൻെറ ഡഫേദാരുടെ അടുക്കൽ ചെന്നു 'പരിത്രാണായ സാധൂനാം വിനാശായച ദുഷ്കൃതാം', എല്ലാററിനും അയാൾതന്നെ സമ

ത്ഥൻ എന്നു് അങ്ങോട്ടു് അഭയം പ്രാപിച്ച കാൎയ്യം നി
ൎവ്വഹിക്കാമെന്നു തീൎച്ചപ്പെടുത്തി.

“കൌശലം അത്ര കുറികു കൊണ്ടു. തന്റെ യജമാ
നനോടു തനിക്കു് ഏതു സമയത്തും തോന്നുന്ന കാൎയ്യങ്ങൾ
ഉണർത്തിക്കാനുള്ള സാമൎത്ഥ്യം ഉണ്ടെന്നു് സ്വയം അഭി
മാനിച്ചുകൊണ്ടു് ചന്തുമേനോന്റെ ഡഫേദാർന്യായാധി
പതി പീഠത്തിന്നു സമീപം ചെന്നു ‘ജഡ്ജിസായ്പിന്റെ...’
എന്നിത്രയും പറഞ്ഞപ്പോഴെയ്ക്കും അവിവേകിയായ
കാമദേവൻ കാരണം, പൊടുന്നനവെ സമാധിക്കു വി
ഘ്നം വന്നതുകൊണ്ടു കോപിഷ്ഠനായി മൂന്നാം തൃക്കണ്ണു
തുറന്ന സംഹാരരുദ്രനെപ്പോലെ ചന്തുമേനോൻ തന്റെ
ഡഫേദാരെ ഒന്നു നോക്കി. ‘തനിക്കു മൂന്നു രൂപാ പ്രായ
ശ്ചിത്തം’ എന്ന ഗൎജ്ജനമാകുന്ന തീജ്വാല അദ്ദേഹത്തി
ന്റെ മുഖത്തുനിന്നും പുറപ്പെട്ടു. കോടതിയിൽ കൂടി
യിരുന്ന വക്കീലന്മാരാദിയായ യക്ഷകിന്നരകിമ്പുരുഷ
ന്മാർ ആസകലം നടുങ്ങി. സബ് ജഡ്ജിയുടെ നന്ദികേ
ശ്വരൻ വായുവേഗത്തിൽ അവിടെനിന്നു് അന്തർദ്ധാ
നംചെയ്തു. ഡിസ്ത്രിക്ട് ജഡ്ജിയുടെ ഭൂതഗണങ്ങൾ പ്രാ
ണരക്ഷാൎത്ഥം പലായനം ചെയ്തു.

“അല്പസമയംകൂടി മാരാരെക്കൊണ്ടു ചെണ്ട കൊട്ടി
ച്ചശേഷം തൃപ്തനായി അയാൾക്കു് ഒന്നാംതരക്കാരന്റെ
കൂലി കൊടുക്കേണ്ടതാണെന്നു വിധിച്ചു. കാപ്പികുടിസ
മയത്തു ഡേവിസ് ധ്വര ചന്തുമേനോന്റെ പ്രത്യേകമു
റിയിൽചെന്നു് ‘ഇതെന്തു മാതിരിയാണു്. മററുള്ളവൎക്കു
ചെവികേട്ടിരുന്നു ജോലിചെയ്യേണ്ടേ?’ എന്നു ചോദിച്ച
തിന്നു്, “മനസ്സാക്ഷിക്കനുസരണമായി ന്യായം നട
ത്താനുള്ള എന്റെ ശ്രമം താങ്കൾക്കു് അസഹ്യതയുണ്ടാ

ക്കി എന്നു കാണുന്നതിൽ ഞാൻ നിർവ്യാജം വ്യസനി
ക്കുന്നു" എന്നു മറുപടി പറഞ്ഞു. ശുണ്ഠിക്കാരനാണെ
ങ്കിലും ചന്തുമേനോനോട് പ്രത്യേക വാത്സല്യമുണ്ടായി
രുന്ന സായ്‌വ് 'നിങ്ങൾ ഒരു അസാധാരണ ജഡ്ജിതന്നെ'
എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു, ചന്തുമേനോന്റെ
കൈപിടിച്ചു കുലുക്കി പോകയും ചെയ്തു."

ചന്തുമേനോന്റെ ഫലിതകൃത്യങ്ങൾ "മലയാളമ
നോരമ"യിൽ പരസ്യംചെയ്തവയിൽ ഒന്നുകൂടി ഇവി
ടെ പകർത്തുന്നു:—

"ഡേവിസ് സായ്‌വും മദാമ്മയും അചിരേണ ചന്തു
മേനോന്റെ സുഹൃത്തുക്കളായിത്തീർന്നു. ഒരിക്കൽ ചന്തു
മേനോൻ അവർക്കായി ഒരു വിരുന്നുകഴിച്ചു. മലയാളമ
ട്ടിലുള്ള ഒരു സദ്യയായാൽ തങ്ങൾക്കു വളരെ കൌതുക
മായിരിക്കുമെന്നു സായ്‌വും മദാമ്മയും അഭിപ്രായപ്പെ
ട്ടതനുസരിച്ചു രണ്ടു മൂന്നു തരം പ്രഥമൻ തുടങ്ങി സകല
വിഭവങ്ങളോടുംകൂടിയ ഒരു സദ്യ ഒരുക്കിയിരുന്നു. കറി
കളും പ്രഥമനുമെല്ലാം ഓരോ വെള്ളിക്കിണ്ണങ്ങളിലും ക
ത്തിലകളിലും നിറച്ച് ഒരു നീണ്ട മേശയുടെ രണ്ടുഭാ
ഗത്തായി പ്രത്യേകം നിരത്തിവെച്ചതിന്റെ നേർക്ക് ഇ
ട്ടിട്ടുള്ള ഓരോ കസേരകളിലായി ഡേവിസും മദാമ്മയും
ഇരുന്നു. അവരുടെ നടുവിലായി മറെറാരു കസേര
യിൽ ചന്തുമേനോനും ആസനസ്ഥനായി.

"കരണ്ടിയും മുള്ളും കൂടാതുള്ള തീൻ മദാമ്മക്ക് അ
ശേഷം പരിചയമല്ല. കിണ്ണത്തിൽ വെച്ചിട്ടുള്ളതിനെ
എന്തു ചെയ്യുന്നതെന്നു മദാമ്മ ചന്തുമേനോനോടു ചോ
ദിച്ചു. മദാമ്മയുടെ മുമ്പിലുള്ള വരിയിൽ ആദ്യത്തെ
കിണ്ണത്തിൽ പാൽപ്രഥമനായിരുന്നു. അതു് ഇലയിൽ

കുറേശ്ശ ഒഴിച്ചു കുടിക്കുകയോ കിണ്ണത്തിൽനിന്നുതന്നെ ചായയും മററും കുടിക്കുന്ന മാതിരി കുടിച്ചുകൊള്ളുകയോ ചെയ്യാമെന്നു പറഞ്ഞു. ഇലയിൽ ഒഴിച്ചു കൈകൊണ്ടു കോരി കുടിക്കുന്നതു് ഏതായാലും ദുർഘടം. അതുകൊണ്ടു് ആദ്യത്തെ കിണ്ണത്തിൽ വെച്ചിട്ടുള്ളതു് ഒന്നു കുടിച്ചുനോക്കുകതന്നെ എന്നു നിശ്ചയിച്ചു മദാമ്മ അതു കയ്യിൽ എടുത്തു. ഇംഗ്ലീഷുമര്യാദ അനുസരിച്ചു സായിപ്പിൻെറ മുമ്പിൽ ഉണ്ടായിരുന്ന കിണ്ണം അദ്ദേഹവും എടുത്തു. പ്രഥമൻെറ സ്വാദു മദാമ്മക്കു നന്നേ രസിച്ചു. എന്നാൽ സായിപ്പിൻെറ മുമ്പിലുള്ള വരിയിൽ ആദ്യത്തേ കിണ്ണത്തിൽ കാളനായിരുന്നു വിളമ്പിയിരുന്നതു്. മിസ്സിസ് ഡേവിസ് ഒരിറക്കുപ്രഥമൻ കുടിച്ചപ്പോൾ അതിനൊപ്പം സായിപ്പും കുടിച്ചു.

"ഒന്നാന്തരം അരിവെപ്പുകാർക്കു മാത്രമേ ചന്ദ്രുമേനോനോടു് കഴിഞ്ഞുകൂടാൻ സാധിക്കുകയുള്ളു. സാഹിത്യം സംഗീതം മുതലായ കലകളിലെന്നപോലെ ഭക്ഷണകാര്യത്തിലും ചന്ദ്രുമേനോൻ രസികനായിരുന്നു. ഏതെങ്കിലും ഒന്നിനു പാകപ്പിഴവന്നുപോയാൽ അന്നു് അരിവെപ്പുകാരൻെറകരണപ്പിഴയും കഴിയും. വളരെശ്രദ്ധാപൂർവ്വം തയ്യാറാക്കിയിരുന്ന പാൽപ്രഥമൻ കുടിച്ചപ്പോൾ മദാമ്മയുടെ മുഖം സന്തുഷ്ടികൊണ്ടു് വിളങ്ങി. യൂറോപ്യൻരസനയ്ക്കു സഹിപ്പാൻ വിഷമമായ കാളൻെറ പുളി മിസ്റ്റർ ഡേവിസിൻെറ നാക്കിൽ തട്ടിയതോടുകൂടി അദ്ദേഹത്തിൻെറ മുഖം വല്ലാതെ ചുളുങ്ങി. "ഇതു വളരെ നന്നായിരിക്കുന്നു" എന്നു പറഞ്ഞു മദാമ്മ സായിപ്പിൻെറ മുഖത്തു നോക്കി. ഒരു സാധനം നന്നായി

എന്നു മദാമ്മ പറഞ്ഞാൽ അതിനെ ഏറാരുപറകയല്ലാതെ സാധുധ്വാരയ്ക്കു ഗത്യന്തരമില്ല. "വളരെ നന്നായി, വളരെ നന്നായി" എന്നു സന്തോഷഭരിതയായി മദാമ്മ പറയുന്നതിനനുസരിച്ചു കഴിയുന്നത്ര തന്റെ മുഖച്ചുളുക്കു മാററിക്കൊണ്ടു "നന്നായി, നന്നായി" എന്നു സായിപ്പും പറയുന്നുണ്ടു്. ഇതെല്ലാം കരുതിക്കൂട്ടി പ്രവർത്തിച്ചിട്ടും സായിപ്പിന്റെ വിഷമങ്ങൾ ഒന്നും കണ്ടില്ലെന്നു നടിച്ചു ചന്തുമേനോൻ പ്രഥമന്റെ വിവിധതരങ്ങളേയും അവ ഓരോന്നും പാകംചെയ്യേണ്ടവിധങ്ങളേയും കുറിച്ചു മദാമ്മയോടു് ഉത്സാഹതരംഗിതനായി പ്രസംഗം നടത്തുകയാണു്.

"രണ്ടുമൂന്നു പ്രാവശ്യം മിസ്സിസ് ഡേവിസ് പ്രഥമൻ കുടിച്ചുവെങ്കിലും മിസ്റ്റർ ഡേവിസ് തന്റെ കിണ്ണത്തിൽ ഉള്ളതു് ഒരിക്കൽമാത്രം കുടിച്ചിട്ടു് "നന്നായി, നന്നായി" എന്നു പറഞ്ഞു് ഒരു അസന്ധാളിപ്പോടുകൂടി ഇരിക്കുന്നതു കണ്ടിട്ടു "മലയാളപാകങ്ങൾ എനിക്കു രസിക്കുന്നതുപോലെ മിസ്റ്റർ ഡേവിസിന്നു് ഇഷ്ടമാകുന്നില്ലായിരിക്കാം" എന്നു മദാമ്മ അഭിപ്രായപ്പെട്ടു. അപ്പഴാണു ചന്തുമേനോൻ സായിപ്പിന്റെ കിണ്ണത്തിലേയ്ക്കു നോക്കിയതു്. "അല്ലാ! ഒരബദ്ധം പിണഞ്ഞു. മിസ്റ്റർ ഡേവിസിന്റെ കൈയിലുള്ളതു പ്രഥമനല്ല. പുളിരസം അധികമുള്ള ഒരു കറിയാണു്. നിങ്ങൾ അറിയാതെ കുടിക്കാൻ ഇടയായതിൽ ഞാൻ വ്യസനിക്കുന്നു." എന്നു ചന്തുമേനോൻ പറഞ്ഞു. ഇതു അവർക്കു് ഒരു വലിയ ചിരിക്കു കാരണമായി. അതിനുശേഷം ഓരോ കറികളുംകൂട്ടി ഊണുകഴിക്കേണ്ട രീതിയിൽ അവരെ സദ്യ ഉണ്ണിച്ചു സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു."

ചന്തുമേനോന്റെ ഈവിധം രസികത്തരങ്ങൾ പറഞ്ഞാൽ അവസാനിക്കുകയില്ല. ഒരു ചിരിക്കു വകയാകണം എന്നല്ലാതെ വല്ലവരുടേയും മനസ്സിനെ വ്രണപ്പെടുത്തണം എന്ന വിചാരത്തോടുകൂടിയായിരുന്നില്ല, ഇങ്ങിനെ ഓരോരുത്തരെ ചെണ്ടകൊട്ടിച്ചിരുന്നതു്. എന്നാൽ തന്റെ ഏതുതരം പ്രവൃത്തിയിലും വാക്കിലും അസാധാരണമായ ധീരത്വവും ആത്മവിശ്വാസവും പ്രത്യക്ഷപ്പെട്ടിരുന്നു. ഈ ധീരതയ്ക്കും ആത്മവിശ്വാസത്തിന്നും കാരണമായിരുന്ന സ്ഥായിയായ ഗുണം സത്യസന്ധതയായിരുന്നു എന്നുള്ളതിന്നു സംശയമില്ല. ഈ സത്യസന്ധത ഉദ്യോഗനിലയിൽ വളരെ പ്രത്യക്ഷപ്പെട്ടു കണ്ടിരുന്നു.

ഒരിക്കൽ ഒരു സദ്യയിൽ ചില നായന്മാർ ഉദ്യോഗസ്ഥന്മാർ ഒന്നിച്ചിരുന്നു് ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, അവർ സർക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കൈക്കൂലിയെപ്പററി സംസാരിക്കുവാൻ സംഗതി വന്നു. അപ്പോൾ വലിയ ഒരു കൈക്കൂലിക്കാരൻ ആണെന്നു് എല്ലാവരും അറിഞ്ഞിരുന്ന ഒരുദ്യോഗസ്ഥൻ, "ചക്കരപാടത്തിൽ കൈകുത്തിയാൽ ഒന്നു നക്കിനോക്കാത്തവർ ആരും ഉണ്ടായിരിക്കയില്ല," എന്നു പറഞ്ഞു. ഇതിന്റെ അർത്ഥം സർക്കാരുദ്യോഗസ്ഥനായാൽ വല്ല സംഗതിയിലും കൈക്കൂലി വാങ്ങുവാൻ ഇടയാകാത്തവർ ഉണ്ടായിരിക്കയില്ല, എന്നത്രെ. മേൽപ്രകാരം പറഞ്ഞതു കേട്ടഉടനെ ചന്തുമേനോൻ കയ്യിൽ വാരിപ്പിടിച്ചിരുന്ന ചോറു് ഇലയിൽതന്നെ ഇട്ടു, നിവന്നിരുന്നിട്ടു്, "ഉണ്ടു്, ഞാനുണ്ടു്, ഒയ്യാരത്തു ചന്തു" എന്നു

തൻെറ സ്വാതഃസിദ്ധമായ പൌരുഷത്തോടുകൂടി ഉച്ച ത്തിൽ പറഞ്ഞു. ഇതുകേട്ട് അല്പനേരം സർവ്വരും നി ശ്ശബ്ദരായി ഇരുന്നുപോയി. ചന്തുമേനോനെപ്പററിയു ള്ള പൊതുജനാഭിപ്രായവും ഇതിന്നനുസരിച്ചുതന്നെ ആയിരുന്നു. കൈക്കൂലി മുതലായ ദുർഗ്ഗുണങ്ങളൊന്നും അദ്ദേഹത്തിന്നുണ്ടായിരുന്നില്ലെന്നു മാത്രമല്ല, ആവിധം ദുർഗ്ഗുണങ്ങളുള്ള ഉദ്യോഗസ്ഥന്മാരെ വെറുക്കുകയും പുച്ഛി ക്കുകയും ചെയ്തിരുന്നു.

നേരംപോക്കും രസികത്വവും കഥകളിയും സംഗീ തവും മററുമായി പലരുമായി ഇടപെട്ടും പലരുടേയും സ്നേഹം സമ്പാദിച്ചും കാലംകഴിക്കുന്നതിനിടയിൽ ഉ ദ്യോഗസംബന്ധമായ കാര്യങ്ങളിൽ നിഷ്കളങ്കമായ സ ത്യസന്ധതയും സർവ്വസമ്മതമായ നിഷ്പക്ഷപാതിത്വവും ചന്തുമേനോൻ പരിപാലിച്ചുപോന്നത് എങ്ങിനെയാ ണെന്നു പലരും വിസ്മയിക്കുവാൻ സംഗതിയുണ്ട്.

സത്യത്തിന്നു വേണ്ടിമാത്രം സത്യത്തെ പരിപാലി ക്കുകയല്ലാതെ, ജനങ്ങളെ ബോധിപ്പിക്കുവാൻ വേണ്ടി യൊ, വെറും പേരിന്നുവേണ്ടിയൊ, സത്യവാനായി അ റിയപ്പെടുവാനുള്ള മോഹം അദ്ദേഹത്തിന്നുണ്ടായിരു ന്നില്ല.

കാരുണ്യം വേണ്ടുന്ന ദിക്കിൽ കാരുണ്യം, സഹതാ പം വേണ്ടുന്ന ദിക്കിൽ സഹതാപം എന്നിവ കാണി പ്പാൻ ചന്തുമേനോൻ എപ്പോഴും ഒരുക്കമായിരുന്നു. സ്തുതിക്കേണ്ടുന്നവരെ ധാരാളം സ്തുതിക്കും; അതുപോലെ പരിഹാസം അർഹിക്കുന്നവരെ നല്ലകണക്കിൽ പരി ഹസിക്കുകയും ചെയ്യും. കോടതിയിൽ കൂട്ടിൽ കയറി

കള്ളസാക്ഷി പറഞ്ഞിരുന്ന ചിലർ ചന്തുമേനോൻ സബ്ജഡ്ജിയുടെ നിശിതബാണംപോലുള്ള നോക്കുകൊണ്ടു മൂർഛിച്ചു പോയിരുന്നതായി കേട്ടിട്ടുണ്ടു്.

അദ്ദേഹം ഒരു വിധം മുൻകോപിയായിരുന്നു; ക്ഷണത്തിൽ കോപിക്കും. കോപിച്ചാൽ ആരെയാണെന്നു് ഓർമ്മിക്കാതെ പെട്ടെന്നു കഠിനമായി ശകാരിക്കും. കോപം തീർന്നാൽ മഴപെയ്തു കഴിഞ്ഞു് കാർ ഒഴിഞ്ഞാലെന്നപോലെ പിന്നെ അതിൻെറ ലാഞ്ഛനമേ ഉണ്ടാകയില്ല. ദ്വേഷ്യമോ പകയോ മനസ്സിൽ വെക്കുകയെന്നതു് ഇല്ലതന്നെ. അതുകൊണ്ടു ചന്തുമേനോൻെറ ശകാരം ആരെയും വ്യസനിപ്പിക്കുകയോ കോപിപ്പിക്കുകയോ ചെയ്യാറില്ല. വല്ലതും എഴുതുകയോ വായിക്കുകയോ ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ശിപായിയെ വിളിച്ചു് "അവനെ വിളിച്ചുകൊണ്ടുവാ", എന്നു പറയും. ഏതു് അവൻ? അവൻ എന്നു പറഞ്ഞതു് ആരെപ്പററിയാണെന്നു ശിപായി ഊഹിച്ചു മനസ്സിലാക്കിക്കൊള്ളുണം. ആരെയാണെന്നു് അങ്ങോട്ടു ചോദിച്ചെങ്കിൽ ഉടനെ ആട്ടുകിട്ടും. അതുകൊണ്ടു് ഇന്നിന്ന കാൎയ്യം ചെയ്യുമ്പോൾ ഇന്നിന്ന ആളെ ആയിരിക്കും ആവശ്യപ്പെടുകയെന്നു ശിപായിമാർ മുൻകൂട്ടി മനസ്സിലാക്കിവെക്കും.

ഗൎവ്വമെന്നതു് ചന്തുമേനോന്നു് അശേഷം ഉണ്ടായിരുന്നില്ല. ആൎക്കും എന്തും ചെന്നു പറയാം. പക്ഷേ സമയം നോക്കണം എന്നേ ഉള്ളു. വല്ല സങ്കടവും ബോധിപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥൻ ഒരിക്കലും ആവശ്യമുണ്ടായിരുന്നില്ല. സങ്കടം യഥാൎത്ഥമാണെന്നറിഞ്ഞാൽ കഴിയുന്നതു് ഉടനെ ചെയ്തുകൊടുക്കും. അല്ലെങ്കിൽ ആട്ടി

പുറത്താകും. ഒരിക്കൽ ചന്തുമേനോനും ഞാനും അദ്ദേഹത്തിന്റെ വീട്ടിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സുന്ദരനായ ഒരു യുവാവു്, നല്ല "ഫാഷ്യ"നിൽ വസ്ത്രം ധരിച്ചു നേരെ കോലായിൽ വന്നു കയറി. ചന്തുമേനോൻ അയാളെ നല്ലവണ്ണം ഒന്നുനോക്കി, ഇരിക്കാൻ പറഞ്ഞു. യുവാവു് സംശയംകൂടാതെ ഒരു കസാലയിൽ ഇരുന്നു. എന്താണു വന്നതെന്നു് ചോദിച്ചതിന്നു താൻ ഒരു ഉദ്യോഗത്തിനു്, ഒരു ഹരജി അയക്കുന്നുണ്ടെന്നും അതിന്നു ചന്തുമേനോന്റെ സർട്ടിഫിക്കെററു് ആവശ്യമുണ്ടെന്നും പറഞ്ഞു. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരാൾ ഇങ്ങിനെ സർട്ടിഫിക്കെററിന്നു് ആവശ്യപ്പെട്ടതിൽ ചന്തുമേനോൻ എന്താണു മറുപടിപറകയെന്നു് ഞാൻ വിചാരിച്ചു; ഉടനെ ഒരു മിന്നലും ഇടിയും ഉണ്ടാകുമെന്നുതന്നെ ഞാൻ ഭയപ്പെട്ടു. അങ്ങിനെയൊന്നും ഉണ്ടായില്ല. അയാളുടെ പേരും വീട്ടുപേരും മററുചിലകാര്യങ്ങളും ചോദിച്ചറിഞ്ഞു ഉടനെ ഒരു സർട്ടിഫിക്കെററു എഴുതിക്കൊടുക്കുകയും ചെയ്തു. അയാൾപോയപ്പോൾ "എന്റെ അടുക്കൽവന്നാൽ ഒരു സർട്ടിഫിക്കെററുകിട്ടും എന്നു് ദൃഢമായി വിശ്വസിച്ചിട്ടുവന്നതാണു് അവൻ" എന്നുപറഞ്ഞു. സൌന്ദര്യമുള്ള ആളുകളേയും വസ്തുക്കളേയും ചന്തുമേനോന്നു വലിയ പത്ഥ്യമാണു്; വിരൂപിയായ വല്ലവരേയും കണ്ടാൽ "ബ്രഹ്മാവു് എന്തിന്നാണു് ഇങ്ങിനെയുള്ളവരെ സൃഷ്ടിച്ചു വിടുന്നതു്." എന്നു ചോദിക്കും.

ചില ജഡ്ജിമാർ സ്വന്തം വീടുകളിലും ജഡ്ജിമാരാണല്ലൊ. തങ്ങൾ വീട്ടിലുള്ളപ്പോൾ കുട്ടികൾക്കു കളി

പ്പാനോ ഉച്ചത്തിൽ സംസാരിപ്പാനോ പാടില്ലെന്നുള്ള നിയമം നിർബ്ബന്ധമായി അനുസരിക്കുന്ന ചില ജഡ്ജിമാരെ ഞാൻ അറിയും. ചന്തുമേനോൻ ഇതിന്നു നേരെ വിപരീതമായിരുന്നു. അദ്ദേഹം കോടതി പിരിഞ്ഞു വീട്ടിൽ എത്തിയാൽ ചിലപ്പോൾ ഭൃത്യന്മാരെ വിളിച്ചിരുത്തി അവരെക്കൊണ്ടു വല്ല വിഷയത്തെപ്പററിയും വാദപ്രതിവാദം ചെയ്യിച്ച് അതു കേട്ടു രസിക്കും. അവരിൽനിന്നും പലതുംപഠിക്കാനുണ്ടാകും എന്നാണു പറയാറ്. മനുഷ്യനാവേണമെങ്കിൽ മനുഷ്യരുടെ സ്വഭാവവിശേഷങ്ങൾ, അവരുമായി ഇടപെട്ടു സൂക്ഷിച്ചു പഠിച്ചറിയേണം എന്നാണല്ലൊ വിജ്ഞന്മാർ പറയുന്നതു്. പല തരത്തിലുള്ള മനുഷ്യരെ പാത്രങ്ങളാക്കി നോവലുകൾ രചിക്കുന്നവർ മനുഷ്യസ്വഭാവം പഠിച്ചറിയേണ്ടതു് അധികം ആവശ്യമാകുന്നു. ഇന്ദുലേഖയിലും ശാരദയിലും ചന്തുമേനോന്നു് എങ്ങിനെയാണു മനുഷ്യസ്വഭാവങ്ങളെ അത്രമേൽ തന്മയത്വത്തോടുകൂടി ചിത്രീകരിപ്പാൻ സാധിച്ചതെന്നു് അറിവാൻ അദ്ദേഹത്തിൻെറ ഈ വക പ്രവൃത്തികളുടെ വിവരണങ്ങൾ സഹായിക്കുന്നതാണു്.

ചന്തുമേനോനെപ്പോലെയുള്ളവരെ ലക്ഷം ആളുകളുടെ ഇടയിൽ ഒരാൾവീതമായി കാണ്മാൻ പ്രയാസമാകുന്നു. അദ്ദേഹം ചരമം പ്രാപിച്ചകാലത്തു, കേരളത്തിലെ എല്ലാ പത്രങ്ങളും മദിരാശിയിലെ ദിനപത്രങ്ങളും അദ്ദേഹത്തെപ്പററി ദീർഘമായ ഉപന്യാസങ്ങൾ പരസ്യംചെയ്തിരുന്നു. അവയിൽ 1075 തുലാമാസത്തിലെ "വിദ്യാവിനോദിനി"യിൽ അതിൻെറ അനുഗൃഹീത സാഹിത്യകാരനായ പത്രാധിപർ അവർകൾ എഴുതിയതിനെ താഴെ ചേർക്കുന്നു:—

"ചിങ്ങം 24-ാംനു-ഒരു ദുർദ്ദിവസമായിരുന്നു. എന്തെന്നാൽ, ആധുനികകേരളീയരുടെ ഇടയിൽ അപൂർവ്വമായ ഒരുതരം മനുഃശക്തി അതിൻെറ ഐഹികസംവരണങ്ങളെ ത്യജിച്ച് അവിദിതപ്രദേശത്തിലേക്ക് ഉദ്ധരിച്ചതു് അന്നായിരുന്നു. മനസ്സും അതിൻെറ ശക്തികളും, ഈ ലോകവും അതിലുള്ള പദാൎത്ഥങ്ങളും, ആദ്യന്തഹീനമായ കാലത്തിൻെറ ഏതോ ഒരംശത്തിൽ സഹവാസികളാകുന്നുവെന്നല്ലാതെ അവ തമ്മിൽ സ്ഥിരമായ സംബന്ധത്തിന്നു് അവകാശമില്ല. എങ്കിലും ഈ അവസരത്തിൽ ഈ സമാധാനം തോന്നുന്നുമില്ല. ചന്തുമേനോൻ അവർകളോടു് അവസാനമില്ലാത്ത വിധത്തിൽ നമുക്കുണ്ടായിട്ടുള്ള വിരഹം നമ്മുടെ വിചാരങ്ങളെ ബാല്യാവസ്ഥയിലേക്കു പിൻവലിക്കുന്നു. സുഖാനുഭവത്തിൽ അതിരില്ലാത്ത ആസക്തിയും ദീർഘാലോചനയില്ലായ്മയും ബാല്യാവസ്ഥയുടെ രണ്ടു പ്രധാന ചിഹ്നങ്ങളാകുന്നു. ഇന്ദുലേഖയിലും ശാരദയിലും ബഹുമാനം തോന്നീട്ടുള്ളവൎക്ക് അവരിൽ അനുരക്തി ദൃഢമായിതോന്നുന്നുണ്ടെങ്കിലും ലോകം ഇന്ദുലേഖാപൂൎണ്ണമായോ ശാരദാപൂൎണ്ണമായോ അഥവാ തത്തുല്യ വനിതാഭൂയിഷ്ഠമായോ ഇരുന്നാൽ കൊള്ളാമെന്ന ഒരു ആകാംക്ഷ ഉണ്ടാകുന്നുണ്ടു്. പക്ഷെ ഈ ആഗ്രഹസിദ്ധിക്കു, ചന്തുമേനോൻ ചിരഞ്ജീവിയായിരിക്കണം. അതുകൊണ്ടാകുന്നു നമ്മുടെ വിചാരങ്ങളെ ബാല്യാവസ്ഥയിലേക്കു പിൻവലിക്കുന്നുവെന്നു പറഞ്ഞതു്. സുഷുപ്തിയിൽ നിമഗ്നമായിക്കിടക്കുന്ന ലോകത്തിൽ ഉണൎച്ചയും ചൈതന്യ

വും സുഖവും ഉണ്ടാക്കുന്ന പ്രഭാതകാലത്തിലെ കോകിലരാജാവിനെപ്പോലെയായിരുന്നു ചന്തുമേനോൻ. സ്വരത്തിൻെറ മാധുൎയ്യത്തിൽ ഗദ്യകാരന്മാരായ ഈ തരം കോകിലങ്ങളുടെ ഇടയിൽ ശാരദാകൎത്താവു പ്രമാണിയായിരുന്നുവെന്നുള്ളതു നിർവ്വിവാദമാകുന്നു. ഈ കോകിലരാജാവിൻെറ നിഷാദാദികളായ സ്വരങ്ങൾ മേലിൽ നമുക്കു അപ്രാപ്തങ്ങളാണല്ലൊ. കണ്ഠോത്ഥിതമല്ലാത്തതായ ഗാനം യാതൊരു വിധത്തിലും പ്രകൃതിതുല്യമാകുന്നില്ലാത്തതുകൊണ്ടു സരസകഥാശാഖയിന്മേൽ നിന്നു വന്നിരുന്ന ഗാനങ്ങൾ ഇനി എന്നാണു നമുക്കു ശ്രവിക്കാവുന്നതു്?

"ഇതെല്ലാം നില്ക്കട്ടെ. ചന്തുമേനോൻ അവർകളുടെ ജീവചരിത്രമോ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളെപ്പററി സവിസ്തരമായ ഒരു ഗുണദോഷവിവേചനമോ ഇവിടെ അപ്രകൃതമാകകൊണ്ടു് അവയ്ക്കായി ഞങ്ങൾ ഉദ്യമിക്കുന്നില്ല. പക്ഷെ ഈ അവസരത്തിൽ ഉപന്യാസപൂൎത്തിക്കു് ആവശ്യമായ ഒന്നോ രണ്ടോ സംഗതികളെമാത്രം ഇവിടെ ചേൎക്കുന്നു.

"ഗദ്യകൎത്താക്കളുടെ ഇടയിൽ ചന്തുമേനോൻ അവർകളുടെ നില എന്താണു്? കഥാനിൎമ്മാണത്തിൽ ചന്തുമേനോൻ ഒന്നാംകിടയാണെന്ന കാൎയ്യത്തിൽ അഭിപ്രായഭേദമില്ല. കേരളീയജനസമുദായത്തിൻെറ പുരാതനചട്ടവട്ടങ്ങളേയും ആധുനികാവസ്ഥയേയും അദ്ദേഹം നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിൻെറ പ്രബന്ധങ്ങൾ ധാരാളമായി സാക്ഷീകരിക്കുന്നുണ്ടു്. ഇന്ദുലേഖയിൽ കാണുന്ന ഇന്ദുലേഖ, മാധവൻ, പഞ്ചുമേ

നോൻ, നമ്പൂതിരിമാർ എന്നിവരെപ്പോലെയുള്ളവരെ വായനക്കാരിൽ മിക്കപേരും കണ്ടിട്ടും കാണുന്നതും ഉണ്ടായിരിക്കാം. പക്ഷെ വായനക്കാരിൽ ആക്കാണു് ഈവക പാത്രങ്ങളെക്കൊണ്ടു് ഇന്ദുലേഖയിലെ പകുതി വാശിയെങ്കിലും സ്വാദുകൃത്തായിട്ടുള്ള ഒരു പ്രബന്ധത്തെ ഉണ്ടാക്കാമെന്നു ധൈര്യം തോന്നീട്ടുള്ളതു്? ആക്കും ഇല്ല. അനുകരണങ്ങളും ഉപകരണങ്ങളും എല്ലാ കാലങ്ങളിലും എല്ലാ ദേശങ്ങളിലും ഹാജരുണ്ടു്. എന്നാൽ അവകളിൽ ആവശ്യത്തിന്നു് ഉതകുന്നവയെ വേണ്ടവിധത്തിൽ തിരഞ്ഞെടുക്കുകയും ആവശ്യത്തിന്നു് അനുരൂപമായ വിധത്തിൽ അവയെ അനുബന്ധിക്കുകയും ചെയ്യുന്നതിൽ ആകുന്നു പ്രയാസം. ഈ കാര്യങ്ങളിലാകുന്നു വിശേഷമായ മനോധർമ്മവും ആവശ്യമുള്ളതു്. ആയാസം ധാരാളമായും മനോധർമ്മം അപൂർവ്വമായും കാണപ്പെടുന്നതു് മുൻപറഞ്ഞ രണ്ടു് അവസരങ്ങളിലാകുന്നു. ഈ അവസരങ്ങളിൽ തന്നെയാണു ചന്തുമേനോൻ അവർകൾ ആയാസത്തെ അനായാസമാക്കിയതും, മനോധർമ്മത്തെ അസാരമാക്കിയതും. കഥാനിർമ്മാണത്തിൽ ഇദ്ദേഹത്തിൻെറ പുസ്തകങ്ങൾ മാതൃകകളാകുന്നു. 'മീനാക്ഷി' മുതലായവ 'അതു കണ്ടിട്ടു് ഇതു കണ്ട ഒരു കാക്ക ഏകാദശി നോററു' എന്നു പറഞ്ഞ കഥപോലെയുള്ള പ്രബന്ധങ്ങളാകുന്നു. ചാത്തുനായർ മുതൽപേർ ഈ മഹാനുഭാവൻ വെട്ടിത്തുറന്നു വിസ്താരപ്പെടുത്തിയ പെരുവഴിയിൽക്കൂടിയാകുന്നു നടന്നിട്ടുള്ളതു്. വിശാലമായ ഈ പെരുവഴിയിൽക്കൂടി ചന്തുമേനോൻെറ ഘോഷയാത്രയുടെ സമയത്തു് അടിച്ചിട്ടുള്ള ജയഭേരിയുടെ പ്രതിദ്ധ്വാ

നം മലയാളഭാഷയുടെ അവസാനം വരെ നിലനില്ക്കുന്നതാകുന്നു. ഈ പദ്ധതിയിൽക്കൂടി ജയസൂചകവാദ്യസമേതരായി രാമൻപിള്ള മുതലായ ചുരുക്കം ചിലരേ പോയിട്ടുള്ളു. ഈ വഴിയിൽക്കൂടി പോയിട്ടുള്ള ചിലർ ചെണ്ടയും കൊട്ടീട്ടുണ്ടു്.

"ചന്തുമേനോൻ അവർകളുടെ ഭാഷാരീതി ഏതു വിധമാണെന്നറിവാൻ ഇന്ദുലേഖയുടെ ഏതെങ്കിലും ഒരു ഭാഗം പകുത്തു നോക്കിയാൽ മതി. സരസങ്ങളായ കാൎയ്യങ്ങളെ സരളങ്ങളായ വാക്യങ്ങളിൽ ഏററവും ഹൃദയംഗമങ്ങളാകുന്ന വിധത്തിൽ ആകുന്നു ഇദ്ദേഹം സ്മരിപ്പിച്ചിട്ടുള്ളതു്.

"നമ്മുടെ മാതൃഭാഷയുടെ അഭിവൃദ്ധിക്കവേണ്ടിയും അതിലേക്കായി യത്നിക്കുന്ന വിദ്വാന്മാൎക്ക വേണ്ടിയും അദ്ദേഹം എന്താണു ചെയ്തിട്ടുള്ളതു്? മലയാളഭാഷാഭിവൃദ്ധിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പൎയ്യത്തെ തന്റെ സ്വകാൎയ്യങ്ങളേയും ഉദ്യോഗകാൎയ്യങ്ങളേയും പോലെതന്നെ അദ്ദേഹം ബഹുമാനിച്ചിരുന്നു. ഉദ്യോഗശൃംഖല തന്റെ ബുദ്ധിയുടെയും പരിശ്രമശീലത്തിന്റെയും ആക്കത്തെ തടഞ്ഞിരുന്നില്ലെങ്കിൽ രസകരങ്ങളായ അനേകം പുസ്തകങ്ങളെ അദ്ദേഹം എഴുതുമായിരുന്നു. യൂറോപ്യനാഗരികത്വത്തിലുള്ള ഭ്രമംകൊണ്ടും ആംഗ്ലേയഭാഷാസക്തിയിൽ നിന്നു് ഉൽപാദിതമായപ്രമാദം കൊണ്ടും മലയാളികൾ അവരുടെ മാതൃഭാഷയെ കേവലം പട്ടിണിയാക്കി കൊല്ലുകയാണു ചെയ്യുന്നതു്. അഥവാ വല്ലവനും മലയാളത്തിൽ വല്ല കൃതികളോ പ്രബന്ധങ്ങളോ എഴുതുന്നതിന്നു ശ്രമിച്ചാൽ അവനും പട്ടിണിതു

ന്നയാണ ഗത ങ്ങിനെയാണ കാലഗതി. ഈ കാലത്തു കേരളഭാഷയുടെ ഉന്നതിയിൽ സ്ഥിരോത്സാഹിയായി നിന്നിരുന്ന ചന്തുമേനോൻ അവർകളുടെ മരണം മലയാളഭാഷയുടെ ഒരു ദശാപരിണാമസൂചകമായിട്ടാണ വിചാരിക്കേണ്ടതു്. ഈ ഘട്ടത്തിൽ

മരണമൊരുവനും വരാത്തതല്ലെ-
ന്നറിക ഭവാനറിവുള്ള ചാരുബുദ്ധേ!

എന്ന കുഞ്ചൻ നമ്പ്യാരുടെ ഒരു ശ്ലോകാർദ്ധം ഓർമ്മവരുന്നു. ആയതു്, ഇന്ദുലേഖാകർത്താവിൻെറ മരണത്തെപ്പററിയുള്ള പരിതാപം വ്യർത്ഥമാണെന്നു നമ്മെ പഠിപ്പിക്കുന്നു. ചന്തുമേനോൻെറ കാലഗതിയിൽ മലയാളഭാഷയ്ക്കും മലയാളിസമുദായത്തിന്നും കേരളഭാഷാഭിവൃദ്ധിയിൽ തല്പരന്മാരായിട്ടുള്ളവക്കും വലുതായ ഒരു നഷ്ടം സംഭവിച്ചിരിക്കുന്നു. ഈ നഷ്ടം പോക്കാവുന്നതുമല്ല. എങ്കിലും ചന്തുമേനോനെപ്പോലെ വിദ്വാന്മാരായും പരിശ്രമശീലന്മാരായും അഗതിയായ കേരളഭാഷയോടു കാരുണികന്മാരായും ഇനിയും ആളുകൾ മലയാളരാജ്യത്തിൽ ഉണ്ടാകേണ്ടതിലേക്കുള്ള നിഷ്കപടമായ പ്രാർത്ഥനയോടുകൂടി ഞങ്ങൾ ഇവിടെ വിരമിക്കുന്നു.”

---



റാവുബഹദൂർ ഒ. ചന്തുമേനോൻ അവർകളുടെ കൈയെഴുത്തു്.

മി. മേനോനാൽ വിരചിതമായ ഒരു ഗാനമാണിതു്.

V

# സാഹിത്യകാരൻ.

---

"ഞാൻ ഒരു ദിവസം രാവിലെ എഴുന്നേററു; ഞാൻ ഒരു പ്രഖ്യാതനായിത്തീന്നതായി കാണുകയും ചെയ്തു." എന്നു് ആംഗ്ലേയകവിയായ ബൈറൻ പറഞ്ഞിരുന്നു. ചന്തുമേനോൻ "ഇന്ദുലേഖാ" നോവൽ എഴുതി പരസ്യപ്പെടുത്തി; അദ്ദേഹം കേരളത്തിൽ അദ്വിതീയനായ നോവൽ കത്താവാണെന്നുള്ള ഖ്യാതി സമ്പാദിക്കുകയും ചെയ്തു. അതിന്നു മുമ്പു് അദ്ദേഹം ഒരു സാഹിത്യകാരനാണെന്നോ മലയാളസാഹിത്യത്തോടു വിശേഷവിധിയായ വല്ല സ്നേഹമോ പ്രതിപത്തിയോ ഉള്ള ആളാണെന്നോ ആരും അറിഞ്ഞിരുന്നില്ല. "യൂറോപ്യൻ നാഗരികതത്തിലുള്ള ഭ്രമംകൊണ്ടും ആംഗ്ലേയഭാഷാസക്തിയിൽനിന്നു് ഉൽപാദിതമായ പ്രമാദംകൊണ്ടും" മാതൃഭാഷയെ കേവലം പട്ടിണിയാക്കുന്ന അനേകം സക്കാരുദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഒരാളാണെന്നേ അദ്ദേഹത്തെപ്പററി വിചാരിച്ചിരുന്നുള്ളു. എന്നാൽ

> മിന്നുകില്ലി ശരദഭ്രശാതയായ്
> ഖിന്നയാകിലുമഹോ തടില്ലത?

എന്നു പറഞ്ഞതുപോലെ ഉദ്യോഗമേഘത്താൽ മറയ്ക്കപ്പെട്ടനിലയിലും ചന്തുമേനോൻെറ അനിതരസാധാരണമായി സ്വതസ്സിദ്ധമായ കവിതാവാസന ഇന്ദുലേഖയായി തനിയേ പ്രകാശിക്കുകയാണു ചെയ്തതു്.

ഇന്ദുലേഖയും അപൂൎണ്ണനിലയിലുള്ള ശാരദയും അല്ലാതെ ചന്തുമേനോൻ വേറെ ഗ്രന്ഥങ്ങളൊന്നും എഴുതിയതായി അറിയുന്നില്ല.

വിദ്യാമോദിനി മുഖ്യപത്രികകളിൽ
ഭാവൽക്കമൊകുന്ന ത-
ദ്ധൃദ്യാകാരവിലേഖനങ്ങൾ പലതും
സൂക്ഷിച്ചുവായിച്ചു ഞാൻ,
ഹൃദ്യാമോദമിയന്നനേകദിനമായ്
തദ്ദൎശനാകാംക്ഷയാ
വിദ്യാപാരഗസൎവ്വസൽഗുണനിധേ
പാൎക്കുന്നുയൎക്കും മുദാ

എന്നു ഗായകകവി, കെ. സി. കേശവപിള്ള അവർകൾ ചന്തുമേനോന്ന് എഴുതിയ ഒരു കത്തിൽ പ്രസ്താവിച്ചിരുന്നതായി കാണുന്നു. വിദ്യാവിനോദിനിയിൽ 'മയൂരസന്ദേശ'ത്തെപ്പററിയുള്ള ഒരു മണ്ഡനവിമൎശനവും "ഒരു കത്തു്" എന്നൊരു ലേഖനവും കണ്ടിരുന്നു. രണ്ടും നശിക്കാതെ സാഹിത്യഭണ്ഡാരത്തിൽ സൂക്ഷിച്ചു രക്ഷിക്കേണ്ടുന്ന രത്നങ്ങളാണെന്നാണ് എനിക്കു തോന്നുന്നതു്. 'മയൂരസന്ദേശ'ത്തെപ്പററിയുള്ള ലേഖനം കണ്ടതിന്നു ശേഷമാണ്.

"മണിപ്രവാളവ്യാപാരി
മന്നിലിക്കവിപുംഗവൻ
നോട്ടക്കാരില്ലമവ്വണ്ണം
നാട്ടോടേ ചന്തുമേനവൻ"

എന്ന് ഒരു കവി എഴുതിയതു്. "ഒരു കത്തു്" ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ അവർകൾക്ക്, അദ്ദേ

ഹത്തിൻെറ 'ഉത്തരരാമചരിതം' പരിഭാഷ വായിച്ചു സന്തോഷിച്ചു ചന്തുമേനോൻ എഴുതിയ കത്തായിരുന്നു. സാമാന്യം ദീൎഘമായ ആ കത്തിൽ സാഹിത്യവിഷയമായ് പലേ സംഗതികളും അടങ്ങിയിരുന്നു.

അക്കാലത്തായിരുന്നു കേരളകാളിദാസൻെറ അമരുകശതകം പരിഭാഷയിലെ ചില ശ്ലോകങ്ങളിൽ യതിഭംഗവും വൃത്തഭംഗംപോലും ഉള്ളതായി പ്രസ്താവിച്ചുകൊണ്ടു് ഒരു ശാസ്ത്രിബ്രാഹ്മണൻ "കേരളപത്രിക"യിൽ ചില ലേഖനങ്ങൾ പരസ്യം ചെയ്തതും അവയെപ്പററി പ്രമാദമായ ചില വാദപ്രതിവാദങ്ങൾ നടന്നതും. അതിനെപ്പററിയാണു് കേരളകാളിദാസൻ,

അകൃത്രിമസുഹൃത്തുതൻ മതമതാചരിച്ചീടുവാൻ
സ്വകൃത്യമതുകൊണ്ടുഞാനിഹ നിബദ്ധനെന്നാകിലും
നികൃത്തരസമാക്കിടുന്നിതു മനസ്സിനെക്കേവലം
സ്വകൃത്രിമമബദ്ധമെൻ കൃതിയിലോതുമി'പ്പത്രികാ'.

'അമരുകശതക'ത്തിൽ വൃത്തഭംഗം
കിമപികഥിച്ചതു'പത്രിക'യ്ക്കുതാനോ?
മമതകരുതിയല്ല ചൊല്ലിടുന്നേൻ
സമത കലൎന്നൊരു സജ്ജനം പ്രമാണം.

ജോഷാ വസിക്കാതതിലുള്ളതായ
ദോഷം തെളിഞ്ഞിങ്ങു പറഞ്ഞിതെന്നാൽ
തോഷംപരം; കിന്തു, വൃഥാ പഴിച്ചാൽ
രോഷം ജനിക്കുന്നതു കഷ്ടമാണോ?

യതിഭംഗമെൻെറ കൃതിയിൽ ചിലേടമു-
ണ്ടതിഭംഗിയായതു പറഞ്ഞതോക്കിലോ
അതിലോപമൂലമഥ വൃത്തഭംഗമു-
ണ്ടതിലെന്നു ചൊന്നതതി കഷ്ടമല്ലയോ?

ഏതും ശ്ലാഘ്യതയെൻറസാഹിതിയതി-
　　ന്നില്ലെന്നതെൻ ബോധമാ-
ണോതുന്നില്ലതിലെങ്കിലും ബുധജനം
　　ഘോഷിച്ചു ദോഷങ്ങളെ;
ഏതാനും ബഹുമാന്യരൊക്കെയതിനെ
　　ശ്ലാഘിക്കയും ചെയ്തിട്ട-
ന്നേതാവൽ പരുഷത്വമെന്തുതുടരു-
　　ന്നെന്നോടയം 'പത്രിക?'

വൃത്തത്തിനോതീടിന ഭംഗമെൻറ
പദ്യത്തിനോ, 'കേരളപത്രിക'യ്ക്കോ?
സത്തുക്കളെന്നിൽ സദയംപ്രസദ്യ
സത്യത്തിനെച്ചൊല്ലുന്നമെന്നപേക്ഷ.

എന്നും മററും പത്രങ്ങളിൽ എഴുതേണ്ടിവന്നിരുന്നു. ഈ യതിഭംഗത്തെപ്പററിയും മററും ആ "ഒരു കത്തിൽ" ചന്തുമേനോൻ ബഹുരസകരമായ വിധത്തിൽ എടുത്തെഴുതിയിരുന്നുവെന്നാണു് എൻറ ഓൎമ്മ. എന്നല്ല, 'മണിപ്രവാളശാകുന്തള'ത്തിലെ ചില ശ്ലോകങ്ങളിൽ ഉള്ള സംസ്കൃതപദബാഹുല്യത്തെപ്പററിയും അതിൽ വിമർശിച്ചിരുന്നുവെന്നു് ഓൎമ്മിക്കുന്നു. തനിക്കു് അത്യന്തം സ്നേഹവും ബഹുമാനവും ഉണ്ടായിരുന്ന കേരളവൎമ്മ കോയിത്തമ്പുരാൻെറ 'അക്ബർ' എന്ന നോവലിൽ സംസ്കൃതപദങ്ങൾ അധികം ഉപയോഗിച്ചതിനെപ്പററി തനിക്കുണ്ടായിരുന്ന എതിരഭിപ്രായത്തെ ചന്തുമേനോൻ മറച്ചുവെക്കാറില്ല. നേരംപോക്കിന്നുവേണ്ടി, അക്ബർ പുസ്തകം വായിക്കാൻ എന്നോടു ചിലപ്പോൾ പറയും. ഞാൻ വായിച്ചുകൊണ്ടിരിക്കെ, ചില വാക്യ

ങ്ങളെപ്പററി, "ഏതു ഭാഷയിലാണ് അതു് എഴുതിയതു്?" എന്നു ചോദിക്കും. ചില കഠിനപദങ്ങൾ കേൾക്കുമ്പോൾ വായന നിറുത്താൻ എന്നോടു പറകയും ആ വാക്കുകൾ രണ്ടുമൂന്നു പ്രാവശ്യം താൻ ആവർത്തിച്ചു പറഞ്ഞു, കുംഭകുലുക്കിച്ചിരിക്കുകയും ചെയ്യും.

ഈ അവസരത്തിൽ അക്ബർ എന്ന ആഖ്യായികയെ സംബന്ധിച്ചുണ്ടായ ഒരു സംഭവം പറയാതിരിപ്പാൻ മനസ്സുവരുന്നില്ല. തലശ്ശേരിയിലെ ഒരു ജർമ്മൻ പാതിരിസായ്പു്, മലയാളം പഠിക്കയായിരുന്നു. പഠിപ്പിക്കാൻ ഒരു മുൻഷിയുണ്ടു്. അക്ബർ വായിക്കുകയാണു്. അതിൽ ഒരു അപൂർവസംസ്കൃതപദം കണ്ടു. അതിൻെറ അർത്ഥം മുൻഷിക്കു് അറിഞ്ഞുകൂടായിരുന്നു. നിഘണ്ടുക്കൾ പരതിത്തുടങ്ങി. മലയാളനിഘണ്ടുക്കളായും സംസ്കൃതനിഘണ്ടുക്കളായും നാലഞ്ചു ഗ്രന്ഥങ്ങൾ നോക്കി. ഒന്നിലും കണ്ടില്ല. ഒടുവിൽ പാതിരിസായ്പു് മുൻഷിയോടു് "അല്ലാ മുൻഷിയാരെ, താങ്കൾക്കു് ആ വാക്കിൻെറ അർത്ഥം കിട്ടിയൊ?" എന്നു ചോദിച്ചു. ഇല്ലെന്നു മുൻഷി പറഞ്ഞപ്പോൾ "എന്നാൽ എനിക്കു കിട്ടി" എന്നു സായ്പു് പറഞ്ഞു. എന്താണു് അർത്ഥം എന്നു മുൻഷി ചോദിച്ചപ്പോൾ സായ്പു് ഇങ്ങിനെ പറഞ്ഞു:—

"അതോ കേൾക്കേണ്ടതു്? അതു് ഒട്ടകത്തിൻെറ കരച്ചിൽ, എന്നുതന്നെ."

'ജാനകീപരിണയം', 'ഉത്തരരാമചരിതം' എന്നീ ഭാഷാനാടകങ്ങളുടെ കർത്താവെന്നല്ലാതെ മന്നാടിയാരെപ്പററി ചന്തുമേനോന്നു് അധികമൊന്നും അറിവില്ല.

യിരുന്നു. ഒരിക്കലെങ്കിലും തമ്മിൽ കണ്ടിരുന്നുവോ എന്നുതന്നെ സംശയമാണു്. എന്നിരുന്നാലും അദ്ദേഹത്തിൻെറ ഭാഷയെപ്പററി ബഹുമാനപൂർവം സ്തുതിച്ചുപറയും. കെ. സി. നാരായണൻ നമ്പിയാർ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കെ. സി. കേശവപിള്ള എന്നിവരുടെ പദ്യകവനങ്ങളെപ്പററി ചന്തുമേനോന്നു നല്ല അഭിപ്രായമായിരുന്നു. 'കേസരി'യെപ്പററിയുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾക്ക് അതിരുണ്ടായിരുന്നില്ല. വല്ല നോവലും എഴുതി പരസ്യപ്പെടുത്തേണമെന്നു കേസരിയോടു മേനോൻ ചിലപ്പോൾ പറയാറുണ്ടായിരുന്നുവത്രെ. ഒരിക്കൽ അങ്ങിനെ പറഞ്ഞപ്പോൾ, "ഇവിടുന്നുള്ളപ്പോൾ നോവൽ ഉണ്ടാക്കാനൊന്നും ഞങ്ങൾക്കു ധൈര്യം വരികയില്ല. ഞങ്ങൾ വല്ല ചെറുകഥകളും എഴുതിക്കൊള്ളാം" എന്നു് താൻ മറുപടി പറഞ്ഞുവെന്നും അപ്പോൾ ചന്തുമേനോൻ "എന്നും കുട്ടിക്കളിതന്നെ. ഇല്ലേ?" എന്നു ചോദിച്ചുവെന്നും കുഞ്ഞിരാമൻ നായനാർ ഒരിക്കൽ എന്നോടു പറഞ്ഞിരുന്നു. വിദ്യാവിനോദിനി പത്രാധിപരും പ്രസിദ്ധവിമർശകനും ലളിതവും നിർദ്ദോഷവും ആയ വാക്യങ്ങൾ രചിക്കുന്നതിൽ പ്രത്യേകസാമർത്ഥ്യമുള്ള വിദ്വാനും ആയ സി. അച്യുതമേനോൻ അവർകളായിരുന്നു ചന്തുമേനോൻെറ അകൈതവമായ പ്രശംസയ്ക്കു പാത്രമായിരുന്ന മററൊരു സാഹിത്യകാരൻ.

'നരിചരിത'ത്തിന്നു് എഴുതിയ മുഖവുരയാണു ചന്തുമേനോൻെറ മററൊരു രസകരമായ ലേഖനം. ഇതിൻെറ കർത്താവായിരുന്ന കുഞ്ഞിശ്ശങ്കരൻനമ്പിയാർ

അവർകളെപ്പററി പറഞ്ഞിട്ടുണ്ടല്ലൊ. ദുഃഖനേരംപോക്കായ ഒരു കെട്ടുകഥയെ വിനോദരീതിയിലുള്ള ഒരു ഖണ്ഡകാവ്യമാക്കി രസികനായ നമ്പിയാർ അവർകൾ രചിച്ചതായിരുന്നു 'നരിചരിതം.'
അതിലെ ഒടുവിലത്തെ,

ഇതി നരിചരിതം സമാപ്തമേതൽ
കഥകളിലുത്തമമെത്രയും വിചിത്രം
പരിചൊടിതു കഥിക്ക കേൾക്കയെന്നാൽ
നരിഭയമില്ലയകത്തടച്ചിരുന്നാൽ.

എന്ന ശ്ലോകം കൊണ്ടുതന്നെ കാവ്യത്തിൻെറ ഉദ്ദേശ്യവും അതിലെ ഫലിതവും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.

ഈ പുസ്തകം അച്ചടിപ്പിക്കേണമെന്നു നമ്പിയാർ അവർകൾ വിചാരിച്ചിരുന്നില്ല. ഒരു കൈയെഴുത്തുപ്രതി തൻെറ സ്നേഹിതനായ ചന്തുമേനോനു കൊടുത്തിരുന്നിരിക്കാം. നമ്പിയാർ അവർകൾ കാലധർമ്മംപ്രാപിച്ചു കുറെ കഴിഞ്ഞതിന്നു ശേഷം ചന്തുമേനോൻ തൻെറ പഴയറിക്കാർഡുകൾ പരിശോധിക്കുമ്പോൾ മുഷിഞ്ഞു കീറിയ ചില കടലാസ്സുകൾ കണ്ടെത്തുകയും അതിന്മേൽ 'നരിചരിതം' എന്ന് എഴുതിയതായി കാണുകയും ചെയ്തു. അതു് അങ്ങിനെ നശിക്കുവാൻ ഇടയാക്കരുതെന്നു വിചാരിച്ച് ഉടനെ അച്ചുകൂടക്കാരെ ഏല്പിക്കുകയും ചെയ്തു. ഗ്രന്ഥത്തെക്കാൾ വലിയ ഒരു മുഖവുരയും എഴുതി അതു് പരസ്യപ്പെടുത്തി. ആ മുഖവുര അന്നത്തെ ഭാഷാസാഹിത്യത്തെയും വിമൎശകന്മാരെയും മററും പററിയുള്ള ഒരു ഗുണദോഷവിവേചനമായിരുന്നു.

ഈ പുസ്തകത്തെപ്പററി നമ്മുടെ ചരിത്രനായകന്റെ ജ്യേഷ്ഠനായിരുന്ന കുഞ്ഞമ്പുനായർ അവർകൾ ഇങ്ങിനെ എഴുതിയതായി കാണുന്നു:—

അവതാരികയാ ചരിതം
നരിചരിതം നാമപുസ്തകത്രിതയം
ഭവതാ മുദ്രാപയിതം
യത് പ്രേരിതമത്രലബ്ധമസ്മാകം.

നരികഥ പഠിക്കവേ പലതരത്തിലിക്കേരളേ
പലക്ലൃപ്തപ്രകാരമാമൊരു കുറിക്കളേപോലവേ;
പുത്തുകവികളൊക്കയും ഹൃദി നിനയ്ക്കുവാൻ ഹേതുവായ്
ഭവിക്കുമവതാരികാചരിതമാകയാലേററവും.

ഈ അവതാരികയും ആ പുസ്തകം അച്ചടിപ്പിക്കപ്പെട്ട കാലത്തു വായിച്ചിരുന്ന ഓർമ്മയേ എനിക്കുള്ളു. എന്നാൽ അതിൽ പ്രാചീനകവിഭക്തന്മാരായ ചില സംസ്കൃതപണ്ഡിതന്മാരെ പരിഹസിച്ച ഭാഗം വായിച്ചിരുന്നതു ഞാൻ ഇന്നും മറന്നിട്ടില്ല.

പുതിയ കാവ്യങ്ങളേയും പുതിയ കവികളേയും പററി വളരെ പുച്ഛരസമുള്ള ചിലരുണ്ടല്ലൊ. അങ്ങിനെയുള്ള ഒരാൾ ഒരുദിവസം ചന്തുമേനോനെ കാണ്മാൻ ചെന്നപ്പോൾ ഉണ്ടായ സംഭവം മുഖവുരയിൽ വിവരിച്ചതിനെയാണു ഞാൻ സൂചിപ്പിച്ചതു്. അയാൾ ഇന്ദുലേഖയെപ്പററിയും മററും പറഞ്ഞുകൊണ്ട് ചന്തുമേനോൻ സബ്ബ്ജഡ്ജിയെ മുഖസ്തുതി ചെയ്തതു കേട്ടശേഷം വലിയ കോയിത്തമ്പുരാൻ ഉണ്ടാക്കിയ 'അമരുകശതകം' മണിപ്രവാളം വായിച്ചിട്ടുണ്ടോ എന്നു മേനോൻ ചോദിച്ചപ്പോൾ. അമരുകം മൂലഗ്രന്ഥം വായിച്ചിട്ടുണ്ടെന്നും

ഇക്കാലത്തെ കവികൾ മലയാളഭാഷയിൽ രചിക്കുന്ന കാവ്യങ്ങൾക്കു യാതൊരു രസവും ഇല്ലെന്നും മററും പറകയും പഴയകവികളായ എഴുത്തച്ഛൻമുതലായവരെ സ്തുതിക്കുകയും ചെയ്തു. അതു ശരിയാണെന്നു മേനോൻ സമ്മതിക്കുകയും കലക്കത്തു കുഞ്ചൻനമ്പിയാർ ഉണ്ടാക്കിയ രണ്ടു ശ്ലോകങ്ങൾ കേൾക്കണോ, എന്നു ചോദിച്ചു താഴെ പറയുന്ന ശ്ലോകങ്ങൾ ചൊല്ലുകയും ചെയ്തു.

കുരുക്കൾ പണ്ടു പോൎക്കളത്തിലാത്തടുത്തനേരമ-
ക്കരുത്തനാം മരുത്സുതൻ കനത്തഹസ്തതാഡനാൽ
ഒടുക്കിയെന്നപോലെയിന്നു തമ്പുരാൻറെ വിഗ്രഹേ
കുരുക്കളേവച്ചൂളിരാമവാൎയ്യരങ്ങൊടുക്കിപോൽ.

മരാളിവൃന്ദവാഹനൻറെ സൃഷ്ടികേളികൌശലാ-
ദ്വച്ചൂളിരാമവാൎയ്യരെന്ന കേളിപൂണ്ട മാരുതി,
കുരുക്കളെന്ന കൈതവേന ജാതരാം കരുക്കളെ
തകൎത്തുതൻറെ കീൎത്തിയെപ്പരത്തിയിന്നു പാൎത്തലേ.

ഈ ശ്ലോകങ്ങൾ പണ്ടു് ഒരു തമ്പുരാന്നു പ്രമേഹകുരുക്കൾ ഉണ്ടായവയെ വച്ചൂളീരാമവാൎയ്യർ എന്ന അക്കാലത്തെ പ്രസിദ്ധവൈദ്യൻ ചികിത്സിച്ചു ഭേദപ്പെടുത്തിയതിനെപ്പററി കുഞ്ചൻനമ്പിയാർ ഉണ്ടാക്കിയവയാണെന്നു മേനോൻ പറഞ്ഞപ്പോൾ ആ വിദ്വാൻ അത്യന്തം സന്തോഷം പ്രദൎശിപ്പിക്കുകയും "കുഞ്ചൻനമ്പിയാരും മററും കലയുള്ള മഹാന്മാരായിരുന്നില്ലെ," എന്നു പറയുകയും ചെയ്തുവത്രെ. ഇതു കേട്ടപ്പോൾ തൻറെ മനസ്സിൽ തോന്നിയ വിചാരത്തെപ്പററി ചന്തുമേനോൻ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"എന്തു

കല? പൂച്ചമൊന്തിയ കലയോ എന്നു ഞാൻ വിചാരിച്ചു. ഈ ശ്ലോകങ്ങൾ കടത്തനാട്ടുതമ്പുരാന്നു് ഇടക്കാലത്തുപ്രമേഹക്കുരുക്കൾ ഉണ്ടായിരുന്നവയെ ചികിത്സിച്ച ഭേദപ്പെടുത്തിയ വെള്ളിരാമവാര്യരെപ്പററി എന്റെ ജ്യേഷ്ഠൻ കുഞ്ഞമ്പുനായർ ഉണ്ടാക്കിയവയാണ്. എന്റെ ജ്യേഷ്ഠന്നു അല്പം വസൂരിക്കലയല്ലാതെ മററു യാതൊരു കലയും ഉണ്ടായിരുന്നതായി ഞാൻ അറിയുന്നില്ല.''

പദങ്ങൾ സംസ്കൃതഭാഷയിലുള്ളവ സംസ്കൃതവ്യാകരണമനുസരിച്ചുള്ള ശുദ്ധിയോടുകൂടി ഉപയോഗിക്കുകയും വാക്യങ്ങൾ ഇംഗ്ലീഷുരീതിയോടു സംബന്ധമുള്ളവയായിരിക്കുകയും ചെയ്തുകൊണ്ടാണു മലയാളഗദ്യം രചിക്കേണ്ടതെന്നുള്ളതു വ്യാകരണനിയമമായി അച്ചടിച്ച പരസ്യപ്പെടുത്തിക്കഴിഞ്ഞിട്ടില്ലെങ്കിലും അങ്ങിനെ ഉടനെ ഉണ്ടാവുമെന്നു വിചാരിക്കത്തക്ക നിലയിലാണു നമ്മുടെ ഭാഷയുടെ ഗതി. ഏതായാലും മലയാളഭാഷയിലെ "ഗദ്യരീതിക്കാകട്ടെ സംസ്കൃതാശ്രയം വേണ്ടാ'' എന്നും, "ഗദ്യഗ്രന്ഥകാരന്മാർക്കു ശബ്ദസമ്പാദനം ഒന്നിനുവേണ്ടിമാത്രമല്ലാതെ രീതിവിഷയാദികളുടെ ആവശ്യത്തിലേക്കായി സംസ്കൃതത്തെ ആശ്രയിക്കേണ്ടതില്ല,'' എന്നും "ഗദ്യഗ്രന്ഥകരണത്തിൽ ഇംഗ്ലീഷാണു നമ്മ സഹായിക്കുന്നതു്'' എന്നും 'സാഹിത്യ'ത്തിൽ കേരളപാണിനി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്.

ചന്തുമേനോൻ സംസ്കൃതപദങ്ങൾ ഭാഷയിൽ ഉപയോഗിച്ചതു് സംസ്കൃതവ്യാകരണത്തിന്നു് അനുസരിച്ചുള്ള ശുദ്ധിയെ പരിപാലിച്ചുകൊണ്ടല്ല. അദ്ദേഹം 'ഇന്ദുലേഖ'യിലെ മുഖവുരയിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"ഈ പുസ്തകം എഴുതീട്ടുള്ളതു ഞാൻ വീട്ടിൽ സാധാരണ സംസാരിക്കുന്ന മലയാളഭാഷയിൽ ആകുന്നു. അല്പം സംസ്കൃതപരിജ്ഞാനം എനിക്ക് ഉണ്ടെങ്കിലും പല സംസ്കൃതവാക്കുകളും മലയാളഭാഷയിൽ നാം മലയാളികൾ സംസാരിച്ചുവരുമ്പോൾ ഉപയോഗിക്കുന്ന മാതിരിയിലാണു് ഈ പുസ്തകത്തിൽ സാധാരണയായി ഞാൻ ഉപയോഗിച്ചിട്ടുള്ളതു്. ദൃഷ്ടാന്തം, 'വ്യുൽപ്പത്തി' എന്ന ശരിയായ സംസ്കൃതത്തിൽ ഉച്ചരിക്കേണ്ട പദത്തെ "വില്പത്തി'' എന്നാണു സാധാരണ നാം പറയാറു്. അതു് ആ സാധാരണമാതിരിയിൽ തന്നെയാണു് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു്. ഇതുപോലെ പലേ വാക്കുകളേയും കാണാം. 'പട്ട', 'ധൃതഗതി', 'ധൃതഗതിക്കാരൻ', 'യോഗ്യമായ സഭ', ഈ വക പല പദങ്ങളും സമാസങ്ങളും സംസ്കൃതസിദ്ധമായ മാതിരിയിൽ അല്ല, മലയാളത്തോടു ചേർത്തുപറയുമ്പോൾ ഉച്ചരിക്കുന്നതും അർത്ഥം ഗ്രഹിക്കുന്നതും. അതുകൊണ്ടു സാധാരണ മലയാളഭാഷ സംസാരിക്കുമ്പോൾ ഈ വക വാക്കുകളെ ഉച്ചരിക്കുന്ന പ്രകാരംതന്നെയാകുന്നു ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതു് എന്നു മുൻകൂട്ടി എൻെറ വായനക്കാരെ ഗ്രഹിപ്പിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുകൂടാതെ കർത്തൃകർമ്മക്രിയകളേയും അകർമ്മക സകർമ്മകക്രിയാപദങ്ങളേയും സാധാരണ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന മാതിരിയിൽ തന്നെയാണു് ഈ പുസ്തകത്തിൽ പലേടങ്ങളിലും ഉപയോഗിച്ചുവന്നിരിക്കുന്നതു് എന്നുംകൂടി ഞാൻ ഇവിടെ പ്രസ്താവിക്കുന്നു. മലയാളവാചകങ്ങൾ മലയാളികൾ സംസാ

രിക്കുന്ന മാതിരിവിട്ടു സംസ്കൃതഗദ്യങ്ങളുടെ സ്വഭാവത്തിൽ പരിശുദ്ധമാക്കി എഴുതുവാൻ ഞാൻ ശ്രമിച്ചിട്ടില്ല.''

ഈ കാര്യത്തെപ്പററി 'കേരളപാണിനി'യുടെ അഭിപ്രായം വീണ്ടും ഉദ്ധരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"സംസ്കൃതവ്യാകരണത്തിൽ ഉത്സർഗ്ഗം, അപവാദം, പ്രതിപ്രസവം, അതിന്നും അപവാദം എന്നു് അവസാനിക്കാതെ നീണ്ടുപോകുന്ന വ്യത്യാസങ്ങളെയെല്ലാം ഗ്രന്ഥസഹായംകൂടാതെ പരിച്ഛേദിച്ചു പറവാൻ മഹാപണ്ഡിതന്മാൎക്കുപോലും അസാദ്ധ്യമാണു്. പ്രക്രിയാസൎവ്വസ്വം എന്ന ഒരു വ്യാകരണഗ്രന്ഥം ചമച്ച നാരായണഭട്ടതിരിക്കുതന്നെ സ്വന്തകൃതികളിൽ പല അശുദ്ധപ്രയോഗങ്ങളും വന്നുപോയിട്ടുണ്ടു്. ഇങ്ങിനെയുള്ള ഒരു ഭാഷയിൽനിന്നു കടംവാങ്ങാൻപോകുന്ന പാവപ്പെട്ട മലയാളി പദങ്ങളെ ശുദ്ധീകരിച്ചുവേണം സ്വീകരിപ്പാൻ എന്നു ശഠിക്കുന്നതു കുറെ സാഹസമാകുന്നു. നല്ല വൈയാകരണന്മാർ മാത്രമേ സംസ്കൃതത്തിൽനിന്നു പദം എടുക്കുവാൻ പോകേണ്ടു എന്നു വെയ്ക്കുന്നതായാൽ അങ്ങിനെയുള്ളവരുടെ സംഖ്യ വളരെ ചുരുങ്ങും; ആവശ്യം നടക്കുകയില്ലെന്നും വരും. അതിനാൽ ഭാഷയിൽ ഉപയോഗിക്കുന്ന സംസ്കൃതത്തിന്നു വലിയ ശുദ്ധിനിൎബ്ബന്ധം ഒന്നും വേണ്ടെന്നു വെയ്ക്കുന്നതുതന്നെ കൊള്ളാം. ഈവിധം ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചാലേ ഭാഷയ്ക്കു പുഷ്ടിവരാൻ എളുപ്പമുള്ളു. മൃതഭാഷകളിലുള്ള നിൎബ്ബന്ധമൊന്നും ജീവൽഭാഷയിൽ ചെല്ലുകയില്ല. വൃദ്ധയായ ഗൈൎവ്വാണിക്കു വളച്ചു

നിലച്ചു; കൈരളി ഇന്നും പ്രായപൂർത്തിവരാത്ത യുവതിയാണ്. സംസ്കൃതത്തിലും ഒരുകാലത്ത് അവ്യവസ്ഥകൾ ഉണ്ടായിരുന്നതായിആർഷപ്രയോഗങ്ങളിലും മററും നാം കാണുന്നില്ലയോ? അതിനാൽ സംസ്കൃതത്തിന് ആർഷപ്രയോഗങ്ങളിൽ കാണുന്നപോലുള്ള അശുദ്ധി ഭാഷയിൽ സഹ്യമാണ്. സംസ്കൃതക്കാരൻ ശരിവെച്ചില്ലെങ്കിലും ഒരു സംസ്കൃതപ്രയോഗം ഭാഷയുടെ ആവശ്യത്തിനും നിയമങ്ങൾക്കും യോജിച്ചാൽ അതു് ഗ്രാഹ്യംതന്നെ. നമുക്ക് സംസ്കൃതം എങ്ങിനെയോ അങ്ങിനെയാണു യൂറോപ്യൻഭാഷകൾക്കു ലാററിനും ഗ്രീക്കും ഭാഷകൾ. ആ ഭാഷകളിലെ പ്രകൃതികളിൽനിന്നു വ്യുല്പാദിപ്പിച്ച പല പദങ്ങളും ഇംഗ്ലീഷിൽ കാണുന്നുണ്ടു്. അതുകളെല്ലാം ലാററിൻ ഗ്രീക്കു വ്യാകരണപ്രകാരം സാധുക്കളോണോ? ഇംഗ്ലീഷിൽ 'ലോ ലാററിൻ' എന്നു് ഒരു ഭാഷ പറയുംപോലെ നമുക്കും ഒരു നീചസംസ്കൃതം ഇരിക്കട്ടെ."

ഇങ്ങിനെയാണു് എ. ആർ. രാജരാജവർമ്മ അവർകൾ പറഞ്ഞിരിക്കുന്നതു്. എന്നാൽ "സർവ്വാഭരണങ്ങളായ സംസ്കൃതപ്രയോഗങ്ങൾകൊണ്ടു മലയാളഭാഷയെ ഭൂഷിപ്പിക്കുന്നതിന് അനക്ഷരകുക്ഷികൾക്കു" അദ്ദേഹം അനുവാദം കൊടുക്കുന്നില്ല. ചന്തുമേനോന്റെ അഭിപ്രായം സംസ്കൃതവാക്കുകൾ മലയാളികൾ സംസാരിക്കുന്ന രീതിയിൽ ഭാഷയിൽ കടന്നുകൂടിയ ആകൃതിയിൽ തന്നെ സാഹിത്യഭാഷയിൽ ഉപയോഗിക്കുന്നതിനു വിരോധമില്ലെന്നും, എന്നല്ല, അങ്ങിനെ ഉപയോഗിച്ചാലേ ഭാഷയ്ക്കു് അഭിവൃദ്ധി ഉണ്ടാകയുള്ളു എന്നും ആകുന്നു. എന്നാൽ, ഭാഷയിൽ വളരെ കാലമായി ഉ

പ്രയോഗിച്ച സ്ഥിരപ്രതിഷ്ഠ ലഭിച്ചിരിക്കുന്ന 'ക്ഷണനം' മുതലായ വാക്കുകൾ പോലും സംസ്കൃതരീതിക്കനുസരിച്ചു ശുദ്ധീകരിച്ചു "ക്ഷണ്ണം" എന്നും മററും മാററി ഉപയോഗിക്കേണമെന്നു ചില പണ്ഡിതന്മാർ ശഠിക്കുന്നു. ഇതിനെപ്പററി കേരളവർമ്മ വലിയകോയിത്തമ്പുരാനും ചന്തുമേനോനും തമ്മിൽ എഴുത്തുകുത്തുകൾ വഴിയായി ഒരു വാദപ്രതിവാദം നടന്നിരുന്നു. മലയാളഭാഷയിൽ ഉപയോഗിക്കുന്ന എല്ലാ സംസ്കൃതപദങ്ങളും സംസ്കൃതവ്യാകരണമനുസരിച്ചുള്ള പരിശുദ്ധിയോടുകൂടി ഉപയോഗിക്കേണമെന്നായിരുന്നു കേരളകാളിദാസൻെറ അഭിപ്രായം. അങ്ങിനെയായാൽ ഭാഷയുടെ അഭിവൃദ്ധിക്ക് ആവശ്യമായ സ്വാതന്ത്ര്യം തടയപ്പെടുകയാണു ചെയ്യുകയെന്നും മലയാളം സംസ്കൃതത്തിന്നു കേവലം അടിമപ്പെട്ടുപോകുമെന്നും ആയിരുന്നു ചന്തുമേനോൻ വാദിച്ചത്. വിശേഷിച്ചും ഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നവരും സംസ്കൃതഭാഷ അറിഞ്ഞുകൂടാത്തവരും, ഇംഗ്ലീഷുഭാഷയിൽ പാണ്ഡിത്യം സിദ്ധിച്ചവരും ആയ മലയാളികൾ മാതൃഭാഷയെക്കൊണ്ടു യാതൊരു കാൎയ്യം ചെയ്യാൻ നിവൃത്തിയില്ലാതെ കുഴങ്ങുമെന്നും അതു ഭാഷക്കു വലിയനഷ്ടമായിത്തീരുമെന്നും മേനോൻ വാദിച്ചു. തമിഴഭാഷക്കു സിദ്ധിച്ച അഭിവൃദ്ധിക്കുള്ള കാരണങ്ങളിൽ മുഖ്യമായ ഒന്ന്, അതു സംസ്കൃതഭാഷയ്ക്കു അടിമപ്പെടാതെ സ്വാതന്ത്ര്യനിലയിൽ നിന്നതാണെന്നുള്ളതും നമ്മൾ ഈ അവസരത്തിൽ ഓൎമ്മിക്കേണ്ടതാകുന്നു. ചന്തുമേനോൻ കാലധൎമ്മം പ്രാപിച്ചതിന്നുശേഷം കേരളകാളിദാസൻ എഴുതിയ ഒരു ലേഖനത്തിൽ, ചന്തുമേനോൻെറ വാദം ശരിയാണെന്നു സമ്മതിച്ചിരുന്നു.

ചന്തുമേനോൻെറ ചില പ്രയോഗങ്ങൾ കേരളപാണിനിക്കും രുചിച്ചിരുന്നില്ല. പൌനരുക്ത്യദോഷമുള്ള ചില പദങ്ങൾ മേനോൻ ഉപയോഗിച്ചതിനെപ്പററി കേരളപാണിനി ഇങ്ങിനെ പറയുന്നു:—"പ്രസിദ്ധനായ ചന്തുമേനോൻ മുതലായ മഹത്തുക്കളുടെ കൃതികളിൽ പോലും ചാടിവീണിട്ടുള്ള ഈ വക പ്രയോഗങ്ങൾ അനുകരണീയങ്ങൾ അല്ലെന്നു തള്ളുകയേ നിവ്വാഹമുള്ളു. * 'എന്തും ചെയ്യാം മഹതാം.' ചന്തുമേനോൻെറ ജ്വലജ്ജ്വലായമാനമായ വാഗ്ധാടിയിൽ ഇതെന്നല്ല, ഇതിലധികം വ്യത്യസ്തപ്രയോഗങ്ങളും നിലാവിൽ കളങ്കമാലിന്യമെന്നപോലെ തെളിയുകയില്ല; മോശക്കാരുടെ വാഗ്വിലാസംബെനയിവാകട്ടെ, ക്രൂരിരുട്ടത്തുവെച്ച വിളക്കുപോലെ വിളങ്ങിക്കൊണ്ടിരിക്കും."

ചന്തുമേനോൻെറ ജ്വലജ്ജ്വലായമാനമായ വാഗ്വിലാസത്തെ അനുഭവിച്ചു രസിക്കാത്ത സഹൃദയന്മാർ ആരാണുള്ളതു്? പറവാനുള്ളതു് അനുകൂലമായാലും പ്രതികൂലമായാലും വളരെ ശക്തിയോടുകൂടി പറയും; പറയുന്നതിൽ നല്ല ഓജസ്സും തേജസ്സും പ്രകാശിച്ചുകാണും; ഇടയ്ക്കിടയ്ക്കു വിശേഷവിധിയായ വല്ല ഫലിതവും ഉണ്ടായിരിക്കും—ഇതാണു ചന്തുമേനോൻെറ ഭാഷയ്ക്കുള്ള ഗുണം.

*കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'മയൂരസന്ദേശം' കാവ്യം ചന്തുമേനോനെ "രസിപ്പിച്ചതിന്നു കണക്കില്ല" എന്നു് എല്ലാവരും അറിയുന്നതാണു്. അദ്ദേഹത്തിൻെറ വാക്യങ്ങൾക്കുള്ള ശക്തിയും അതിൻെറ പ്രത്യേകഗുണങ്ങളും 'മയൂരസന്ദേശ'ത്തിന്നു്

അദ്ദേഹം എഴുതിയിരുന്ന പീഠികയിൽനിന്നു ഗ്രഹിക്കാവുന്നതാണ്. ആ ഗ്രന്ഥം തന്റെ സ്വന്തം ചെലവിൽ സ്നേഹിതന്മാൎക്കു സൌജന്യമായി കൊടുക്കേണ്ടുന്ന ഉദ്ദേശത്തോടുകൂടി അതിനെ മംഗലാപുരം ബാസൽമിഷ്യൻ അച്ചുകൂടത്തിൽ അതിഭംഗിയിൽ അച്ചടിപ്പിച്ച്, ഒരു മയൂരത്തിന്റെ സ്വൎണ്ണവൎണ്ണത്തിലുള്ള ചിത്രത്തോടുകൂടി അതിമനോഹരമായി 'ബയൻറ' ചെയ്യിച്ചുപരസ്യംചെയ്തിരുന്നു. അതിൽ എഴുതിയ പീഠികയിൽ, ഗ്രന്ഥത്തെയും അച്ചുകൂടത്തെയും മേനോൻ ഒരുപോലെ സ്തുതിക്കുന്നു. വശ്യവാക്കായ ചന്തുമേനോന്റെ അനന്യസാധാരണമായ വാക്ധോരണി വായനക്കാർ ശരിയായി ഗ്രഹിക്കേണ്ടതിന്ന്, ആ പീഠികയിൽ അധികഭാഗവും ഇവിടെ പകൎത്തുന്നു:—

"അതിലളിതമായി അത്യന്തമനോഹരമായിരിക്കുന്ന ഈ 'മയൂരസന്ദേശ'മണിപ്രവാള പുസ്തകത്തിന്മേൽ എനിക്കുള്ള അളവില്ലാത്ത വാത്സല്യത്തിന്റെ വ്യാപാരങ്ങൾ പലപ്രകാരങ്ങളിലും തങ്ങളെത്തന്നെ പ്രദൎശിപ്പിക്കുന്നതിൽ ഒന്നാണ്, മംഗലാപുരം ബാസൽമിഷ്യൻ അച്ചുകൂടത്തിൽ ഈ പുസ്തകത്തെ ഈ വിധം അച്ചടിച്ചു കാണുന്നത്.

"ജനസമുദായക്ഷേമതൽപരന്മാരായ ബാസൽ മിഷ്യൻ സംഘക്കാർ മദിരാശിസംസ്ഥാനത്തിൽ പടിഞ്ഞാറെ കരയിൽ അല്പം സ്ഥലങ്ങളിൽ മാത്രം നടപ്പുള്ള ഒരു ചുരുങ്ങിയ ഭാഷയായ മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി നിൎദ്ദാക്ഷിണ്യം മുതലുചെയ്തു അത്ര ഭംഗിയായി വാൎപ്പിച്ചു ശേഖരിച്ചിട്ടുള്ള അച്ചടിക്കരുക്കൾക്കു സാഫല്യതവന്നതു് ഈ മയൂരസന്ദേശത്തെ

അച്ചടിച്ചതിലാകുന്നു എന്നു പറവാൻ ഞാൻ ഒട്ടും തന്നെ മടിക്കുന്നില്ല.

"ഇത്രമനോഹരങ്ങളായ മണിപ്രവാളപദ്യങ്ങളെ ഇങ്ങിനെ വൃത്തിയും ഭംഗിയും ഉള്ള അച്ചടിയിൽ തന്നെയാണു വായിക്കേണ്ടതു്.

'മണിനാ വലയം വലയേന മണി' എന്നപോലെ അച്ചടിയിലുള്ള അക്ഷരങ്ങളുടെ സൌന്ദൎയ്യവും ഈ മണിപ്രവാളപദ്യങ്ങളുടെ മാധുൎയ്യവും സമ്മേളിച്ചു് അന്യോന്യം പ്രതിഫലിക്കട്ടെ.

"വജ്രവൈഡൂൎയ്യാദി നവരത്നങ്ങളെ കാഴ്ചയായി വെക്കേണ്ടതു് ഉജ്വലപ്രഭങ്ങളായ കനകതാംബാളങ്ങളിൽതന്നെ ആകുന്നു; ജഗന്മോഹിനിയായ ഒരു യുവതിയെ നാട്യത്തിന്നോ ഗാനത്തിന്നോ രംഗത്തിൽ കൊണ്ടുവരേണ്ടതു് അവൾക്കു് യോജ്യമായ വിധത്തിലുള്ള വസ്ത്രാഭരണങ്ങളാൽ അലങ്കരിപ്പിച്ചിട്ടുതന്നെ വേണ്ടതാകുന്നു; ചെന്താമരപ്പൂക്കളുടെ കാന്തിയെ അനുഭവിച്ചുസന്തോഷിക്കേണ്ടതു, വിശാലങ്ങളായ താമരസതടാകങ്ങളിൽ അവകൾ ജീവനോടെ പൂൎണ്ണമായി വികസിച്ചു, ഹംസങ്ങളാലും അളിവൃന്ദങ്ങളാലും ലാളിക്കപ്പെട്ടുകൊണ്ടു നില്ക്കുമ്പോൾതന്നെയാകുന്നു; പൂൎണ്ണചന്ദ്രനെ നോക്കി ആഹ്ലാദിക്കേണ്ടതു് ആകാശം അബാധമായി സ്വച്ഛമായി അതിനീലമായിരിക്കുന്ന സമയം തന്നെ ആകുന്നു.

"അതേപ്രകാരംതന്നെ, അതികോമളങ്ങളായ ഈ മണിപ്രവാളശ്ലോകങ്ങളെ വായിക്കേണ്ടതു, മനോഹരമായ ഈ മിഷ്യൻ അച്ചടിയിൽത്തന്നെ ആകുന്നു."

ഇതാണു പീഠിക. ആകർഷണീയമായ അഴകും അഭിലഷണീയമായ ആരോഗ്യവും കൊണ്ടു് അനുഗ്രഹിക്കപ്പെട്ട ഒരു തന്വംഗിയെപ്പോലെ പ്രശോഭിക്കുന്ന ഈ 'പീഠിക' ചന്തുമേനോൻെറ ഭാഷാരീതിക്കു് ഉത്തമമാതൃകയായി കരുതേണ്ടതാകുന്നു.

ഭാഷാരീതിക്കു സന്ദർഭോചിതമായി ഔചിത്യം വരുത്തുവാൻ ചന്തുമേനോനുണ്ടായിരുന്ന സാമർത്ഥ്യം അദ്ദേഹത്തിൻെറ നോവലുകളിൽ സവിശേഷം പ്രത്യക്ഷപ്പെടുന്നുണ്ടു്. ഉദാഹരണമായി ഒരു സംഭാഷണം ഇവിടെ എഴുതുന്നു. അർവ്വാചീനകാലത്തു കേരളത്തിലെ നായർ തറവാടുകളിൽ, കാരണവന്മാരും മരുമക്കളും തമ്മിൽ ആചരിക്കാൻ നിർബ്ബന്ധമായതും 'ഗുരുത്വം' എന്നുപേർ വിളിക്കുന്ന സദ്ഗുണത്തിൻെറ അന്നത്തെ ബാഹ്യാചാരത്തെ വിശദപ്പെടുത്തുന്നതുമാണു് ഈ സംഭാഷണം. ഇന്ദുലേഖയിലെ ഒരു പ്രധാന പാത്രമായ പഞ്ചുമേനവൻ തൻെറ മരുമകനായ മാധവൻ ഇംഗ്ലീഷുപഠിക്കുകയാൽ ഗുരുത്വം കെട്ടുപോയതിനെപ്പററി വ്യസനിക്കുകയും, താൻ ചെറുപ്പമായിരുന്ന കാലത്തു, ഉണ്ടായിരുന്ന സ്ഥിതിയെ മാധവൻെറ അച്ഛനായ ഗോവിന്ദപ്പണിക്കരെ ഇങ്ങിനെ പറഞ്ഞു് ധരിപ്പിക്കുകയും ചെയ്യുന്നു:—

"വലിയമ്മാമനെ കാണുമ്പോൾ ഒരു സിംഹത്തെയോ മററോ കാണുമ്പോലെ എനിക്കു ഭയമായിരുന്നു. വല്ലതും ചോദിച്ചാൽ അതിന്നു് ഉത്തരം പറവാൻ കൂടി ഭയപ്പെട്ടിട്ടു വയ്യാതെ ഞാൻ മിഴിക്കും. ഇപ്പോൾകൂടി വലിയമ്മാമനെ വിചാരിക്കുമ്പോൾ എനിക്കു ഭയമാകുന്നു. വലിയമ്മാമൻ ഉള്ള കാലത്തു് ഒരു ദിവസം ഉണ്ടാ

യ ഒരു കഥ പറയാം. അന്ന് എനിക്കു കുറെ ഇഷ്ടനായി ഈ ദിക്കിൽ ഒരു മാപ്പിള ഉണ്ടായിരുന്നു; കുഞ്ഞാലിക്കുട്ടി എന്നു പേരായിട്ട്. അവനെ ഗോവിന്ദപ്പണിക്കർ അറിയില്ല. മരിച്ചിട്ടു വളരെ കാലമായി. അവനും അന്ന് ഏകദേശം എന്റെ പ്രായംതന്നെ ആയിരുന്നു. അവൻ ഒരു കുറി ഏതോ ഒരു ദിക്കിൽ അവന്റെ ബാപ്പയുടെ കൂടെ കച്ചവടത്തിന്നോ മറെറാ പോയേടത്തുനിന്നു മടങ്ങിവന്നപ്പോൾ ഒരു ജോടി ചെരിപ്പ് എനിക്കു സമ്മാനമായി കൊണ്ടുവന്നു തന്നു. ഞാൻ അതു് എത്രയോ ഗോപ്യമായി സൂക്ഷിച്ചുവെച്ചു. വൈകുന്നേരം ഞാൻ പുറത്തെങ്ങാനും പോവുമ്പോൾ ചെരിപ്പ് ഒരു മുണ്ടിലൊ മറെറാ പൊതിഞ്ഞു പൂവള്ളിൽനിന്ന് ഇറങ്ങിപ്പോവും. അവിടെനിന്നു വളരെ ദൂരത്ത് എത്തിയാൽ മാത്രം കാൽക്കിട്ടു നടക്കും. പിന്നെയും മടങ്ങിവരുമ്പോൾ അങ്ങിനെതന്നെ ദൂരത്തുനിന്നു ചെരിപ്പഴിച്ച് ആരും കാണാതെ പൊതിഞ്ഞു കൊണ്ടുവരും. ഇങ്ങിനെയായിരുന്നു പതിവ്. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം പതിവുപ്രകാരം ഞാൻ ചെരിപ്പു മുണ്ടിൽ പൊതിഞ്ഞുംകൊണ്ടു മടങ്ങിവരുമ്പോൾ വലിയമ്മാമൻ പൂമുഖത്തു നില്ക്കുന്നതു കണ്ടു. ഒടുവിൽ മരിച്ച ദിവാൻജിയമ്മാമന്റെയും അമ്മാമനായിരുന്നു ഇദ്ദേഹം; അതി ക്രൂരനായിരുന്നു. എന്നെ കണ്ടപ്പോൾ 'എന്താണെടാ കൈയിൽ പൊതിഞ്ഞു് എടുത്തിരിക്കുന്നതു്' എന്നു ചോദിച്ചു. ഞാൻ ഭയപ്പെട്ടിട്ട് ഒന്നും മിണ്ടാതെ നിന്നു. അമ്മാമൻ മിററത്ത് ഇറങ്ങിവന്ന് എന്റെ കൈയ്യ് കടന്നുപിടിച്ചു; മുണ്ടുപൊതി അഴിക്കാൻ

പറഞ്ഞു. അഴിച്ചു നോക്കിയപ്പോൾ ചെരിപ്പുകൾ കണ്ടു്, 'നീ ചെരിപ്പിട്ടു നടക്കാറായോ, തെമ്മാടീ?' എന്നും പറഞ്ഞു് എൻെറ കുടുമ ചുററിപ്പിടിച്ചുവലിച്ചു പൂമുഖത്തു കൊണ്ടുപോയി, തല്ലാൻ തുടങ്ങി. നാരായണ! ശിവശിവ! പിന്നെ ഞാൻ കൊണ്ട തല്ലിന്നു് അവസാനമില്ല. കൈകൊണ്ടു് ആദ്യം വളരെ തല്ലി. ദേഷ്യം പിന്നേയും സഹിക്കാതെ അകത്തു കടന്നുപോയി ഒരു ചൂരൽ എടുത്തുകൊണ്ടുവന്നു തല്ലുതുടങ്ങി. ഇതാ, നോക്കൂ, എൻെറ തുടയിൽ കാണുന്ന ഈ വലിയ കല. അന്നത്തെ തല്ലിൽ കിട്ടിയ മുറിയുടെ കലയാണു്. ഞാൻ ഉറക്കെ നിലവിളിച്ചു. അന്നു ദിവാൻജി അമ്മാമൻ വീട്ടിൽ ഉള്ള കാലമായിരുന്നു. നിലവിളി പൂവരങ്ങിൽ കേട്ടിട്ടു് അദ്ദേഹം ഓടിവന്നു വലിയമ്മാമനെ പിടിച്ചു നീക്കി എന്നെ എടുപ്പിച്ചു പൂവരങ്ങിൽ കൊണ്ടുപോയി എണ്ണയും മറവും ഇട്ടു ശരീരം ഉഴിയിച്ചു. ഞാൻ പതിനഞ്ചു ഇരുപതു ദിവസത്തേക്കു് എണീക്കാൻ പാടില്ലാതെ കിടപ്പിലായിപ്പോയി. എൻെറ ചെരിപ്പു ചുട്ടുകരിച്ചുകളവാൻ അമ്മാമൻ കല്പിച്ചപ്രകാരം അതു വെണ്ണീറാക്കിക്കളെഞ്ഞു. അതുമുതൽ ഇതുവരെ ഞാൻ ചെരിപ്പു് ഇട്ടിട്ടില്ല. ചെരിപ്പു് എങ്ങാനും കാണുമ്പോൾ എനിക്കു് ഇപ്പോഴും ഭയമാണു്. ഇപ്പഴത്തെ കുട്ടികളുടെ കഥ വിചാരിച്ചുനോക്കൂ. മാധവൻ പാപ്പാസ്സിട്ടിട്ടേനടക്കാറുള്ളൂ. ദിവാൻജി വലിയമ്മാമൻകൂടി അകത്തു പാപ്പാസ്സിട്ടു നടക്കാറില്ല. ഇവൻ ചിലപ്പോൾ അകത്തുകൂടി പാപ്പാസ്സിട്ടു നടക്കുന്നതു ഞാൻതന്നെ കണ്ടിട്ടുണ്ടു്. കുട്ടികൾ ഇങ്ങിനെ കുരുത്തംകെട്ടുപോയാൽ എന്തുചെ

ല്ലും! കുട്ടികളെ ഇങ്കിരീസ്സ പഠിപ്പിക്കുന്നേടത്തോളം വിഡ്ഢിത്തം വേറെ ഒന്നുമില്ല. ഇന്ദുലേഖ ഇങ്കിരീസ്സ പഠിച്ചിരുന്നില്ലെങ്കിൽ ഇതിൽ എത്ര അധികം നല്ല ഒരു കുട്ടിയാകുമായിരുന്നു! എന്തു ചെയ്യാം? ഓരോ ഗ്രഹപ്പിഴയ്ക്ക് ഓരോ അപകടങ്ങൾ വന്നു ചേരുന്നു. ഈ ഇങ്കിരീസ്സ പഠിച്ചവരുടെ മാതിരി കണ്ടിട്ട് അതു പഠിക്കാത്തവരും ആ മാതിരിയായിത്തുടങ്ങി.''

ഇതിൽ സംഭാഷണത്തിലുള്ള ഔചിത്യവും വിവരണത്തിലുള്ള തന്മയത്വവും നോക്കുക. ഈ ഒരു സാമർത്ഥ്യം ചന്തുമേനോന്നു സഹജമായിരുന്നു. ഭാഷക്കു ഗാംഭീര്യം വേണ്ടുന്ന ദിക്കിൽ ഗാംഭീര്യം, ഉജ്ജ്വലത വേണ്ടുന്ന ദിക്കിൽ ഉജ്ജ്വലത, ഫലിതം വേണ്ടുന്ന ദിക്കിൽ ഫലിതം, ഇങ്ങിനെ അതാതു സന്ദർഭത്തിന്നു് അനുസരിച്ച രീതിക്കു വേണ്ടുന്ന ഗുണങ്ങളും രസങ്ങളും വരുത്തി പ്രബന്ധങ്ങൾ രചിക്കാനുള്ള വൈഭവവും അദ്ദേഹത്തിന്നു സ്വതസ്സിദ്ധമായിരുന്നു. ഇന്ദുലേഖയിലേയും ശാരദയിലേയും ഏതു് അദ്ധ്യായവും ഏതു ഖണ്ഡികയും ഏതുവാക്യവും ഇതിന്നു് ഉദാഹരണമാണു്.

വർണ്ണനകൾക്കു് ആവശ്യമായ വാഗ്ദ്ധോരണിയും, സങ്കല്പശക്തിയും ഫലിതവും യോജിച്ചു പ്രകാശിക്കുന്നതിനാലാണു, ചന്തുമേനോൻെറ വർണ്ണനകൾ വായിക്കുവാൻ അത്ര സുഖവും വായിച്ചാൽ അവയെ മനസ്സിൽ നിറുത്താനുള്ള അനായാസതത്വവും ഉണ്ടാകുന്നതു്. വർണ്ണനകളിലും ഗാംഭീര്യം, സരസത, ഫലിതം, മുതലായ രസങ്ങൾ ആവശ്യംപോലെയും സന്ദർഭമനുസരിച്ചും ഗദ്യത്തിൽ ഉപയോഗിപ്പാനുള്ള വൈദഗ്ദ്ധ്യം കേരളീയ കവികളിൽ

ചന്തുമേനോനെപ്പോലെ വേറെ വല്ലവൎക്കും ഉള്ളതായി അറിയുന്നില്ല. ഇതിന്നു ചില ഉദാഹരണങ്ങൾ എഴുതാം. ബോമ്പായിലെ ബന്തറിനെ വിവരിച്ചതു നോക്കുക:—

"നമ്മുടെ മലയാളത്തിൽ കോഴിക്കോട്ടു മുതലായ ദിക്കിലെ കടപ്പുറങ്ങൾ മാത്രം കണ്ടവർ ബോമ്പായി ബന്തറിന്റെ സ്വഭാവം എങ്ങിനെയെന്നു മനസ്സിൽ യാതൊരു അനുമാനവും ചെയ്യാൻ കഴികയില്ല. ഇൻഡ്യയിൽ നിന്നു ബിലാത്തിയിലേക്കും ബിലാത്തിയിൽനിന്നു ഇൻഡ്യയിലേക്കും നടക്കുന്ന സകല വ്യാപാരക്കപ്പലുകളും ഒന്നാമത് എത്തുന്നതു ബോമ്പായിൽ ആണു്. എല്ലാ സമയവും ഈ ബെന്തറിൽ അതി ഗംഭീരങ്ങളായ കപ്പലുകൾ നിറഞ്ഞു നിന്നുകൊണ്ടെ ഇരിക്കും. ബിലാത്തിയിൽനിന്നു വരുന്ന മഹാന്മാരായ സകല ജനങ്ങളും ഇവിടെയാണു് ഒന്നാമത് ഇറങ്ങുന്നതു്. അങ്ങിനെ തന്നെ ഇൻഡ്യയിൽനിന്നു ബിലാത്തിക്കു പോകുന്നവരും ഇവിടെനിന്നാണു സാധാരണയായി കപ്പൽ കയറുന്നതു്. പിന്നെ പ്രായേണ സകലവിധ വിശേഷചരക്കുകളും ഇൻഡ്യയിലേക്കു ബിലാത്തിയിൽനിന്നു വരുന്നതു് ഒന്നാമത് ഇറക്കുന്നതും ഈ മഹത്തായ ബെന്തറിൽ ആണു്. അങ്ങിനെയുള്ള ഒരു സ്ഥലത്തിന്റെ മഹിമയെക്കുറിച്ചു ഞാൻ വല്ലതും വൎണ്ണിക്കേണ്ടതുണ്ടോ?

"വൈകുന്നേരം നാലുമണിമുതൽ ഏഴുമണിവരെ ഈ ബന്തറിൽ നടന്നു നോക്കിയാൽ കാണാവുന്ന കാഴ്ച വേറെ ഭൂമിയിൽ ഒരേടത്തും കാണ്മാൻ പാടില്ലെന്നു പറവാൻ പാടില്ലെങ്കിൽ, ഇൻഡ്യയിൽ വേറെ ഒരു സ്ഥലത്തും ഇല്ലെന്നു തീൎച്ചയായും ഞാൻ പറയുന്നു.

“പൊൽനരപോലെ അതിധവളങ്ങളായും ഇരുണ്ട മേഘംപോലെ ശ്യാമളങ്ങളായും കുങ്കുമവൎണ്ണങ്ങളായും അരുണവൎണ്ണങ്ങളായും ഉള്ള പല മാതിരി അത്യുന്നതങ്ങളായ ആറും നാലും രണ്ടും കുതിരകളാൽ വലിക്കപ്പെടുന്നതും മഞ്ഞവെയിലിൽ അതിമനോഹരമായി മിന്നിത്തിളങ്ങിക്കൊണ്ടു കണ്ണുകളെ മയക്കുന്നതും ആയ ‘ഗാഡികൾ’ അസംഖ്യം അന്യോന്യം തിക്കിത്തിരക്കില്ലാതെ ഓടുന്നതുകളേയും ചിത്രത്തിൽ നില്ക്കുന്നതുപോലെ ബഹുസജ്ജമായിട്ടു സമുദ്രതീരത്തിൽ ചിലേടങ്ങളിൽ നിൎത്തീട്ടുള്ളതുകളുടേയും കാഴ്ച; പിന്നെ ആ ‘ഗാഡി’കളിൽ തന്നെ ഇരുന്നു കടൽക്കാററു കൊള്ളുന്നവരുടേയും പുറത്തിറങ്ങി നടന്നിട്ടും കടൽവക്കത്തു കെട്ടിയുണ്ടാക്കീട്ടുള്ള അതിമനോഹരമായ ഇരിപ്പിടങ്ങളിൽ ഇരുന്നിട്ടും കാണാവുന്ന മഹാന്മാരായ പുരുഷന്മാരുടേയും ചന്ദ്രമുഖികളായ സ്ത്രീകളുടേയും വികസിച്ചുനില്ക്കുന്ന ചെന്താമരകളെപ്പോലെ ശോഭിച്ചുകാണുന്ന മുഖങ്ങളോടുകൂടിയ ചെറിയ കിടാങ്ങളുടേയും സംഘം സമുദ്രത്തിൽനിന്നു വരുന്ന മന്ദസമീരനെ ഏററവും രസിച്ചു സല്ലപിച്ചിരിക്കുന്നതിനെ കാണുന്ന ആനന്ദകരമായ ഒരു കാഴ്ച; നിരന്നു ഞാനോ നീയ്യോ വലിയതു് എന്നുള്ള ശണ്ഠയോടുകൂടിയെന്നു തോന്നും, വരിവരിയായി, നില്ക്കുന്ന ഇംഗ്ലീഷ്‌സ്റ്റീമർ, ഫ്രഞ്ചുസ്റ്റീമർ, ജൎമ്മൻസ്റ്റീമർ, മറെറാരോ യൂറോപ്യൻ രാജ്യത്തിലുള്ള വലിയ കപ്പലുകൾ ഇവരുടെ കാഴ്ച; ഇങ്ങിനെയിരിക്കുമ്പോൾ അതിൽ ചില കപ്പലുകൾ യാത്രക്കു പുറപ്പെട്ടു ധൂമം, വലിയ കുഴലിൽകൂടി, തള്ളിത്തള്ളി ആകാശത്തിലേക്കു വിടുന്നതു നോക്കിയിരിക്കേ, ആ കപ്പലുകളേയും ധൂമത്തേയും ക്രമേണ കാണാതെയായി

വരുന്ന ഒരു കാഴ്ച; അങ്ങിനെതന്നെ ബന്തറിലേക്ക വരുന്ന കപ്പലുകൾ ക്രമേണ അതുകളുടെ വലിപ്പത്തെ കാണിച്ചുംകൊണ്ടു കരയോട്ട് അടുക്കുന്നതു കാണുന്ന കാഴ്ച; വയ്യമ്പാടുള്ള മഞ്ഞവെയിൽ തട്ടി ഉളിയുന്നതായ അതിഭംഗിയുള്ള ചെറിയ പിച്ചളകഴുത്തുകൾവെച്ച കുഴലുകളിൽക്കൂടി പുക വിട്ടുവിട്ടു ബഹുമനോഹരമാകുംവണ്ണം കപ്പലുകളുടെ സമീപത്തുനിന്നും പീയറിലേക്കും പീയറുകളിൽനിന്നു കപ്പലുകളുടെ സമീപത്തേക്കും അതിമേദുരങ്ങളായി നില്ക്കുന്ന ആ കപ്പലുകളുടെ ചെറുകിടാങ്ങൾ പാഞ്ഞുകളിക്കുന്നതോ എന്നു മനസ്സിൽ തോന്നിക്കുംവിധം അങ്ങട്ടും ഇങ്ങട്ടും ഓടുന്ന ചെറിയ തീബോട്ടുകളുടെ അതികൌതുകമായ വ്യാപാരങ്ങളെ കാണുന്ന ഒരു കാഴ്ച.

"ഒരേടത്തു സമുദ്രസഞ്ചാരത്തിന്നുപുറപ്പെടുന്ന അതിമഹാന്മാരായ ജനങ്ങളും പരിവാരങ്ങളും കപ്പലിൽ കയറുവാൻ പുറപ്പെടുന്നതും അന്യയാത്രക്ക വന്നവർ ആശീർവചനങ്ങളോടുകൂടി യാത്രപറഞ്ഞു വ്യസനിച്ചുംകൊണ്ടു പിരിഞ്ഞുപോവുന്നതും കാണാം. മറെറാരേടത്തു അധികംകാലമായി ബിലാത്തിയിൽ സംഗതിവശാൽ പോയി താമസിക്കേണ്ടിവന്നവളും തന്റെ പ്രാണപ്രിയയും ആയ ഭാൎയ്യ കപ്പലിൽനിന്നു് ഇറങ്ങുമ്പോൾ അത്യന്തം ആഗ്രഹത്തോടെ, എതിരേൽക്കുവാൻ ചെന്നു് നിൽക്കുന്നഭത്താവു്, ഭാൎയ്യയെബോട്ടിൽനിന്നു് ഇറക്കി ഗാഢാലിംഗനം ചെയ്തു് വിമാനസദൃശമായ ഗാഡിയിൽ കയററി അതിസന്തോഷത്തോടുകൂടി ഓടിച്ചുംകൊണ്ടു പോകുന്നതുകാണാം. മറെറാരേടത്തു് അപ്പോൾ കപ്പ

ലിൽനിന്നു് ഇറങ്ങിയവരും, നാലും അഞ്ചും കൊല്ലം അച്ഛനമ്മമാരെ ഒരു നോക്കുകണ്ടിട്ടില്ലാത്തവരും ആയ കിടാങ്ങളെ അച്ഛനമ്മമാർ വന്നു് എടുത്തു് അത്യന്തഹർഷത്തോടുകൂടി ചുംബിച്ചു സന്തോഷാശ്രുക്കളോടും ഗൽഗദാക്ഷരങ്ങളായ വാക്കുകളോടുംകൂടി അന്യോന്യം പ്രേമപരവശരായി നില്ക്കുന്നതു കാണാം. ഇതിനെല്ലാം പുറമെ ജനങ്ങളുടെ വിനോദത്തിനു വേണ്ടി അവിടവിടെ വെച്ചു പ്രയോഗിക്കുന്ന ബാൻഡുവാദ്യത്തിന്റെ സുഖമായ സംഗീതകോലാഹലം. പിന്നെ ഈ സകലകാര്യങ്ങൾക്കും വിനോദങ്ങൾക്കും ജീവനും അതിശോഭയും കൊടുക്കുന്നതും വാചാമഗോചരമായി നിസ്തുല്യമായിരിക്കുന്നതും ആയ സൂര്യാസ്തമനശോഭ. ഇതുകളെല്ലാം കണ്ടു കണ്ടു് മാധവൻ ആനന്ദിച്ചു നിന്നുപോയി."

ഇതുപോലെതന്നെ ബാബു ഗോവിന്ദസേനന്റെ 'അമരാവതി' ബങ്കളാവിനെ വർണ്ണിച്ചതും, സൂരിനമ്പൂതിരിപ്പാടിലെ സ്വർണ്ണമയമായ ഉടുപ്പും മോടിയും വർണ്ണിച്ചതും 'ശാരദ'യിലും, 'ഇന്ദുലേഖ'യിലും ഉള്ള ചില പാത്രങ്ങളുടെ ആകൃതിയും പ്രകൃതിയും വർണ്ണിച്ചതും മററും ആ പുസ്തകങ്ങൾ വായിച്ചുതന്നെ അറിഞ്ഞുകൊള്ളേണ്ടതാണ്. എന്നാൽ 'ശാരദ'യിൽ ദുഷ്ടജനങ്ങളെപ്പററി ചെയ്തിട്ടുള്ള വിവരണത്തിൽ അല്പംഭാഗം താഴെ എഴുതുന്നു:—

" * * * ജഗദീശ്വരൻ ദുഷ്ടമനുഷ്യരെ സൃഷ്ടിക്കുമ്പോൾ അവർക്ക് ദുഷ്ടമൃഗങ്ങളെ വേർതിരിച്ചറിയിക്കുന്ന മാതിരിയിലുള്ള വല്ല ദംഷ്ട്രകളോ കൊമ്പുകളോ നഖങ്ങളോ മററുവല്ല അടയാളമോ കൊടുത്തിരുന്നുവെ

കിൽ ഈ ലോകത്തിൽ മനുഷ്യരിൽനിന്നു മനുഷ്യൎക്കു ഇത്ര ആപത്തുകൾ നേരിടുന്നതല്ലായിരുന്നു. ഒരു സൎപ്പം ഫണമുയൎത്തി കടിപ്പാൻ വരുന്നതു കാണുമ്പോൾ നമുക്കു ഒന്നുകിൽ അതിനെ അടിച്ചുകൊന്നുകളയാം. അല്ലെങ്കിൽ അതു സമീപിക്കുന്നതിനുമുമ്പു ഓടിക്കളയാം. ഒരു ദുഷ്ടമനുഷ്യൻ ഭംഗിവാക്കും പറഞ്ഞു സമീപത്തു വന്നു മന്ദഹസിച്ചുംകൊണ്ടിരിക്കുന്നതിനിടയിൽ ഒരു കത്തി എടുത്തു നമ്മുടെ കഴുത്തിൽ കുത്തി, കൊല്ലുവാനുറച്ചാലോ? അനുഭവിക്കുക എന്നല്ലാതെ എന്തു നിവൃത്തി? ഇതരജന്തുക്കളിൽ ഉള്ളതുപോലെ തന്നെ മനുഷ്യനും ഈ വക ഓരോ ക്രൂരകൎമ്മങ്ങൾ ചെയ്യുന്നതിനുള്ള മുഖ്യഹേതു സ്വാൎത്ഥംതന്നെയാണു്. എന്നാൽ ഒരു മൃഗത്തിന്റെ സ്വാൎത്ഥവികാരങ്ങൾക്കു അളവുണ്ടു്. മനുഷ്യന്റെ സ്വാൎത്ഥവികാരങ്ങൾക്കു യാതൊരു അളവുമില്ല. മൃഗത്തിനു വിശേഷബുദ്ധി ഇല്ലാത്തതിനാൽ അതിന്റെ സ്വാൎത്ഥവികാരനിവൃത്തിക്കുവേണ്ടി ചെയ്യുന്ന ദൌഷ്ട്യകൎമ്മങ്ങൾക്കു അളവുണ്ടു്. മനുഷ്യനു വിശേഷബുദ്ധിയുള്ളതിനാൽ മനുഷ്യന്റെ സ്വാൎത്ഥവികാരനിവൃത്തിക്കു ചെയ്യുന്ന ദൌഷ്ട്യകൎമ്മങ്ങൾക്കു അളവില്ല. * * * * ഒരു ദുഷ്ടബുദ്ധിക്കു, പഠിപ്പും അറിവും എത്രയെങ്കിലും ഉണ്ടായാലും ദുഷ്ടകൎമ്മം ചെയ്യുന്നതിൽ യാതൊരു വിരക്തിയും ഉണ്ടാകയില്ല. പഠിപ്പും അറിവും ഉള്ള ദുഷ്ടൻ ചെയ്യുന്ന ദുഷ്ടകൎമ്മത്തിന്നു വെടിപ്പും മിടുക്കും കൂടും. വലിയ പഠിപ്പു്, വലിയ ഉദ്യോഗം, ഒന്നാന്തരം തലക്കെട്ടു്, വിശേഷമായ പട്ടുകോട്ടു്, ഭംഗിയുള്ള ചന്ദനപ്പൊട്ടു്, ജനാവശ്യകരമായ പുഞ്ചിരി, വിനയമൃദുലമായ വാ

ക്ക്, സർവജനസമ്മതമായ നാട്യം,—ഇതുകളോടുകൂടി യുള്ള എത്ര ഭയങ്കരദുഷ്ടന്മാരെ നാം ദിവസേന കാണു ന്നു. ആ മന്ദഹാസത്തിന്റെ ഉള്ളിൽ നിറഞ്ഞിരിക്കു ന്ന കാളകൂടത്തിന്റെ ശക്തി കടിപിണഞ്ഞവൎക്കേ അ റിവാൻ കഴികയുള്ളൂ. ഒരു വ്യാഘ്രത്തിന്നോ പുലിക്കോ ഈ മാതിരിയുള്ള വേഷത്തിലും ദുഷ്ടകർമ്മം ചെയ്യാൻ സാധിക്കുമോ?''

വല്ലവരുടേയുമോ, വല്ല സമുദായത്തിന്റേയുമോ വ ല്ല ഏൎപ്പാടിന്റേയുമോ, ദോഷങ്ങൾ ചൂണ്ടിക്കാണിച്ചു, അവ നന്നായി കാണേണമെന്നുള്ള ഉദ്ദേശത്തോടുകൂടി പരിഹസിക്കുന്ന 'ഉപാലംഭനങ്ങൾ' എഴുതുവാൻ ചന്തു മേനോനുണ്ടായിരുന്ന വാസനയെ ജയിക്കുവാൻ കേരള ത്തിൽ ഇതുവരെ ആൎക്കും സാധിച്ചിട്ടില്ല; യഥാൎത്ഥം പറയുന്നതായാൽ "ഇന്ദുലേഖ" എന്ന പുസ്തകം തന്നെ യും കേരളത്തിലെ മരുമക്കത്തായ ആചാരത്തെപ്പററി യുള്ള ഒരു ഉപാലംഭനമാകുന്നു. ഇത്തരം ഉപന്യാസ ത്തിന്നു ഒരു പ്രത്യേകഉദാഹരണം ശാരദയിലെ കൊ ളൊമ്പിന്റെ വൎണ്ണനയാണ്. വക്കീൽമാർ വായനശാ ലയായി ഉപയോഗിച്ച ക്ലബ്ബിനെ വളരെ അതിശയോ ക്തിയോടുകൂടിയാണ് ചന്തുമേനോൻ വിവരിച്ചതെന്നു സമ്മതിക്കുന്നു. എന്നാൽ വായനക്കാർ, ആ വിവരണ ത്തിലെ ഫലിതവും പരിഹാസവും ഓർത്തു ചിരിക്കുന്ന തിനിടക്ക്, അതിലെ അതിശയോക്തിയെപ്പററി ആ ലോചിക്കുവാൻ അവൎക്കു സമയമില്ല. ആ വിവരണം തഴെ പകർത്തുന്നു. വ്യവഹാരകാൎയ്യസ്ഥനായ താ ണ്ഡുമേനോൻ വക്കീൽമാരുടെ ക്ലബ്ബിനെപ്പററി കളമ്പു്

എന്നാണു പറയുന്നതു്. കളമ്പു് എവിടെയാണെന്നു ഒ
രു സ്കൂൾകുട്ടിയോടു് ചോദിച്ചപ്പോൾ അതു് സിലോ
ണിലാണെന്നാണു് ആ കുട്ടി പറഞ്ഞതു്. കളമ്പു് എ
ന്നല്ല അതിന്നു പറയാറെന്നും "കൊളമ്പൊ" ആണെ
ന്നും തെററുതീർത്തുകൊടുത്തതു് ഒരു പട്ടരായിരുന്നു. ക
ളമ്പായാലും കൊളൊമ്പായാലും അതു് ഏതാണെ
ന്നല്ലേ? ചന്തുമേനോൻ പറയുന്നു:—

"താശ്ലുമ്മേനോൻ വ്യവഹാരആവശ്യങ്ങൾക്കായി മു
മ്പു വന്നിരുന്ന കാലങ്ങളിൽ ഹരിഹരൻ പട്ടർ എന്നു
പേരായ ഒരു ചോററു കച്ചവടക്കാരൻ ചോറുവെച്ചു വി
ററിരുന്ന ഒരു സ്ഥലമായിരുന്നു അതു്. താശ്ലുമ്മേനോൻ
വ്യവഹാരകാൎയ്യങ്ങൾക്കായി വന്നാൽ ഒന്നും രണ്ടും മാ
സം ഒന്നായി ഈ മഠത്തിലാണു താമസിച്ചുവന്നതു്. മ
ഠം മുമ്പത്തേതിലും വളരെ ജീൎണ്ണിച്ചിരിക്കുന്നു. കിഴക്കു
ഭാഗം മുമ്പു് ഒരു ചുവരുണ്ടായിരുന്നതു് ഇടിഞ്ഞുവീണ
സ്ഥിതിയിൽ കിടക്കുന്നു. കാററിൻേറയും മഴയുടേയും
അസഹ്യതയെ തടുപ്പാൻ ആ ചുവരുണ്ടായിരുന്ന സ്ഥല
ത്തു് ഒരു ഓലപ്പായ കെട്ടിത്തൂക്കിയിരിക്കുന്നു. ആ തൂക്കി
യ പായ പൊന്തിച്ചിട്ടുവേണം അകത്തേക്കു് കടപ്പാൻ.
താശ്ലുമ്മേനോൻ പായപൊന്തിച്ചു അകത്തേക്കു തല
യിട്ടുനോക്കിയപ്പോൾ മുമ്പു താനും വഴിപോക്കരും
പലപ്പോഴും ഉണ്ണാനിരുന്ന മുറിയിൽ എട്ടുപത്തു വലിയ
യോഗ്യന്മാർ വളരെ ഘനത്തോടെ വൎത്തമാനക്കടലാസ്സു
കളേയും പുസ്തകങ്ങളേയും വായിക്കുന്നതു കണ്ടു. മുമ്പു താ
ശ്ലുമ്മേനോൻ താമസിച്ചിരുന്ന കാലത്തു് ഈ മുറിയിൽ
ഇപ്പോൾ കണ്ടതുപോലെയുള്ള വെളിച്ചം ഉണ്ടായിരു
ന്നില്ല. ഇതു് ഈ മുറിക്കു വലിയ ജാലകങ്ങൾ പിന്നെ

ഉണ്ടാക്കിച്ചതു കൊണ്ടാണെന്നു് എന്റെ വായനക്കാർ ശങ്കിക്കരുതെ. മേൽപ്പുരകെട്ടാൻ സമയപ്രകാരം വരിപ്പണം കിട്ടാത്തതു കൊണ്ടു പുരയുടെ ഓല അവിടവിടെ ദ്രവിച്ചു നശിച്ചുണ്ടായ ദ്വാരങ്ങളിൽ കൂടി സൂൎയ്യരശ്മി ധാരാളമായി അകത്തേക്കു പ്രവേശിച്ചുണ്ടാകുന്ന വെളിച്ചമാണു് ഈ അധികമായ വെളിച്ചം. വൃത്താകൃതിയായുള്ള ഈ രശ്മികളിൽ ചിലതു് അവിടെ ഇരിക്കുന്ന ചില യോഗ്യന്മാരുടെ തലമണ്ടയിൽ അടിക്കുന്നതിനെ വേഷ്ടിയാലും തോർത്തുമുണ്ടിനാലും തൽക്കാലം ആച്ഛാദനം ചെയ്തുകൊണ്ടു, ഗാംഭീൎയ്യഭാവത്തിനു് ഒട്ടും കുറവില്ലാതെ ചിലർ വായിക്കുന്നു. ഈ അറയുടെ നടുവിൽ ഒരു മേശ ഇട്ടിട്ടുണ്ടു്. അതിന്നു് ആകെ മൂന്നു കാലുകൾ മാത്രമേ ഉള്ളൂ. കഴിച്ചുള്ള ഒരു ഭാഗം സമമാക്കിനിൎത്തീട്ടുള്ളതു് കല്ലുകളും മരക്കഷണങ്ങളും മേല്ക്കുമേൽ വെച്ചു് ഉയൎത്തീട്ടാണു്. തന്റെ സ്നേഹിതൻ വക്കിൽ ശാമുമേനവനവർകൾ ഇരിക്കുന്നതു കണ്ടതു് ഒരു പഴയ വാതിൽപ്പലകയിന്മേലാണു്. ഹരിഹരൻപട്ടരുടെ പഴയ അടുപ്പുകല്ലുകൾ പറിച്ചെടുത്തു രണ്ടു ഭാഗത്തും ഉയൎത്തിവെച്ചു് അതിന്മേൽ വാതില്പലകവെച്ചു് അതിന്മേലാണു ശാമുമേനോൻ അവർകൾ ഇരിക്കുന്നതു്. പ്രസിദ്ധനായ വക്കീൽ കർപ്പൂരയ്യനും അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹം ഇരിക്കുന്നതു ശാമുമേനോനെക്കാളും ഭേദമായിട്ടാണു്. ഇംഗ്ലീഷിൽ 'ഈസിചെയർ' എന്നു പേർ പറയപ്പെടുന്ന ഒരുവക ചാരിക്കിടക്കുന്ന കസാലയുടെ ഏതാനും ഒരു അംശത്തിന്മേലാണു് ഇദ്ദേഹം ഇരിക്കുന്നതു്. ഏതാനും ഒരംശം എന്നുവെച്ചാൽ വളരെ കുറച്ചേ ബാക്കി

യുള്ളു. കാലുകളും കൈകളും വെക്കുന്ന രണ്ടു തണ്ടുകളും അതുകൾ നിർത്തിയിരുന്ന രണ്ടു കുററികളും ചാരുന്ന ഭാഗമുള്ള തണ്ടുകൾ പകുതിയും പൊട്ടിപ്പോയിരിക്കുന്നു. ചാരിക്കിടക്കുന്ന ഭാഗത്തു ബാക്കിയുള്ള തണ്ടിന്മേൽ ചൂരൽ മുഴുവനും പോയ്പ്പോയിരിക്കുന്നു. കഷ്ടിച്ച് ഇരിക്കാനുള്ള സ്ഥലത്തുമാത്രമേ ചൂരൽ ഉള്ളു. കാലു നാലും ഉണ്ട്. എന്നാൽ അതിൽ ഒന്നിന്നു കലശലായ ഇളക്കമോ വല്ല കേടോ ഉണ്ടെന്നു കർപ്പൂരയ്യൻ വായിക്കുന്നതിന്നിടയിൽ കൂടക്കൂടെ ബദ്ധപ്പെട്ട് ആ കാലിന്മേലേക്കു നോക്കുന്നതുകൊണ്ടു നിശ്ചയിക്കാം. വായിക്കുന്നതിൽ ഒന്നുരണ്ടാൾ ഈ അറയുടെ നടുവിൽ ഇട്ടിരിക്കുന്ന മേശയുടെ വക്കിന്മേൽ സന്ധിച്ചിരുന്നു വായിക്കുന്നു. ഒരാൾ മൂന്നു കാലുകൾ മാത്രമുള്ള ഒരു ചെറിയ കസാലമേൽ ഇരുന്നു, വീഴാതിരിപ്പാൻ എടത്തെ കൈകൊണ്ടു ചെറിയ ഒരു കിളിവാതിലിൻെറ അഴി മുറുക്കേ പിടിച്ചു വലത്തെ കയ്യിൽ വർത്തമാനക്കടലാസ്സുവെച്ചു വായിക്കുന്നു. മറെറാരു യോഗ്യൻ, ഹരിഹരൻപട്ടരു വേണ്ടെന്നുവെച്ച് ഇട്ടേച്ചുപോയിട്ടുള്ള ഒരു പഴയ അരിപ്പെട്ടിയിന്മേൽ കയറിയിരുന്നു വായിക്കുന്നു. മറെറാരാൾക്ക് ഇരിപ്പാൻ സാധനമൊന്നും കിട്ടാത്തതിനാൽ ഹരിഹരൻ പട്ടരുടെ പഴയ അടുക്കളയുടെ മുറിമണ്ണിന്മേൽ തോർത്തുമുണ്ടു മടക്കിയിട്ട് ഇരുന്നു വായിക്കുന്നു."

ഇതാണു 'കൊളംബ്!' എന്തൊരു പരിഹാസമാണിതു്!

വാക്കുകളെയും വാക്യങ്ങളെയും പററി അധികമൊന്നും നിഷ്കർഷയായി ആലോചിക്കാതെ, മനസ്സിൽതിള

ങ്ങിത്തള്ളിവരുന്ന ആശയത്തെ നേർക്കുനേരെ പറയുകയെന്നുള്ളതായിരുന്നു ചന്തുമേനോന്റെ വാക്യരീതിക്കുള്ള ഒരു വിശേഷവിധി. അതുകൊണ്ടായിരുന്നു ആ വാക്യങ്ങൾ സ്വാഭാവികമായ വിധത്തിൽ വായനക്കാരുടെ ഹൃദയത്തിൽ പ്രവേശിച്ച്, തന്മയത്വംകൊണ്ടുള്ള അനുഭവരസികത്വവും ഉണ്ടാക്കിയിരുന്നതു്. ഇന്ദുലേഖയെ സംബന്ധംചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി പൂവള്ളി വീട്ടിൽ പല്ലക്കിൽ ചെന്നിറങ്ങിയ സൂരിനമ്പൂതിരിപ്പാടിന്റെ സഞ്ചാരഘോഷവും അദ്ദേഹത്തെ കാണ്മാൻ ജനങ്ങൾക്കുണ്ടായ തിക്കും തിരക്കും വിവരിക്കുന്ന വാക്യങ്ങളിലെ വാക്കുകൾതന്നെ, സ്ഥാനംപിടിക്കാൻ തിക്കും തിരക്കും കൂട്ടുകയല്ലയോ ചെയ്യുന്നതെന്നു തോന്നും. ഇതു നോക്കുക:—

"അപ്പോൾ അവിടെ ഉണ്ടായ ഒരു ഘോഷത്തെക്കുറിച്ചു പറവാൻ പ്രയാസം. പല്ലക്കിന്ന് എട്ടാൾ, മഞ്ചലിന്ന് ആറാൾ; എടുത്തുവരുന്നവരും മാററിക്കൊടുപ്പാൻ ഒന്നിച്ചുനടക്കുന്നവരും ഒന്നായിട്ടു മൂളണം എന്നാണു കല്പന; പതിന്നാൽപേർകൂടി ഒന്നിച്ചു മൂളാൻ. രണ്ടുനാലാൾ മുമ്പിൽ നിന്നു ഹേ, ഹൂ, ഹോ, ഹോ, ഹൂ, ഹൂ; എന്നു ചില ശബ്ദങ്ങൾ. ഈ നിലവിളി നമ്പൂരിപ്പാട്ടിലേക്കുള്ള രാജചിഹ്നമാണത്രെ! ഇങ്ങിനെ ഘോഷത്തോടുകൂടിയാണു പല്ലക്കു മുററത്തു് എത്തിയതു്. ചെറുശ്ശേരി നമ്പൂരി പടിക്കൽ നിന്നുതന്നെ മഞ്ചലിൽ നിന്നു് ഇറങ്ങി; എങ്കിലും ആ മഞ്ചൽക്കാരും മുററത്തോളം മൂളിക്കൊണ്ടുതന്നെ വന്നു. പഞ്ചുമേനോന്റെ തറവാട്ടുവീട്ടിലും സ്വന്തം മാളികയിലും താമസിക്കുന്ന ആബാലവൃദ്ധം (ഇന്ദുലേഖയും ഗോവിന്ദൻകുട്ടിമേനോനും-

ഒഴികെ) ഒരു പടയോ മറ്റൊ വരുമ്പോഴുള്ള തിരക്കു പോലെ തിരക്കി, ഓരോ ദിക്കിൽ ഓരോരുത്തൎക്കു കഴിയുംപോലെയും കിട്ടുമ്പോലെയും ഉള്ള സ്ഥലത്തുനിന്നു കണ്ണുപറിക്കാതെ ൟ വരവു നോക്കിത്തന്നെ നിന്നു പോയി. വീട്ടിലുള്ള സ്ത്രീകൾ മാളികകളുടെ മുകളിലുള്ള ജാലകങ്ങളിൽക്കൂടി തിക്കിത്തിരക്കീട്ടു് അങ്ങിനെ. പുരുഷന്മാർ, യജമാനന്മാർ, സകലവും ബദ്ധപ്പെട്ടു് ഉണ്ണാതെ എതിരേല്പാൻ വന്ന പഞ്ചുമേനോനെ മുൻനിൎത്തി പൂമുഖത്തു് ഒരു തിരക്കു്. കേശവൻ നമ്പൂതിരി എതിരേററു പല്ലക്കിൽനിന്നു് ഇറക്കുവാൻ മിററത്തു ഇറങ്ങിനിന്നുകൊണ്ടു്; കാൎയ്യസ്ഥന്മാർ, ഭൃത്യവൎഗ്ഗങ്ങൾ, മിററത്തു തിക്കിയും തിരക്കിയും; അടുക്കളപണിക്കാർ അടുക്കളയിലെ ജാലകങ്ങളിൽക്കൂടിയും ചുമരിൽ ഉള്ള ചില ദ്വാരങ്ങളിൽ കൂടിയും കണ്ണുമാത്രം പുറത്താക്കീട്ടു് അങ്ങിനെ; വൃഷളിവൎഗ്ഗം ചില വാഴകൾ മറഞ്ഞിട്ടും വേലിമറഞ്ഞിട്ടും എത്തിനോക്കിക്കൊണ്ടു് അങ്ങിനെ; ൟ ആഘോഷശബ്ദവും ആട്ടം വിളിയും കേട്ടു് ഊട്ടുപുരയിൽ ഊണുകഴിച്ചു വെയിൽതാണിട്ടു പുറപ്പെടാൻ നിശ്ചയിച്ചു കിടന്നുറങ്ങുന്ന വഴിയാത്രക്കാർ ബ്രാഹ്മണർ ആസകലവും ഞെട്ടിയുണൎന്നു് ഓടി കുളവക്കത്തും പടിയിലും, കയറിയിരിക്കാൻ പാടുള്ള സകല സ്ഥലങ്ങളിലും വഴിക്കു കൂട്ടമായും കെട്ടിക്കൊണ്ടു് "എന്നാധാഇത്തു്, ആരാധാ ഇത്തു്, ഭൂകമ്പമായിരിക്കേ", ഇങ്ങിനെ ചോദിച്ചുകൊണ്ടു് ഒരു തെരക്കു് അങ്ങിനെ; എന്നുവേണ്ട, ചെമ്പഴിയോട്ടു പൂവള്ളി വീട്ടിന്നു സമീപവാസികളായ എല്ലാവരും ഭൂകമ്പം ഉണ്ടായാൽ എങ്ങിനെയോ, അതുപോലെ ഒന്നു ഭ്രമിച്ചുപോയി."

ചന്തുമേനോൻെറ വാക്യങ്ങൾക്കും വിവരണങ്ങൾക്കും ഉള്ള സ്ഥായിയായ മററു ചില ഗുണങ്ങളും രസങ്ങളും അദ്ദേഹത്തിൻെറ നോവലുകളെപ്പററി വിമർശിക്കുന്ന ഇനിയത്തെ അധ്യായങ്ങളിൽ സന്ദർഭവശാൽ കാണിക്കേണ്ടിവരുന്നതാകയാൽ ഇവിടെ അധികം പറയുന്നില്ല.

---

## VI

## നോവൽസാഹിത്യം.

---

ചന്തുമേനോൻെറ രണ്ടു നോവലുകളെ വിമർശിക്കുന്നതിന്നു മുമ്പ്, "നോവൽ" എന്ന സാഹിത്യപ്രസ്ഥാനത്തെപ്പററി പ്രസ്താവിക്കുന്നതു് ആവശ്യമാണെന്നു വിചാരിക്കുന്നു. മലയാളഭാഷയിൽ 'നോവൽ' എന്ന പ്രസ്ഥാനം ഉണ്ടായതു് ഇംഗ്ലീഷുഭാഷയുടെ സഹായത്താലാണല്ലൊ. ആ ഭാഷയിലെ നോവലുകളുടെ സ്ഥിതിയെന്താണു്? ചരിത്രമെന്താണു്? 'നോവൽ' എന്നു വെച്ചാൽ തന്നെ എന്താണു്?

തുടച്ചയായി നടന്ന പ്രകാരമുള്ള ചില കാൎയ്യങ്ങളെ അടക്കിക്കൊണ്ടും മനുഷ്യജീവിതത്തിൻെറ വല്ല പ്രത്യേകമുഖത്തെയും വിശദപ്പെടുത്തിക്കൊണ്ടും യഥാൎത്ഥത്തിൽ സംഭവിക്കാത്തതെങ്കിലും അസംഭാവ്യമാണെന്നു തോന്നാത്ത വിധത്തിൽ തന്മയത്വത്തോടുകൂടി എഴുതിയുണ്ടാക്കുന്ന ഒരു ഗദ്യഗ്രന്ഥമാകുന്നു നോവൽ.

മനുഷ്യജീവിതത്തിൻെറ വിവിധമുഖങ്ങൾ, (1) സമുദായത്തിൻെറ പ്രത്യേകസ്ഥിതിഗതികൾ (2) ചരിത്ര-

ത്തിലെ വല്ല കാലത്തിലേയും പ്രത്യേക സ്വഭാവം (3) മനുഷ്യജീവികൾക്കു് അനുഭവമാകുന്ന കഷ്ടാരിഷ്ടതകൾ (4) വല്ല സ്ഥാപനങ്ങളുടെയോ ജനസാമാന്യത്തിന്റെ പൊതുവിലുള്ള പ്രവൃത്തികളുടെയോ ഗുണദോഷഫലങ്ങൾ (5) ലോകത്തിൽ ജനങ്ങളുടെ ചില പ്രത്യേക അഭിപ്രായങ്ങളുടെ ഗതി, മുതലായവയായിരിക്കാം. ഈ ഓരോ സംഗതിയേയും പ്രത്യേകം വിശദപ്പെടുത്തി വിവരിക്കുന്ന നോവലുകൾ ഉണ്ടായിട്ടുണ്ടു്. ഈ നിലയിൽ നോവലുകൾ, പല തരത്തിലായി വിഭാഗിക്കപ്പെടാം. ചിലതു തത്വശാസ്ത്രങ്ങളെ വിശദപ്പെടുത്തുന്നവയായിരിക്കും. മതകാൎയ്യങ്ങളെപ്പററി പ്രതിപാദിക്കുന്നവ ഈ ഇനത്തിൽപ്പെട്ടവയാകുന്നു. ജനറൽ ല്യൂവാലസ് എന്ന വിദ്വാൻ എഴുതിയതും ഇപ്പോൾ മലയാളഭാഷയിൽ പരിഭാഷ ചെയ്തിട്ടുള്ളതും ആയ 'ബെൻഹർ' എന്ന നോവൽ ഇതിനു ഒരു ഉദാഹരണമാകുന്നു. ഇങ്ങിനെയുള്ള കഥകളിൽ നിർദ്ദേശിക്കുന്ന തത്വങ്ങൾ ലോകോപകാരപ്രദമായിരിക്കേണ്ടതും ഉപയോഗിക്കുന്ന ഭാഷ നിർദ്ദോഷമായിരിക്കേണ്ടതും അതിലെ കഥാപാത്രങ്ങൾ അവർ വഴിയായി ദൃഷ്ടാന്തപ്പെടുത്തുന്ന ഗുണങ്ങൾക്കു് അനുയോജ്യരായിരിക്കേണ്ടതുമാകുന്നു.

ഒരു സമുദായത്തിലെ ആചാരാദികൾക്കുള്ള ദോഷങ്ങളെ വിശദപ്പെടുത്തി കാണിച്ചുകൊടുക്കുകയാകുന്നു സാമുദായികനോവലുകൾ ചെയ്യുന്നതു്. പരന്നു കിടക്കുന്നവയും അതിനാൽ യഥാൎത്ഥസ്ഥിതി എല്ലാവൎക്കും ഗ്രഹിക്കാൻ അശക്യമായതും ആയ ആവക ദോഷങ്ങളെ ആക

പ്പാടെ ഒരുമിച്ചു ചേൎത്തു് ഒരു നോട്ടത്തിനു് അല്പസമയം
കൊണ്ടു ഗ്രഹിക്കത്തക്കനിലയിൽ കഥാരൂപത്തിൽ പ്ര
ത്യക്ഷപ്പെടുത്തുന്നതിനാൽ സാമുദായികനോവലുകളുടെ
ഉദ്ദേശ്യം ആവക ദോഷങ്ങളെ പരിഹരിക്കുവാൻ സമു
ദായനേതാക്കളെ ഉൽബോധിപ്പിക്കുകയാകുന്നു. ഇത്ത
രം നോവലുകളിൽ വലിയൊരു ഇതിവൃത്തമല്ല, അത്യാ
വശ്യം; പാത്രവിവരണമാണു്.

വായനക്കാരുടെ മനസ്സിൽ ക്ഷോഭം ജനിപ്പിക്കേണ്ടു
ന്ന ഉദ്ദേശത്തോടുകൂടി മാത്രം രചിക്കപ്പെടുന്ന ചില നോ
വലുകളുണ്ടു്. ധനാപഹരണവും, കൊല്ലുകൊലയും, ആ
ത്മഹത്യയും, സ്ത്രീമോഷണവും, കുററാന്വേഷണവും, വ
ധശിക്ഷയും മററും വിവരിച്ചു വായനക്കാരിൽ രസം പി
ടിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി എഴുതപ്പെടുന്ന
ഈവക കഥകൾ വായിക്കുന്നതുകൊണ്ടു മനുഷ്യരുടെ മ
നസ്ഥിതിയനുസരിച്ചു വലുതായ ദോഷങ്ങളും സംഭവി
ച്ചെന്നു വരാം. ക്ഷോഭജനകങ്ങളായ സംഭവങ്ങൾ വാ
യിച്ചുപോകുന്നതിനിടയ്ക്കു്, ഭാഷയുടെ ഗുണങ്ങൾപോ
ലും വായനക്കാർ മനസ്സിലാക്കിയെന്നു വരികയില്ല. കു
ററങ്ങളും, കുററങ്ങൾ നടത്തുന്ന മാർഗ്ഗങ്ങളും, കുററങ്ങ
ളിൽനിന്നു രക്ഷപ്പെടുവാനുള്ള ഉപായങ്ങളും വായനക്കാ
ൎക്കു പരിചയമാകുവാനും ഇടവരുന്നു. അതുകൊണ്ടു് ആ
വക നോവലുകൾകൊണ്ടു ഗുണത്തേക്കാൾ അധികം
ദോഷമാണു് ഉണ്ടാകുന്നതു്.

നേരെ മറിച്ചു്, യഥാൎത്ഥത്തിൽ മനുഷ്യൎക്കുള്ള ഗു
ണങ്ങളെക്കാൾ എത്രയോ അധികപ്പെട്ട സൽഗുണങ്ങ
ളുള്ള പാത്രങ്ങളെ സങ്കല്പിച്ചു സൃഷ്ടിച്ചു രചിക്കപ്പെടുന്ന

നോവലുകൾ ഉണ്ടു്. ഇവയ്ക്കു പുരാണകഥകളോടാണ് അധികം സാമ്യമുള്ളതു്. അവയിലെ പാത്രങ്ങളിൽ ചിലർ ഹരിശ്ചന്ദ്രനെപ്പോലെ സത്യവാന്മാരും ഹനുമാനെപ്പോലെ ശക്തന്മാരും വിശ്വസനീയന്മാരും രാമനെപ്പോലെ പിതൃഭക്തിയുള്ളവരും ദമയന്തിയെപ്പോലെ ഭർത്തൃഭക്തിയുള്ളവരും മററും ആയിരിക്കും. പരന്ത്രീസ്സുഭാഷയിലുള്ള കഥകൾ അധികവും ഇത്തരത്തിലുള്ളവയാണത്രെ. ഈ വക കഥകൾ വായിക്കുന്നതുകൊണ്ടു വായനക്കാരുടെ മനസ്സിന്നു തൽക്കാലം ചില ശ്രേഷ്ഠഗുണങ്ങൾ അനുഭവമാകുമെങ്കിലും അവയിലെ പാത്രങ്ങളുടെ ചരിതങ്ങളെ സംബന്ധിച്ചേടത്തോളമുള്ള അസംഭാവ്യതയും അവരെ അനുകരിപ്പാനുള്ള ദുസ്സാധ്യതയും ബോധ്യപ്പെടുന്നതോടുകൂടി അവ നിസ്സാരങ്ങളായി പരിണമിക്കുകയാണു ചെയ്യുന്നതു്.

എന്നാൽ മനുഷ്യർക്കുള്ള യഥാർത്ഥഗുണദോഷങ്ങളെ അതേ നിലയിലും അവരുടെ വാക്കുകളേയും പ്രവൃത്തികളേയും ആ വക ഗുണദോഷങ്ങൾക്കു് അനുയോജിപ്പിച്ചും വിവരിച്ചു് എത്രയും സ്വാഭാവികമായ നിലയിൽ എഴുതപ്പെടുന്ന നോവലുകളെക്കൊണ്ടാണ് അധികം ഗുണമുള്ളതു്. അങ്ങിനെയുള്ള നോവലുകൾ എഴുതുവാനാണ് അധികം പ്രയാസമുള്ളതും. ബുദ്ധ്യതിശയയുക്തന്മാരായ വാസനാകവികൾക്കല്ലാതെ അത്തരം നോവലുകളെ സർവ്വസമ്മതമായ നിലയിൽ രചിപ്പാൻ സാധിക്കുന്നതുമല്ല. ആ വക ഗ്രന്ഥകർത്താക്കൾ മനുഷ്യസ്വഭാവങ്ങൾ ശരിയായി നിരീക്ഷണം ചെയ്തു പഠിച്ചവരായിരിക്കണം; അഥവാ മനുഷ്യ

രുടെ വാക്കുകളും പ്രവൃത്തികളും കേൾക്കുകയും കാണുകയും ചെയ്യുന്ന ക്ഷണത്തിൽ, അവരുടെ ഉദ്ദേശങ്ങളേയും സ്ഥായിയായ സ്വഭാവഗുണങ്ങളേയും ഗ്രഹിപ്പാൻ തക്ക വിശേഷവിധിയായ ബുദ്ധിശക്തിയുള്ളവരായിരിക്കണം. അവർ തങ്ങൾക്കു നല്ല പരിചയമുള്ള ഗുണവാന്മാരേയും ദോഷവാന്മാരേയും അടിസ്ഥാനമാക്കി കഥാപാത്രങ്ങളെ സൃഷ്ടിക്കുകയും അവരുടെ വാക്കുകളേയും പ്രവൃത്തികളേയും ആ വക ഗുണദോഷങ്ങൾക്കു് അനുയോജ്യമായ വിധത്തിൽ വിവരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള പാത്രസൃഷ്ടി ഏററവും പ്രയാസമുള്ള കാര്യമാകുന്നു. അതിൽ പരാജയം നേരിട്ടാൽ നോവൽ ഒന്നിനും കൊള്ളാത്തതായിത്തീരും. ഇതിനെ വിശദമാക്കാൻ ഒരു ഉദാഹരണം പറയാം:—ബധിരനായ ഒരു പാത്രത്തെ ഒരു കഥയിൽ പ്രവേശിപ്പിച്ചുവെന്നു വിചാരിക്കുക; ആ ബധിരൻ കഥയിൽ ആരംഭത്തിൽ ബധിരത്വം പ്രദർശിപ്പിച്ചുകൊണ്ടിരുന്നതായിത്തന്നെ വിവരിക്കപ്പെടുകയും, കഥ പരക്കുന്നതോടുകൂടി, ആ ദോഷം അയാൾക്കു് ഇല്ലാത്തതായി പ്രത്യക്ഷപ്പെടുകയും ചെയ്താലുള്ള ഫലമെന്തായിരിക്കും? ഇങ്ങിനെ തന്നെയാണു മററുള്ള ഗുണദോഷങ്ങളും. ഈ വക ദോഷങ്ങളൊന്നും തീണ്ടുകപോലും ചെയ്യാത്ത സാമുദായികനോവലാണു് ചന്തുമേനോൻ രചിച്ചതു്. അതുകൊണ്ടാണു് അദ്ദേഹത്തിൻെറ നോവലുകൾ സർവ്വസമ്മതമായിത്തീന്നതു്.

ചിലർ രാജ്യചരിത്രത്തെ അടിസ്ഥാനമാക്കി ഇത്തരം കഥകൾ രചിക്കും. അവയിൽ സുപ്രസിദ്ധങ്ങളായ

ചരിത്രസംഭവങ്ങളേയും ചരിത്രനായകന്മാരേയും ഘടിപ്പിച്ചുകാണാം. എന്നാൽ കഥയെ ആകപ്പാടെ സംഘടിപ്പിക്കുവാൻ ആവശ്യമുള്ള ചെറിയ സംഭവങ്ങളും അപ്രധാനപാത്രങ്ങളും സ്ഥലവിവരണങ്ങളും മററും കല്പിതങ്ങളായിരിക്കും. ഹെൻ്ടി എന്ന ഇംഗ്ലീഷുപണ്ഡിതൻ ഇത്തരം അനേക കഥകൾ രചിച്ചിട്ടുണ്ടു്. രാമൻപിള്ള അവർകളുടെ നോവലുകൾ നമ്മൾക്കൊക്കെ പരിചിതങ്ങളാണല്ലോ. സ്കാട്ട് എന്ന പ്രസിദ്ധനോവൽകൎത്താവിൻെറ ചില കഥകൾ മലയാളത്തിൽ പരിഭാഷ ചെയ്തിട്ടുണ്ടു്. ഈസ്റ്റിൻഡ്യാകമ്പനിയുടെ കാലത്തു നടന്ന ചില സംഭവങ്ങളെ അടിസ്ഥാനമാക്കി ഇംഗ്ലീഷിൽ എഴുതീട്ടുള്ള ഒരു നോവലിൻെറ പരിഭാഷയാണു് "വെള്ളിക്കൈ" എന്ന പേരിൽ "ദീപം" മാസികാപുസ്തകത്തിൽ തുടൎച്ചയായി പരസ്യംചെയ്തിരുന്നതു്.

ഇംഗ്ലീഷിലുള്ള ചില സാമുദായികനോവലുകളും മലയാളത്തിൽ തൎജ്ജിമചെയ്തിട്ടുണ്ടല്ലോ. അവയിൽ ചിലതിൽ പാത്രങ്ങളുടെ പേരുകളും മററും മലയാളപേരുകളാക്കിയതിനാൽ കഥയുടെ ജീവൻ കേവലം നശിച്ചു വെറും ശവശരീരംപോലെയായിത്തീൎന്നിരിക്കയാണെന്നു കാണാം.

ഇംഗ്ലീഷുനോവലുകളുടെ പിതാവു് ഡി ഫോ (De Foe) ആയിരുന്നു. അദ്ദേഹത്തെ തുടൎന്നുകൊണ്ടു ഫീൽഡിങ്ങ്,(Fielding) റിച്ചാർഡ്സൻ(Richardson) എന്നീ നോവൽകൎത്താക്കൾ ഉണ്ടായി. ഇതിന്നുശേഷം വളരെ നോവലുകൾ പലതരത്തിലും കോലത്തിലും ഇംഗ്ലീഷുഭാഷയിൽ ഉണ്ടാകയും ഇപ്പോഴും ദിനംപ്രതിയെന്നപോലെ അനേകം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യു

ന്നു. സർ വാംട്ടർ സ്കാട്ട്, ഡിക്കൻസ് മുതലായവരുടെ നോവലുകൾ ഇന്നും അധികജനങ്ങളും സന്തോഷപൂൎവ്വം കൈക്കൊള്ളുന്നവയാണ്. കഴിഞ്ഞ കാലങ്ങളിലെയും അപ്പപ്പോൾ നടക്കുന്ന കാലങ്ങളിലെയും സംഭവങ്ങളെ അടിസ്ഥാനമാക്കി നോവലുകൾ രചിക്കപ്പെട്ടുവന്നതിലിടയ്ക്കു് എച്ച്. ജി. വെൽസ് എന്ന പ്രസിദ്ധപണ്ഡിതൻ, ശാസ്ത്രസംബന്ധമായ അഭിവൃദ്ധിയെ പുരസ്കരിച്ചു ലോകത്തിൽ ജനങ്ങൾക്കുണ്ടാവാൻ ഇടയുള്ള മാററങ്ങളെ സങ്കല്പിച്ചുകൊണ്ടുള്ള നോവലുകൾ എഴുതിക്കൊണ്ടിരിക്കുന്നു. അതീതകാലത്തെ സംഭവങ്ങളെ വിവരിച്ചുകൊണ്ടു പത്തൊമ്പതാംനൂററാണ്ടിൻെറ ഉദയകാലത്തുനിന്നുകൊണ്ടായിരുന്നു സർ വാംട്ടർസ്കാട്ടു തൻെറ നോവലുകൾ രചിച്ചതെന്നും ഇരുപതാം നൂററാണ്ടിൻെറ ഉദയകാലത്തുനിന്നുകൊണ്ടു ഭാവിസംഭവങ്ങളെ വിവരിക്കുന്ന നോവലുകളാണ് എച്ച്. ജി വെൽസ് എഴുതുന്നതെന്നും ജി. കെ. ചെസ്റ്റർട്ടൻ എന്ന വിദ്വാൻ പറഞ്ഞിരിക്കുന്നു.

ഈ രണ്ടുതരം നോവലുകൾ രചിക്കുന്നതിലും അത്യധികം പ്രയാസമുള്ളതാണു "വൎത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ തന്മയത്വത്തോടുകൂടി വൎണ്ണിപ്പാൻ ആശിച്ചുകൊണ്ടും" കഥകൾ രചിക്കുവാൻ എന്നു് എല്ലാവരും സമ്മതിക്കുന്നതാണ്. ഈ ഒരു പരമാൎത്ഥത്തെ ധരിച്ചുകൊണ്ടുവേണം ചന്തുമേനോൻെറ നോവലുകൾ വായിക്കുകയും ഗ്രന്ഥകൎത്താവിൻെറ യോഗ്യതകൾക്കു വിലകെട്ടുകയും ചെയ്വാൻ.

# ഇന്ദുലേഖ

മലയാളഭാഷയിൽ നോവൽ സാഹിത്യത്തിന്ന് ഉത്തമമാതൃകയായി ഉണ്ടായ ഒരു ഗ്രന്ഥമാണ് 'ഇന്ദുലേഖ.' ഇംഗ്ലീഷുനോവലുകളെ അനുകരിച്ച് ഭാഷയിൽ ഇദം പ്രഥമമായി എഴുതപ്പെട്ടതു 'കുന്ദലത'യാണെന്നുള്ളതു നേരുതന്നെ. പക്ഷെ ഇംഗ്ലീഷുനോവൽപുസ്തകങ്ങളിൽ ചിലതു പരീക്ഷകൾക്ക പാഠപുസ്തകങ്ങളായി പഠിച്ചപ്പോൾ, അവയെപ്പോലെ ഒന്നു മലയാളത്തിൽ എഴുതിയാൽ കൊള്ളാമെന്നു വിചാരിച്ചു, വല്ല ചരിത്രസംഭവങ്ങളെയോ, സമുദായാചാരങ്ങളെയോ, ശാസ്ത്രീയതത്വങ്ങളെയോ, ഒന്നും അടിസ്ഥാനപ്പെടുത്താതെയും, ഏതോ ഒരു രാജ്യത്ത്. ഏതോ സമുദായത്തിന്റെ ഇടയിൽ ഏതുകാലത്തോ നടന്നതായി കരുതിക്കൊള്ളേണമെന്നു വിചാരിച്ച് ശ്രീമാൻ അപ്പുനെടുങ്ങാടി അവർകൾ ഒരു കഥയായി എഴുതിയതാണു 'കുന്ദലത'. 'ഇന്ദുലേഖ' അങ്ങിനെയല്ല; അശേഷം അങ്ങിനെയല്ല.

ചന്തുമേനോൻ ജീവിച്ചിരുന്ന കാലത്തു കേരളത്തിലെ നായന്മാരുടെയും നമ്പൂതിരിമാരുടെയും ഇടയിൽനടപ്പുണ്ടായിരുന്ന ആചാരങ്ങളിൽ കണ്ടുവന്ന ദോഷങ്ങളെ പ്രത്യക്ഷപ്പെടുത്തുകയും അവയ്ക്കുള്ള പ്രതിവിധിയെ നിർദ്ദേശിക്കുകയും ആണ് ഇന്ദുലേഖ ചെയ്യുന്നത്. 'ഇന്ദുലേഖ ചെയ്യുന്നത്' എന്നാണു ഞാൻ പറഞ്ഞത്; ചന്തുമേനോൻ ഇന്ദുലേഖവഴിയായി ചെയ്തത്, എന്നല്ല.

ഇന്ദുലേഖ എഴുതാനുണ്ടായ കാരണത്തെ ഗ്രന്ഥകർത്താവു പുസ്തകത്തിന്റെ മുഖവുരയിൽ വിശദമായി പ്ര

സ്ലാവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്നു ഇംഗ്ലീഷുനോവലു
കൾ വായിക്കുന്നതിൽ കലശലായ ഭ്രമം ഉണ്ടായിത്തുട
ങ്ങി; അതുകൊണ്ടു വീട്ടിൽ സ്വസ്ഥനായി ഇരിക്കുന്ന
എല്ലാസമയത്തും നോവൽ വായനയിൽത്തന്നെ കാലം
കഴിച്ചുപോന്നു. ഇംഗ്ലീഷ് അറിഞ്ഞുകൂടാതിരുന്ന ത
ന്റെ ചില പ്രിയപ്പെട്ട ആളുകൾക്ക്, അതുനിമിത്തം
താനുമായി സംസാരിച്ചു വിനോദിച്ചിരിപ്പാനുള്ള അവ
സരം ഇല്ലാതാകയും അതിനാൽ അവർ കുണ്ഠിതമുള്ളവ
രായി കാണപ്പെടുകയും ചെയ്തു. ഈ കുണ്ഠിതം തീക്കു
വാൻ അവക്ക് ഇംഗ്ലീഷുനോവലിന്റെ സാരം പറഞ്ഞു
കൊടുത്തുതുടങ്ങി. ചില കഥകളൊന്നും അവക്കത്ര
രസിച്ചില്ല. എന്നാൽ ബീക്കൻസ്ഫീൽഡ് പ്രഭു എ
ഴുതിയ "ഹെൻറിയററാടെമ്പിൾ" എന്ന നോവൽ അവ
രിൽ ഒരാൾക്കു വളരെ രസിച്ചു. അതുമുതൽ ആ ആൾക്കു
നോവൽ വായിച്ചുകേൾക്കാൻ ബഹുതാല്പര്യം തുടങ്ങി,
ക്രമേണ കലശലായിത്തീന്നു. തർജ്ജിമപറഞ്ഞുകേൾക്കേ
ണമെന്നുള്ള തിരക്കിനാൽ തനിക്കു സ്വൈരമായി ഒരു
ബുക്കും വായിപ്പാൻ പലപ്പോഴും നിവൃത്തിയില്ലാതെ
ആയിവന്നു. ചിലപ്പോൾ വല്ല 'ലോ ബുക്കും' താനേ
ഇരുന്നു വായിക്കുമ്പോൾ കൂടി 'അതു നോവലാണു,
തർജ്ജിമപറയണം' എന്നു പറഞ്ഞു ശാഠ്യം തുടങ്ങി.
പിന്നീട് 'ഹെൻറിയററാടെമ്പിൾ' തർജ്ജിമചെയ്തുകൊടു
പ്പാൻ ആ ആൾ ആവശ്യപ്പെട്ടു. കുറെ തർജ്ജിമചെയ്തു
പ്പോൾ അതു നിഷ്പ്രയോജനമാണെന്നു മേനോന്നു തോ
ന്നി. ഒടുവിൽ "ഒരു നോവൽബുക്ക്" ഏകദേശം ഇം
ഗ്ലീഷുനോവൽ ബുക്കുകളുടെ മാതിരിയിൽ മലയാളത്തിൽ

എഴുതാമെന്നു നിശ്ചയിച്ചു" തന്നെ ബുദ്ധിമുട്ടിച്ച ആളോടു വാഗ്ദത്തം ചെയ്തു. അഞ്ചാറുമാസം കഴിഞ്ഞപ്പോൾ അദ്ദേഹം എഴുതിത്തുടങ്ങുകയും രണ്ടുമാസംകൊണ്ടു പുസ്തകം അവസാനിപ്പിക്കുകയും ചെയ്തു.

ഇതാണു പുസ്തകത്തിന്റെ ചരിത്രം. ഇതിൽ പറഞ്ഞ 'പ്രിയപ്പെട്ട ആൾ', ചന്തുമേനോന്റെ പ്രിയപ്പെട്ട പത്നിയായിരുന്നുവെന്നു് ഊഹിക്കുന്നതിൽ തെറ്റുവരാൻ ഇടയില്ലെന്നാണ് എന്റെ വിശ്വാസം. ഇങ്ങിനെ മലയാളഭാഷയിൽ സർവ്വഗുണസമ്പൂർണ്ണമായ ഒരു നോവൽ ഉണ്ടാവാനും, പ്രയോഗിക്കേണ്ടുന്ന ആവശ്യം കാണാതെ ഒരു മഹാനിൽ ഒളിഞ്ഞുകിടന്നിരുന്ന മഹത്തായ സാഹിത്യവാസനയെ തട്ടിയുണർത്തി ലോകോപകാരപ്രദമാക്കുവാനും കാരണമായ ആ മഹിളാരത്നത്തോടു മലയാളികൾ എന്നും കൃതജ്ഞതയുള്ളവരായിരിക്കേണ്ടതല്ലയോ?

ഇതിൽനിന്നു മറ്റൊരുകാര്യം ഗ്രഹിപ്പാനുള്ളതു്, കേരളത്തിലെ വല്ല സമുദായാചാരത്തിന്റേയും ദോഷങ്ങളെ പ്രത്യക്ഷപ്പെടുത്തി പ്രതിശാന്തി നിർദ്ദേശിക്കണം എന്നുള്ള തുച്ഛമായ ആഗ്രഹത്തിന്റെ ഫലമായിട്ടല്ല ചന്തുമേനോൻ 'ഇന്ദുലേഖ' എഴുതിയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നുവെന്നുള്ളതാണ്. എന്നാൽ നോവൽകൊണ്ടുണ്ടായിത്തീർന്നിട്ടുള്ള ഫലം അതുതന്നെയാണ്. ഈ പരമാർത്ഥം യഥാർത്ഥകവികളെ സംബന്ധിച്ചുള്ള ഒരു മനഃശാസ്ത്രതത്വത്തെ ഉദാഹരിച്ച് വിശദപ്പെടുത്തുകയാണു ചെയ്യുന്നതു്. എല്ലാതരം കവികളെപ്പറ്റിയും നമ്മൾ ഈ അവസരത്തിൽ ചിന്തി

ക്കേണ്ടതില്ല. സാമുദായികനോവൽകർത്താക്കളെപ്പററി ചിന്തിച്ചാൽ മതി.

നോവൽ കർത്താക്കരം തങ്ങൾക്ക് നിത്യപരിചയമുള്ള കാൎയ്യങ്ങളേയും ആചാരങ്ങളേയും മനുഷ്യരേയും അവരുടെ സ്വഭാവചേഷ്ടകളേയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തി വിവരിക്കുകയാണ് ചെയ്യുന്നത്. അങ്ങിനെ ചെയ്യില്ലെങ്കിൽ തങ്ങളുടെ കഥകൾക്കും വർണ്ണനകൾക്കും പാത്രസൃഷ്ടിക്കും അകൃത്രിമത്വവും തന്മയത്വവും ഉണ്ടാകുന്നതല്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. യൂറോപ്പുരാജ്യം കാണാത്ത ഒരു മലയാളി യൂറോപ്യന്മാരെ കഥാപാത്രങ്ങളാക്കി, യൂറോപ്പിൽ നടന്നപ്രകാരമുള്ള ഒരു കഥ എഴുതിയാൽ, കുഞ്ചൻനമ്പിയാർ വൈകുണ്ഠവും അളകാപുരിയും മററും വർണ്ണിച്ചതുപോലെ, അതിൽ മരുമക്കത്തായവും തീണ്ടിക്കളിയും പാലടപ്രഥമനും വരുത്തുപ്പേരിയും മററും കടന്നുകൂടിയെന്നു വന്നേക്കാം. എന്തിന്ന് അത്രദൂരത്തുപോകുന്നു? നമ്പൂതിരിസമുദായത്തെപ്പററി ഒരു തീയനോ, തീയ്യസമുദായത്തെപ്പററി ഒരു നമ്പൂതിരിയോ ഇത്തരം വല്ല നോവലും എഴുതിയാൽ അതിന്നു വല്ല അകൃത്രിമത്വമോ തന്മയത്വമോ ഉണ്ടാകുമോ? അവരവൎക്ക് നിത്യപരിചയമുള്ള ദേശകാലാചാരങ്ങളെ അടിസ്ഥാനമാക്കി എഴുതുന്ന സാമുദായികനോവലുകൾക്കു മാത്രമേ, അത്തരം നോവലുകൾക്കു വേണ്ടുന്ന യഥാൎത്ഥഗുണങ്ങൾ ഉണ്ടായിരിക്കയുള്ളൂ.

ചന്തുമേനോൻ തൻെറ ഭാൎയ്യയുടെ നിർബ്ബന്ധത്താൽ ഒരു കഥ എഴുതുവാൻ തീൎച്ചയാക്കി. അതു്

നോവലുകളിൽ ഏററവും ഉത്തമമായ സാമുദായികനോവൽ രീതിയിൽ ആയിരിക്കേണമെന്നും തീർച്ചയാക്കി സംഭവങ്ങളേയും പാത്രങ്ങളേയും സൃഷ്ടിച്ചുതുടങ്ങി. അപ്പോൾ ഏതു സംഭവങ്ങളും ഏതുതരം പാത്രങ്ങളുമാണ തൻെറ മനോദൎപ്പണത്തിൽ പ്രതിബിംബിച്ചതു്? തനിക്കു നിത്യപരിചയമുള്ളവതന്നെ. കഥ അവസാനിച്ചപ്പോൾ അതു് ഏററവും തന്മയത്വമുള്ള ഒരു സമുദായചിത്രമാണെന്നും കഥാപാത്രങ്ങളൊക്കെ പല ദിക്കിലും പലരും കണ്ടുപരിചയമുള്ളവരോ എന്നു തോന്നിപ്പോകത്തക്കവരാണെന്നും വന്നുകൂടി. പ്രകൃതിയെ അതിലംഘിക്കാതേയും, എന്നാൽ അതിൽ ഒളിഞ്ഞു കിടക്കുന്ന രഹസ്യത്തെ ബുദ്ധിശക്തികൊണ്ടും വാസനാബലംകൊണ്ടും നിരീക്ഷണപാടവംകൊണ്ടും മനസ്സിലാക്കിയും കാവ്യങ്ങൾ രചിക്കുന്നവൎക്കു്, ആഖ്യാനചാതുൎയ്യവും പദസ്വാധീനവും സങ്കല്പശക്തിയും കൂടി ഉണ്ടായാലുള്ള അനുഭവമാണിതു്. ഇപ്പോൾ ഇന്ദുലേഖയിൽ നായന്മാരുടേയും നമ്പൂതിരിമാരുടേയും സമുദായാചാരങ്ങളിലെ ദോഷങ്ങൾ ചിത്രീകരിച്ചു കാണുന്നുണ്ടെങ്കിൽ അതു് വല്ലതിനേയുമോ വല്ലവരേയുമോ നിന്ദിക്കേണമെന്നു് മുൻകൂട്ടി കരുതിക്കൊണ്ടു് ചന്തുമേനോൻ ചെയ്തതിൻെറ ഫലമല്ലെന്നും അകൃത്രിമമായി തന്മയത്വത്തോടുകൂടിയുള്ള ഒരു ചിത്രം നിൎമ്മിക്കുകയേ അദ്ദേഹം ചെയ്തിട്ടുള്ളു എന്നും സമുദായാചാരങ്ങളിൽ ഉള്ളതായി അതിൽ കാണുന്ന ദോഷങ്ങളാവട്ടെ ഗുണങ്ങളാവട്ടെ, ചിത്രം പൂർത്തിയായപ്പോൾ പ്രകൃതിക്കനുസരിച്ചു വ്യക്തമായി പ്രത്യക്ഷപ്പെട്ടവയാണെന്നും ആണു് ഞാൻ മേൽ സൂചിപ്പിച്ചതെന്നു വായനക്കാർ മനസ്സിലാ

ക്കിയിരിക്കുമല്ലൊ. അദ്ദേഹത്തിന്നു മുൻകൂട്ടി വല്ല ഉദ്ദേശവും ഉണ്ടായിരുന്നുവെങ്കിൽ, അതു പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളേയും വിദ്യാഭ്യാസം ചെയ്യിക്കേണമെന്നു തെളിയിക്കുകയാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

ഇന്ദുലേഖയിലെ കഥ അധികമൊന്നും പറവാനില്ല. ഐശ്വൎയ്യവും പ്രതാപവും ഉള്ള ഒരു നായർകുടുംബം; പ്രാചീനാചാരഭക്തനും ശുദ്ധാത്മാവും ആണ് അതിലെ കാരണവർ; അദ്ദേഹത്തിന്റെ നേരെ മരുമക്കളും ഇളയമ്മ മൂത്തമ്മ വഴിക്കുള്ള മരുമക്കളും സ്വന്തം ഭാൎയ്യയും പുത്രനും പൌത്രിയും എല്ലാവരും ഒരേ മതിൽക്കെട്ടിന്നുള്ളിലുള്ള ഗൃഹങ്ങളിലാണു പാൎക്കുന്നതു്. കൂട്ടത്തിൽ ഇംഗ്ലീഷും സംസ്കൃതവും സംഗീതവും തുന്നലും മറ്റും പഠിച്ച് മനസ്സിന്നു പരിഷ്കാരവും ഹൃദയത്തിന്നു വിശാലതയും ബുദ്ധിക്കു സംസ്കാരവും സിദ്ധിച്ച ജഗന്മോഹിനിയായ പൌത്രിയും, കാലാനുസൃതമായ ഇംഗ്ലീഷ് വിദ്യാഭ്യാസത്താലും മറ്റും പരമയോഗ്യനും അതികോമളനും ആയ ഒരു മരുമകനും ഉണ്ടായിരുന്നു. ഈ മാധവീമാധവന്മാൎക്കു തമ്മിൽ പ്രകൃത്യാ അനുരാഗം ജനിച്ചു. ഭാൎയ്യാഭൎത്താക്കന്മാരാകാമെന്നു രണ്ടുപേരും ഉറച്ചു. അതിലിടക്കു മാധവനോടു കാരണവരായ പഞ്ചുമേനോന്നു കഠിനമായ മുഷിച്ചൽ ഉണ്ടാവാൻ കാരണം വന്നുകൂടി. അവനെ എങ്ങിനെയാണു ശിക്ഷിക്കേണ്ടതു്? അവൻ സാധിക്കാൻ ഹൃദയപൂൎവ്വം ആഗ്രഹിക്കുന്ന ഒരു കാൎയ്യത്തിന്നു മുടക്കം വരുത്തീട്ടല്ലാതെ പിന്നെ എങ്ങിനെയാണ്? മാധവിയെന്ന ഇന്ദുലേഖയെ അയാൾക്കു വിവാഹം ചെയ്തു കൊടുക്കുകയില്ലെന്നു വൃദ്ധൻ സത്യംചെയ്തു.

പക്ഷെ ഈ സത്യത്തെ നല്ല വിദ്യാഭ്യാസം സിദ്ധിച്ചു പരിഷ്കാരം പ്രാപിച്ച ആ രണ്ടു പേരും അധികം ഗണ്യമാക്കിയില്ല. ഏതായാലും അവർ തമ്മിലുള്ള ചേച്ചയെ തടയേണ്ടതിന്നു കാരണവർ ഒരു വിദ്യ ചെയ്തു. കുബേരനായ ഒരു നമ്പൂരിപ്പാടിനെക്കൊണ്ടു പൌത്രിയെ സംബന്ധം ചെയ്യിക്കാൻ തീച്ചയാക്കി. അദ്ദേഹത്തെ വീട്ടിൽ ക്ഷണിച്ചു വരുത്തി. ആ നമ്പൂതിരിപ്പാടു പടുവങ്കനായിരുന്നു. പരമയോഗ്യനായിരുന്നാൽ പോലും മാധവനെ ഉപേക്ഷിച്ചു് അയാളെ ഒരിക്കലും സ്വീകരിക്കുവാൻ തയ്യാറില്ലാതിരുന്ന ഇന്ദുലേഖ, നമ്പൂതിരിപ്പാടിന്റെ പ്രണയഗോഷ്ഠികൾ പുച്ഛിച്ചു് ആ ബ്രാഹ്മണനെ വിഡ്ഢിയാക്കിയയച്ചു. നമ്പൂതിരിപ്പാടാകട്ടെ ആ ഗൃഹത്തിലെ മറെറാരു പെണ്ണിനേയും സംബന്ധം കഴിച്ചു് ഒന്നിച്ചു കൂട്ടിക്കൊണ്ടു പോയി. അങ്ങിനെ ഒന്നിച്ചു കൂട്ടിക്കൊണ്ടു പോയതു് ഇന്ദുലേഖയെയാണെന്നു് അഭിമാനഭ്രാന്തനായ ആ വങ്കപ്രഭുവിന്റെ കാര്യസ്ഥൻ ഒരു വർത്തമാനം പ്രചരിപ്പിച്ചു. അക്കാലത്തു മദിരാശിയിലായിരുന്ന മാധവൻ ആ ഘട്ടത്തിലാണു മടങ്ങി, മലയാളത്തിൽ വണ്ടിയിറങ്ങിയതു്. ഇന്ദുലേഖയെ നമ്പൂതിരിപ്പാടു കൊണ്ടുപോയെന്നു്, തനിക്കു വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതിരുന്ന ഒരാളിൽനിന്നു് അറിഞ്ഞപ്പോൾ അയാൾ സ്വഗൃഹത്തിൽ പോകാതെ ദേശസഞ്ചാരം ചെയ്തു. വഴിയിൽവെച്ചു പല ബുദ്ധിമുട്ടുകളും അയാൾ സഹിച്ചു. ഒടുവിൽ തന്റെ അച്ഛനും മററും അയാളെ ബോമ്പായിൽവെച്ചു കണ്ടു് ഒന്നിച്ചു കൂട്ടിക്കൊണ്ടുവന്നു. സത്യം ചെയ്ത കാരണവർ സത്യവാചകത്തിലെ ഓരോ അക്ഷരവും സ്വപ്നംകൊണ്ടു്

വാഴ്പിച്ചു ബ്രാഹ്മണൎക്കു ദാനം ചെയ്തു സത്യലംഘനപാ
പത്തിൽനിന്നു വിമുക്തനായി കൃതാൎത്ഥനായി. എല്ലാവ
രുടേയും അനുമതിയോടും അനുഗ്രഹത്തോടും മാധവൻ
ഇന്ദുലേഖയെ വിവാഹം ചെയ്കയും ചെയ്തു.

ഇതാണു കഥ. ഈ വക കഥകൾ ആരംഭിക്കു
മ്പോൾ ചെയ്യേണ്ടതുപോലെ വായനക്കാരിൽ ആകാം
ക്ഷ ജനിപ്പിക്കുന്ന വാക്കുകളെക്കൊണ്ടാണു് ഈ പുസ്തക
വും തുടങ്ങീട്ടുള്ളതു്. അതിന്നുശേഷം നായികാനായക
ന്മാരുടെ ആകൃതിക്കും പ്രകൃതിക്കും ഉള്ള അനന്യസാധാര
ണമായ ഗുണങ്ങൾ വൎണ്ണിച്ചു്, അവരിൽ വായനക്കാൎക്കു്
അതിയായ സ്നേഹം ജനിപ്പിക്കുന്നു. അവർ തമ്മിൽ വി
വാഹം ചെയ്തു ഭാൎയ്യാഭർത്താക്കന്മാരായിരിക്കേണ്ടതാണെ
ന്നുള്ള ആഗ്രഹം വായനക്കാൎക്കും ജനിക്കുന്നു. അപ്പൊഴാ
ണു കോപിഷ്ഠനായ കാരണവരുടെ ശപഥം. ആ ശപ
ഥത്തിന്നനുസരിച്ചു കാൎയ്യം വന്നുകൂടിയെങ്കിൽ എത്ര ക
ഷ്ടമായിത്തീരുമെന്നു വായനക്കാൎക്കു് ഉൽക്കണ്ഠയുണ്ടാകു
ന്നു. ഉടനെ മാധവൻ മതിരാശിക്കു പോകുകയും അയാ
ളുടെ പ്രവൃത്തി കാരണവരെ അധികം കോപിഷ്ഠനാക്കു
കയും ചെയ്യുന്നു. അദ്ദേഹം കുബേരനായ ഒരു നമ്പൂതി
രിപ്പാടിനെ ഇന്ദുലേഖയുടെ സംബന്ധക്കാരനായിരി
പ്പാൻ ക്ഷണിക്കുന്നു. എന്നാൽ ആ സംബന്ധം നടക്കു
കയില്ലെന്നു വായനക്കാൎക്കു് ശരിയായ ഒരു വിശ്വാസം
ഉണ്ടാകുന്നു.

ഈ ഘട്ടത്തിൽ ചന്തുമേനോൻ, ഇന്ദുലേഖ എഴു
തിയതിൽ അനുസരിച്ച ഒരു സമ്പ്രദായത്തെപ്പററി ന
മ്മൾക്കു മനസ്സിലാക്കാം. ചില നോവലുകളിൽ വരാൻ

പോകുന്ന കാൎയ്യങ്ങളെ ഗ്രന്ഥകൎത്താവു വായനക്കാരിൽ നിന്നു കേവലംമറച്ചുവെച്ച് അവരുടെജിജ്ഞാസയുംഉൽക്കണ്ഠയും വൎദ്ധിപ്പിച്ചുകൊണ്ടേ ഇരിക്കുകയും ഒടുവിൽ മാത്രം ഒക്കെക്കൂട്ടിവെളിവിലാക്കുകയും ചെയ്യും. ഇങ്ങിനെയുള്ള പരിണാമഗുപ്തി പരിപാലിക്കുവാൻ ചെയ്യുന്ന ശ്രമത്തിൽ വളരെ ദുൎല്ലഭം ഗ്രന്ഥകാരന്മാർ മാത്രമേ വിജയികളാകയുള്ളു. മിക്കവായനക്കാരും മിക്കനോവലലേയും അത്തരം പരിണാമഫലത്തെ മുൻകൂട്ടി ഊഹിച്ചുകളയാറുണ്ട്. എന്നു മാത്രമല്ല, അങ്ങിനെയുള്ള നോവലുകളിൽ ഒടുവിലത്തെ അദ്ധ്യായത്തിൽ പലേ രഹസ്യങ്ങളും തിക്കിത്തിരക്കി പ്രവേശിപ്പിച്ചു, ഒരുവനെ കൊന്നു, ഒരുവളെരക്ഷിച്ചു, ഒരുവനെ വിഡ്ഢിയാക്കി, മറെറാരുവനെ നാടുകടത്തി, ഇങ്ങിനെ പലതും ചെയ്തു കഥ പെട്ടെന്ന് അവസാനിപ്പിക്കേണ്ടിയും വരുന്നു. ഇന്ദുലേഖയിൽ അങ്ങിനെയല്ല കഥയുടെ ഗതിയും പരിണാമവും. കഥ അധികം പടരുന്നതിന്നു മുമ്പു ഗ്രന്ഥകൎത്താവു വായനക്കാരെ തന്റെ പക്ഷത്തിൽ ചേൎത്തു, കഥാപാത്രങ്ങളുടെ വിഡ്ഢിത്വവും സാമൎത്ഥ്യവും, സന്തോഷവും വ്യസനവും, അവരെകാണിച്ചു രസിപ്പിക്കുകയാണു ചെയ്യുന്നത്. ഗ്രന്ഥത്തിൽ ഒട്ടാകെയല്ല പരിണാമഗുപ്തി; ഓരോഘട്ടത്തിലും ആണ്. നമ്പൂതിരിപ്പാടിനെ ഇന്ദുലേഖ സ്വീകരിക്കുമോ ഇല്ലയോ എന്ന് അറിവാനല്ല വായനക്കാൎക്കു ജിജ്ഞാസയുണ്ടാകുന്നത്; ആയാളെ ഇന്ദുലേഖ നിരസിക്കുന്നത്, ഏതു വിധത്തിലായിരിക്കുമെന്ന് അറിവാനാണ്. നമ്പൂതിരിപ്പാട് ഇന്ദുലേഖയെയല്ല, കല്യാണിക്കുട്ടിയെയാണു കൊണ്ടുപോയതെ

ന്ന വായനക്കാരിൽ നിന്ന ഗ്രന്ഥകൎത്താവു് ഒളിച്ചുവെക്കു ന്നില്ല; എന്നാൽ ശങ്കരശാസ്ത്രിയിൽ നിന്നും മാധവനിൽ നിന്നും അതു് ഒളിച്ചുവെക്കുന്നു. അങ്ങിനെ അവരിൽ നിന്നു് ഒളിച്ചുവെക്കുന്നതുകൊണ്ടുണ്ടായ ഫലത്തെപ്പററി വായനക്കാർ ദുഃഖിക്കുവാൻ ഇടവരുന്നു. എത്ര സാമ ൎത്ഥ്യത്തോടുകൂടിയാണു് ഇതു ഗ്രന്ഥകൎത്താവു സാധിച്ച തെന്നു് ഓൎക്കുമ്പോഴാണു് അദ്ദേഹത്തെപ്പററിയുള്ള ബ ഹുമാനം വൎദ്ധിക്കുന്നതു്. മാധവൻെറ സഞ്ചാരത്തിൽ അയാൾക്കു ചില അനൎത്ഥങ്ങൾ വരുവാൻ ഇടയാക്കുന്നു ണ്ടെങ്കിലും പ്രബലന്മാരായ മിത്രങ്ങളേയും ഉണ്ടാക്കി ക്കൊടുത്തിരിക്കുന്നു. അവിടങ്ങളിലൊക്കെ പാത്രങ്ങളു ടെ സ്വഭാവവിവരണങ്ങളിലാണ ഗ്രന്ഥകൎത്താവു് അ ധികം ദൃഷ്ടിവെച്ചിട്ടുള്ളതു്.

കഥയിൽ പാത്രങ്ങളെ ഗ്രന്ഥകൎത്താവു സൃഷ്ടിച്ചിരി ക്കുന്നതു്, ലോകത്തിൽ മനുഷ്യരെ ദൈവം സൃഷ്ടിച്ചതു പോലെതന്നെയാകുന്നു. ഒരു പാത്രത്തിൻെറ സ്വഭാ വം നമ്മൾ അറിഞ്ഞുകഴിഞ്ഞാൽ ആ സ്വഭാവത്തിൽ നിന്നു് അണുവും പിഴയ്ക്കാത്ത നിലയിലാണു് അയാളു ടെ വാക്കുകളും പ്രവൃത്തികളും കഥയിൽ അവസാനം വ രെ ഉള്ളതെന്നും നമ്മൾ മനസ്സിലാക്കി സന്തോഷിക്കുന്നു. ഇങ്ങിനെ പാത്രങ്ങളുടെ സ്വഭാവവൈശിഷ്ട്യങ്ങളെ ആ ദ്യവസാനം നിലനിൎത്തിപ്പോരികയെന്നതു് എത്ര പ്ര യാസമുള്ള കാൎയ്യമാകുന്നു! എത്ര മഹത്തായ സങ്കല്പശക്തി യും എത്ര സൂക്ഷ്മമായ ഏകാഗ്രതയും ആണു് ഇതിനു് ആ വശ്യമുള്ളതെന്നു് ഓൎത്തുനോക്കുക.

പുരാതനമായിട്ടുതന്നെ വളരെ കോപ്പുള്ളതും കഥ നടക്കുന്ന കാലത്തും ധാരാളം ധനപുഷ്ടിയുള്ളതും ആയ

ചെമ്പാഴിയോട്ട പൂവള്ളിത്തറവാട്ടിനെയും അതിനെ ചുററിപ്പററിയും ആണു കഥയിലെ സംഭവങ്ങൾ ആശ്രയിച്ചു നില്ക്കുന്നതു്. അതിലെ കാരണവരാണു പഞ്ചുമേനോൻ. അദ്ദേഹം 'ഉള്ളിൽ ശുദ്ധതയും ദയയും' ഉള്ള ആളാണെങ്കിലും അതി കോപിഷ്ഠനാണ്. ജാത്യാ ലുബ്ധനാണെങ്കിലും മുമ്പുണ്ടായിരുന്ന യോഗ്യന്മാരായ കാരണവന്മാർ ഏർപ്പെടുത്തിയിരുന്ന ചട്ടങ്ങൾക്കനുസരിച്ചു തറവാട്ടിലെ നിത്യച്ചെലവുകൾ നടത്താതിരിപ്പാൻ അയാൾക്കു നിവൃത്തിയുണ്ടായിരുന്നില്ല. തറവാട്ടിൽ കാരണവർ തറവാട്ടു സ്വത്തുക്കളുടെ ആദായത്തിൽനിന്നു ഭാര്യയ്ക്കും മക്കൾക്കും ധനം സമ്പാദിച്ചുകൊടുക്കുന്നതു് കേരളത്തിലെ മരുമക്കത്തായ തറവാടുകളെ സംബന്ധിച്ചു് സർവ്വസാധാരണമാണെങ്കിൽ പഞ്ചുമേനോനും അതിൽ വ്യത്യസ്തനായിരുന്നില്ല. ഭാര്യയ്ക്കും മക്കൾക്കും അദ്ദേഹം ഒരു മുപ്പത്തയ്യായിരം ഉറുപ്പികയുടെ സ്വത്തുക്കൾ കൊടുത്തിട്ടുണ്ടു്. കഥ തുടങ്ങുന്ന കാലത്തു് അദ്ദേഹത്തിന്നു് എഴുപതു വയസ്സു പ്രായമാണ്. വയസ്സു വർദ്ധിക്കുന്നതനുസരിച്ചു തന്റെ സ്ഥായിയായ കോപരസവും വർദ്ധിച്ചു വന്നതേയുള്ളു. എല്ലാരെയും ചീത്തപറയും; അനന്തരവന്മാരെയും സംബന്ധക്കാരെപ്പോലും ചീത്തപറവാൻ മടിക്കയില്ല. പെങ്ങളുടെ ഭർത്താവായ ശീനുപട്ടരെപ്പററി തന്റെ ദിവാൻജി അമ്മാമന്റെ കൂടെ കുട്ടിപ്പട്ടരായി നടന്നവനാണെന്നും കടക്കൊള്ളി ഉറിക്കഴിഞ്ഞ എരപ്പാളിയാണെന്നും കോമട്ടിയാണെന്നും മററും ശകാരിക്കും. "കോമട്ടിയാണെങ്കിൽ പെങ്ങൾക്കു എന്നെ സംബന്ധത്തിനു് ആകുമോ?" എന്നു് പട്ടർ കടന്നു ചോദിക്കുകയും ചെയ്യുന്നു. ഇത്ര ധനപുഷ്ടിയുള്ള

ഈ തറവാട്ടിൽ ഈ പട്ടർ എങ്ങിനെ സംബന്ധക്കാരനായി എന്നുതന്നെയാണു് ഇക്കാലത്തെ മിക്കവായനക്കാരും സംശയിക്കുക. നേരെ പെങ്ങന്മാരേയും മരുമക്കളേയും അവരിൽനിന്നു വേർതിരിച്ചു ജ്യേഷ്ഠത്തിയനുജത്തി അമ്മമക്കൾ വഴിയായുള്ള പെങ്ങന്മാരേയും മരുമക്കളേയും തറവാട്ടിൽ കാരണവന്മാർ പക്ഷപാതത്തോടുകൂടി വിചാരിച്ചു പ്രവർത്തിക്കുന്നതിന്നു് ചെമ്പാഴിയോടു തറവാടും പഞ്ചുമേനവനും ഉദാഹരണമായിരുന്നു. ശീനുപട്ടരുടെ ഭാര്യയേയും മക്കളേയും പഞ്ചുമേനവൻ വേറെതന്നെ കരുതിട്ടാണു്. പട്ടരുടെ മകൻ ശിന്നനെ, മാധവൻ മതിരാശിയിലേക്കു് ഇംഗ്ലീഷുപഠിപ്പിക്കുവാൻ കൂട്ടിക്കൊണ്ടുപോയതിലാണു പഞ്ചുമേനവന്നു് മാധവനോടു കോപമുണ്ടായതും അയാൾക്കു് ഇന്ദുലേഖയെ കൊടുക്കില്ലെന്നു് ശപഥം ചെയ്തതും. ഇംഗ്ലീഷുപഠിപ്പോടും പരിഷ്കാരത്തോടും വൃദ്ധനു വലിയ വിരോധമാണു്. "ഇങ്കിരിയസ്സു പഠിച്ചു പഠിച്ചു് ആ വേദത്തിൽ ഈ കുട്ടികൾ ചേരുമൊ" എന്നാണു കിഴവന്റെ ഭയം. എന്നാലും ഇംഗ്ലീഷു പഠിച്ചു തന്റേടവും സ്വഭാവസ്ഥൈര്യവും സിദ്ധിച്ച ഇന്ദുലേഖയെ അദ്ദേഹത്തിന്നു വലിയബഹുമാനവും ഭയവുമാണുതാനും. സൂരിനമ്പൂതിരിപ്പാടിനെ ഇന്ദുലേഖയുടെ സംബന്ധക്കാരനാവാൻ ക്ഷണിച്ചു കഴിഞ്ഞുവെങ്കിലും പൌത്രിക്കു് അതു ബോധ്യമാവുമോ എന്നു പഞ്ചുമേനവൻ സംശയിക്കുന്നു. ബോധ്യമായില്ലെങ്കിൽ കാര്യം കുഴപ്പമാകുമെന്നു ഭയപ്പെടുകയും ചെയ്യുന്നു. ഒടുവിൽ അവളുടെ സമ്മതം ചോദിപ്പാൻ താൻതന്നെ അവളുടെ മറിയിലേക്കു പോകുന്നു. അപ്പോൾ ഇന്ദുലേഖ ഒരു പു

സ്തകം വായിക്കുകയായിരുന്നു. ശാകുന്തളമാണ് അത്. അതിലെ അച്ച വളരെ ചീത്തയാണെന്നും വായിപ്പാൻ ബഹുപ്രയാസമാണെന്നും ഇന്ദുലേഖ പറഞ്ഞപ്പോൾ, "നല്ല ഒരു ബുക്ക് വാങ്ങിക്കൊള്ളരുതെ? എവിടെ കിട്ടും ബുക്ക്? ഞാൻ പണം ഇപ്പോൾ തരാമല്ലൊ" എന്നാണു സ്നേഹപൂർവ്വം കാരണവർ പറയുന്നതു്. "ഇതിന്നെക്കാൾ നല്ല അച്ചിൽ അച്ചടിച്ചിട്ടുള്ള ബുക്ക് ഉണ്ടോ എന്നറിഞ്ഞില്ല. ഉണ്ടോ എന്ന് അന്വേഷിച്ച വലിയച്ഛനെ അറിയിക്കാം" എന്ന് ഇന്ദുലേഖ പറഞ്ഞപ്പോൾ, ആ ശുദ്ധാത്മാവു് "വലിയ അച്ചായിട്ട് എന്റെ മകൾ ഒന്ന് അച്ചടിപ്പിച്ചോളൂ." എന്ന് ഉടനെ മറുപടി പറയുന്നു. പിന്നീട സംബന്ധകാൎയ്യത്തെപ്പററി പറഞ്ഞപ്പോൾ ഇന്ദുലേഖ തട്ടുത്തരം പറഞ്ഞു് വലിയച്ഛനെ മടക്കിയശേഷം കിഴവൻ കേശവൻ നമ്പൂതിരിയോട് "എനിക്ക് ഈ ലോകത്തിൽ ആരെയും പേടിയില്ല. എന്തോ ഇന്ദുലേഖയെ ബഹുഭയം. അവൾക്കു ദ്വേഷ്യം വന്നാൽ എനിക്കു കണ്ടുനില്പാൻ നിവൃത്തിയില്ല. ഞാൻ എന്തുചെയ്യട്ടെ," എന്നു പറയുന്നു. ഇംഗ്ലീഷുവിദ്യാഭ്യാസത്തെ നിന്ദിക്കുന്നവൎക്കുപോലും ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ച് അതിന്റെ ഗുണം അനുഭവിക്കുന്നവരെ ഭയമാണെന്നാണൊ ഇതിന്റെ അൎത്ഥം? അഥവാ, ഇംഗ്ലീഷുവിദ്വാന്മാരെപ്പററി തോന്നുന്ന ഭയം, ഇംഗ്ലീഷു വിദ്യാഭ്യാസത്തെ വെറുക്കുവാൻ സംഗതിയാക്കുന്നുവെന്നൊ?

പഞ്ചുമേനവൻ മരുമക്കളെ ശകാരിക്കുകമാത്രമല്ല, തല്ലുകയും ചെയ്യും. ചിലപ്പോൾ അവിവേകമായി

അവരുടെ പിന്നാലെ ഓടിവീണു കാലുപൊട്ടിയെന്നു വരാം. ദശരഥനെപ്പോലെ മുമ്പും പിമ്പും ഓക്കാതെ സത്യം ചെയ്യും; ഉടനെ പശ്ചാത്തപിക്കുകയും ചെയ്യും. സത്യം ചെയ്തുപോയാൽ അതിന്നനുസരിച്ച പ്രവൎത്തിക്കാതിരുന്നാൽ വലിയ പാപമാണെന്നു വിശ്വാസമുള്ള ആളാണ്. എന്നാൽ പ്രായശ്ചിത്തം ചെയ്താൽ സത്യലംഘനത്തിൻെറ പാപം തീരും എന്നും വിശ്വസിക്കുന്നു. "സത്യം ചെയ്യുമ്പോൾ ആ സത്യവാചകത്തിൽ ഉപയോഗിച്ച അക്ഷരങ്ങളുടെ ഓരോ പ്രതിമ സ്വൎണ്ണംകൊണ്ടോ വെള്ളികൊണ്ടോ ഉണ്ടാക്കിവച്ച വേദവിത്തുകളായ ബ്രാഹ്മണൎക്കു ദാനം ചെയ്കയും അന്നു ഒരു ബ്രാഹ്മണസദ്യയും ചുരുക്കത്തിൽ ഒരു വഴിവാട്ടം കഴിക്കയും ചെയ്താൽ" പ്രായശ്ചിത്തമായെന്നാണ് അണ്ണാത്തിര വാദ്ധ്യാർ വിധിച്ചതു്. എന്തിന്നു വെള്ളികൊണ്ടു? "സ്വൎണ്ണംകൊണ്ടുതന്നെ ഉണ്ടാക്കട്ടെ" എന്നു പഞ്ചുമേനോനും, "എന്തു സംശയം? സ്വൎണ്ണം തന്നെ വേണം," എന്നു കേശവൻ നമ്പൂതിരിയും പറഞ്ഞു. ഇതിനെപ്പറ്റി സാഹിത്യമൎമ്മജ്ഞനായ കവി സ്വന്തം അഭിപ്രായം യാതൊന്നും പറയുന്നില്ലെന്നുള്ളതു് അതിൻെറ അനുഭവരസികത്വം വൎദ്ധിപ്പിക്കുന്നു. എന്നല്ല, പിന്നീടുണ്ടായ സംഭവത്തെ വിവരിച്ചതിൽ, ഗ്രന്ഥകൎത്താവിൻെറ ആശയം വെളിപ്പെടുകയും ചെയ്യുന്നു. ഇരണ്ടു പണത്തൂക്കത്തിൽ ഇരുപത്തൊമ്പതു് അക്ഷരങ്ങൾ വാൎപ്പിച്ചുകൊണ്ടുവന്നശേഷം അവയൊക്കെ ബ്രാഹ്മണൎക്കു ദാനം ചെയ്തു. എന്നിട്ടു് കവി പറയുന്നു:—"അണ്ണാത്തിരവാദ്ധ്യാൎക്കു് ഒരു ഏഴെട്ടക്ഷ

രങ്ങൾകിട്ടി. നാലഞ്ചു നമ്മുടെ ശങ്കരശാസ്ത്രികൾക്കും കിട്ടി.

ഇങ്ങിനെ അന്ധവിശ്വാസവും അപാണ്ഡിത്യവും കോപശീലവും സ്വാധികാരഭ്രമവും ഹൃദയക്രൂരതയും ഉള്ളവരായി പലതരം വിഡ്ഢിത്വവും ചെയ്യാൻ പോരുന്നവരായുള്ള കാരണവന്മാർ ഇന്നും കേരളത്തിലെ മരുമക്കത്തായ തറവാട്ടുകളിൽ കേവലം നശിച്ചിട്ടില്ലെന്നു് എല്ലാവരും അറിയുന്നതാണല്ലോ. അതുപോലെ തന്നെ ക്ഷമാഗുണം ധാരാളം ഉള്ള ചാത്തരമേനോൻ, ബുദ്ധിമാനായ ശങ്കരമേനോൻ എന്നിങ്ങിനെയുള്ള അനന്തരവന്മാരും ദുർല്ലഭമല്ല. ചില തറവാട്ടുകളിൽ ഇടയ്ക്കു ചില യോഗ്യന്മാർ ഉണ്ടാകയും അവർ വലിയ ഉദ്യോഗം വഹിച്ചും മററും ധനം സമ്പാദിക്കുകയും തറവാട്ടു പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതുപോലെ ചമ്പാഴിയോട്ടു തറവാട്ടിലും ചിലർ ഉണ്ടായിരുന്നു. ഗോവിന്ദൻകുട്ടിമേനോൻ പഞ്ചുമേനോന്റെ മകനും ഇന്ദുലേഖയുടെ അമ്മാമനും ആയിരുന്നു. ഇയാൾ മദിരാശിനിന്നു മടങ്ങിവന്ന സമയത്തും മാധവനെ അന്വേഷിച്ചു പോയ സമയത്തും മാത്രമെ കഥയിൽ പ്രവേശിക്കുന്നുള്ളു. മാധവന്റെ അച്ഛൻ ഗോവിന്ദപ്പണിക്കർ "നല്ല ദ്രവ്യസ്ഥനും ബുദ്ധിമാനും മര്യാദക്കാരനും ദയാലുവും ആയ ഒരു മനുഷ്യനാണു്." പോരെങ്കിൽ ആളുകളുടെ സ്വഭാവം നോക്കിയും സന്ദർഭത്തിന്നനുസരിച്ചും വിവേകമായി പറവാനും പ്രവർത്തിപ്പാനും സാധിച്ചിരുന്ന ഒരു രസികനും ആണു്. മകനോടു് അസാമാന്യമായ സ്നേഹവാത്സല്യങ്ങൾ ഉണ്ടു്. മാധവൻ ബി. എൽ. ജയിച്ചു

പ്പോൾ അഞ്ഞൂറുറുപ്പിക വിലയ്ക്കുള്ള ചുവപ്പുകല്ലു പതിച്ച ഒരു ജോടുകടുക്കൻ അവന്നു സമ്മാനിക്കുന്നു. എന്നല്ല, മാധവൻെറ കുടുംബത്തിലുള്ള ഒരു കുട്ടിയെ ഇംഗ്ലീഷു പഠിക്കേണ്ടതിന്നു പഞ്ചുമേനവൻ പണംകൊടുക്കുകയില്ലെന്നു കണ്ടപ്പോൾ അതിന്നുള്ള ചെലവു താൻ ചെയ്യാമെന്നു് ഏല്ക്കുന്നു. തൻെറ മകൻ, ഇന്ദുലേഖയെ വിവാഹം ചെയ്യുന്നതു് ഇദ്ദേഹത്തിന്നു വലിയ ഇഷ്ടമാണു്; എന്നു മാത്രമല്ല, അവർ തമ്മിലുള്ള പ്രണയത്തേയും രഹസ്യസല്ലാപങ്ങളേയും അറിഞ്ഞു് അദ്ദേഹം അഭിനന്ദിക്കുന്നു. മകൻ ഒരുദിവസം മാധവിയുമായി സൈ്വരസല്ലാപം ചെയ്ത സമയം പോയതറിയാതെ അച്ഛൻെറ വീട്ടിലേയ്ക്കു ഉണ്ണാൻ വഴകിചെന്നപ്പോൾ, "ഞാൻ ഒരാളുമായി സംസാരിച്ചു നിന്നു, കുറെ വൈകിപ്പോയി. അച്ഛന്നു് ഉണ്ണാമായിരുന്നുവല്ലൊ. കഷ്ടം! നേരത്തേ ഉണ്ണാറുള്ളതു് ഇന്നു ഞാൻ നിമിത്തം മുടങ്ങി എന്നു തോന്നുന്നു." എന്നു പറഞ്ഞപ്പോൾ, "നീയും ഇന്ദുലേഖയും നിമിത്തം മുടങ്ങി എന്നു പറയൂ. നിന്നെ മാത്രം ഞാൻ കുററക്കാരനാക്കി ശിക്ഷിക്കയില്ല", എന്നാണു മറുപടി പറഞ്ഞതു്. അതിൽപ്പിന്നെ ഇന്ദുലേഖയുടെ സൌന്ദൎയ്യത്തേയും ബുദ്ധിയേയും ധൈൎയ്യത്തേയും പുകഴ്ത്തുകയും അവളെപ്പററി വ്യസനിക്കേണ്ടതില്ലെന്നു പറയുകയും ചെയ്യുന്നു. ഒടുവിൽ "നിന്നെവിട്ടു് ഈ ജന്മം അവൾ ആരേയും സ്വീകരിക്കുമെന്നുള്ള ഒരു ശങ്ക നിണക്കു വേണ്ട; പഞ്ചുമേനവനല്ല ബ്രഹ്മദേവൻ തന്നെ വേറെ പ്രകാരത്തിൽ ഉത്സാഹിപ്പിച്ചാലും ഇനി അതിന്നു് ഒരു ഇളക്കവും ഉണ്ടാകുന്നതല്ല", എന്നു് അച്ഛൻ

മകനെ ധൈൎയ്യപ്പെടുത്തുകയും ചെയ്യുന്നു. മാധവനുള്ള പല ഭാഗ്യങ്ങളിൽ ഒന്ന് തന്റെ പിതാവ് ഇപ്രകാരം പരിഷ്കാരിയും വിശാലഹൃദയനും ആയതുതന്നെയാണ്. മാധവൻ, നമ്പൂതിരിപ്പാട്ടിലെ സംബന്ധത്തെക്കുറിച്ച് തെററിദ്ധരിച്ച നാടുവിട്ടുപോകുമ്പോൾ ആ വിവരത്തിന് എഴുതിയ കത്ത് അവന്റെ അച്ഛൻ വായിച്ച ഉടനെ, "അയ്യോ എന്റെ കുട്ടി! നീ എന്നെ ആക്കീട്ട് ഓടിപ്പോയി", എന്നു പറഞ്ഞ് ആ സ്നേഹശീലൻ മാറിൽ അടിച്ചു മൂൎച്ഛിക്കുന്നു. ഉടനെ താനും ഗോവിന്ദൻകുട്ടി മേനോനും മാധവനെ അന്വേഷിച്ച പോകുന്നു.

ഇയാളുടെ വിവേകവും രസികതയും ഏകസമയത്തു പ്രത്യക്ഷപ്പെടുന്നതു പഞ്ചുമേനോനുമായിട്ടുള്ള സംഭാഷണത്തിലാണ്. ക്രോധമൂൎത്തിയായി ഭവിച്ച പഞ്ചുമേനോൻ, മാധവൻ ശിന്നനെക്കൂട്ടി മതിരാശിയിലേയ്ക്കു പോയതിനെ അടിസ്ഥാനമാക്കി, പലരേയും ശകാരിക്കുകയും തല്ലുകയും ചെയ്തശേഷം ഗോവിന്ദപ്പണിക്കരേയും ഒന്നു ശകാരിക്കാമെന്നുവെച്ച് അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു പോകുന്നു. അവിടെ എത്തി പണിക്കരെ കണ്ടു സംസാരിച്ച ഉടനെതന്നെ, വെള്ളത്തിൽവീണ തീപോലെ പഞ്ചുമേനോന്റെ കോപം ശമിച്ചുപോകയാണു ചെയ്യുന്നതു്. സമൎത്ഥനും ബുദ്ധിമാനുമായ ഗോവിന്ദപ്പണിക്കർ പഞ്ചുമേനോന്റെ അഭിപ്രായങ്ങൾക്ക് എതിരഭിപ്രായങ്ങൾ പറയാതെ അദ്ദേഹത്തോടു യോജിക്കുകയും മാധവനെ കുററപ്പെടുത്തുകയും ആണു ചെയ്യുന്നതു്. അവർ തമ്മിൽ നടന്ന സംഭാഷണം ഇങ്ങിനെയായിരുന്നു:—

പഞ്ചുമേനോൻ—"ഈ മാധവൻ ഇങ്ങിനെ വന്നുപോയല്ലൊ? വിവരങ്ങൾ എല്ലാം പണിക്കർ അറിഞ്ഞുവോ?"

ഗോവിന്ദപണിക്കർ—"അവന്ന് ഇയ്യെടെ കുറെ അഹങ്കാരം വർദ്ധിച്ചിരിക്കുന്നു. ഒന്നാമതു കുട്ടികൾ ഇംഗ്ലീഷ് പഠിച്ചാൽതന്നെ അഹംഭാവം അധികമായിട്ടുണ്ടാവും. പിന്നെ പരീക്ഷയും മററും ജയിച്ചു കുറെ ദിവസം മതിരാശിയിൽത്തന്നെ താമസിക്കുന്നതായാലൊ പറയേണ്ടതില്ല. ഇവിടുത്തെ മുമ്പാകെ കുറെ ധിക്കാരമായ വാക്കുകൾ പറഞ്ഞു എന്നു ഞാൻ കേട്ടു. എനിക്ക് അശേഷം രസിച്ചില്ല. ഞാൻ അവനോട് ഒരക്ഷരവും ഇതിനെപ്പററി ചോദിച്ചില്ല. ചോദിച്ചിട്ട് എന്തു ഫലം?"

പഞ്ചുമേനോൻ—"അങ്ങിനെ ചോദിക്കാഞ്ഞാൽ കുട്ടികൾ കേവലം കുരുത്തംകെട്ടുപോവുമല്ലൊ. കുറെയെല്ലാം ദ്വേഷ്യപ്പെടാഞ്ഞാൽ മേൽകീഴില്ലാതെ തുമ്പില്ലാതെ ആയിവരുമല്ലൊ.

ഗോവിന്ദപണിക്കർ—"ശരിയാണ, ശരിയാണ്; ഇവിടുന്നു പറഞ്ഞതു് വളരെ ശരിയാണ്, സംശയമില്ല. ഇങ്ങിനെ വിട്ടുകളഞ്ഞാൽ കുട്ടികൾ മേൽകീഴില്ലാതാവും."

പണിക്കർക്ക് യഥാർത്ഥത്തിൽ ഉണ്ടായിരുന്ന അഭിപ്രായവും മാധവനോട് അതിന്നനുസരിച്ചു പറഞ്ഞ വാക്കുകളും പഞ്ചുമേനവന്റെ ചെവിയിൽ കടത്തിവിട്ട ഈ മൊഴികളും തമ്മിലുള്ള വ്യത്യാസം നോക്കുക. ഇതുകളവാണെന്നോ മനഃസാക്ഷിക്ക് എതിരാണെന്നോ

പറയുന്നവർ ഉണ്ടായിരിക്കും; അല്ല, വിവേകമാണെന്നു ഞാൻ പറയും ഗോവിന്ദപ്പണിക്കർ പിന്നെ സംസാരിക്കുന്നതൊക്കെ ദ്വയാൎത്ഥത്തിലാണു്. അതൊക്കെ പുസ്തകത്തിൽ സന്ദൎഭമനുസരിച്ചു വായിച്ചാൽ മാത്രമേ അവയുടെ സ്വാരസ്യം ഗ്രഹിക്കയുള്ളൂ. ഗോവിന്ദപ്പണിക്കരെപ്പോലെയുള്ള സമൎത്ഥന്മാരും നമ്മുടെ നാട്ടിൽ അനേകരുണ്ടു്.

പഞ്ചുമേനവന്റെ ഭാൎയ്യ കുഞ്ഞിക്കുട്ടിഅമ്മ ഒരു പഴയ മട്ടുകാരത്തിയാണു്. എന്നാൽ ആ സ്ത്രീ വല്ല ആമ്മായിപഞ്ചതന്ത്രവും ഉപയോഗിച്ചു തറവാട്ടിൽ കാരണവരോടു പണം പിടുങ്ങുന്ന ശീലമുള്ളവരോ അല്ലയോ എന്നൊന്നും കഥയിൽ വിവരിച്ചിട്ടില്ല. അതുകൂടിയായാൽ കഥ അനാവശ്യമായി വളരെ പടൎന്നുപോകുമല്ലോ. ഭാൎയ്യക്കും മക്കൾക്കും പഞ്ചുമേനവൻ തന്നെ മുപ്പത്തയ്യായിരം ഉറുപ്പികയുടെ സ്വത്തു കൊടുത്തിരിക്കുന്നുവെന്നു പറഞ്ഞു ഗ്രന്ഥകൎത്താവു സമാധാനിക്കുകയാണു ചെയ്യുന്നതു്. ഈ അമ്മ ഭൎത്താവിന്റെ ഹിതാനുവൎത്തിനിയാണു്. മാധവന്റെ ഗുണങ്ങളും നമ്പൂതിരിപ്പാടിലെ വങ്കത്വവും ഒന്നും അവർ കാണുന്നില്ല. ഇന്ദുലേഖയും മാധവനും തമ്മിലുള്ള പരിഷ്കൃതസമ്പ്രദായത്തിലുള്ള പെരുമാററമോ, അവർ തമ്മിലുള്ള അനുരാഗത്തിന്റെ സമ്പ്രദായമോ ആ വൃദ്ധക്കു മനസ്സിലാകുന്നില്ല. നമ്പൂതിരിപ്പാടിന്റെ സംബന്ധത്തെപ്പററി ആലോചിപ്പാൻ പഞ്ചുമേനോൻ ഇന്ദുലേഖയുടെ മുറിയിൽപോയി സംസാരിച്ചു കാൎയ്യംഫലിക്കാതെ മടങ്ങിവന്നപ്പോൾ അദ്ദേഹത്തോടു കുഞ്ഞിക്കുട്ടിഅമ്മ പറയുന്നതു്, "നല്ലതല്ലരണ്ടുകൊടുത്താൽ ഈവക അ

ധികപ്രസംഗം ഉണ്ടാവുന്നതല്ല; ഓമനവാക്ക പറഞ്ഞി
ട്ടാണ് ഈ ധിക്കാരമെല്ലാം കാണിക്കുന്നതു്. കുട്ടിക
ളെ അധികം ലാളിക്കരുതു്'' എന്നാണ്. ഭർത്താവിനെ
സന്തോഷിപ്പിക്കാനുള്ള വാക്കുകൾ പറഞ്ഞു ശീലിച്ചു
ശീലിച്ച് അതു ഒരു രണ്ടാംപ്രകൃതിയായിത്തീർന്നിരി
ക്കുന്ന ഈ വക വീട്ടമ്മമാരെ എവിടേയും കാണാം. എ
ഴപതുവയസ്സു കഴിഞ്ഞ പഞ്ചുമേനവൻെറ ഈ പത്നി
ക്ക് വയസ്സൊരു അറുപതുമുറിപ്പാടെങ്കിലും കഴിഞ്ഞി
രിക്കണം. പഞ്ചുമേനവൻേറയും കരുത്തേടത്തിൻേറയും
മററും ആലോചനകൾ കേൾക്കയും നമ്പൂതിരിപ്പാടി
ലെ സ്വർണ്ണവിഗ്രഹം കാണുകയും അദ്ദേഹം ഇന്ദുലേ
ഖയുടെ മാളികയിൽ പോയി അവിടെ പാട്ടുംമററും ന
ടന്നതു് അറിയുകയും ചെയ്തപ്പോൾ ഈ കിഴവി ധരി
ച്ചതു്, ഇന്ദുലേഖയെതന്നെ നമ്പൂതിരിപ്പാടു് സംബ
ന്ധം ചെയ്തുകൊണ്ടുപോകുമെന്നാണ്. കല്യാണിക്കുട്ടി
യെ സംബന്ധംചെയ്വാൻ നമ്പൂതിരിപ്പാടു് തീർച്ചയാ
ക്കിയ വിവരം അദ്ദേഹം പഞ്ചുമേനോനോടു പറഞ്ഞ
ശേഷം ആ വൃദ്ധൻ അതിൻെറ ഔചിത്യാനൌചിത്യ
ങ്ങളെപ്പററി തന്നോടുതന്നെ വാദപ്രതിവാദംചെയ്ത് ഒ
രു വിധംതീർച്ചയാക്കി, ഭാൎയ്യയെ വിളിച്ചു ശങ്കരമേ
നോനെ വിളിക്കുവാൻ പറഞ്ഞു. അപ്പോൾ ആ വൃ
ദ്ധ മനസ്സിലാക്കിയതു് ഇന്ദുലേഖയുടെ സംബന്ധത്തെ
പ്പററി ആലോചിക്കാനാണെന്നായിരുന്നു. എന്നിട്ട്
“സംബന്ധം ഇന്നു നടക്കുമോ?'' എന്നു ചോദിക്കുന്നു.
“ഇന്നുതന്നെ അതിന് എന്തു സംശയം” എന്നു പഞ്ചു
മേനോൻ പറയുന്നു. ഇതു തെററിദ്ധരിച്ച് ആ അമ്മ

ഇന്ദുലേഖക്ക് അന്നുരാത്രിതന്നെ നമ്പൂതിരിപ്പാട്ടുമായി സംബന്ധം നടക്കുമെന്നു ശങ്കരശാസ്ത്രികളെ അറിയിക്കുന്നു. അതുകൊണ്ടു് കഥയിലെ ഇതിവൃത്തത്തിൻെറ ബീജം അങ്കുരിക്കാൻ സഹായിച്ചവരിൽ ഒന്നു് ആ അമ്മയായിരുന്നു.

ഈ അമ്മയുടെ മകളും ഇന്ദുലേഖയുടെമാതാവുംആയ ലക്ഷ്മിക്കുട്ടിഅമ്മ ഇവരെക്കാൾ പഠിപ്പും പരിഷ്കാരവും സിദ്ധിച്ചവരായിരുന്നു. കഥ നടക്കുന്ന കാലത്തു് ആ അമ്മയ്ക്കു മുപ്പത്തഞ്ചു വയസ്സുമാത്രമെപ്രായമുണ്ടായിരുന്നുള്ളു. "കിളിമാനൂർ ഒരു രാജാവവർകൾ" ആയിരുന്നു ആദ്യം സംബന്ധം. ഒരു പുത്രിജനിച്ചു രണ്ടുകൊല്ലം കഴിഞ്ഞശേഷം രാജാവു തീപ്പെട്ടുപോയി. വിധവയായ നിലയിൽ കരുത്തേടത്തു കേശവൻ നമ്പൂതിരി സംബന്ധം ചെയ്തു. തൻെറ പ്രിയപ്പെട്ട പുത്രിയായ ഇന്ദുലേഖയെ മാധവൻതന്നെ വിവാഹം ചെയ്യണം എന്നായിരുന്നു അവരുടെ ആഗ്രഹവും അനുഗ്രഹവും. മാധവന്നു് ഉദ്യോഗമായ വിവരം അറിഞ്ഞു് അത്യന്തം സന്തോഷിച്ച ലക്ഷ്മിക്കുട്ടിയമ്മ ഇന്ദുലേഖയെ അഭിനന്ദിക്കുകയും ഇന്ദുലേഖ വലിയച്ഛൻെറ ശപഥത്തെ അഗണ്യമാക്കി മാധവനൊന്നിച്ചു മതിരാശിക്കു പോകുന്നുവെന്നു പറഞ്ഞപ്പോൾ "എൻെറ മകൾ മാധവനോടുകൂടി ഏതുദിക്കിൽ പോയാലും എനിക്കു വിരോധമില്ല. സാധുക്കളെ, നിങ്ങൾ രണ്ടുപേരും എത്രദിവസമായി കുഴങ്ങുന്നു. എങ്കിലും അച്ഛന്നു് ഒരു മുഷിച്ചിലിനു് ഇടയാവുമല്ലോ എന്നു ഒരു ഭയം," എന്നാണു് പറയുന്നതു്. നമ്പൂതിരിപ്പാടിനെ ലക്ഷ്മിഅമ്മക്കു വലിയപുച്ഛമായിരു

ന്നു. അദ്ദേഹം ഇന്ദുലേഖയുമായി സംസാരിക്കുവാൻ അവളുടെ മുറിയിൽ ചെല്ലുന്നുണ്ടെന്നു് അറിഞ്ഞപ്പോൾ തന്റെ പുത്രിയോടു് ഈ അമ്മ പറയുന്നതു് "നമ്പൂതിരിപ്പാടുമായി യുദ്ധത്തിന്നു് ഒരുങ്ങിക്കൊള്ളു" എന്നാണു്. കുഞ്ഞിക്കുട്ടിയമ്മയുടെ സ്വഭാവവുമായിട്ടു് ഇവരുടെ സ്വഭാവം എത്ര വ്യത്യാസം! ഈ അമ്മക്കു് ആ കരുത്തേടം സംബന്ധമായല്ലോ എന്നാണു് എനിക്കു വ്യസനം. അതും മരുമക്കത്തായ തറവാട്ടിലെ ഒഴിച്ചുകൂടാത്ത ഒരു അനുഭവംതന്നെ. ഏതായാലും കരുത്തേടം ആ നിലയിൽ കഥയിൽ പ്രവേശിച്ചിരുന്നില്ലെങ്കിൽ നോവലിലെ അതിരസകരമായ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുമായിരുന്നുവെന്നു സമാധാനിക്കാം.

മാധവന്റെ അമ്മയായ പാർവ്വതിഅമ്മയെപ്പററി അധികമൊന്നും പറവാനില്ല. അവർ ഗോവിന്ദപ്പണിക്കർക്കു യോജിച്ച ഒരു ഭാര്യയായിരുന്നു. കിളിമാനൂർരാജാവിന്റെ ഭാര്യയായി, അതിസുമുഖിയും പരമയോഗ്യയും ആയ ഒരു പുത്രി ജനിച്ചശേഷം ഭർത്താവിന്റെ മരണാനന്തരം പരമവിഡ്ഢിയായ ഒരു നമ്പൂതിരിയെ സംബന്ധം ചെയ്ത ലക്ഷ്മിക്കുട്ടിഅമ്മയെ നല്ല കണക്കിൽ പരിഹസിക്കാൻ ഗ്രന്ഥകർത്താവു കാരണം കാണുന്നുണ്ടെങ്കിലും പാർവ്വതിഅമ്മയെ നല്ല അന്തസ്സുള്ള ഒരു സ്ത്രീയായിത്തന്നെ കഥയിൽ വിവരിച്ചിരിക്കുന്നു.

കേശവൻനമ്പൂതിരി "കാഴ്ചയിൽ സുന്ദരനല്ലെങ്കിലും ഒട്ടും വിരൂപിയല്ല." സാമാന്യം ധനികനാണു്. കൈയ്യിൽ സ്വന്തമായി അസാരം പണം ഉണ്ടായതു് ഒരു നൂൽ കമ്പനിയിൽ ഓഹരിക്കു് ഇട്ടിരിക്കുന്നു. സൂരിനമ്പൂതിരിപ്പാട്ടിലെ ഇഷ്ടനും ആശ്രിതനും ആണു്.

വേളികഴിച്ചിട്ടില്ല. പൂവള്ളിയിലാണു പാർപ്പ്; ഭക്ഷണം അവിടത്തെ സത്രശാലക്കു സമീപം ഒരു മഠത്തിലാണ്. ആൾ പരമശുദ്ധനാണ്. ഗ്രന്ഥകർത്താവു പറയുന്നതു് "മഹാൻഭാവോ വിസൃഷ്ടിശ്ചേൽ ശുദ്ധയിത്യഭിധീയതേ എന്ന പ്രമാണം വെടിപ്പായി ചേരുന്ന വിധമുള്ള ശുദ്ധനാണ്" എന്നത്രെ. "എന്നാൽ വളരെ മൎയ്യാദക്കാരനും സുശീലനും കൂടി ആയിരുന്നു. തന്റെ ഭാൎയ്യയിൽ അതിപ്രേമമാണ്. തനിക്കു ഭാഗ്യവശാൽ കിട്ടിയ ഭാൎയ്യയാണെന്ന് എല്ലായ്പോഴും ഓൎമ്മയുണ്ടായിരുന്നു." ഇദ്ദേഹമാണ് ഇന്ദുലേഖക്കു സൂരിനമ്പൂതിരിപ്പാട്ടമായി സംബന്ധം ഉണ്ടായാൽ കൊള്ളാമെന്നു പഞ്ചുമേനോനെ ആദ്യം അറിയിച്ചതു്. അദ്ദേഹത്തെ കണ്ടെഴുതി വരുത്തിയതും ഈ സാധുവായിരുന്നു. അതിന്നു തക്കതായ ശിക്ഷയും ഈ കേശവൻ നമ്പൂതിരിക്കു കിട്ടിയതായി കാണാം. ഈ സംബന്ധത്തെപ്പററി തന്റെ ഭാൎയ്യയോടു സംസാരിക്കേണമെന്നു വിചാരിച്ചു് ആ സ്ത്രീയെ ഒരു രാത്രി വിളിച്ചുണൎത്തി പറഞ്ഞതു മുഴുവൻ തന്റെ നൂൽക്കമ്പനിയെപ്പററിയായിരുന്നു. സംബന്ധത്തെപ്പററി ഒന്നും അന്നു പറഞ്ഞതുമില്ല. മണ്ണെണ്ണയെപ്പററി ഇദ്ദേഹം 'കെസ്രാത്ത് എണ്ണ്' എന്നാണു പറയുന്നതു്. അതു് അസ്സൽ എണ്ണയാണ്. നൂൽകമ്പനിശാലകളിൽ എല്ലാടവും ഈ കെസ്രാത്ത് എണ്ണ വിളക്ക് ഒരു ദിവസം കത്തിച്ചുവെച്ചതു താൻ കണ്ടിരുന്നുവത്രെ. നൂൽകമ്പനി എന്നു വെച്ചാൽ എന്താണ്? നമ്പൂതിരിയുടെ ധാരണയാണിതു്. "ഈ നൂൽകമ്പനി എന്നു് ഇത്ര ഘോഷമായി കേൾക്കുന്നതെല്ലാം ഒരു ഇരുമ്പു ചക്രമാണ്. ആ ചക്രം ഈ നൂൽ ഒ

ക്കേയും ഉണ്ടാക്കുന്നു. ആ ചക്രത്തെ തിരിക്കുന്നതു പൊകയാണ്. പൊക, പൊക, ശുദ്ധമേ പൊക." ഈ പുക പോകാൻ വലിയ കൊടിമരംപോലെയുള്ള ഒരു "വാല്" ഉണ്ടാക്കിവെച്ചിട്ടുള്ളതിൻെറ "ഉള്ളിൽ എന്തോ ചില വിദ്യകൾ ഉണ്ട്" എന്നാണു നമ്പൂതിരിയുടെ ശങ്ക. "അങ്ങിനെ വല്ലതും ഇല്ലാതെ ഈ ഇരുമ്പുകൊണ്ടുള്ള കമ്പിന്റം തൂശികളും പറഞ്ഞതുപോലെ കേൾക്കുമോ? എന്തോ ഒരു വിദ്യയുണ്ട്. പക്ഷെ മിടുക്കന്മാരായ വെള്ളക്കാർ അതു പുറത്തു പറകയില്ലത്രെ. അതിനെപ്പററി വല്ലതും ചോദിച്ചാൽ കുട്ടികൾക്കുകൂടി ബോദ്ധ്യം വരാത്ത ചില കളവുകൾ ആ വെള്ളക്കാർ പറയും. "സൂക്ഷ്മം അറിയേണമെങ്കിൽ അവരുടെ വേദത്തിൽ ചേൻറു തൊപ്പിയിടണം. എന്നാൽ പറയും. ഇന്ദുലേഖ പറഞ്ഞറിഞ്ഞതിനെ അടിസ്ഥാനമാക്കി ലക്ഷ്മിക്കുട്ടിയമ്മ പുകക്കു് ഒരു ശക്തിയും ഇല്ല എന്നു പറഞ്ഞപ്പോൾ നമ്പൂതിരി മറുപടി അരുളിച്ചെയ്തതു്:—"അങ്ങിനെ പറയണ്ടാ. ധൂമം ശക്തിയുള്ളതാണു്. ഹോമധൂമത്തിന്നു ശക്തിയില്ലെ?" എന്നാണു്. "വല്ല മൂൎത്തികളുടേയും പ്രസാദത്തിന്നുവേണ്ടിയുള്ള ഒരു ഹോമമോ" എന്നുകൂടി നമ്പൂതിരിക്കു ശങ്കയുണ്ടു്. അദ്ദേഹം പറയുന്നു:—വല്ല വിഗ്രഹങ്ങളോ ചക്രങ്ങളോ ആ കൊടിമരത്തിൻെറ ഉള്ളിൽ വെച്ചിട്ടുണ്ടായിരിക്കാം. ആൎക്കറിയാം. അതിന്നു് ഈ ഹോമം വളരെ പ്രിയമായിരിക്കാം. ആൎക്കറിയാം. അതിൻെറ പ്രസാദത്തിനാൽ ആയിരിക്കാം, ഈ കമ്പനി തിരിയുന്നതു്. ആൎക്കറിയാം. നാരായണമൂൎത്തിക്കുമാത്രം അറിയാം." നമ്പൂതിരി ഇങ്ങി

ന്നെയുള്ള പലേ വിഡ്ഢിത്തങ്ങളും പറയുന്നു. ഈ സാധു വലിയ ഒരു പാരവശ്യത്തിൽ കിടന്നു പിടഞ്ഞ വിവരം സൂരിനമ്പൂതിരിപ്പാട്ടിനെപ്പററി പറയുമ്പോൾ അറിയാം. ഇദ്ദേഹത്തെപ്പോലുള്ളവർ ഇക്കാലത്ത് ആ സമുദായത്തിൽ ഉണ്ടോ? ഇതിന്ന് അദ്ദേഹത്തിൻെറ വാക്കിൽത്തന്നെ, "ആക്കറിയാം. നാരായണമൂൎത്തിക്കുമാത്രം അറിയാം," എന്നു പറവാനേ നിവൃത്തിയുള്ളൂ. ഇദ്ദേഹത്തിന്നു നാൽക്കമ്പനിയെപ്പററി ഇങ്ങിനെ അഭിപ്രായം ഉണ്ടായതിലല്ല അത്ഭുതം; അങ്ങിനെ ഉണ്ടായിട്ടും അതിൽ ഓഹരിക്കു ചേൻവല്ലോ എന്നാണ്.

കണ്ണഴിമൂക്കില്ലാത്തു മനക്കൽ നമ്പൂതിരിപ്പാടിനെയും ചെറുശ്ശേരി ഗോവിന്ദൻനമ്പൂതിരിയെയും പററി ഒന്നിച്ചു പറയേണ്ടതാണ്. അതോടുകൂടി നമ്പൂതിരിപ്പാട്ടിലെ വെററിലപ്പെട്ടിക്കാരൻ ഗോവിന്ദനെയും പ്രവേശിപ്പിക്കണം. അങ്ങിനെ ചെയ്താലേ അവരുടെ സ്വഭാവവൈശിഷ്ട്യങ്ങളെക്കൊണ്ടു കവി കഥയ്ക്കു വരുത്തിയിരിക്കുന്ന രസികത്വം പൂൎണ്ണമായി മനസ്സിലാകയുള്ളൂ.

മലയാളത്തിലെങ്ങും പ്രസിദ്ധപ്പെട്ടതും സമ്പത്തിലും ഉൽകൃഷ്ടതയിലും നിസ്തുല്യമെന്നു പറയപ്പെടുന്നതും ആയ കണ്ണഴിമൂക്കില്ലാത്തുമനക്കലെ രണ്ടാംസ്ഥാനിയാണു സൂരിനമ്പൂതിരിപ്പാട്. ജ്യേഷ്ഠൻ വയോധികനും രോഗിയും ആയിരുന്നതിനാൽ മനവകകായ്യങ്ങൾ നോക്കി നടത്തുവാൻ ഇദ്ദേഹത്തെയായിരുന്നു ഏല്പിച്ചിരുന്നതെങ്കിലും, സ്ത്രീലോലനും വിദ്യാഭ്യാസരഹിതനും ആയിരുന്നതിനാൽ, അതിനൊന്നും സമയവും കഴിവും ഉണ്ടായിരുന്നില്ല. എല്ലാം കായ്യസ്ഥന്മാരുടെ കൈയ്യിൽ ഏല്പി

ച്ചിട്ടാണ്. "ആളും നല്ല വെളുത്ത നിറത്തിലാണെങ്കിലും സൌന്ദൎയ്യമാവട്ടെ ശ്രീയാവട്ടെ ഇദ്ദേഹത്തിന്റെ ദേഹത്തിന്ന ലേശംപോലും ഇല്ലെന്നുതന്നെ പറയാം. * * ഇദ്ദേഹം ചിരിക്കുമ്പോൾ വായ, രണ്ടു കവിൾത്തടങ്ങളിൽ എത്തി അവിടന്നും കവിഞ്ഞു നീണ്ടുനില്ക്കുന്നുണ്ടോ എന്നു കാണുന്നവൎക്ക തോന്നും. നാസിക ശരിയായിട്ടുതന്നെ സൃഷ്ടിച്ചിരിക്കുന്നുവെങ്കിലും ആ മുഖത്തിന്നു മതിയായില്ല, എന്നു തോന്നും. നടക്കുന്നതു ചാടിച്ചാടിക്കൊണ്ടു കാക്കകളെപ്പോലെയോ എന്നു തോന്നും.

"ഇദ്ദേഹം സൂക്ഷ്മത്തിൽ ശുദ്ധമനസ്സാണു്, നിഷ്കന്മഷനാണു്, എങ്കിലും ശീലത്തിന്റെ ദുർഗ്ഗുണംകൊണ്ടു ശുദ്ധനാണെന്നു് അധികം ആളുകൾക്കും സാധാരണയായി അഭിപ്രായം ഉണ്ടായിരുന്നില്ല. സാധാരണ അറിവും പഠിപ്പും ഇല്ലാത്ത ധനവാന്മാൎക്കുണ്ടാവുന്നപോലെ, തന്നെപ്പററിത്തന്നെ ഇദ്ദേഹത്തിന്നു വലിയ അഭിപ്രായമാണു് ഉണ്ടായിരുന്നതു്. താൻ കാൎയ്യത്തിന്നു് അതിനിപുണനാണെന്നു തന്റെ സേവകന്മാരായ കാൎയ്യസ്ഥന്മാരും കണ്ടാൽ മന്മഥനെപ്പോലെ സുന്ദരനാണെന്നു താൻ സഹവാസംചെയ്തിട്ടുള്ള കുലടമാരും ഈ ഭോഷന്മാരെ നല്ലവണ്ണം പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു. മുഖസ്തുതി കേട്ടു കേട്ടു താൻ ഒരു മഹാപുരുഷനാണെന്നു് ഇദ്ദേഹം മനസ്സിൽ തീൎച്ചയാക്കിവെച്ചിരുന്നു."

ചുരുക്കിപ്പറഞ്ഞാൽ, ദുശ്ശീലത്താലും വങ്കത്വത്താലും പരന്മാർ പരസ്യമായി പരിഹസിക്കുന്നതിൽ നിന്നും, ലജ്ജവിട്ടവിടത്വം നിമിത്തവും ദുർമ്മാൎഗ്ഗം നിമിത്തവും സജ്ജനങ്ങൾ തന്റെ സഹവാസത്തെ ശക്തിയായി ഉപേക്ഷിക്കുന്നതിൽ നിന്നും ഈ ബ്രാഹ്മണനെ രക്ഷി

ച്ചപോരുന്നതു് ആ ഭാഗ്യവാൻെറ തറവാട്ടിലെ അന്തരിച്ചുപോയ കാരണവന്മാർ സമ്പാദിച്ചു വെച്ച ധനസമൃദ്ധിമാത്രമായിരുന്നു.

ചെറുശ്ശേരി ഇല്ലത്തു ഗോവിന്ദൻ നമ്പൂതിരി എങ്ങിനെയുള്ള ആളാണു്? "ഇദ്ദേഹത്തെപ്പോലെ ഇത്ര സരസതയും സാമൎത്ഥ്യവും ഉണ്ടായിട്ടു മറെറാരാളെ പറവാൻ സാദ്ധ്യമല്ല. വിപ്പത്തി കടുകട്ടി. വ്യാകരണശാസ്ത്രം വെടിപ്പായി പഠിച്ചിരിക്കുന്നു. സംഗീതത്തിൽ അതിപരിജ്ഞൻ. കാഴ്ചയിൽ നല്ല ശ്രീയുള്ളമുഖവും ദേഹവും. സംഭാഷണത്തിൽ ഇത്ര സരസത മററാക്കും കണ്ടിട്ടില്ല. ഈ കഥയിലുള്ള മററാക്കും ഇത്രയില്ലെന്നു തീൎച്ചയായി പറയുന്നു. ഇദ്ദേഹം അശേഷം ദുബ്ബുദ്ധിയല്ല. എന്നാൽ പരിഹാസയോഗ്യരായ മനുഷ്യരെപ്പററി ഇദ്ദേഹത്തിന്നു് അശേഷം ദയയില്ലെന്നുതന്നെ പറയാം. ഇദ്ദേഹത്തിൻെറ പരിഹാസത്തിനെപ്പററി ഭയമില്ലാത്തവർ കേവലം ബുദ്ധിയില്ലാത്തവർ മാത്രമേയുള്ളു. പരിഹസിച്ചാൽ ഒരു തരിമ്പും അറിയാത്തവനു മാത്രം ഇദ്ദേഹത്തിനെ ഭയമില്ല." ഈ നമ്പൂതിരിയെ ഇങ്ങിനെ വിവരിച്ച ഉടനെ സരസനായ ഗ്രന്ഥകൎത്താവു എഴുതിയ വാക്യം "നമ്മുടെ സൂരിനമ്പൂതിരിപ്പാടിനു് ഇദ്ദേഹത്തിനെ ഭയമില്ല," എന്നാണു്. ഗോവിന്ദൻ നമ്പൂതിരി, സൂരിനമ്പൂതിരിപ്പാടിൻെറ ഒരു സ്നേഹിതനായിരുന്നില്ലത്രെ. പക്ഷെ ധനം കൊണ്ടും ഉൽകൃഷ്ടത കൊണ്ടും നമ്പൂതിരിപ്പാടു് നമ്പൂതിരിമാരിൽ മുഖ്യനായതിനാൽ അദ്ദേഹത്തെ പുറമേയെങ്കിലും ബഹുമാനിക്കാതെ എങ്ങിനെ കഴിയും എന്നു വിചാരിച്ചുമാത്രം ചെ

രുശ്ശേരി അദ്ദേഹത്തിൻെറ സഹവാസം സഹിച്ചു വരികയാണ്. യഥാൎത്ഥത്തിൽ സൂരിനമ്പൂതിരിപ്പാടിനെക്കുറിച്ചു ചെറുശ്ശേരിക്കു പുച്ഛമാണ് ഉണ്ടായിരുന്നതു്. ദ്വേഷിഞ്ഞാൽ ഉപദ്രവങ്ങൾ ഉണ്ടാവുമെന്നു കരുതി, അദ്ദേഹത്തെ ഗോവിന്ദൻ നമ്പൂതിരി ധാരാളമായി നിന്ദാസ്തുതി ചെയ്യാറുണ്ട്.

വെററിലപ്പെട്ടിക്കാരൻ ഗോവിന്ദനാകട്ടെ, നമ്പൂതിരിപ്പാടിൻെറ ദുർവൃത്തികളിൽ അദ്ദേഹത്തെ പരസ്യമായും രഹസ്യമായും സഹായിക്കുന്നവനും അദ്ദേഹത്തെ അപകടങ്ങളിൽ നിന്നു രക്ഷിച്ച് അബദ്ധത്തിൽ കൊണ്ടുപോയി ചാടിക്കുന്നവനും ആകുന്നു. നമ്പൂതിരിപ്പാടിന്നുള്ള ദോഷങ്ങളെ മറച്ചുവെച്ചു കളവുപറഞ്ഞു്, അദ്ദേഹത്തെ എല്ലാവരോടും സ്തുതിക്കും.

ഇങ്ങിനെയുള്ള മൂന്നുപേരേയുമാണ് ഒന്നിച്ചു ചേൎത്തു്, ഇന്ദുലേഖയുടെ വീട്ടിലേക്കു കൊണ്ടുപോയി അവരിൽ ഓരോരുത്തരുടെയും വിഡ്ഢിത്വവും സാമൎത്ഥ്യവും കുസൃതിയും വെളിവായി കാണിപ്പിച്ച് കേരളത്തിലെ ഗൃഹഭരണനടപടികളുടെയും സമുദായാചാരങ്ങളുടെയും ഒരു പ്രത്യേകഭാഗത്തിന്നുള്ള ദോഷങ്ങളെ ഗ്രന്ഥകൎത്താവു പ്രത്യക്ഷപ്പെടുത്തുന്നതു്.

ഇന്ദുലേഖയെപ്പററി കരുത്തേടം എഴുതിയ കത്തു വായിച്ചു ഉടനെ നമ്പൂതിരിപ്പാട് അവളിൽ ഭ്രമിച്ചു വശായിക്കഴിഞ്ഞിരിക്കുന്നു. ഉടനെ ചെറുശ്ശേരിയെ വിളിക്കാനയച്ചു. അദ്ദേഹം വരുന്നതിലിടക്കു മനവകകാൎയ്യസ്ഥൻ ഒരു കടലാസ്സ് ഒപ്പിടുവിക്കാൻ നമ്പൂതിരിപ്പാട്ടിൻെറ അടുക്കൽ കൊണ്ടുചെന്നു. ഇന്ദുലേഖയെത്ത

ന്നു ധ്യാനിച്ച സമാധിയിൽ ഇരിക്കുന്ന ആ തിരുമനസ്സുകൊണ്ടു് ആ അവസരത്തിൽ ഒപ്പുവെയ്ക്കുന്ന ആളാണോ? തനിക്കു് ഒരു കാൎയ്യവും നോക്കാൻ അന്നു് അവസരമില്ലത്രെ. മററന്നാളാണു നമ്പർ വിചാരണ. എന്തു വിചാരണയാലും കൊള്ളാം, ഒപ്പു വെക്കില്ലതന്നെ. ഒരു ആധാരം ഫയലാക്കേണ്ടതുണ്ടു്, അതിന്നു് ഒരു ഹരജി കൊടുക്കണം, അതുതിങ്കളാഴ്ച ഫയലാക്കീട്ടില്ലെങ്കിൽ കേസ്സു നീക്കിപ്പോകും. കേസ്സു നീക്കിയാൽ അപ്പീൽ കൊടുക്കണം, അത്രതന്നെ.

ആധാരം ഫയലാക്കാഞ്ഞാൽ അപ്പീൽകോടതിയിലും തോല്ക്കും.

എന്തുതന്നെയായാലും അന്നു ശനിയാഴ്ച, ഒരു കടലാസ്സിലും താൻ ഒപ്പിടുകയില്ല. ഏതാണു കേസ്സ്, ആരാണ് എതിർകക്ഷി, എന്താണു കേസ്സിൻെറ സ്വഭാവം ഇവയൊന്നും നമ്പൂതിരിപ്പാടിന്നു് ഓൎമ്മയേ ഇല്ല.

എതിർകക്ഷി ഒരു ബാരിസ്റ്റർ സായ്പിനെ തൻെറ വക്കീലാക്കി വരുത്തീട്ടുണ്ടെന്നു .കാൎയ്യസ്ഥൻ പറഞ്ഞപ്പോൾ നമ്പൂരിപ്പാട്ടു് ഇങ്ങിനെയാണു മറുപടി പറയുന്നതു്:—"നമുക്കും ഒരു സായ്പിനെ ഏല്പിക്കണം. ഏലമലക്കാരൻ 'മക്ക്ഷാമൻ' ആയാൽ മതി. അയാളും ഞാനും തമ്മിൽ വളരെ സ്നേഹമാണു്." ഏലമലക്കാർ സായ്പന്മാർ ഈവക കാൎയ്യങ്ങൾ ഏല്ക്കുകയില്ലെന്നു കാൎയ്യസ്ഥൻ 'വിടകൊണ്ടപ്പോൾ, "അധികപ്രസംഗം പറയണ്ടാ, ആ കരാറുകാരൻ സായ്പു് എനിക്കുവേണ്ടി എന്തും ചെയ്യും" എന്നാണു മറുപടി അരുളിച്ചെയ്തതു്. എന്തിന്നു പറയുന്നു, ഇങ്ങിനെ കാൎയ്യസ്ഥനും താനും തമ്മിൽ

തക്കമായി കഴിയുമ്പോൾ തന്റെ അനുജനം യോഗ്യനമായ നാരായണൻ നമ്പൂതിരിപ്പാട്ട വന്ന ഹരജിയിൽ ഒരു വിധത്തിൽ ഒപ്പിടീയിച്ചു. നമ്പൂതിരിപ്പാട്ട് ഉടനെതന്നെ ചെറുശ്ശേരി വരാത്തതിനെപ്പററി അക്ഷമനായി. ചെറുശ്ശേരി ദൂരത്തുനിന്നു വരുന്നതു കണ്ടപ്പോൾ സർവ്വരും കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ അയാളോട്ട് ഇങ്ങിനെ നിലവിളിച്ചു പറഞ്ഞു:—"ചെറുശ്ശേരി വേഗം വരൂ, വേഗം വരൂ. എന്തൊരു സാവധാനമാണ നടത്തം? വർത്തമാനം കേൾക്കണ്ടെ? ചെമ്പാഴിയോട്ടുനിന്നു് കരുത്തേടത്തിന്റെ എഴുത്തു വന്നിരിക്കുന്നു. ഇന്ദുലേഖ എന്നൊരു പെണ്ണിനെ കേട്ടിട്ടുണ്ടോ? ഇന്നാൾ പോതായ്പ്രം എന്നോട്ട പറയുമ്പോൾ കൂടെ ഉണ്ടോ? ഇല്ല! അതിസുന്ദരിയാണത്രെ. ദമയന്തിതന്നെ. ആ പെണ്ണിനെ ഞാൻ സംബന്ധം തുടങ്ങാൻ പോണു. മുമ്പുള്ള സംബന്ധം പോലെയല്ല. ഇങ്ങട്ടു കൂട്ടികൊണ്ടുവരുന്നു. ഇങ്കിരീസ്സും മററും അറിയാമത്രെ. ഇങ്കിരീസ്സ് അറിയുന്ന സ്ത്രീകളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അതിസുന്ദരിയാണത്രെ. ദമയന്തിതന്നെ എന്നു പറഞ്ഞു കേട്ടു." ഇത്രയും നിലവിളിച്ചു പറഞ്ഞു കഴിയുമ്പഴക്കെ ചെറുശ്ശേരി അടുത്തെത്തുന്നുള്ളു. ആ സരസൻ, "എന്നാൽ പിന്നെ നളൻ തന്നെയാണല്ലൊ വേണ്ടത്? നളൻ ഇവിടുന്നു തമ്പൂരിതന്നെ", എന്നു മുഖസ്തുതിചെയ്തുകൊണ്ടു സംഭാഷണം തുടങ്ങുന്നു. നമ്പൂതിരിപ്പാട്ട പിന്നെ തന്റെ വിടത്വവും കീചകത്വവും അവയെ അടിസ്ഥാനമാക്കി പ്രവർത്തിച്ച കാര്യങ്ങളും യാതൊരു ലജ്ജയും ഇല്ലാതെ എന്നല്ല, മഹത്വമേറിയ വൻകാര്യങ്ങൾ സാ

ധിച്ച കൃതാൎത്ഥതയോടുകൂടി ചെറുശ്ശേരിയെ അഭിനയിച്ചു പറഞ്ഞു ധരിപ്പിച്ചതും, ഗൂഢാൎത്ഥങ്ങളും ദ്വയാൎത്ഥങ്ങളും ഉൾപ്പെടുത്തികൊണ്ടു ചെറുശ്ശേരി പറയുന്ന ഉത്തരങ്ങളും, അദ്ദേഹം ചെയ്യുന്ന നിന്ദാസ്തുതികൾ കേട്ട് അവ യഥാൎത്ഥമാണെന്നു കരുതി നമ്പൂതിരിപ്പാട് ഞെളിയുന്നതും, മററും വായനക്കാർ പുസ്തകത്തിൽതന്നെ വായിച്ചു ചിരിച്ചു രസിച്ചുകൊള്ളേണ്ടതാകുന്നു. നമ്പൂതിരിപ്പാട് ഏലമലക്കാരൻ 'മെക്ക്ഷാമൻ' സായ്പിനെ കാണാൻ പോയതും 'മദാമ്മ സായ്പിനെ', അദ്ദേഹം നമ്പൂതിരിപ്പാടിനു പരിചയമാക്കിയതും അവർ കൈപിടിച്ചു കുലുക്കിയതും അവർ തന്നിൽ കലശലായി ഭ്രമിച്ചതായി താൻ ധരിച്ചതും മററും വിവരിച്ച ഭാഗങ്ങൾ മലയാളികൾ മാത്രം വായിച്ചു രസിച്ചാൽ പോരെന്നു വിചാരിച്ചിട്ടു തന്നെയായിരിക്കണം, മലയാം കലക്ടരായിരുന്ന മിസ്റ്റർ ഡ്യൂമഗ്ഗ്, ഇന്ദുലേഖാപുസ്തകം ഇംഗ്ലീഷിൽ പരിഭാഷചെയ്ത് അച്ചടിപ്പിച്ചത്.

നമ്പൂതിരിപ്പാടിന്നു് ഇന്ദുലേഖയെ കാണ്മാനുള്ള ഭ്രമം അതികലശലാകുന്നു. പിറേറദിവസം അതിരാവിലെ പുറപ്പെടാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു. അപ്പഴാണു പിറേറദിവസത്തേക്കു് അവിടെ രാമപ്പണിക്കരുടെ കഥകളി നിശ്ചയിച്ച വിവരം ചെറുശ്ശേരി ഓൎമ്മപ്പെടുത്തുന്നതു്. കഥകളിഭ്രാന്തനായ നമ്പൂതിരിപ്പാട്ടിലേക്കു കളി കാണാതെ പോകാനും നിവൃത്തിയില്ലാതാകുന്നു. ഒടുവിൽ "രാമന്റെ വേഷം കണ്ടിട്ടു പോകാം" എന്നു തീൎച്ചയാക്കുന്നു. കളി പകുതിയാകുമ്പോഴേക്കു് നമ്പൂതിരിപ്പാട് ഇരുന്ന ദിക്കിൽനിന്നു് എഴുന്നേററു. "രാ

ഘവാ, ശങ്കരാ, കോമാ, രാമാ, കൊശവന്മാർ ഉറക്കാ ണ്. കള്ളന്മാർ ഒരു മനുഷ്യരെങ്കിലും കളിക്കുംകൂടി വന്നിട്ടില്ല" എന്നും മററും പറഞ്ഞുകൊണ്ടു "കൂട്ടിവിട്ട മെരുവെപ്പോലെ" പത്തായപ്പുരയിൽ അങ്ങട്ടുമിങ്ങട്ടും ചാടി കലശൽകൂട്ടി, ഉറങ്ങുന്ന കാര്യസ്ഥന്മാരെയൊക്കെ വിളിച്ചുണർത്തി, ചെറുശ്ശേരിയെ വരുത്തി, അമാലന്മാരെ ശട്ടംകെട്ടി. "ഉയന്നതരം കസവുതപ്പട്ടാവുകളിൽ ഒരു പതിനഞ്ചുവിധം, പട്ടക്കര കോട്ടാറൻ പലമാതിരിയിൽ ഉള്ള മുണ്ടുകളിൽ പത്തിരുപതു, പലേമാതിരി മോതിരങ്ങൾ, അനവധി ശുദ്ധകട്ടിവെള്ളികൊണ്ടുണ്ടാക്കി സ്വർണ്ണക്കമിഴ് അടിച്ച വിശേഷമായ ഒരു ചെല്ലം, സ്വർണ്ണംകൊണ്ടുള്ള ചെറിയ വെററില ചുരുള്ളുകൾ, വെള്ളി പിടിമൊന്തം, വെള്ളി ചങ്ങലവട്ട, വെള്ളി അടപ്പൻ, മാലയായി കഴുത്തിൽകൂടി ഇടുന്ന സ്വർണ്ണചങ്ങലയോടുകൂടിയുള്ള സ്വർണ്ണഗഡിയാൾ, നീരാളകുപ്പായങ്ങൾ, തൊപ്പികൾ, സ്വർണ്ണംകൊണ്ടുള്ള പനിനീർ വീശി, അത്തർകുപ്പികൾ മുതലായുള്ള പലേവിധ സാമാനങ്ങൾ ഒരു മേശമേൽ നിരത്തിവെച്ചു." ഇങ്ങിനെ പോവാനുള്ള ഒരുക്കങ്ങളൊക്കെ ചെയ്തുവെങ്കിലും അപ്പോൾതന്നെ പുറപ്പെടുന്നതു ചെറുശ്ശേരിക്കു അത്ര ഇഷ്ടമായില്ല. നേരം നല്ലവണ്ണം പുലന്നിട്ടു പോയാൽ മതിയെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. പക്ഷെ തിരുവാക്കിന്നു എതിർവാക്കു പറയാതെ, താനും പുറപ്പെടാൻ സന്നദ്ധനാണെന്നു നടിക്കുന്നു. കുറെ കഴിഞ്ഞപ്പോൾ നമ്പൂതിരിപ്പാടു ക്ഷൌരംചെയ്തിട്ടില്ലെന്നു, ചെറുശ്ശേരി അദ്ദേഹത്തെ സാവധാനത്തിൽ ഓർമ്മപ്പെടു

ത്തുന്നു വിളക്കത്തുവെച്ച് അപ്പോഠംത്തന്നെ ക്ഷൌരം ചെയ്യാൻ നമ്പൂതിരിപ്പാട്ട് ഒരുങ്ങുന്നു. പക്ഷെ രാത്രി ക്ഷൌരം വിധിച്ചിട്ടില്ലെന്ന പ്രമാണം ചെറുശ്ശേരി ധരിപ്പിച്ചപ്പോഠം ക്ഷൌരംചെയ്യിച്ചു കുളിച്ചു പ്രാതൽ കഴിഞ്ഞു പുറപ്പെടാമെന്നുറയ്ക്കുന്നു. കാൎയ്യസ്ഥന്മാരും കുട്ടിപ്പട്ടന്മാരും ആറു വാലിയക്കാരും വിശേഷിച്ചു വെററിലപ്പെട്ടിക്കാരൻ ഗോവിന്ദനും, ചെറുശ്ശേരിയും എല്ലാവരും പല്ലക്കും മഞ്ചലും കൂടിയാട്ടം വഴിയാട്ടം ഒക്കെ കൂട്ടി ചെമ്പാഴിയോട്ടു ചെന്നുചേരുന്നു. അവിടുത്തെ തിരക്കിനെപ്പററി വിവരിച്ചതു മറെറാരു സന്ദൎഭത്തിൽ എഴുതിയതു വായനക്കാർ കണ്ടിരിക്കുമല്ലൊ.

"പല്ലക്കു മുററത്തു് എത്തിയ ഉടനെ, കേശവൻ നമ്പൂരി അതിന്റെ വാതിൽ തുറന്നു. അപ്പോഠം അതിൽനിന്നു് ഒരു സ്വൎണ്ണവിഗ്രഹം പുറത്തേക്കു ചാടി. അതേ സ്വൎണ്ണവിഗ്രഹം, സ്വൎണ്ണവിഗ്രഹംതന്നെ. തല മുഴുവൻ സ്വൎണ്ണവൎണ്ണതൊപ്പി; ശരീരം മുഴുവൻ സ്വൎണ്ണവൎണ്ണകുപ്പായം; ഉടുത്ത പട്ടുകര മുഴുവൻസ്വൎണ്ണം; കാലിൽ സ്വൎണ്ണക്കുമിഴുള്ള മെതിയടി; കൈവിരൽ പത്തിലും സ്വൎണ്ണമോതിരങ്ങഠം; പോരാത്തതിന്നു സൎവ്വം സ്വൎണ്ണവൎണ്ണമയമായ ഒരു തുപ്പട്ട കുപ്പായത്തിന്റെ മീതെ പുതച്ചിട്ടു്; കൈയിൽ കൂടക്കൂടെ നോക്കുവാൻ ചെറിയ ഒരു സ്വൎണ്ണക്കൂട്ടുകണ്ണാടി. സ്വൎണ്ണം! സ്വൎണ്ണം! സൎവ്വം സ്വൎണ്ണം; ഒന്നരമണി വെയിലിൽ നമ്പൂതിരിപ്പാടു പല്ലക്കിൽനിന്നു് ഇറങ്ങിനിന്നപ്പോഠം ഉണ്ടായ ഒരു പ്രഭയെക്കുറിച്ചു് എന്താണു പറയേണ്ടതു്? ഇദ്ദേഹം നിന്നതിന്റെ സമീപം ഒരുകോൽ വൃത്തത്തിൽ വെയിൽ സ്വൎണ്ണപ്രഭയായി മഞ്ഞളിച്ചു തോന്നി."

ഇന്ദുലേഖ വല്ല ദിക്കിലുംനിന്നു നോക്കുന്നുണ്ടോ എന്നറിവാൻ നമ്പൂതിരിപ്പാട്ടു ചുവരിൽ വിടവുള്ള ദിക്കിൽക്കൂടിയൊക്കെ കണ്ണോടിച്ചു നോക്കുകയും ഒന്നോ രണ്ടു സ്ത്രീകളെ കണ്ടപ്പോൾ അവരിൽ വല്ലവരും ഇന്ദുലേഖയായിരിക്കാം എന്നു ശങ്കിക്കുകയും ചെയ്യുന്നു. പക്ഷെ ഇന്ദുലേഖ ഈ തിക്കും തിരക്കും കോലാഹലവും ആരവാരവും ഒന്നും അറിയാതെ തന്റെ മാളികമുറിയിൽ ഇരിക്കയാണു്. അതിലിടക്കു് നമ്പൂതിരിപ്പാട്ടിലെ എഴുന്നള്ളത്തിനെപ്പററിയും അതിന്റെ ഉദ്ദേശ്യത്തെപ്പററിയും ജനങ്ങൾ പലതും സംസാരിച്ചുതുടങ്ങി. ഈ ജനസംസാരത്തെ ഗ്രന്ഥകർത്താവു തന്റെ സ്വതഃസിദ്ധമായ സങ്കല്പശക്തി ഉപയോഗിച്ചു സരസമായി വിവരിച്ചതു്, അത്തരം വിവരണങ്ങൾക്കു് ഉണ്ടാകേണ്ടുന്ന തന്മയത്വത്തിന്നു് ഉത്തമദൃഷ്ടാന്തമായി കേരളഭാഷയിൽ എന്നും പ്രശോഭിക്കുന്നതാകുന്നു.

അതിലിടക്കു് ഒരു സംഭവമുണ്ടായതു് ഗ്രന്ഥകർത്താവു വളരെ ചുരുക്കിയും വളരെ സാരമല്ലാത്ത നിലയിലും ആണു വിവരിച്ചതെങ്കിലും കഥയുടെ ഗതിക്കു് അതു വളരെ സഹായിക്കുകയും ഇന്ദുലേഖക്കുണ്ടായ ആശയത്തെ ചന്തുമേനോന്റെ പൊടിക്കൈകൾ കേട്ടു പരിചയമില്ലാത്തവൎക്കു് അത്ര എളുപ്പം മനസ്സിലാകാത്ത രീതിയിൽ വ്യംഗ്യമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ആ സംഭവം ഇതാണു്:—ഇന്ദുലേഖക്കു മതിരാശിയിൽനിന്നു മാധവന്റെ ഒരു കത്തു കിട്ടിയതിനാൽ അവൾ അത്യന്തം സന്തോഷിച്ചിരിക്കയാണു്. നമ്പൂതിരിപ്പാടിന്റെ എഴുന്നെള്ളത്തുണ്ടായ ദിവസമാണു് അതു്. ഈ സന്തോ

ഷം നമ്പൂതിരിപ്പാട്ട വന്നതിനാലാണെന്ന് ദാസികളും ദാസന്മാരും ഊഹിച്ചു. അതിലിടക്ക് കുഞ്ഞിക്കുട്ടിഅമ്മയുടെ ദാസി പാറു എന്തോ ആവശ്യത്തിന്ന് ഇന്ദുലേഖയുടെ മാളികയിൽ പോയിരുന്നു. അപ്പോൾ ഇന്ദുലേഖയെ കണ്ടു ഇന്ദുലേഖ ചിരിച്ചുകൊണ്ട്,

“എന്താ പാറു, നിന്റെ സംബന്ധക്കാരൻ വരാറില്ലെ ഇയ്യിടെ?” എന്നു ചോദിച്ചു.

പാറു—ആയാൾ ആറേഴു മാസമായി കുളത്തിൽതന്നെയാണ് താമസം. അവിടെ വേറെയൊരു സംബന്ധം വെച്ചിട്ടുണ്ടുപോൽ! കണ്ടരുനായരു പറഞ്ഞു.

ഇന്ദുലേഖ—ആട്ടെ, നിണക്കു വേറെ ഒരാളെ സംബന്ധം ആക്കട്ടെ.

പാറു—എനിക്കു ആരും വേണ്ട. എന്റെ കഴുത്തിലത്തെ താലി മറിഞ്ഞു കിടക്കുന്നു അമ്മെ. നാലു മാസമായിട്ടു ഞാൻ കഴുത്തിൽ ഒന്നും കെട്ടാറില്ല. വലിയമ്മയോടു ഞാൻ വളരെ പറഞ്ഞു. എന്തു ചെയ്തിട്ടും നന്നാക്കിച്ചു തരുന്നില്ല. ഞാൻ എന്തു ചെയ്യൂ?

ഇതുകേട്ടപ്പോൾ ഇന്ദുലേഖ തന്റെ ഒരു പെട്ടിയിൽനിന്ന് എട്ടുപത്ത് ഉറുപ്പിക വിലക്കുള്ള ഒരു താലി എടുത്ത് ഒരു ചരടിന്മേൽ കോർത്തു പാറുവിന്നുകൊടുത്തു. ഇങ്ങിനെ ഇന്ദുലേഖ ചെയ്തതും നമ്പൂതിരിപ്പാട്ട വന്നതിലുള്ള സന്തോഷത്തിന്റെ അടയാളമാണെന്നു കുഞ്ഞിക്കുട്ടിഅമ്മ ധരിച്ചു. ആ വിവരം ആ അമ്മ ശങ്കരശാസ്ത്രികളോടു പറകയും ചെയ്തു. ഇന്ദുലേഖ നമ്പൂതിരിപ്പാടിനെ ഭർത്താവായി വരിക്കാൻ സന്തോഷപൂർവ്വം

സമ്മതിക്കുന്നതായി ശാസ്ത്രികൾ ധരിച്ചു. ഈ സംഭവത്തിൽ ഇന്ദുലേഖ, പാറുവോടു "നിനക്കു വേറെ ഒരാളെ സംബന്ധം ആക്കട്ടെ", എന്നു പറഞ്ഞതു വായനക്കാർ സൂക്ഷിച്ചിരിക്കുമല്ലോ. ഇതു നമ്പൂതിരിപ്പാടിനെ സൂചിപ്പിച്ചാണു തന്റെ കഥാനായികയെക്കൊണ്ടു് സരസാഗ്രഗണ്യനായ ചന്തുമേനോൻ പറയിച്ചതെന്നുള്ളതിന്നു് എനിക്കു് അശേഷം സംശയമില്ല. നമ്പൂതിരിപ്പാടു് ഇന്ദുലേഖയെ കാണ്മാൻ മാളികമേൽ കയറിച്ചെല്ലുമെന്നും ആ വങ്കപ്രഭു ഇന്ദുലേഖയോടു തന്നെ ബാന്ധവിക്കണം എന്നു പറയുമെന്നും അവളോടു ലക്ഷ്മിക്കുട്ടി അമ്മ പറഞ്ഞപ്പോൾ,

ഇന്ദുലേഖ—ആരെ?

ലക്ഷ്മിക്കുട്ടിഅമ്മ—നിന്നെ.

ഇന്ദുലേഖ—വന്നു കയറിയ ഉടനെയോ?

ലക്ഷ്മിക്കുട്ടിഅമ്മ-(ചിരിച്ചുകൊണ്ടു്) ഒരു സമയം ഉടനെതന്നെ പറയുമെന്നു തോന്നുന്നു.

ഇതിന്നു് ഉത്തരമായി ധീരയായ ഇന്ദുലേഖ "അങ്ങിനെ പറഞ്ഞാൽ അതിന്നു് ഉത്തരം എന്റെ ദാസി അമ്മു പറഞ്ഞോളും" എന്നു പറഞ്ഞതും ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണു്.

സൂരിനമ്പൂതിരിപ്പാട്ടിലെ ഇന്ദുലേഖയുടെ മുമ്പിൽ പിടിച്ചിരുത്തി ഗ്രന്ഥകർത്താവു ചെയ്തിരിക്കുന്ന പരിഹാസം വായിച്ചാൽ ആ ശുദ്ധാത്മാവിനെപ്പറ്റി ആർക്കും ദയതോന്നും. ജുഗുപ്സാവഹമായ ഈ വക ആചാരങ്ങളും വിശേഷിച്ചും അത്തരം സംബന്ധവും ഇല്ലാതാക്കി സമുദായഘടനയെ ഒട്ടാകെ പരിഷ്കരിക്കുവാൻ സഹാ

യിക്കുന്നതു സ്ത്രീകളെയും പുരുഷന്മാരെപ്പോലെ തന്നെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്ന സമ്പ്രദായമാണെന്നുള്ള ഗ്രന്ഥകർത്താവിന്റെ അഭിപ്രായം ഫലിച്ചുകൊണ്ടുവരുന്നതായി ഇന്ദുലേഖാപുസ്തകം പരസ്യം ചെയ്തു നാല്പത്തുമൂന്നുകൊല്ലം തികഞ്ഞ ഈ അവസരത്തിൽ എല്ലാവൎക്കും അനുഭവമാകുന്നുണ്ടല്ലോ. തന്മയത്വത്തോടുകൂടി എഴുതപ്പെട്ട പ്രസിദ്ധസാമുദായികനോവലുകളെക്കൊണ്ടുള്ള ഫലം സമുദായപരിഷ്കാരമാണെന്നുള്ള പരമാൎത്ഥം ആലോചിച്ചാൽ ഇന്നു ചന്തുമേനോന്റെ സമുദായത്തിലും നമ്പൂതിരിസമുദായത്തിലും ഈ വക കാൎയ്യങ്ങളിൽ ഉണ്ടായ അഭിലഷണീയമായ പരിഷ്കാരത്തിനും അതു സംബന്ധമായി സർക്കാർ നിയമങ്ങൾകൂടി ഉണ്ടായതിന്നും അടിസ്ഥാനമായ കാരണം ഇന്ദുലേഖാപുസ്തകമാണെന്നുള്ളതിന്നു സംശയമില്ല. ധീരനായ ഗ്രന്ഥകർത്താവു സമുദായത്തിലുള്ള അത്തരം ആചാരങ്ങളെ ഇങ്ങിനെ ധീരതയോടുകൂടി തുറന്നു കാണിച്ചിരുന്നില്ലെങ്കിൽ, അവയുടെ ദോഷങ്ങൾ രാജ്യംമുഴുവൻ ഉള്ള നാനാസമുദായങ്ങളും മനസ്സിലാക്കാനും അതിൽ ഗണ്യമായ പരിഷ്കാരം ഉണ്ടാവാനും ഇനിയും എത്രകാലം വേണ്ടിവരുമായിരുന്നുവെന്നു് ആരറിഞ്ഞു?

നമ്പൂതിരിപ്പാട് ഇന്ദുലേഖയെ കണ്ടു് ഭ്രമിച്ചു വലഞ്ഞു കുഴഞ്ഞുപോയി. സംഭാഷണം ആരംഭിച്ചപ്പോൾ ഇന്ദുലേഖ "ഞാൻ" എന്നു ഉപയോഗിച്ചതു കേട്ടപ്പോൾ നമ്പൂതിരിപ്പാടു ഞെട്ടിപ്പോയി. ശൂദ്രസ്ത്രീകളിൽ ആരും അതുവരെ, "അടിയൻ" എന്നല്ലാതെ ആ ബ്രാഹ്മണനോടു പറഞ്ഞിരുന്നില്ലപോൽ. ഒരു ശ്ലോകം

ചൊല്ലാൻ ആ സാധുബ്രാഹ്മണൻ വളരെയൊക്കെ പണിപ്പെട്ടിട്ടും സാധിക്കാഞ്ഞപ്പോൾ കരുത്തേടത്തെവിളിച്ചു ചെറുശ്ശേരിയുടെ അടുക്കൽ അയച്ചു ശ്ലോകം എഴുതിച്ചുകൊണ്ടുവന്നു. എഴുതിക്കൊണ്ടുവന്ന ശ്ലോകം മറ്റൊന്നായിരുന്നു. ഒടുവിൽ നമ്പൂതിരിപ്പാട്ടു വിചാരിച്ച ശ്ലോകം തന്നെ എഴുതിക്കൊണ്ടുവന്നപ്പോൾ കരുത്തേടം അതു വായിക്കുവാൻ സാധിക്കാതെ വളരെ കുഴങ്ങി. നമ്പൂതിരിപ്പാടിന്നൊ വായിക്കുവാൻ അറിഞ്ഞുകൂടാ. രണ്ടു ബ്രാഹ്മണരും വളരെ ബുദ്ധിമുട്ടിയശേഷം ഇന്ദുലേഖ, തനിക്കു് ആ ശ്ലോകം മനഃപ്പാഠം അറിയാമെന്നു പറഞ്ഞു് ശ്ലോകം ചൊല്ലുന്നു. എന്തൊരു പരിഹാസമാണിതു്! സാധാരണസ്ത്രീകളോടു സംസാരിക്കുമ്പോൾ താൻ ഉപയോഗിക്കാറുള്ള ലജ്ജവിട്ട സ്വാതന്ത്ര്യം വിദുഷിയും പരിഷ്കൃതയുമായ ഇന്ദുലേഖയോടു സംസാരിക്കുമ്പോൾ നമ്പൂതിരിപ്പാട്ടിന്നു് ഉപയോഗിപ്പാൻ കഴിയുന്നില്ല. എന്താണു പറയേണ്ടതു്, എങ്ങിനെയാണു പറയേണ്ടതു്, എന്നു് അറിയാതെ അദ്ദേഹം കുഴങ്ങുന്നു. അവളുടെ ഉത്തരങ്ങൾ നല്ല ശരംപോലെയാണു് വരുന്നതെങ്കിലും, നമ്പൂതിരിപ്പാടിന്റെ കാണ്ടാമൃഗത്തിന്റെ ചർമ്മംപോലുള്ള മനസ്സിൽ അതു് ഏൽക്കുന്നതേ ഇല്ല. അവളുടെ പരിഹാസങ്ങളും ദ്വയാർത്ഥങ്ങളായ വാക്കുകളും അദ്ദേഹത്തിന്നു മനസ്സിലാകുന്നേ ഇല്ല. "ഇന്ദുലേഖയ്ക്കു കഥകളിഭ്രാന്തുണ്ടോ" എന്നു് അദ്ദേഹം ചോദിച്ചതിന്നു് "എനിക്കു് ഒരു വകയായും ഭ്രാന്തു് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ല," എന്നു് അവൾ മറുപടി പറയുന്നു. ഉടനെ "എനിക്കു നല്ല ഭ്രാന്താണു്; കലശലായ ഭ്രാന്തു്" എന്നാണു് ആ പൊങ്ങച്ചാരു

ടെ ഉത്തരം. ഇന്ദുലേഖ ചിരിച്ചുകൊണ്ടു "ശരിതന്നെ സംശയമില്ല," എന്നു പറഞ്ഞതിന്റെ അൎത്ഥം ആ വങ്കപ്രഭുവിന്നു മനസ്സിലാകാതെ "എന്താ, ഈ വിവരം മുമ്പു കേട്ടിട്ടുണ്ടോ?" എന്നു് ആശയോടുകൂടി ചോദിക്കുന്നു. "ഇപ്പോൾ ഇവിടുത്തെ വാക്കുകൊണ്ടു നിശ്ചയിച്ചു" എന്നുള്ള ആ വിദുഷിയുടെ ശരതുല്യമായ വാക്കും നമ്പൂതിരിയെ സ്പർശിക്കുന്നുകൂടി ഇല്ല. ഇങ്ങിനെ വളരെ പൊട്ടവെടികൾ നമ്പൂതിരിപ്പാടും തീക്ഷ്ണശരങ്ങൾ ഇന്ദുലേഖയും പ്രയോഗിച്ചതിന്റെ ശേഷം രണ്ടു കൂട്ടം ആയുധങ്ങളെക്കൊണ്ടും ഒരു ഫലവും ഉണ്ടായില്ല. ഒടുവിൽ ആ കീചകൻ, "ഇന്ദുലേഖയോടുകൂടിത്തന്നെ എല്ലായ്പോഴും ഇരിക്കാനാണു് എനിക്കു മോഹം" എന്നു പൊട്ടിച്ചു. ഇതുകേട്ടപ്പോൾ ഇന്ദുലേഖ അതു സാധിക്കാത്ത മോഹമാണെന്നു് എനിക്കു തോന്നുന്നു" എന്നു വളരെ അന്തസ്സോടുകൂടി മറുപടിപറഞ്ഞു്, മേൽകഴുകാൻ ഇറങ്ങിപ്പോകയും ചെയ്തു. "പോവുമ്പോൾ ഇന്ദുലേഖ കേശവൻ നമ്പൂതിരിയുടെ മുഖത്തു് ഒന്നു നോക്കി. ആ നോക്കു് കേശവൻ നമ്പൂതിരിക്കു തന്റെ ശരീരത്തിന്മേൽ ഒരു ഇരുമ്പുകോൽ പഴുപ്പിച്ചു ചൂടുവെച്ചതുപോലെ കൊണ്ടു" നമ്പൂതിരിപ്പാടു വിഡ്ഢിയായി ഉടനെ ഇറങ്ങിപ്പോയോ? അത്ര വേഗം മുഷിഞ്ഞുപോകുന്ന തിരുമേനിയാണോ അതു്? അത്രവേഗം വിഡ്ഢിയാകത്തക്ക തിരുമനസ്സാണോ? താൻ "അവിടത്തന്നെ ഇരുന്നു മുറുക്കി; കുറെനേരം ഇന്ദുലേഖയുടെ മുറിയിലുള്ള സാമാനങ്ങളും മറ്റും നടന്നു നോക്കി. ബുക്കുകൾ വളരെ കണ്ടു. പെട്ടുന്നങ്ങൾ

ഇംഗ്ലീഷ് പഠിച്ചാൽ ദോഷമാണെന്നു തീച്ച്യാക്കി." ഒടുവിൽ അത്താഴം കഴിഞ്ഞു് ഒമ്പതു മണിക്കു്, ഇന്ദുലേഖയുടെ പാട്ടം മററും ഉണ്ടാകുമെന്നും അപ്പോൾ വീണ്ടും വരാമെന്നും കരുത്തേടം പറഞ്ഞു നമ്പൂതിരിപ്പാട്ടിനെ, സമാധാനിപ്പിച്ചു സ്കൂളിൽ പോകാൻ മടിക്കുന്ന ഒരു കുട്ടിയെ എന്നപോലെ കൂട്ടിക്കൊണ്ടുപോയി.

താഴത്തിറങ്ങിയ ഉടനെ നമ്പൂതിരിയുടെ പ്രകൃതം മാറുന്ന ഒരു സംഭവമുണ്ടായി. എങ്ങിനെയോ അദ്ദേഹം ഇന്ദുലേഖയുടെ അമ്മയെ കണ്ടു വശായി. ആ സ്ത്രീ ഏതാണെന്നു് കരുത്തേടത്തോടു ചോദിച്ചു. തന്റെ ഭാര്യയാണെന്നു പറഞ്ഞപ്പോൾ,ആ സ്ത്രീയെ ഒന്നു കണ്ടു സംസാരിക്കേണമെന്നായി. ഇതുകേട്ടപ്പോൾ കേശവൻ നമ്പൂതിരിക്കു പരിഭ്രമമായി. അതു കണ്ടു മനസ്സിലാക്കിയ ചെറുശ്ശേരി, "ഇങ്ങിനെതന്നെ വരണം; ഇളിച്ച്യൻ കേശവൻ നമ്പൂതിരി ഒന്നു ബുദ്ധിമുട്ടട്ടെ" എന്നു വിചാരിച്ചു. കരുത്തേടം നിവൃത്തിയില്ലാതെ നമ്പൂതിരിപ്പാടിനെ തന്റെ അറയിലേക്കു കൂട്ടിക്കൊണ്ടുപോയി. അതിൽ കടന്ന ഉടനെ, അവിടെ ഉണ്ടായിരുന്ന ദാസി അമ്മുവെയാണു കണ്ടതു്. അവളാണു കരുത്തേടത്തിന്റെ പരിഗ്രഹം എന്നു നമ്പൂതിരിപ്പാടു തെററിദ്ധരിച്ചു, ചില വങ്കത്തരങ്ങളൊക്കെ പറകയായി.

മനുഷ്യന്റെ മനസ്സ് ഈച്ചയെപ്പോലെയാണെന്നു രാമകൃഷ്ണപരമഹംസൻ പറഞ്ഞിരുന്നു. ഈച്ച വല്ല മധുരപദാത്ഥത്തിന്മേലും ഇരുന്നു് അതു ഭക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ, അടുക്കെ കൂടി, ഒരു മലകുംഭവും വഹി

ച്ചു് ഒരുവൻ പോയെങ്കിൽ ഉടനെ അതിന്റെ പിന്നാലെ പറന്നു പോയി, അതിൽ ചെന്നു വീഴും.

ഇന്ദുലേഖയെ കാമിച്ചുവന്ന സൂരിനമ്പൂതിരിപ്പാടു് അവളുടെ അമ്മയെ കണ്ടു ഭ്രമിച്ചു് പിന്നീടു് ദാസിയെ കണ്ടു് അവളാണു്, ഇന്ദുലേഖയുടെ അമ്മയെന്നു തെറ്റിദ്ധരിക്കുന്നു. ലക്ഷ്മിക്കുട്ടിഅമ്മയുമായി നമ്പൂതിരി അഭിമുഖസംഭാഷണം ചെയ്തതിനെപ്പററി ഇവിടെ വിവരിക്കുന്നില്ല. ഒടുവിൽ നമ്പൂതിരിപ്പാടു്, ഗോവിന്ദൻ നമ്പൂതിരിയോടു, "ചെറുശ്ശേരി, എനിക്കു് ഇന്ദുലേഖയെക്കാൾ ബോധിച്ചതു് അവളുടെ അമ്മയെയാണു്" എന്നു പറയുന്നു. അതു് ഒരുവിധം സഹിക്കാം. അതിൽപ്പിന്നെ പഞ്ചുമേനോനെ കണ്ടപ്പോൾ അദ്ദേഹത്തോടു് ഇങ്ങിനെയാണു പറയുന്നതു:—"പഞ്ചു അതിഭാഗ്യവാൻതന്നെ. ഇന്ദുലേഖയേയും പഞ്ചുവിന്റെമകൾ ലക്ഷ്മിക്കുട്ടിയേയും കണ്ടു. തമ്മിൽ ഞാനോ നീയോ സുന്ദരി എന്നു തർക്കംപോലെ തോന്നും, അവരുടെ സൌന്ദര്യം കണ്ടാൽ. കരുത്തേടത്തിന്റെ ഭാഗ്യം! രണ്ടാളും അതിസുന്ദരികൾതന്നെ."

"പഞ്ചുമേനവന്നു് ഈ വാക്കുകൾ അശേഷം രസിച്ചില്ല; കുറച്ചു ക്രോധവും ഉണ്ടായില്ലെന്നില്ല. എങ്കിലും അതെല്ലാം മനസ്സിൽ അടക്കി." എന്നാണു ഗ്രന്ഥകർത്താവു പറയുന്നതു്. ആ പടുവങ്കനെ അദ്ദേഹം ആട്ടിപ്പുറത്താക്കാതിരുന്നതു്, തിരുമനസ്സിലെ ബ്രാഹ്മണ്യത്തേയും ധനത്തേയും ആലോചിച്ചായിരിക്കയില്ലേ?

"പ്രഭുതയിതഥവാ നിനക്കതോ-
നഭിജനസങ്കട ദേശചയ്യമേ;
അഭയമണവുന്നന്നെ, ഹാ! ജനം
പ്രഭവമനത്ഥപരമ്പരയ്ക്കു നീ!

അകതളിരെയറപ്പു, ഹന്ത! നീ-
വികലതയേകിവലപ്പുവെത്രതാൻ!
അകരുണമനവദ്യ ലോകരെ-
പ്പുകയൊടു കൊൽവു പിശാചവൃത്തിനീ"

നമ്പൂതിരിപ്പാട്ടു പിന്നെ ചെറുശ്ശേരിയെക്കൊണ്ടു് ഒരു ശൃംഗാരശ്ലോകം എഴുതിച്ച വെററിലപ്പെട്ടിക്കാരൻ ഗോവിന്ദൻെറ കൈവശം ഇന്ദുലേഖക്കു് അയക്കുന്നു. ഇന്ദുലേഖ അതു നിരസിച്ചുവെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ നമ്പൂതിരിപ്പാട്ടു് വേറെ ചിലരോടുകൂടി ഇരുന്നു സംസാരിക്കുമ്പോൾ ഗോവിന്ദനോടു് ആ കത്തു് ഇന്ദുലേഖക്കു കൊടുത്തുവോ എന്നു ചോദിക്കുകയും "കൊടുത്തു" എന്നു സംശയംകൂടാതെ ആ മിടുക്കൻ മറുപടിപറകയും ചെയ്യുന്നു. ഇതു കേട്ടവരിൽ പലരും ഇന്ദുലേഖ നമ്പൂരിപ്പാട്ടിലെ വശത്തായെന്നു തീർച്ചയാക്കുന്നു. ആദ്യംതന്നെ മുളച്ച ഇതിവൃത്തബീജത്തിന്നു് ഒന്നുരണ്ടു് ഇല വന്നു.

അന്നു് ഒമ്പതുമണിക്കു് ഇന്ദുലേഖയുടെ പാട്ടുണ്ടായില്ല. അവൾ നേരത്തേ കിടന്നുറങ്ങിയിരുന്നു. വിളിച്ചുണർത്താൻ ധൈര്യമുള്ളവർ ആ വീട്ടിൽ ആരും ഉണ്ടായിരുന്നില്ല. അവൾക്കു നല്ല സുഖമില്ലെന്നു കരുതേണ്ടും, നമ്പൂതിരിപ്പാടിനെ സമാധാനിപ്പിച്ചു. അതിലിടക്കു്, തൻെറ യജമാനൻെറ വാസനയും ശീലവും സമ്പ്രദായവും നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ഗോവി

ന്ദൻ എന്ന വെററിലപ്പെട്ടിക്കാരൻ നമ്പൂതിരിപ്പാടിനെ ഒരു രഹസ്യം അറിയിച്ചു. അതു് പഞ്ചുമേനോന്റെ മരുമകളായി കല്യാണിക്കുട്ടി എന്ന ഒരു പെൺകിടാവുണ്ടെന്നും, അവൾ നമ്പൂതിരിക്കു ഭാൎയ്യയാവാൻ പററിയവളാണെന്നും ആയിരുന്നു. പച്ച ശൃംഗാരിയായ നമ്പൂതിരിപ്പാട്ട് ഗോവിന്ദന്റെ സഹായത്താൽ, കല്യാണിക്കുട്ടിയെ കുളിമുറിയിൽ കടന്നുചെന്നു കാണുകയും വളരെ തൃപ്തിപ്പെടുകയും ചെയ്തു! അവളെയാണു സംബന്ധം ചെയ്യേണ്ടതെന്നു തീൎച്ചയാക്കി. ഈ കാൎയ്യം വളരെ രഹസ്യമായി വെക്കുകയും ചെയ്തു.

ഇന്ദുലേഖയെ ഒരിക്കൽക്കൂടി നമ്പൂതിരിപ്പാട്ടു ചെന്നു കാണുകയും ആ അവസരത്തിൽ അവൾ, ഒരു പാട്ടു പാടുകയും ചെയ്തിരുന്നു. പാട്ടു പലരും കേൾക്കയുണ്ടായി. ഇന്ദുലേഖയെ നമ്പൂതിരിപ്പാട്ടു അന്നുരാത്രി സംബന്ധം ചെയ്യുന്നുവെന്ന വൎത്തമാനം പരന്നു ശങ്കരശാസ്ത്രിയും അതു പരമാൎത്ഥമാണെന്നു വിശ്വസിച്ചു് അത്യന്തം വ്യസനിച്ചു. ഇതിവൃത്തബീജം മുളച്ചുണ്ടായ ചെടി പിന്നെയും വളരെ വലുതായി. പക്ഷെ ഇന്ദുലേഖ അന്നു, നമ്പൂതിരിപ്പാടിന്റെ ഗോഷ്ഠികളൊക്കെ കണ്ടശേഷം, "ഞാൻ ഈ ജന്മം അങ്ങേ ഭാൎയ്യയായി ഇരിക്കയില്ല" എന്നു തീൎച്ചയായി പറഞ്ഞിരുന്നു. ഈ വിവരമൊന്നും അറിയാതിരുന്ന ശങ്കരശാസ്ത്രി തനിക്കു് അത്യന്തം പ്രിയമുണ്ടായിരുന്ന മാധവനെ ഉപേക്ഷിച്ചു് ഇന്ദുലേഖ ഈ പട്ടുവങ്കൻ നമ്പൂതിരിപ്പാടിനെയാണല്ലൊ സംബന്ധം ചെയ്വാൻതീൎച്ചയാക്കിയതെന്നോൎത്തു വ്യസനിച്ചു സ്വരാജ്യത്തേക്കു പുറപ്പെട്ടിരുന്നു.

കല്യാണിക്കുട്ടിയെ നമ്പൂരിപ്പാട് അന്നു സംബന്ധംചെയ്യാനുള്ള ഏർപ്പാടുനടന്നുകൊണ്ടിരിക്കുന്നു. അത് ഇന്ദുലേഖയേയാണെന്ന് മിക്കപേരും വിചാരിക്കുന്നു. നമ്പൂതിരിപ്പാടിന്ന് അന്നു സംബന്ധമുണ്ട്. പക്ഷെ അത് ഇന്ദുലേഖയെ അല്ല, എന്നു കരുത്തേടം മനസ്സിലാക്കുന്നു. എന്നാൽ അതു തന്റെ ഭാൎയ്യയായ ലക്ഷ്മികുട്ടിഅമ്മയെ ആയിരിക്കുമോ എന്ന് ആ സാധുബ്രാഹ്മണൻ ഭയപ്പെടുന്നു. അയാളും ചെറുശ്ശേരിയും തമ്മിൽ ഒരു സംഭാഷണം നടക്കുന്നു. ചെറുശ്ശേരി എല്ലാവിവരവും അറിഞ്ഞിരുന്നു. എന്നല്ല, അയാൾ പരമാൎത്ഥം അറിഞ്ഞപ്പോൾ ഇന്ദുലേഖയോടു "ദൈവാധീനം; കല്യാണിക്കുട്ടിയെ കിട്ടില്ലെങ്കിൽ വൃഷളി അമ്മുവെയെങ്കിലും നിശ്ചയമായും സംബന്ധം ഉണ്ടാവും" എന്നു പറഞ്ഞിരുന്നു. ഏതായാലും ഈ കുഴപ്പങ്ങളൊക്കെ വരുത്തിക്കൂട്ടിയ കരുത്തേടത്തെ ഒന്നു പരിഭ്രമിപ്പിക്കണം എന്നും അദ്ദേഹത്തിന്നു വിചാരമുണ്ടായിരുന്നു. അങ്ങിനെ ഇരിക്കുമ്പോഴാണ് ഈ സംഭാഷണം ഉണ്ടായത്:—

കേശവൻനമ്പൂതിരി—"എന്താണ് ചെറുശ്ശേരി, ഇതു് കഥ? എനിക്ക് ഒന്നും മനസ്സിലായില്ലല്ലൊ. ചെറുശ്ശേരി ഇത്രനേരം എവിടെയായിരുന്നു.?"

ചെറുശ്ശേരി:—"ഞാൻ ഇന്ദുലേഖയുടെ മാളികമേൽ ആയിരുന്നു."

കേശവൻനമ്പൂതിരി:—"എന്താന്ന്, ഇന്നു സംബന്ധം ഉണ്ടെന്നു പറഞ്ഞു ദക്ഷിണാദം മററും ഉണ്ടായി. ഇന്ദുലേഖക്കു സമ്മതമായി എന്നു തോന്നുന്നു."

ചെറുശ്ശേരി:—ഇന്ന് സംബന്ധം ഉണ്ട്. അതു നിശ്ചയം. പക്ഷെ ഇന്ദുലേഖക്കല്ല."

"ഈ വാക്കു കേട്ടപ്പോൾ കേശവൻനമ്പൂതിരിയുടെ ജീവൻ ഒന്നു ഞെട്ടി, ബോധക്ഷയംപോലെ തോന്നി; അവിടത്തന്നെ കുത്തിരുന്നു. കുടിപ്പാൻ വെള്ളം വേണമെന്നു പറഞ്ഞു; ഒരു കിണ്ടിവെള്ളം കുടിച്ചു. * * തന്റെ ഭാൎയ്യ ലക്ഷ്മിക്കുട്ടി പോയി എന്നു നിശ്ചയിച്ചു. പ്രാണവേദന സഹിക്കാൻ പാടില്ലാതെ ചെറുശ്ശേരിയുടെ മുഖത്തേക്കു ഒന്നുനോക്കി. കേശവൻനമ്പൂതിരി കുറെ ഒന്നു പഠിക്കണം എന്നു ചെറുശ്ശേരിക്കു നല്ല താല്പൎയ്യം ഉണ്ടായിരുന്നു." ഏതായാലും അദ്ദേഹത്തിന്നു അല്പനേരം പ്രാണവേദന ഉണ്ടാക്കിയശേഷം ദുർബ്ബുദ്ധിയല്ലാതിരുന്ന ചെറുശ്ശേരി പരമാൎത്ഥം പറഞ്ഞു കരുത്തോടത്തെ സമാധാനിപ്പിച്ചു.

നമ്പൂതിരിപ്പാടു കല്യാണിക്കുട്ടിയെ സംബന്ധം ചെയ്ത സമ്പ്രദായത്തെ സരസനായ ഗ്രന്ഥകർത്താവു ചുരുങ്ങിയ വാക്യങ്ങളിൽ തന്മയത്വത്തോടുകൂടി വിവരിച്ചതുകൂടി ഇവിടെ എഴുതുന്നു:—"നമ്പൂരിപ്പാടും ചെറുശ്ശേരിനമ്പൂരിയും കേശവൻ നമ്പൂരിയും മററും പൂവരങ്ങിലേക്കു വന്നു. കുറേനേരം പഞ്ചുമേനോനുമായി സംസാരിച്ചശേഷം 'ഇനി അങ്ങട്ടു എഴുന്നെള്ളാം' എന്നു പഞ്ചുമേനോൻ പറഞ്ഞപ്രകാരം നമ്പൂരിപ്പാടു, ചെറുശ്ശേരിനമ്പൂരി, കേശവൻനമ്പൂരി, തന്റെ ഭൃത്യവൎഗ്ഗങ്ങൾ, ഇവരെല്ലാവരോടുംകൂടി പൂവള്ളിവീട്ടിലേക്കു പോയി. സാധാരണ സമ്പ്രദായപ്രകാരം നമ്പൂരിപ്പാടു, കാൽകഴുകി, അകത്തേക്കു കടന്നു. പടിഞ്ഞാററ അറയിൽ അതിവിശേഷമായി വിരിച്ച പട്ടുകിടക്കയിൽ കിടന്നു. ആ അകത്തിന്റെ കിഴക്കേ വാതിൽ അടച്ചു. അ-

പ്പോഠം ആ വീട്ടിൽ ഉള്ള സ്ത്രീകളെല്ലാംകൂടി തിക്കിത്തിരക്കി പടിഞ്ഞാററയുടെ പടിഞ്ഞാറേ വാതിലിൽകൂടി ഒരു ജീവനുള്ള പന്നിയേയോ മറേറാ പിടിച്ചു കൂട്ടിലാക്കുന്നതുപോലെ സാധുകല്യാണിക്കുട്ടിയെ പിടിച്ചു തിരക്കിത്തള്ളി പടിഞ്ഞാററയിൽ ഇട്ടു; പടിഞ്ഞാറെ വാതിലും ബന്ധിച്ചു: സംബന്ധവും കഴിഞ്ഞു."

ഇങ്ങിനെ, വളരെ വിശേഷപ്പെട്ട ഒരു കുതിരയുണ്ടെന്നു കേട്ട് അതിനെ വിലക്കുവാങ്ങാൻ ചെന്ന ഒരാഠം, അതിന്നു വിചാരിച്ചതിൽ എത്രയോ അധികം വിലയുണ്ടെന്നറിഞ്ഞപ്പോഠം മററു പലേ കുതിരയുകളും വിലപറഞ്ഞുനോക്കി ഒടുവിൽ സഹായവിലയ്ക്കു് ഒരു ഗോവർ കഴുതയേയും വാങ്ങി പോകുംപോലെ നമ്പൂതിരിപ്പാട്ടു ഇന്ദുലേഖയെക്കൊതിച്ചുവന്നു്, അവളുടെ അമ്മയിൽ ഭ്രമിച്ചു, ദാസിയിൽ അസ്ഥാളിച്ച് ഒടുവിൽ കല്യാണിക്കുട്ടിയെ സംബന്ധംചെയ്തു്, അതികാലത്തെ പല്ലക്കിൽ കയററി കൊണ്ടുപോയി. പോകുമ്പോഠം അതിസമൎത്ഥനായ ഗോവിന്ദൻ, തന്റെ യജമാനൻ ഇന്ദുലേഖയെയാണു കൊണ്ടുപോകുന്നതെന്നു് എല്ലാവരോടും പറഞ്ഞുകൊണ്ടിരുന്ന കൂട്ടത്തിൽ സത്രത്തിലുണ്ടായിരുന്ന ശങ്കരശാസ്ത്രിയോടും പറഞ്ഞിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്നു് ആ കാൎയ്യത്തിൽ ദൃക്ക്സാക്ഷിയായതുപോലെ വിശ്വാസം ജനിച്ചു.

നമ്പൂതിരിപ്പാടിന്റെ സ്വഭാവം ഇന്നവിധമാണെന്നു് ഗ്രന്ഥകൎത്താവു് ഒന്നാമതു പ്രസ്താവിച്ചുവെച്ചതിനോടു് എത്രമേൽ യോജിക്കുന്ന വിധത്തിലാണ്, അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തികളും വിവരിച്ചിരിക്കു

ന്നതെന്നും ചന്തുമേനോൻ എത്ര്യചാതുൎയ്യത്തോടും തന്മയ ത്വത്തോടും ആണു് തന്റെ കഥയിൽ പാത്രസൃഷ്ടി ചെയ്തിരിക്കുന്നതെന്നും കാണിപ്പാനാണു് നമ്പൂതിരിപ്പാ ട്ടിന്റെ ചേഷ്ടകളെയും ഗോഷ്ടികളെയും ഇത്ര ദീർഘ മായി എടുത്തു പറയേണ്ടിവന്നതു്.

കഥയിലെ നായികാനായകന്മാരായ ഇന്ദുലേഖയെ പ്പററിയും മാധവനെപ്പററിയും ഒടുവിൽ പറയാമെന്നു വെച്ചതു്, അവർ കഥയിലെ മുഖ്യപാത്രങ്ങളായതി നാൽത്തന്നെയാണു്.

ഇന്ദുലേഖയുടെ സ്വഭാവത്തിന്റെ ഒരു ഭാഗം ന മ്പൂരിപ്പാടുമായി അവൾക്കുണ്ടായ പെരുമാററത്തിൽ നിന്നു നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. അവളെ ജഗന്മോഹിനിയായ ഒരു സുന്ദരിയായിട്ടാണു ഗ്രന്ഥക ൎത്താവു വിവരിച്ചിരിക്കുന്നതു്. ഈ രൂപഗുണത്തിനു് അനുഗുണമായ പഠിപ്പും സൌശീല്യാദിഗുണങ്ങളും അ വൾക്കുണ്ടായിരുന്നു. തന്റെ പിതാവായിരുന്ന കിളി മാന്തൂർ രാജാവവർകൾ അവൾക്കു ചെറുപ്പമായിരുന്നു മ്പോൾത്തന്നെ കാലധൎമ്മം പ്രാപിച്ചുപോയിരുന്നു. അ വളുടെ അമ്മാമനായിരുന്ന ദിവാൻപേഷ്കാർ കൊച്ചു കൃഷ്ണമേനോൻ ആയിരുന്നു അവളെ വിദ്യാഭ്യാസം ചെയ്യി ച്ചിരുന്നതു്. "ഇംഗ്ലീഷു നല്ലവണ്ണം പഠിപ്പിച്ചു; സംസ്കൃ തത്തിൽ നാടകാലങ്കാരങ്ങൾവരെ പഠിപ്പിച്ചു. സംഗീ തത്തിൽ പല്ലവി രാഗവിസ്താരംവരെ പാടാനും പിയാ നോ, ഫിഡിൽ, വീണ ഇതുകൾ വിശേഷമായി വായി പ്പാനും ആക്കിവെച്ചു. പിന്നെ ചില്ലറയായി സ്ത്രീകളെ യൂറോപ്പിൽ അഭ്യസിപ്പിക്കുന്ന തുന്നൽ, ചിത്രം മുതലാ

യത്നകളിലും തൻെറ അതിമനോഹരിയായ മരുമകൾക്കു പരിചയം വരുത്തി. ബിലാത്തിയിൽ ഒരു ഇംഗ്ലീഷ്സ്ത്രീയെ അഭ്യസിപ്പിക്കുന്ന വിധമുള്ള പഠിപ്പും അറിവുകളും സമ്പ്രദായങ്ങളും ഇന്ദുലേഖയ്ക്കു് ഉണ്ടാക്കിവെയ്ക്കണമെന്നുള്ള ആഗ്രഹം മഹാനും ബുദ്ധിശാലിയും ആയിരുന്ന ആ കൊച്ചുകൃഷ്ണമേനോനു് ഇന്ദുലേഖയുടെ പതിനാറാംവയസ്സിലകത്തു സാധിപ്പാൻ കഴിയുന്നേടത്തോളം സാധിച്ചുവെന്നുതന്നെ പറയാം."

ചന്തുമേനോൻെറ ഈ സൃഷ്ടി അക്കാലത്തെ ഒരു ആദശ്വനിതയായിരുന്നു. അന്നു കേരളത്തിൽ വല്ലദിക്കിലും ഉണ്ടായിരുന്നതായി ഊഹിക്കാവുന്ന ഒരു സ്ത്രീയായിട്ടല്ല, മേലിൽ മലയാളിസ്ത്രീകൾ ഏതു നിലയിലായിരിക്കണം വിദ്യാഭ്യാസം സമ്പാദിക്കേണ്ടതെന്നു് ആദശമായി കാണിച്ചുകൊടുത്ത ഒരു ഉദാഹരണമായിട്ടാണു് ഇന്ദുലേഖ കഥയിൽ പ്രകാശിക്കുന്നതു്.

മാധവിക്കു് ഏററവും അനുരൂപനായ ഒരു ഭത്താവായിട്ടുതന്നെയാണു് മാധവനെയും സൃഷ്ടിച്ചിരിക്കുന്നതു്. അവൻ അതിബുദ്ധിമാനും അതികോമളനും ആയിരുന്നു. ബി. എ. അടക്കം എല്ലാ പരീക്ഷകളിലും ഒന്നാംക്ലാസ്സിൽ ജയിച്ചു. ബി. എൽ. പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു. ബി. എ. പരീക്ഷയ്ക്കു് അന്യഭാഷ സംസ്കൃതമായിരുന്നതിനാൽ അതിലും ഒന്നാന്തരം വ്യുല്പത്തിയുണ്ടായിരുന്നു.

ഇവർ രണ്ടുപേരും തമ്മിൽ പ്രകൃത്യാ പ്രണയം ഉണ്ടായി. അവരുടെ പ്രണയചേഷ്ടകൾ വിവരിച്ചുകാണിക്കുന്ന സംഭാഷണങ്ങളിലും മററും ഗ്രന്ഥകർത്താവു ത

ൻെറ രസികത്വവും വാസനയും വാഗൈ്വഭവവും പ്ര ത്യക്ഷപ്പെടുത്തുന്നു. ഇതിൽ വായനക്കാരെ രസിപ്പിക്കു ന്നതു്, മാധവന്നു് ഇന്ദുലേഖയിലുള്ള അനുരാഗം അ വൻ പ്രത്യക്ഷപ്പെടുത്തുകയും ഇന്ദുലേഖയ്ക്കു് അങ്ങട്ടുള്ള അനുരാഗം അവൾ അവനിൽനിന്നു മറച്ചുവെയ്ക്കുകയും ചെയ്യുന്നതായി വിവരിച്ചതിലാണു്. ഇന്ദുലേഖക്കുള്ള അനുരാഗം മാധവനെ അറിയിക്കുന്നില്ലെങ്കിലും, അതു വായനക്കാൎക്കു വെടിപ്പായി മനസ്സിലാകുന്നു. അതുകൊ ണ്ടു മാധവനിൽ വായനക്കാൎക്കു വല്ല അനുതാപമോ, അതുകൊണ്ടു കരുണരസമോ അല്ല ഉണ്ടാകുന്നതു്. അ വനെപ്പററി ഒരു പരിഹാസമാണുണ്ടാകുന്നതു്. വെറു തെയല്ല മാധവനെ ഒരവസരത്തിൽ ഇന്ദുലേഖ "ശപ്പ ൻ" എന്നു വിളിച്ചതെന്നു വായനക്കാർ വിചാരിക്കും. "മാധവൻ സാധാരണ യുവാക്കളിൽ ഒരു പതിനെട്ടുവയ സ്സുമുതൽ ക്രമമായി കല്യാണം ചെയ്തു ഗൃഹസ്ഥാശ്രമി കളാവുന്നതിനിടയിൽ നിർഭാഗ്യവശാൽ ചിലപ്പോൾകാ ണപ്പെടുന്ന ദുർവ്യാപാരങ്ങളിലൊന്നും അശേഷം പ്രവേ ശിച്ചിരുന്നില്ലാത്തതിനാൽ", ഇന്ദുലേഖ പ്രദർശിപ്പിച്ച സ്ത്രീസഹജമായ പ്രണയഗുപ്തിയെ അവന്നു് എളുപ്പം മ നസ്സിലാക്കാൻ സാധിക്കുന്നില്ല. അങ്ങിനെ അവൻ അ ത്യധികം കുണ്ഠിതപ്പെടുന്നതു കണ്ടു മനസ്സുകൊണ്ടു് ചി രിച്ചു രസിക്കാൻ അവസരം ഗ്രന്ഥകൎത്താവു് ഇന്ദുലേ ഖക്കും വായനക്കാൎക്കും ഒരുപോലെ ഉണ്ടാക്കിക്കൊടുത്തി രിക്കുന്നു. ഒടുവിൽ ബി. എൽ. ഒന്നാംക്ലാസ്സിൽ ജയി ച്ച വിവരത്തിന്നു കമ്പികിട്ടീട്ടുപോലും മാധവൻ, സ ന്തോഷിക്കാതെ, പരിതപിച്ചിരിക്കുന്നതായി കണ്ട പ്പോൾ ഇന്ദുലേഖയുടെ അബലാചിത്തം അലിഞ്ഞു

പോകയും താൻ രണ്ടുകൊല്ലമായി മാധവനെ ഭർത്താവായി മനസ്സുകൊണ്ടു വരിച്ചു കഴിഞ്ഞിട്ടെന്ന പരമാർത്ഥം അവൾ തുറന്നു പറകയും ചെയ്യുന്നു.

മാധവനെ ദുഃഖിപ്പിച്ചതിന്നു ശരിയായ ശിക്ഷ ഇന്ദുലേഖക്കു കിട്ടി. അവൻ മതിരാശിയിൽനിന്നു വന്നിറങ്ങിയ ഉടനെ, ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് സംബന്ധംചെയ്തു മനയ്ക്കലേക്കു കൊണ്ടുപോയിരിക്കുന്നുവെന്നു, തന്റെ ഒരു അകൈതവമിത്രവും ഗുണകാംക്ഷിയും ആയ ശങ്കരശാസ്ത്രി പറഞ്ഞറിഞ്ഞു് അതു പൂർണ്ണമായി വിശ്വസിച്ചു്, ഇനി നാട്ടിലേക്കു പോകയില്ലെന്നുറച്ചു്, എവിടെക്കാണെന്നില്ലാതെ ദേശസഞ്ചാരത്തിന്നു പുറപ്പെട്ടുപോയ വിവരം അറിഞ്ഞു് ഇന്ദുലേഖ അത്യന്തം പരിതപിക്കുവാൻ ഇടവന്നു. അവളുടെ ആധി വ്യാധിയായിട്ടുപോലും പരിണമിച്ചു. ഇതിലൊന്നും അശേഷമെങ്കിലും അസംഭാവ്യത ഇല്ല. മാധവന്റെ മനസ്സ് അത്രമേൽ തരളവും അധൃഷ്ടവും ആയി വിവരിച്ചതിൽ കഥക്കു ചമൽക്കാരവും രസികത്വവും വർദ്ധിക്കുന്നു.

ഇന്ദുലേഖക്കും മാധവനും തമ്മിൽ ഉണ്ടായിരുന്നതായി വിവരിച്ചു കാണിച്ച പ്രണയം യഥാർത്ഥവും അകൃത്രിമവും ദൃഢവും അതുകൊണ്ടു പരിശുദ്ധവും ദൈവികവും ആണു്. അവർ കാണിച്ച ചില പ്രണയഗോഷ്ടികൾ, വിശേഷിച്ചു് ആ കുളിമുറിസംഭവം, ഗ്രന്ഥത്തിൽ വിവരിച്ചതു് കുറെ കടന്ന കൈയായിപ്പോയെന്നു പറയുന്നവർ പോലും, അതു് അസംഭാവ്യമാണെന്നു പറകയില്ല. അവൎക്കു് ഇരുവൎക്കും ഉണ്ടായിരുന്ന

പ്രണയത്തിൻെറ പരിശുദ്ധിയെ ഗ്രഹിക്കാൻ സാധിക്കുന്നവൎക്കു്, ആ പ്രണയത്തിൻെറ ബാഹ്യചേഷ്ടകളെപ്പററി ഗ്രന്ഥത്തിൽ വായിക്കുമ്പോൾ ഒരു വല്ലായ്മ തോന്നുകയില്ല. നമ്മുടെ സൂരിനമ്പൂതിരിപ്പാട്, വല്ല നീലാട്ടലക്ഷ്മിയോ, പുഴയാട്ട പാറുവോ, കോപ്പാട്ട കുമ്മിണിയോ മററോ ആയുള്ള പ്രണയചേഷ്ടകൾ ആയിരുന്നു ഗ്രന്ഥത്തിൽ വിവരിച്ചതെങ്കിൽ അതു വളരെ ആഭാസമായിത്തീരുമായിരുന്നു. അങ്ങിനെയല്ല ചെയ്തിട്ടുള്ളതു്.

ഒരു സബ്ബ്ജഡ്ജിയായി തൽക്കാലം അഭിനയിച്ച പെരിങ്കള്ളൻ, ഷീയർ ആലിഖാൻ മാധവനെ വഞ്ചിച്ചതുപോലുള്ള സംഭവങ്ങൾ ലോകത്തിൽ എവിടെയും എന്നപോലെ ഇന്ത്യയിലും ഇന്നും നടക്കുന്നതായി നമ്മൾ അറിയുന്നു.

ഇന്ദുലേഖാപുസ്തകത്തിൽ ഗ്രന്ഥകൎത്താവു് ഏററവും സംഭാവ്യമായ ഒരു കഥയെ ചാതുൎയ്യത്തോടുകൂടി ആഖ്യാനം ചെയ്കയും സംഭവങ്ങളെ തന്മയത്വത്തോടുകൂടി വിവരിക്കുകയും പാത്രങ്ങളെ പ്രകൃതാനുസരണം വൎണ്ണിക്കുകയും ചെയ്തിരിക്കുന്നു. ഇതിൻെറ ഫലം വായനക്കാരെ രസിപ്പിച്ചതു മാത്രമല്ല, ഒരു സമുദായാചാരത്തെ പരിഷ്കരിക്കേണ്ടുന്ന ആവശ്യകതയെ ചൂണ്ടിക്കാണിച്ചതുകൂടി ആകുന്നു. ഇപ്പോൾ കേരളത്തിൽ സമുദായപരിഷ്കാരകാൎയ്യത്തിൽ പലരും ചെയ്തുകാണുന്ന പരിശ്രമത്തിന്നു് അവരെ ഉദ്യമിപ്പിക്കുവാൻ, ആ സമുദായത്തിലെ ദോഷങ്ങൾ അവർ ഒന്നാമതു വ്യക്തമായി കാണത്തക്കവണ്ണം ഒരു പരിശോധകദീപമായി ഇദംപ്രഥമമായി പ്ര

കാശിച്ചതു് ഇന്ദുലേഖയായിരുന്നുവെന്നു്, അതിൻെറ ക ത്താവായമഹാത്മാവിന്നു പരലോകത്തിലും കൃതാൎത്ഥത യുണ്ടാകാവുന്നതാണു്.

---

## VIII

## ശാരദാ

---

"ഇന്ദുലേഖ" എഴുതി, നോവൽ രചനയിൽ പരി ശീലനം സിദ്ധിച്ച കൈകൊണ്ടു് എഴുതിത്തുടങ്ങിയതാ ണു് "ശാരദാ." അതുകൊണ്ടു്, "ശാരദാ" പാത്രസൃഷ്ടി ചാതുൎയ്യത്തിൽ "ഇന്ദുലേഖ"യെ അതിശയിച്ചിരിക്കുന്നു എന്നുതന്നെ പറയേണ്ടതാണെന്നു കേരളകാളിദാസന്നു തോന്നിയതിൽ അത്ഭുതമില്ല. "ശൂന്യമായ അവസ്ഥവി നെ നാമരൂപങ്ങൾ കൊടുത്തു വാസ്തവീകരിക്കുന്നതിൽ ഗ്രന്ഥകാരൻെറ തൂലിക ചിത്രകാരൻെറ തൂലികയെ ത്തലോം അതിക്രമിച്ചിരിക്കുന്നു." എന്നാണു് ആ സാ ഹിത്യചക്രവൎത്തി അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ നിലയിൽ കേരളഭാഷയിൽ അനുകരണീയമായ ഒരു മാ തൃകാനോവലാണെന്നു സൎവ്വസമ്മതമായ ഇന്ദുലേഖയെ അതിശയിക്കുന്നതായ മറെറാരു നോവൽ, അതേ ഗ്രന്ഥ കൎത്താവുതന്നെ രചിച്ചുതുടങ്ങിയതു് അപൂൎണ്ണമായ നില യിൽ എന്നെന്നും നിലനില്ക്കുവാൻ ഇടവന്നതിനെപ്പ ററി ഏതു ഭാഷാഭിമാനിയാണു ദുഃഖിക്കാത്തതു്?

ശാരദാ എഴുതിക്കഴിഞ്ഞേടത്തോളം, അതിലെകഥ അധികമില്ല. പൂഞ്ചോലക്കര എടം എന്നു പേരായി

കീൎത്തിപ്പെട്ട ഒരു നായർതറവാട്ടുണ്ടായിരുന്നു. ഈ തറവാട് "വലിയ ദ്രവ്യപുഷ്ടിയോടും പ്രബലതയോടും പ്രഭുത്വത്തോടും കൂടിയുള്ളതായിരുന്നു." അതിലെ കാരണവന്മാൎക്ക് "പൂഞ്ചോലക്കര അച്ഛന്മാർ" എന്ന സ്ഥാനപ്പേർ ഉണ്ടായിരുന്നു. കഥ നടക്കുന്ന കാലത്തെ അച്ഛന്റെ പേർ കോപ്പുണ്ണിഅച്ഛൻ എന്നാണ്. അവിടെയുള്ള അനന്തരവന്മാരെയൊക്കെ ഉണ്ണിമാർ എന്നാണു വിളിക്കാറു്. അനന്തരവന്മാരായി കോപ്പുണ്ണിഅച്ഛന്റെ നേരെ അനുജന്മാരായി രാഘവനുണ്ണി, കേശവനുണ്ണി എന്നു രണ്ടുപേരും നേരെ അനന്തരവന്മാരായി കേശവനുണ്ണി, ഗോവിന്ദനുണ്ണി എന്നു രണ്ടുപേരും, ഇളയമ്മയുടെ മകനായി കൃഷ്ണനുണ്ണി എന്നൊരാളും ഉണ്ടായിരുന്നു. വലിയ അച്ഛന്റെ നേരെ സോദരിയായിരുന്ന ഇക്കാളിഅമ്മയുടെ മകളായിട്ട കുഞ്ചുക്കുട്ടിഅമ്മ എന്ന ഒരു സ്ത്രീയും അദ്ദേഹത്തിന്റെ മുത്തശ്ശിയുടെ അനുജത്തിമാരുടെ മക്കളായിട്ടു കല്യാണിഅമ്മ, ലക്ഷ്മിഅമ്മ എന്നു രണ്ടു പേരും ഇങ്ങിനെ മൂന്നു പേർ മാത്രമെ തറവാട്ടിൽ സ്ത്രീസന്താനങ്ങളായി ഉണ്ടായിരുന്നുള്ളൂ. ആ വീട്ടിൽ നമ്പൂരിമാൎക്കുമാത്രമെ സംബന്ധം പാടുള്ളൂവായിരുന്നു. കുഞ്ചുക്കുട്ടിഅമ്മയെ ചേലക്കരനമ്പൂരിയും, ലക്ഷ്മിഅമ്മയെ രാമവൎമ്മൻ തിരുമുൽപ്പാടും സംബന്ധം ചെയ്തു. കല്യാണിഅമ്മക്കു "ഏകദേശം പതിനെട്ടു് ഇരുപതുവയസ്സായപ്പോഠം ആ അമ്മയെ മഹാവിരൂപനും വൃദ്ധനും നികൃഷ്ടനുമായ ഒരു എടപ്രഭുവിന്നു തറവാട്ടിൽ കാരണവർ പൂഞ്ചോലക്കര അച്ഛൻ എന്തോ തറവാട്ടിലുള്ള ഒരു കാൎയ്യലാഭത്തിന്നുവേണ്ടി മാത്രം സംബന്ധംക

ഴിച്ചുകൊടുത്തു.'' അദ്ദേഹത്തോടുകൂടി ഇരിപ്പാൻ കേവലം നിവൃത്തിയില്ലാതെ ആ സ്ത്രീ നാടുംവീടുംവിട്ട് ഒളിച്ചു പൊയ്ക്കളഞ്ഞു. ആദ്യം വൈത്തിയെന്നു പേരായ ഒരു പട്ടരും കൃഷ്ണൻ എന്നു പേരായ ഒരു നായർഭൃത്യനും മാത്രമേ ആ സ്ത്രീയുടെ ഒന്നിച്ചുണ്ടായിരുന്നുള്ളു.

നേരെ കാശിയിലേക്കാണ് ആ സ്ത്രീ പോയത്; അവിടെ വെച്ചു രാമൻമേനോൻ എന്നൊരു ചിത്രമെഴുത്തുകാരനെ കണ്ടു് പരിചയമായി. രാമൻമേനോൻ ജാതിയിൽ പൂഞ്ചോലക്കര എടക്കാരുമായി സമംതന്നെ ആയിരുന്നു. പക്ഷെ അവരെപ്പോലെ അദ്ദേഹത്തിന്റെ കുടുംബക്കാർക്ക് പ്രഭുത്വം ഉണ്ടായിരുന്നില്ല. അദ്ദേഹം ചിത്രമെഴുത്തുകൊണ്ടു് കുറെ പണം സമ്പാദിച്ചിരുന്നു. കല്യാണിഅമ്മയും അദ്ദേഹവും തമ്മിൽ പ്രണയമാകയും രണ്ടുപേരും ഭാര്യാഭർത്താക്കന്മാരായിത്തീരുകയും ചെയ്തു. കാശിയിൽനിന്നു് അവർ ഉജ്ജയിനിയിലേക്കുപോയി. നാലുകൊല്ലം അങ്ങിനെ കഴിഞ്ഞു. അതിലിടക്ക് രാമൻമേനവന്നു് ചിത്രമെഴുത്തുകൊണ്ടു് ധാരാളം പണം കിട്ടിക്കൊണ്ടിരുന്നു; അവർക്ക് ഒരു പെൺകുട്ടി ജനിക്കുകയും ചെയ്തു. ആ കുട്ടിക്കു ശാരദാ എന്നു് പേരിട്ടു. അവരുടെ സമ്പാദ്യമൊക്കെ നാട്ടുകാരുടെ വക ഒരു ബേങ്കിൽ പലിശക്ക് ഇട്ടിരുന്നു. നിർഭാഗ്യവശാൽ രാമൻമേനവന്നു് ഒരു നേത്രരോഗം ബാധിക്കുകയും കണ്ണിന്നു കാഴ്ച വളരെ കുറവാകയും ചെയ്തു. ഇനി രാജ്യത്തേക്കു മടങ്ങാമെന്നു വിചാരിച്ചു ബേങ്കിൽ പണം വാങ്ങാൻ ചെന്നപ്പോഴാണ് ആ ബേങ്കു കടത്തിൽ പെട്ടു നശിച്ചുപോയതായികണ്ടതു. അതിൽ രാമൻമേന-

വന്റെ പേരിൽ ഉണ്ടായിരുന്ന അമ്പതിനായിരം ഉറുപ്പികയും നശിച്ചുപോയി. ബേങ്കിലെ ബാക്കിസ്വത്തു് ഓഹരിചെയ്തുകൊടുത്തതിൽ ഉറുപ്പികക്കു് ഒരണവീതം പോലും രാമൻമേനവന്നു കിട്ടിയില്ല. ആകെ 8000 ക. കിട്ടി. അതുവാങ്ങി മകളോടുകൂടി മലയാളത്തിലേക്കു പുറപ്പെട്ടു. വരുന്നവഴിക്കു രാമേശ്വരത്തുപോയി. അവിടെ ഒരു സത്രത്തിൽ പാർത്തുകൊണ്ടിരിക്കുമ്പോൾ കല്യാണിഅമ്മക്കു് ജ്വരരോഗം ഉണ്ടാകയും ആ സ്ത്രീ കാലധർമ്മം പ്രാപിക്കുകയും ചെയ്തു.

രാമൻമേനവനും കല്യാണിഅമ്മയും ഭാര്യാഭർത്താക്കന്മാരായി കുറെ കഴിഞ്ഞപ്പോൾ വൈത്തിപ്പട്ടർ അവരെ വിട്ടു സ്വരാജ്യത്തേക്കു തിരിച്ചുവന്നിരുന്നു. കൃഷ്ണൻ അവരുടെ ഒന്നിച്ചുതന്നെ പാർത്തു. ആ ഭാര്യാഭർത്താക്കന്മാൎക്കു സഹായമായിഉണ്ടായിരുന്നതു, ശങ്കരൻ എന്നു പേരായ യോഗ്യനായ ഒരു ചെറുപ്പക്കാരനായിരുന്നു.

കല്യാണിഅമ്മ നാടുവിട്ടുപോയി അല്പം കഴിഞ്ഞശേഷം ലക്ഷ്മിഅമ്മയുടെ ഭർത്താവായിരുന്നു രാമവൎമ്മൻ തിരുമുല്പ്പാടും കോപ്പുണ്ണിഅച്ഛനും തമ്മിൽ വിരോധമാകയും ബദ്ധമത്സരമാകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷ്മിയമ്മ കാലധർമ്മം പ്രാപിക്കുകയും ചെയ്തിരുന്നു.

ഇവയൊക്കെ പൂർവ്വകഥകളാണു്. കല്യാണിഅമ്മയുടെ മരണത്തോടുകൂടിയാണു നോവലിലെകഥ ആരംഭിക്കുന്നതു്. രാമൻമേനോൻ, തന്റെ മകളെ പൂഞ്ചോലക്കര എടത്തിലെ അംഗമായി സ്വീകരിക്കുവാൻ ശ്രമിക്കുകയും അതിന്നു് ആ കുടുംബക്കാർ വിരോധികളായി

ിക്കുകയും അതിന്നുശേഷം അദ്ദേഹം രാമവൎമ്മൻ തിരു മുൽപ്പാടിന്റെ സഹായത്തോടുകൂടി, പൂഞ്ചോലക്കര അ ച്ഛനുമായി ഒരു വ്യവഹാരത്തിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു തുടങ്ങുകയും ചെയ്യുന്നതു മാത്രമേ കഥയിൽ വിവ രിക്കാൻ സാധിച്ചിട്ടുള്ളൂ.

ഈ സന്ദൎഭത്തിൽ കഥയുടെ ആരംഭമായി കരുതേ ണ്ടുന്ന കാൎയ്യത്തിൽ, പക്ഷെ യാദൃച്ഛികമായി ഉണ്ടായ തായി കാണുന്ന ഒരു സംഗതിയെപ്പററി പറയേണ്ടിയി രിക്കുന്നു. ഇന്ദുലേഖാപുസ്തകത്തിൽ, വലിയൊരു പ്രഭു കുടുംബത്തിലെ ഒരു സന്താനമായിരുന്ന കല്യാണിക്കുട്ടി യെ അവളുടെ സമ്മതംകൂടാതെ കേവലം വിടനായ ഒ രു അശ്വമുഖൻ നമ്പൂതിരിപ്പാട്ടിന്നു ഭാൎയ്യയാക്കി പിടിച്ചു കൊടുത്തു കൊണ്ടാണല്ലോ കഥ അവസാനിക്കുന്നതു്. ശാരദാ ആരംഭിക്കുന്നതും, ഒരു പ്രഭുകുടുംബത്തിലെ സ ന്താനമായ കല്യാണിയെ ഒരു വിരൂപനും ബുദ്ധിഹീന നും ആയ പ്രഭുവിന്നു് അവളുടെ സമ്മതം കൂടാതെ സം ബന്ധം ചെയ്തു കൊടുക്കയാൽ അവൾ നാടുവിട്ടു പോയ തിനെ അടിസ്ഥാനമാക്കിയാണു്. രണ്ടും കല്യാണിമാർ തന്നെ. ഈ നിലയിൽ ഇന്ദുലേഖയിലെ കഥയുടെ തു ടൎച്ചയോ ശാരദ എന്നു തോന്നിപ്പോകും. കഥയിലെ എല്ലാ സംഗതികളും ഈ ഊഹത്തെ സഹായിക്കുകയി ല്ലെങ്കിലും ചെമ്പാഴിയോട്ടു പൂവള്ളിതറവാട്ടിലെ കല്യാ ണിക്കുട്ടി സൂരിനമ്പൂതിരിപ്പാടിനേയും ഉപേക്ഷിച്ചു നാ ടുവിട്ടുപോയെന്നു് അറിഞ്ഞാൽ ആരും അത്ഭുതപ്പെടാ തിരിക്കത്തക്ക നിലയിലാണല്ലോ ആ തിരുമേനിയുടെ സ്ഥിതി. ഇതു ഞാൻ വെറുതേ പറഞ്ഞുവെന്നേ കരുതേ ണ്ടതുള്ളൂ.

ഇന്ദുലേഖയുടേതെന്നപോലെതന്നെ ശാരദാഎന്ന
ഈ പുസ്തകത്തിന്റെയും മുഖ്യഗുണം അതിൽ കാണുന്ന
പാത്രങ്ങളെ സൃഷ്ടിച്ചു വിവരിച്ചതിലുള്ള തന്മയത്വവും
അകൃത്രിമത്വവും ആകുന്നു. ഈ കാൎയ്യത്തിൽ ശാരദാ ഇ
ന്ദുലേഖയേയും അതിശയിച്ചിരിക്കുന്നുവെന്നുള്ളതിന്നു സം
ശയമില്ല. കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമ
നസ്സുകൊണ്ടു് പറഞ്ഞതുപോലെ, ഇന്ദുലേഖ വായിച്ച
പ്പോൾ "കേരളീയമഹാജനം വിചാരിച്ചതു സൂരിനമ്പൂരി
യേയും മറ്റും പോലെയുള്ള കഥാപുരുഷർ വേറെ ഉ
ണ്ടാകുന്നതു കേവലം അസാധ്യമെന്നായിരുന്നു. എ
ന്നാൽ വൈത്തിപ്പട്ടരുടേയും കുഞ്ഞൻമേനോന്റേയും മ
റ്റും ചിത്രങ്ങൾ, ഇന്ദുലേഖയിലെ പാത്രങ്ങളേയും അ
തിശയിക്കുന്നു.

രോഗത്തിൽ വലഞ്ഞു മൃതിയടയുവാൻ കാലവും
പാൎത്തുകിടക്കുന്ന കല്യാണിയമ്മ, ഭൎത്താവോടു്, "നി
ങ്ങൾ ഈ നിസ്സഹായമായനിലയിൽ ആയല്ലോ. എ
ന്റെ രോഗം ഭേദമാകുമെന്നു തോന്നുന്നില്ല. ഞാൻ നി
മിത്തം നിങ്ങൾക്കു വലിയ ഒരു ഭാരവും വന്നുചേൎന്നു. എ
ന്തുചെയ്യാം നിവൃത്തിയില്ലല്ലോ." എന്നുപറഞ്ഞു കൊ
ണ്ടാണു് കഥ ആരംഭിക്കുന്നതു്: ഇങ്ങിനെ "അമംഗ
ളവാക്യംകൊണ്ടു് കഥ ആരംഭിച്ചതു് ഒരു അറമായി പ
ൎയ്യവസാനിച്ചുവെന്നു അറത്തിൽ വിശ്വസിക്കുന്നവർ പ
റയുമായിരിക്കാം." എന്നാണു കേരളവൎമ്മവലിയകോ
യിത്തമ്പുരാൻ പറയുന്നതു്. അറമോ എന്തോ? കാവ്യ
മെന്നല്ല, യാതൊന്നും അമംഗളമായ നിലയിലോ കാല
ത്തിലോ ആരംഭിക്കരുതെന്നുള്ള ഹിന്തുവിന്റെ വിശ്വാ

സത്തിന്ന് ഈ ഗ്രന്ഥവും ഒരു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിപ്പാൻ ഇടവന്നിരിക്കുന്നുവെന്നേ പറയേണ്ടതുള്ളൂ.

കഥയ്ക്കു കാരണമായ പൂർവ്വസംഭവങ്ങളിൽ പ്രധാനമായതു കല്യാണിഅമ്മ നാടും വീടും വിട്ടുപോയിക്കളഞ്ഞതാണല്ലൊ. അതു് അക്കാലത്തെ "സമുദായാചാരപ്രകാരം ഉയൎന്ന തറവാടുകളിലേ സ്ത്രീകൾക്കു വരുന്ന കഷ്ടതകളെ" ഉദാഹരിച്ചതാണെന്നുള്ളതിന്നു സംശയമില്ല. "അവൾക്കു യാതൊരു അപകടവും പിണയാതെ കാശിയിൽവെച്ചു രാമൻമേനവൻ എന്ന ഒരു ഉചിതവരനെ ലഭിച്ചു, മാന്യമായി കാലക്ഷേപം ചെയ്വാൻ ഇടയാക്കിയതു നോക്കുമ്പോൾ കവി, നമ്മുടെ കന്യകമാരെ ധൎമ്മസങ്കടങ്ങളിൽ സാഹസംകൂട്ടി പ്രവൎത്തിച്ചുകൊള്ളുവാൻ അനുവദിക്കുന്നോ എന്നു സംശയംതോന്നും. എന്നാൽ കല്യാണിഅമ്മ ദൈവവശാൽ പരദേശത്തുവെച്ചുതന്നെ ചരമഗതിയെ പ്രാപിക്കയാൽ, അവളുടെ മകൾക്കു തറവാട്ടിൽ പ്രവേശം ലഭിക്കുന്നതിന്നുണ്ടായ പ്രതിബന്ധങ്ങളുടെ പ്രബലത നോക്കുമ്പോൾ ആ വിധം പ്രവൃത്തികളുടെ ഫലങ്ങൾ അവരെ കൎശനമായി നിവാരണം ചെയ്കയും ചെയ്യുന്നു.' എന്നാണു കേരളകാളിദാസൻ പറയുന്നതു്. എന്നാൽ ഇപ്പറഞ്ഞ 'പ്രതിബന്ധങ്ങളുടെ പ്രബലത' എത്രയുണ്ടെന്നു് അപൂൎണ്ണമായ ഈ കഥയിൽ വ്യക്തമായി കഴിഞ്ഞിട്ടില്ല. ഇതുവരെ ചെയ്ത ഒരുക്കങ്ങൾക്കനുസരിച്ചു് ഒരു കേസ്സുതന്നെ നടക്കുന്നതായാൽ, തറവാട്ടിൽ കാരണവന്മാർ കന്യകമാരെ ധനമോഹംകൊണ്ടു് ഏതെങ്കിലും ഒരു വൃദ്ധനോ രോഗിക്കോ ദുഷ്കൎമ്മിക്കോ വീട്ടിലെ വല്ലപൂച്ചക്കുട്ടിയേയും

പിടിച്ചു കൊടുക്കുംപോലെ സംബന്ധം കഴിച്ചുകൊടുക്കുന്നതിലുള്ള അനൌചിത്യവും അനൎത്ഥവും ആഭാസത്വവും കോടതിയിൽ പ്രസ്താവിക്കപ്പെടുകയും, ജഡ്ജിയുടെ വിധിന്യായത്തിൽ കഠിനമായ ഖണ്ഡനവിമൎശനത്തിനുതന്നെ വിഷയമാകയും ചെയ്തുവെന്നു വരുന്നതാണല്ലൊ. സമുദായപരിഷ്കാരകാൎയ്യത്തിൽ അത്ര വലിയ ഗുണം ചെയ്യാതിരിക്കയില്ല. ആരറിഞ്ഞു ഗ്രന്ഥകൎത്താവ് അങ്ങിനെയും ഉദ്ദേശിച്ചിരുന്നില്ലെന്നു്?

കഥയിൽ നായികയായി ശാരദയെത്തന്നെയാണു കവി സങ്കല്പിച്ചതെന്നുള്ളതിന്നു സംശയമില്ലല്ലൊ. എന്നാൽ അവളുടെ പ്രായത്തിന്നെന്നപോലെ സ്വഭാവവിശേഷങ്ങൾക്കും പൂൎണ്ണത്വം പ്രാപിച്ചിട്ടില്ലാത്തതിനാൽ അവയെപ്പററി ആലോചിക്കേണ്ടതില്ല. "പൂൎണ്ണചന്ദ്രോദയത്തെ കണ്ടുംകൊണ്ടു, ചന്ദ്രവൎണ്ണന ചെയ്യേണമെന്നു് ഉറച്ചിരുന്ന ഒരു മനുഷ്യൻ സായന്തനകാലത്തിൽ അത്യന്തനീലമായി സ്വച്ഛമായിരിക്കുന്ന ആകാശത്തിൽ തിളങ്ങുന്ന അസംഖ്യം നക്ഷത്രങ്ങളുടെ മദ്ധ്യേ വിളങ്ങുന്ന ബാലചന്ദ്രനെ കണ്ടു മനസ്സിളകി" അതിനെ വൎണ്ണിക്കുന്നതുപോലെ, ശാരദയ്ക്കു പന്ത്രണ്ടു വയസ്സ് ആരംഭിച്ചിരിക്കുന്ന കാലത്തു് അവളുടെ ആകാരത്തിന്നുണ്ടായ സൌന്ദൎയ്യത്തെ കവി വൎണ്ണിക്കുന്നു. ആ വൎണ്ണനയ്ക്കു പ്രാരംഭമായി കവി തന്റെ സ്വതസ്സിദ്ധമായ വാഗ്വിലാസത്തോടുകൂടി ഇങ്ങിനെ എഴുതിയിരിക്കുന്നു:—"ശാരദയുടെ അപ്പോഴത്തെ കാന്തിയെ പൂൎണ്ണവികാസത്തെ പ്രാപിക്കുമ്പോൾ അത്യന്തസുരഭിയായി അതിമനോഹരമാ

യി കാണപ്പെടുന്ന ഒരു വിശേഷവിധി പുഷ്പം കുശ്മളമാ യി വികസിപ്പാൻ ആരംഭിക്കുന്ന കാലത്ത് ഏതുവിധമായ കാന്തിയോടെ കാണപ്പെടുന്നുവോ ആ കാന്തിയോടു സദൃശമായിരുന്നു എന്നു നിസ്സംശയം പറയാം. പുഷ്പത്തിന്നു വരുവാൻപോകുന്ന സൌന്ദൎയ്യവും സൌരഭ്യവും കുശ്മളത്തെ പരിശോധിച്ചാൽ അന്തൎഭവിച്ചു സൂക്ഷ്മങ്ങളായി ഇരിക്കുന്നതു കാണാം. അതു ക്രമേണ വികസിച്ചു വരുമ്പോൾ അതിന്നു അനുരൂപമായ പ്രായത്തിൽ പൂൎണ്ണവികാസഭാവത്തിൽ കാണപ്പെടുന്ന ഓരോ ഗുണങ്ങൾ പോഷിച്ചു, പോഷിച്ചു വരുന്നതും കാണാം. ഇങ്ങിനെ ഈ കുശ്മളാകൃതിയിൽനിന്നു ഈ പുഷ്പം പൂൎണ്ണവികാസത്തെ പ്രാപിക്കുന്നതുവരെ ഇതിൽ കാണപ്പെടുന്നതായ ഓരോ കോമളങ്ങളായ ഭേദങ്ങളെ ക്ഷമയോടുകൂടി നോക്കിയിരുന്നാൽ മനസ്സിന്നു അത്യന്തം ആഹ്ലാദം ഉണ്ടായിവരുമെന്നുള്ളതിന്നു സംശയമില്ല. ഇപ്രകാരം ജഗന്മോഹിനിയായി വരുവാൻ പോകുന്ന ശാരദയുടെ ശൈശവം മുതൽ യൌവനംവരെ ഉള്ള വളൎച്ചയെ കാണ്മാൻ ഭാഗ്യമുണ്ടായ കണ്ണുകൾക്കായി ഒരു നമസ്കാരം എന്നു മാത്രം പറയുന്നു.' എന്നാൽ "കഠിനഹൃദയനായ വേധസ്സു, നവീനശാരദാകരണത്തിലുള്ള ഈൎഷ്യയാലോ എന്നു തോന്നുമാറു ശാരദാകൎത്താവിനെത്തന്നെ അചിരേണ യശശ്ശരീരമാത്രശേഷനാക്കിച്ചെയ്തു" കളഞ്ഞതിനാൽ ഈ ഭാഗ്യം കേരളത്തിൽ ആൎക്കും ഉണ്ടാവാൻ ഇടയായില്ല. അതുകൊണ്ടു ആൎക്കും ഒരിക്കലും തലതാഴ്ത്തുവാൻകൂടി സംഗതി വന്നിട്ടില്ലാതിരുന്ന മഹാകവി ആരുടെയും കണ്ണുകൾക്കുപോലും നമസ്കാരംചെയ്യേണ്ടതായും വന്നില്ല, എന്നേ പറയേണ്ടതുള്ളൂ.

ശാരദയുടെ ശരീരകാന്തിമാത്രമല്ല, സ്വഭാവഗുണങ്ങളും അതിസുരഭിയായി അത്യന്തമനോഹരമായ പുഷ്പം കുശ്മളമായി വികസിപ്പാൻ ആരംഭിക്കുന്ന കാലത്തുള്ള സ്ഥിതിയോട്ട് ഉപമിച്ച് അത്രമാത്രമെങ്കിലും കൃതാൎത്ഥരാവാൻ വായനക്കാൎക്ക് ഭാഗ്യമുണ്ടാകുന്നത്, ആ പെൺകിടാവു് അവളുടെ അച്ഛനുമായി ചെയ്യുന്ന സംഭാഷണത്തിലാണ്. പരിഷ്കൃതരീതിയിൽ പഠിപ്പിക്കുകയും ശീലാചാരാദികളെ നിയന്ത്രണം ചെയ്കയും ചെയ്യപ്പെട്ട നല്ലൊരു തറവാട്ടുകാരിയായ പെൺകുട്ടിയിൽ കാണാവുന്ന വിശേഷവിധി ഗുണങ്ങൾ ആ സംഭാഷണത്തിൽ പ്രകാശിച്ചുകാണാം.

കഥയിൽ നായകൻ ആരാണെന്ന് ഇനിയും തീർച്ചപ്പെട്ടുകഴിഞ്ഞിട്ടില്ല. ശാരദയുടെ അമ്മാമന്റെ മകനായ കൃഷ്ണമേനവനെയായിരിക്കും നായകനായി ഗ്രന്ഥകർത്താവു സങ്കല്പിച്ചതെന്നാണ് ഇപ്പോൾ എല്ലാവരും ഊഹിക്കുന്നത്. ചന്തുമേനോന്റെ പഴയ ഒരു നോട്ടുബുക്കിൽ ഇങ്ങിനെ ഒരു ശ്ലോകം എഴുതിക്കാണുന്നു:—

ശാരദയ്ക്കു വരനായ പൂരുഷൻ
ആരതെന്നു തിരയായ്ക ലോകരേ;
ചാരുവാണിയുടെ വീട്ടിലില്ലയോ,
സാരസാക്ഷനിഹ കൃഷ്ണമേനവൻ?

ഈ നോട്ടുബുക്കിൽ ചന്തുമേനോന്റെ കൈയക്ഷരത്തിൽ മാത്രമല്ല, വേറെ പലരുടേയും കൈയക്ഷരത്തിൽ ഓരോ ശ്ലോകങ്ങളും മററും എഴുതിയതായി കാണുന്നതിൽ ഈ ശ്ലോകം ആരുടെ വകയാണെന്നോ ഏതു സന്ദർഭത്തിൽ എഴുതിയതാണെന്നോ പറവാൻ സാധിക്കുകയില്ല.

ഏതായാലും ശാരദയിലെ ഈ കൃഷ്ണമേനോൻ ഇന്ദുലേഖയിലെ മാധവൻെറ എല്ലാഗ്ഗുണങ്ങളും ഉള്ള ഒരാളാണ്. എന്നല്ല ചില സംഗതിയിൽ മാധവനെ അതിശയിക്കുന്ന ചില ഗുണങ്ങൾ ഉള്ളതായി കാണാം. രൂപലാവണ്യത്തെപ്പററി പറയേണ്ടതില്ല. ആ കാൎയ്യത്തിൽ ചന്തുമേനോന്ന് ഏററവും പ്രിയപ്പെട്ട ഒരു സൃഷ്ടിതന്നെയാണു കൃഷ്ണമേനോൻ. അവൻെറ യോഗ്യത വൎണ്ണിക്കുവാൻ അഞ്ചാറുപേജ് ഗ്രന്ഥകർത്താവു ചെലവാക്കീട്ടുണ്ട്. അതു മുഴുവൻ ഇവിടെ ഉദ്ധരിക്കേണ്ടുന്ന ആവശ്യമില്ല. എന്നാൽ അതിൽ പൊതുവിൽ ചിലൎക്കു പാഠമാകാവുന്ന ചില സംഗതികൾ ഉള്ളതു താഴെ പകർത്തുന്നു:—

"ഇംഗ്ലീഷു പഠിച്ചു ബി. ഏ., ബി. എൽ. പരീക്ഷകൾ ജയിച്ചവർ എല്ലാവരും വളരെ പഠിപ്പുള്ളവരുംബുദ്ധിമാന്മാരും ആണെന്നു സാധാരണ ഇപ്പോൾ വിചാരിച്ചു വരുന്നുണ്ടല്ലൊ. ഇതു് എത്രയോ കാൎയ്യങ്ങളിൽ അബദ്ധമായ ഒരു വിചാരമാണെന്നു സൂക്ഷ്മമായി ആലോചിച്ചാൽ നമ്മൾക്കു് അറിയാം. പരീക്ഷകളിൽ ജയിക്കുന്നതു കൊണ്ടു അങ്ങിനെ ജയിക്കുന്നവർ ആ പരീക്ഷകൾക്കായി നിയമിക്കപ്പെട്ട ചില പുസ്തകങ്ങൾ വായിച്ച് അറിവുവരുത്തീട്ടുണ്ടെന്നു പക്ഷേ ഊഹിക്കാം. എന്നു മാത്രമല്ലാതെ പഠിപ്പുള്ളവനെന്നു ഞാൻ ഒരുവനെ സമ്മതിക്കേണമെങ്കിൽ അവൻെറ അറിവിൻെറ വലിപ്പത്തെ സാധാരണ അവൻെറ വിചാരങ്ങളിലും ആലോചനകളിലും പ്രവൃത്തികളിലും പ്രത്യക്ഷമായി കാണണം. നമ്മുടെ കൃഷ്ണമേനോൻ സ്കൂൾവകയായി ഉയൎന്ന

തരം പരീക്ഷകൾ എല്ലാം കൊടുത്തു ജയിച്ചശേഷമാണ യഥാൎത്ഥമായ പഠിപ്പ് ആരംഭിച്ചതു് എന്നു പറയേണ്ട താണ്." ധനവാനായ പിതാവിന്റെ പ്രിയപ്പെട്ട മകനായിരുന്നതിനാൽ ദ്രവ്യം ചെലവുചെയ്യുന്നതിന്നു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പക്ഷെ തന്റെ സ്വന്തം വസ്ത്രാലങ്കാരാദികൾക്കല്ല ആ പണം ചെലവഴിച്ചതു്. പുസ്തകങ്ങൾ വാങ്ങുന്നതിന്നായിരുന്നു. "ബിലാത്തിയിൽ ഏതെങ്കിലും ഒരു പുതിയ പുസ്തകം എഴുതീട്ടുണ്ടെന്നു് അറിയുന്ന ഉടനെ അതിനെ കൃഷ്ണമേനോൻ വരുത്താതിരിക്കയില്ല." ഇങ്ങിനെ രണ്ടായിരത്തിൽ ചുരുങ്ങാതെ പുസ്തകങ്ങൾ ശേഖരിച്ച ഒരു ഗ്രന്ഥപ്പുരതന്നെ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നു. ബി. എൽ. ജയിച്ചശേഷം "ഇദ്ദേഹത്തിന്റെ ഗുണങ്ങളെ അറിഞ്ഞു ഗവർമ്മെണ്ടു് ഇദ്ദേഹത്തിന്നു തക്കതായ ഒരു ഉദ്യോഗം കൊടുപ്പാൻ ഭാവിച്ചു. തന്റെ സ്വാതന്ത്ര്യഹാനിയെ വിചാരിച്ചു് ഇദ്ദേഹം സൎക്കാരുദ്യോഗത്തിൽ പ്രവേശിച്ചില്ല." ഇതു കവിയുടെ പ്രഥമസൃഷ്ടിയായ മാധവനിൽ കാണാതിരുന്ന വിശേഷവിധിഗുണമാണല്ലൊ. അഹംകാരം ലേശമില്ലാതെ സമസൃഷ്ടികളിൽ അത്യന്തം ദയാലുവും സത്യനിരതനും ആയിരുന്നു കൃഷ്ണമേനോൻ. "കണ്ടാൽ മന്മഥമന്മഥനായിരുന്നുവെന്നു വരികിലും, തന്നെ കാണുന്ന ഏതു സുന്ദരികളും തന്നിൽ ഭ്രമം ഉണ്ടായി എന്നറിവാൻ കൃഷ്ണമേനോനു് ധാരാളമായി ബുദ്ധിശക്തി ഉണ്ടായിരുന്നുവെങ്കിലും, അതിൽനിന്നു യാതൊരു ചാപല്യങ്ങളും ഇതുവരെ കൃഷ്ണമേനോന്റെ മനസ്സിനെ ബാധിച്ചിട്ടില്ല. വല്ല സുന്ദരികളായ യുവതികളും യദൃച്ഛയാ കൃഷ്ണമേനോ

നോടു സംസാരിപ്പാൻ ഇടവന്നാൽ, അത്ര ഉപദ്രവം തനിക്കു വേറെ ഒന്നുകൊണ്ടും ഉണ്ടാവാനില്ലെന്നുള്ള നാട്യമാണു കൃഷ്ണമേനോന്നു് ഉണ്ടായിരുന്നതു്. പൂഞ്ചോലക്കര പ്രദേശത്തു പലേ പ്രമാണപ്പെട്ട വീടുകളിലും അതിസുന്ദരികളായും അതിസാമൎത്ഥ്യത്തോടും അറിവോടും കൂടിയവരായും ഉള്ള യുവതികളിലെല്ലാം കൃഷ്ണമേനോൻ എനിക്കെനിക്കു ഭൎത്താവായി വരേണമെന്നു് അത്യാഗ്രഹപ്പെടാത്തവർ ആരും ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തോടു് ഒന്നു സംസാരിച്ചാൽ മതി, ഇദ്ദേഹത്തിന്റെ ഒരു മന്ദഹാസം കണ്ടാൽ മതി, രണ്ടു നിമിഷം അടുത്തു കണ്ടാൽ മതി, എന്നു് ആഗ്രഹിക്കാത്ത തരുണികൾ ആ ദിക്കിൽ ആരും ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. എന്നാൽ ഈ ഒരു ആഗ്രഹനിവൃത്തി കൃഷ്ണമേനോൻ ഒരിക്കലും ചെയ്തുകൊടുത്തിരുന്നില്ല."

ഇങ്ങിനെ വികസിച്ചു നില്ക്കുന്ന യാതൊരു പുഷ്പത്തിലും ചെന്നു വീഴാതെ ഈ കൃഷ്ണഭൃംഗത്തെ കവി സൂക്ഷിച്ചു നിൎത്തിയതു് അതി സുരഭിയായി അത്യന്തമനോഹരമായി വികസിപ്പാൻ കാത്തു നില്ക്കുന്ന ശാരദാകുഡ്മളത്തിലേക്കു് ഒടുവിൽ ആകൎഷിപ്പാൻ വേണ്ടിത്തന്നെയാണെന്നു വിശ്വസിക്കുന്നതിൽ തെററു വരാൻ പാടില്ല. ശാരദയെ പൂൎത്തിയാക്കുവാൻ ധൈൎയ്യപ്പെടുന്ന വക്കു് ഈ പരമാൎത്ഥം ഒരു മാൎഗ്ഗദൎശിയായിത്തീൎന്നിരിക്കുന്നു.

ശാരദയുടെ അച്ഛൻ രാമൻമേനോൻ പൂഞ്ചോലക്കര എടത്തുനിന്നു പതിന്നാലു കാതം ദൂരത്തു പുരാതനമെങ്കിലും ദാരിദ്ര്യദശയിൽ പെട്ടുപോയ ഒരു തറവാട്ടിലെ

അംഗമായിരുന്നു. അദ്ദേഹത്തിന്ന് അമ്മാമന്മാരായി ര ണ്ടുമൂന്നുപേർ ഉണ്ടായിരുന്നുവെങ്കിലും കൂടെപ്പിറന്നവരായി ആരും ഉണ്ടായിരുന്നില്ല. തന്നെ രക്ഷിപ്പാൻ ആരും ഇല്ലാതിരുന്നതിനാലും ഇംഗ്ലീഷ് പഠിപ്പാൻ ആഗ്രഹം ഉണ്ടായതിനാലും പതിനാലാമത്തെ വയസ്സിൽ തിരുവനന്തപുരത്തുപോയി. അവിടെ വലിയ ഒരു ഉദ്യോഗസ്ഥന്റെ ഒന്നിച്ചു പാർത്തു. അദ്ദേഹത്തിന്റെ സഹായത്താൽ ഇംഗ്ലീഷു പഠിച്ചു. അതിലിടയ്ക്കു ചിത്രമെഴുത്തിൽ വാസനയുണ്ടാകയും അതു പരിശീലിക്കുകയും തന്റെ രക്ഷിതാവായിരുന്ന ഉദ്യോഗസ്ഥൻ മരിച്ചശേഷം ഇരുപത്തേഴാം വയസ്സിൽ രാമൻമേനോൻ തിരുവനന്തപുരം വിട്ടു വടക്കെ ഇന്ത്യയിൽ സഞ്ചരിക്കുകയും ചെയ്തു. അപ്പോഴ് എണ്ണച്ചായത്തിൽ നല്ലവണ്ണം ചിത്രമെഴുതാൻ സാധിച്ചിരുന്നു. ആറേഴു കൊല്ലം സഞ്ചരിച്ചശേഷമാണു കല്യാണിഅമ്മയെ കണ്ടെത്തിയതു്. ഇദ്ദേഹത്തിന്റെ ഒന്നിച്ചുണ്ടായിരുന്ന ശങ്കരൻ കഥയിൽ ഒരു പ്രധാന പാത്രമാണ്. അയാൾ തിരുവനന്തപുരക്കാരനാണ്. നല്ല തറവാട്ടിലുള്ള ഒരു കുട്ടിയാണ്. ബഹു ബുദ്ധിമാനാണ്. അവനു വീട്ടിൽ നല്ല കോപ്പുണ്ടു്. ചിത്രമെഴുത്തിൽ ഭ്രമിച്ചു രാമൻമേനോന്റെകൂടി ഓടിപ്പോയതാണ്. അദ്ദേഹത്തിനും ഭാര്യയ്ക്കും ശങ്കരനെ ദാരകയെപ്പോലെ സ്നേഹമായിരുന്നു. ഇംഗ്ലീഷ് അവൻ താനെ പഠിച്ചു. ചിത്രം സാമാന്യം നല്ലവണ്ണം എഴുതുവാൻ അറിയാം. വടക്കൻഭാഷകൾ പലതും രാമൻമേനോനെക്കാൾ നല്ലവണ്ണം സംസാരിക്കും. ഇത്ര സ്വാമിഭക്തിയുള്ള ഒരാളെ കാണ്മാൻ പ്രയാസമാണ്. ദേശസ

ഞ്ചാരംകൊണ്ടു മനസ്സിന്നു നല്ല പാകതയും വികാസവും സിദ്ധിച്ചിരിക്കുന്നു. ശങ്കരൻെറ സ്വഭാവഗുണങ്ങൾ അയാൾ, വൈത്തിപ്പട്ടരുമായി ഇടപെടുമ്പോഴും മററും നല്ലവണ്ണം പ്രകാശിക്കുന്നുണ്ടു്.

വൈത്തിപ്പട്ടർ ചന്തുമേനോൻെറ ഒരു വിശേഷസൃഷ്ടിയാണു്. "വൈത്തിപ്പട്ടരുടെ മട്ടുകൾ വിലക്ഷണങ്ങളായിരിക്കുന്നു; എങ്കിലും അയാളെപ്പോലെ ഒരുവനെ നാം എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്നാണു വായനക്കാൎക്കു തോന്നുന്നതു്. അയാളുടെ സൎപ്പ്ദൃഷ്ടിയേയും മററും കവിയുടെ മനോദൎപ്പണത്തിൽ വാക്പ്രസരസാന്നിദ്ധ്യത്താൽ പ്രതിഫലിച്ചു നാം വാസ്തവത്തിൽ കാണുന്നു." എന്നു കേരളകാളിദാസൻ പുസ്തകത്തിൻെറ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു കവിയുടെ പാത്രസൃഷ്ടിചാതുൎയ്യത്തെപ്പററി ഇതിലധികം യോഗ്യനായ ഒരാളിൽനിന്നു ലഭിക്കാനില്ല. ആ പട്ടരുടെ ദേഹവൎണ്ണന ഗ്രന്ഥകൎത്താവു് ഇങ്ങിനെയാണു ചെയ്തിരിക്കുന്നതു്:—"ഇയാൾ കാഴ്ചയിൽ വളരെ വിരൂപനായിരുന്നു. ദേഹം കറുത്ത മഷിയുടെ വൎണ്ണം. പിൻകുടുമ നരച്ചു് ഒരു എലിവാൽപോലെ അല്പം ഇരിപ്പുണ്ടു്. മുഖം അതിവിരൂപം എന്നുതന്നെ പറയാനുള്ളു. വാൎദ്ധക്യത്താൽ പല്ലുകൾ കൊഴിഞ്ഞുപോയ്പോയതു കഴിച്ചു രണ്ടു നാലെണ്ണം മാത്രം വായിൽ ഒതുങ്ങാത്തവിധം നീണ്ടു, വൈത്തിപ്പട്ടൎക്കും കാണുന്നവൎക്കും ഒരുപോലെ സങ്കടത്തെ ജനിപ്പിക്കുന്നവിധം മ്ലേച്ഛമായ സ്ഥിതിയിൽ നില്ക്കുന്നുണ്ടു്. കണ്ണുകൾ സ്വഭാവേന അകത്തോട്ടു വലിഞ്ഞു് അശേഷം പ്രകാശമില്ലാതെ ഇരുന്നുവെങ്കിലും ഇട

ക്കിടെ മിഴികൾക്കു, സൎപ്പദൃഷ്ടിപോലെ ഒരു വിഷമചേഷ്ട ഉണ്ടായിരുന്നു. വല്ല സാധനത്തേയും സൂക്ഷ്മമായി നോക്കുമ്പോഴും വല്ലതും ശുഷ്കാന്തിയോടെ സംസാരിക്കുമ്പോഴും മനസ്സുകൊണ്ടു വല്ലതും ആലോചിക്കുമ്പോഴും മനസ്സിന്നു വല്ല വ്യസനമോ ആശ്ചൎയ്യമോ സന്തോഷമോ ഉണ്ടാവുമ്പോഴും ഉള്ളോട്ടു വലിഞ്ഞു, കുണ്ടിൽകിടക്കുന്ന ഈ കണ്ണുകൾ മുന്നോട്ടു തുറിച്ചുവന്നു, വലുതായി, മിഴികൾ രണ്ടും നാസികയുടെ രണ്ടുഭാഗവും തൊട്ടുംകൊണ്ടു നിശ്ചഞ്ചലങ്ങളായി അധോമുഖങ്ങളായിനില്ക്കും. പ്രകൃതിയിൽ ലേശം ജീവനില്ലാത്ത ഈ കണ്ണുകൾക്കു ഇങ്ങിനെ ഒരു വികൃതിയുണ്ടായിരുന്നു. ഈ സൎപ്പദൃഷ്ടി ഉണ്ടാകുന്ന സമയങ്ങളിൽ വൈത്തിപ്പട്ടരുടെ മുഖം അത്യന്തം രൂക്ഷമായും രൌദ്രമായും ഇരുന്നു. മുഖത്തേക്കു നോക്കിയാൽ ഭയം തോന്നും. ഒരു സൎപ്പം ഫണം ഉയൎത്തി അതിക്രോധത്തോടെ കടിപ്പാൻ ഭാവിക്കുന്നതുപോലെ തോന്നും. എന്നാൽ വൈത്തിപ്പട്ടരുടെ കണ്ണുകളുടെ ഈ വികൃതിചേഷ്ട ക്രോധത്തിൽ മാത്രമല്ല ഉണ്ടാകാറു്. സന്തോഷത്തിലും സന്താപത്തിലും ഉണ്ടാവും എന്നുവേണ്ട, ഇയാൾക്കു മനസ്സിന്നുള്ള സാധാരണ സമഗതിക്കു ഒരു ലേശം ഭേദം വന്നാൽ സൎപ്പദൃഷ്ടിയായി. അതുകൊണ്ടു് അധികസമയവും സൎപ്പദൃഷ്ടിയിൽ തന്നെയാണ് ഇയാളുടെ മിഴികൾ നില്ക്കുമാറു്. ശരീരം കൃശമായി അകത്തോട്ടു വളഞ്ഞു് കത്തിക്കരിഞ്ഞ ഒരു വിറകിൻകൊള്ളിപോലെ ഇരുന്നു. ആകപ്പാടെ പട്ടരുടെ ആകൃതി ഒരു പിശാചിൻെറ ആകൃതിതന്നെ എന്നു പറയാം."

ഈ മനുഷ്യൻ തെക്കൻ ചരക്കു കച്ചോടത്തിലും മറ്റും ഒരു നാലഞ്ചായിരം ഉറുപ്പികയുടെ സ്വത്തു് സ

മ്പാദിച്ചിരിക്കുന്നു. എന്നാലും ഇങ്ങിനെ ദ്രവ്യാഗ്രഹം ഉള്ള ആളെ വേറെ കാണുകയില്ല. ദ്രവ്യാഗ്രഹത്തിന്മേലാണ്, കല്യാണിഅമ്മയുടെ ഒന്നിച്ച് ഓടിപ്പോയതു്. ദ്രവ്യംകിട്ടുവാൻ തരമില്ലെന്നു കണ്ടപ്പോഴാണ് അവരെ വിട്ടുമടങ്ങി വന്നതു്.

വൈത്തിപ്പട്ടരുടെ ദ്രവ്യാഗ്രഹവും, ദ്രവ്യംകൈക്കലാക്കുവാൻ അയാൾ ചെയ്യുന്ന ഹീനകർമ്മങ്ങളും ദുഷ്ടകർമ്മങ്ങളും കവി, ഏററവും തന്മയത്വം ഉണ്ടാകത്തക്കനിലയിൽ അനിതരസാധാരണമായ പാടവത്തോടുകൂടി വിവരിക്കുന്നു. യഥാർത്ഥം പറയുന്നതായാൽ കഥാപാത്രവിവരണത്തിന്നു കേരളസാഹിത്യത്തിൽ വൈത്തിപ്പട്ടരെ വിവരിച്ചതിനെ അതിശയിക്കുന്ന ഒരു വിവരണം ഇതുവരെ ഉണ്ടായിട്ടില്ല.

രാമേശ്വരത്തുവെച്ച് രാമൻമേനോൻെറ ഭാര്യ മരിച്ചതിന്നുശേഷം അദ്ദേഹവും തൻെറ പുത്രിയും ഒരു സത്രത്തിൽ പാർക്കുകയായിരുന്നുവല്ലോ. ഒരു ദിവസം യദൃച്ഛയാ ശങ്കരൻ വൈത്തിപ്പട്ടരെ കാണ്മാൻ ഇടയാകുകയും അയാളോടു ശങ്കരൻ തൻെറ യജമാനൻെറ വിവരങ്ങൾ പറകയും ചെയ്യുന്നു. പട്ടർ ഉടനെ ചോദിക്കുന്ന ചോദ്യങ്ങൾ "രാമൻമേനോൻ ദ്രവ്യം കുറെ സമ്പാദിച്ചുവോ? എന്തുണ്ടു കോളു കൈയ്യിൽ?" എന്നാണ്. കല്യാണിഅമ്മ മരിച്ചതിനെപ്പററിയൊന്നും അപ്പോൾ അശേഷം കുണ്ഠിതം ഭാവിക്കുന്നില്ലെന്നുമാത്രമല്ല, അതിനെപ്പററി ഒരു ചിന്തകൂടി ഉള്ളതായി വാക്കുകൊണ്ടോ ഭാവംകൊണ്ടോ പ്രത്യക്ഷപ്പെടുത്താതിരുന്ന പട്ടർ, പിന്നീടു രാമൻമേനോനെകണ്ട ഉടനെ "മാറവ്വു്" ഒന്ന് തല്ലി

കഠിനമായി ഒരു സർപ്പദ്രംഷ്ട്രിയിട്ടു. എന്നിട്ട് ഒരു നിലവിളി. അതു് കഴിഞ്ഞതിനുശേഷം, 'എന്റെ യജമാനനെ ഈ ആപത്തിൽ ഞാൻ കാണ്മാൻ ഇടയായല്ലോ. ഈശ്വരാ! എന്റെ കല്യാണിഅമ്മ മരിച്ചുപോയല്ലോ!'' എന്നും മററും വിലപിക്കുകയാണു് ചെയ്യുന്നതു്. എന്തൊരു പെരുംകള്ളനാണു്! ഇങ്ങിനെയുള്ള എത്ര ആളുകൾ ഇന്നും ജീവിക്കുന്നുണ്ടു്! അവർ എത്ര ആളുകളെ തോല്പിക്കുന്നുണ്ടു്!

രാമൻമേനോന്റെ ഒന്നിച്ചുണ്ടായിരുന്ന ഭൃത്യൻ കൃഷ്ണൻ "വളരെ ബുദ്ധികുറഞ്ഞ ദുഷ്ടചെക്കനായിരുന്നു." അവൻ ആദ്യം വൈത്തിപ്പട്ടരുടെ ഒന്നിച്ചു ഭൃത്യനായി തെക്കൻ പരക്കെ ചുവടു് എടുത്തു നടക്കുന്നവനായിരുന്നു. പട്ടർ തന്നെയായിരുന്നു അവനെ കല്യാണിഅമ്മയുടെ ഒന്നിച്ചുപോകുമ്പോൾ കൂട്ടിക്കൊണ്ടുപോയിരുന്നതു്. പിന്നീടു പട്ടർ മടങ്ങി സ്വരാജ്യത്തുപോകയും കൃഷ്ണൻ രാമൻമേനോന്റെ ഒന്നിച്ചു പാർക്കുകയും ആയിരുന്നു ചെയ്തിരുന്നതെങ്കിലും, കൃഷ്ണനു് എന്നുമുള്ള വിചാരം പട്ടർതന്നെയാണു് അവന്റെ യജമാനൻ എന്നായിരുന്നു. ഇതു് പട്ടികൾക്കു സഹജമായ ഒരു സ്വഭാവമെന്നല്ലാതെ, വല്ല കൃതജ്ഞതാബുദ്ധിയും ഉള്ളതിനാൽ ആയിരുന്നുവെന്നു പറവാൻ പാടില്ല.

വൈത്തിപ്പട്ടർ രാമൻമേനോനെ ചെന്നു കാണുന്നതിനുമുമ്പു് ഈ കൃഷ്ണനെ കണ്ടു മേനോന്റെ വിവരങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കുന്നു. കല്യാണിഅമ്മയുടെ ആഭരണങ്ങളും അമ്പത്തു് ആറുപതിനായിരം ഉറുപ്പികയും രാമൻമേനോന്റെ കൈയിലുണ്ടു്. "അതു

കൂടാതെ വളരെ പണം പലിശയ്ക്കു കൊടുത്തിട്ടുണ്ട്. വടക്ക് ഓരോ കച്ചേരികളിലും മററും പലിശയ്ക്കു കൊടുത്തിട്ടുണ്ട്." എന്നും മററും കൃഷ്ണൻ പട്ടരോടു പറയുന്നു. ഇതു കേട്ടപ്പോൾ പട്ടക്ക് വല്ലവിധത്തിലും കുറെ പണം പററിക്കാമെന്ന് ആശയുണ്ടാകുന്നു. "മൂപ്പക്ക് കണ്ണിന്നു ദീനമാണ്; നല്ല കാഴ്ചയില്ല. ദൂരത്തുള്ളതു് യാതൊന്നും കാണുകയില്ല," എന്നു കൃഷ്ണൻ പറഞ്ഞപ്പോൾ, പട്ടക്ക് ആശ വർദ്ധിക്കുകയും, ആശ സാധിക്കാനുള്ള മാർഗ്ഗം മനസ്സിൽ ഉദിക്കുകയും ചെയ്യുന്നു.

രാമൻമേനോനേയും മകളേയും രാമേശ്വരത്തു നിന്നു കൂട്ടി, അവരേയും ശങ്കരനേയും മലയാളരാജ്യത്തു തൻെറ ഗൃഹത്തിൽ പട്ടർ പാർപ്പിക്കുന്നു. ഇവിടെവെച്ചാണു രാമൻമേനോൻ 'പൂഞ്ചോലക്കര എടത്തിൽ അച്ചനു, ശാരദയെപ്പററി എഴുതുന്നതു്. ഇവിടെവെച്ചു തന്നെയാണു പട്ടർ കറുപ്പൻ ചെട്ടിയുടെ സഹായത്താലും കൃഷ്ണൻെറ സഹകരണത്താലും ശങ്കരനു പാലിൽ വിഷം ചേർത്തുകൊടുപ്പാൻ ശ്രമിക്കുന്നതും ആ പാൽ കുടിച്ച് ഒരു സാധുനമ്പൂതിരി മരിക്കുന്നതും. കൃഷ്ണനെക്കൊണ്ടു വിഷം ചേർപ്പിച്ചു പാൽ കൊടുത്തതും മററും ഗ്രന്ഥകർത്താവു വായനക്കാരോടു തുറന്നു പറയാതെ, ചാതുർയ്യത്തോടുകൂടി അവരെ ഗ്രഹിപ്പിക്കുകയാണു ചെയ്യുന്നതു്. അങ്ങിനെ ചെയ്തിരിക്കുന്ന സമ്പ്രദായം നോവൽ രചനയിൽ ചില ഘട്ടങ്ങളിൽ അനുസരിക്കേണ്ടുന്ന ഒരു മാതൃകയായി പ്രകാശിക്കുന്നു. അവിടെത്തന്നെ, രാമൻമേനോൻേറയും ശങ്കരൻേറയും സ്വഭാവവിശേഷങ്ങളും അത്യന്തം സാമർത്ഥ്യത്തോടുകൂടി കവി പ്രത്യക്ഷപ്പെടുത്തി കാണിച്ചുതരുന്നു. രാമൻമേനോൻ, തൻെറ

തൻെറ ചിത്തഗുണം നിമിത്തം, പട്ടരെ അശേഷം സംശയിക്കുന്നില്ല. ശങ്കരന്നു ധാരാളം സംശയമുണ്ടെന്നു വായനക്കാൎക്കു ഊഹിക്കാം. എന്നാൽ അയാൾ രാമൻമേനവനോടാകട്ടെ, മററുവല്ലവരോടാകട്ടെ ആ വിവരം പറയുന്നില്ല; തനിക്കു സംശയമുള്ളതായി വാക്കുകൊണ്ടോ, നാട്യം കൊണ്ടോ, കൃഷ്ണനാകട്ടെ പട്ടരാകട്ടെ ഊഹിക്കാൻ ഇടകൊടുക്കുന്നില്ല. ശങ്കരൻെറ വിവേകവും മനഃപ്പരിഷ്കാരവും ആണു് ഇതിൽ നിന്നു തെളിയുന്നതു്. കഥ ഇനിയും തുടരുമ്പോൾ, ഈ ഭയങ്കരസംഭവത്തെ, കവി, തൻെറ ഇതിവൃത്തത്തിന്നു മേലിൽ സഹായമായി ഉപയോഗിക്കുമെന്നു് ഊഹിക്കുവാൻ വഴിയുണ്ടു്. നമ്പൂതിരി മരിച്ചതു വിഷബാധയാലാണെന്നു പട്ടർ രാമൻമേനവനെ ധരിപ്പിക്കുകയും അവിടെ നിന്നു വൈത്തിപ്പട്ടരുടെ മറെറാരു ഗൃഹത്തിൽ എല്ലാവരും മാറി പാൎക്കുകയും ചെയ്യുന്നു.

ഈ ഘട്ടത്തിലാണു് ഉദയന്തളി രാമവൎമ്മൻ തിരുമുൽപ്പാടു ശാരദയുടേയും രാമൻമേനവൻേറയും വിവരത്തെപ്പററി അറിയുന്നതും, അവരെ തൻെറ ഗൃഹത്തിലേക്കു ക്ഷണിച്ചുകൊണ്ടു പോകുന്നതും. രാമൻമേനവൻെറ കൈവശം അധികം പണമില്ലെന്നുള്ള പരമാൎത്ഥം വൈത്തിപ്പട്ടർ മേനോൻെറ മുഖത്തുനിന്നു തന്നെ കേട്ടു വിഷണ്ണനായി. എന്നാലും കുറെയൊക്കെ പണമുണ്ടെന്നു വിശ്വസിച്ചു.

രാമൻമേനവനെ കൂട്ടിക്കൊണ്ടു പോകുവാൻ തിരുമുൽപ്പാടും ആൾക്കാരും വന്നതു "കണ്ട നിമിഷത്തിൽ അത്യാശ്ചൎയ്യപൎവ്വതത്തിൻെറ കൊടുമുടിയിൽ നിന്നിരു-

ന്ന വൈത്തിപ്പട്ടരുടെ മനസ്സു, കൊടുമുടിയോടുകൂടി ഇടിഞ്ഞു് അത്യഗാധത്തിൽ ഒരു വിധവും കയറുവാൻ വഴി കാണാത്ത അത്യന്ധകാരത്തിൽ വീണുപോയി." രാമൻ മേനവൻ പിറേറ ദിവസം പുറപ്പെടുവാൻ നിശ്ചയിച്ചതിനാൽ അന്നു രാത്രി പട്ടൎക്കു് അദ്ദേഹം അമ്പതുറുപ്പിക കൊടുത്തു. ഇതു വാങ്ങിയശേഷം പട്ടരും രാമൻമേനവനും തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം നടന്നു:—

രാ. മേ—"നിങ്ങൾ എനിക്കുവേണ്ടി ചെയ്ത പ്രവൃത്തികൾക്കു് ഇതു മതിയായ ഒരു പ്രതിഫലമാവുമോ എന്നു ഞാൻ അറിയുന്നില്ല. എങ്കിലും തൽക്കാലം നിങ്ങൾ ഇതുകൊണ്ടു് സന്തോഷിക്കുമെന്നു ഞാൻ കരുതുന്നു. നിങ്ങളുടെ ഭാൎയ്യ എനിക്കും ശാരദക്കും ഭക്ഷണം ഉണ്ടാക്കി തരുന്നതിലും മററും വളരെ ജാഗ്രതയായി നിന്നിരുന്നു. ഞാൻ ഇപ്പോൾ തന്ന സംഖ്യ നിങ്ങളുടെ ഭാൎയ്യക്കും കുട്ടികൾക്കും പ്രത്യേകമായി ചെയ്ത ഒരു സമ്മാനമാണെന്നു വിചാരിക്കണം."

വൈ. പ:—(നോട്ടു സൂക്ഷിച്ചുനോക്കി സംഖ്യ മനസ്സിലായശേഷം) എനിക്കു് ഇന്നതു കിട്ടണം എന്നൊരാഗ്രഹവും ഇല്ല എജമാനനെ. ഞാൻ ഒരു അത്യാഗ്രഹിയാണെന്നു് എജമാനൻ ഒരിക്കലും വിചാരിക്കരുതു്. എന്നെപ്പോലെ ദ്രവ്യത്തിന്നു് അത്യാഗ്രഹമില്ലാത്ത ഒരു പട്ടർ ഈ ലോകത്തിൽ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഞാൻ കുടുംബിയാണു്, ദരിദ്രനാണു്; എന്തുചെയ്യും? ഒരു വിധം അഹോവൃത്തി എനിക്കും കുടുംബങ്ങൾക്കും കഴിയേണ്ടേ? എനിക്കു് ഈ ദിക്കിൽ വളരെ കടം

കൊടുപ്പാനുണ്ടു". കടക്കാരുടെ ഉപദ്രവംകൊണ്ടു പുറത്തിറങ്ങി സഞ്ചരിപ്പാൻ വയ്യാതെ ഇരിക്കുന്നു. എജമാനനെ, ഈ ഗൃഹം ഒന്നു നന്നാക്കിക്കേണമെ ന്നു ഞാൻ വളരെക്കൊല്ലമായി വിചാരിക്കുന്നു. ഓല മാററി കെട്ടിക്കാൻ എൻെറ കയ്യിൽ പണമില്ലാ ത്തതിനാൽ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ഓല കെട്ടീട്ടില്ല. വാരി, കഴക്കോൽ മുതലായവ സക ലം നനഞ്ഞു ദ്രവിച്ചുപോയി. 'യജമാനനു പാക്കാ നാണു നന്നാക്കിക്കുന്നതു്. ചിലവു യജമാനൻ വെ ച്ചുതരുമെന്നു പറഞ്ഞു്, ഓല, മുള, കഴങ്ങ് മുതലാ യതു കടമായി വാങ്ങീട്ടാണു്, യജമാനനെ, ഞാൻ ചെലവിട്ടു നന്നാക്കിച്ചതു്. കൂലിക്കാൎക്കു് ഒരു പൈ സപോലും കൂലി ഇതുവരെ കൊടുത്തിട്ടില്ല. യജ മാനനോടു വാങ്ങിത്തരാമെന്നു പറഞ്ഞു വിശ്വസി പ്പിച്ചു പണി എടുപ്പിച്ചതാണു്. ആകെ എനിക്കു ഇരുപത്തേഴ് ഉറുപ്പികയോളം ഇതുനിമിത്തം കട മായിട്ടുണ്ടു്. ഇനി ഈ കടക്കാരുമായി യുദ്ധം വെ ട്ടണം. രണ്ടു ദിവസം യജമാനൻ ഇതിൽ താമസി ച്ചിരുന്നുവെങ്കിൽ യജമാനനോടു വാങ്ങീട്ടുതന്നെ ഈ കടം വീട്ടുമായിരുന്നു. ഇത്ര വേഗം യജമാ നൻ ഉദയന്തളിയിലേയ്ക്കു പോവുന്നതറിഞ്ഞിരുന്നു വെങ്കിൽ ഇത്ര വെടിപ്പിൽ ഞാൻ ഈ ഗൃഹം ന ന്നാക്കിക്കുന്നതല്ലായിരുന്നു. എന്തുചെയ്യാം? ഭാ ഗ്യമില്ലാഞ്ഞാൽ ചെയ്യുന്നതൊക്കെയും ഇങ്ങിനെയ ല്ലാതെ വരാൻ പാടില്ലല്ലോ."

രാമൻമേനവൻ ഉടനെ ശങ്കരനെ വിളിച്ചു് ഇരുപത്തേഴ് ഉറുപ്പിക വൈത്തിപ്പട്ടൎക്ക കൊടുപ്പാൻ പറഞ്ഞു. വൈത്തിപ്പട്ടർ അതു വാങ്ങി.

വൈ. പ:—"ഇതു് എനിക്കു് ഇപ്പോൾ കിട്ടണമെന്നു വെച്ചു ഞാൻ പറഞ്ഞതാണെന്നു് യജമാനൻ ശങ്കിക്കരുതു്. ഞാൻ യജമാനന്നുവേണ്ടി അദ്ധ്വാനിച്ചതിന്നും ചെലവുചെയ്തതിന്നും കണക്കവെച്ചു പ്രതിഫലം വാങ്ങാമെന്നു് ഈ ജന്മം വിചാരിച്ചിട്ടില്ല. എന്നിൽ യജമാനന്നു പൂൎണ്ണദയവു് ഉണ്ടാവണമെന്നേ ഞാൻ ആഗ്രഹിച്ചിട്ടുള്ളൂ."

രാ. മേ—"നിങ്ങൾ എനിക്കവേണ്ടി വല്ല പണവും ചെലവുചെയ്തിട്ടുണ്ടോ? എനിക്കു് ഓൎമ്മയില്ല. ഉണ്ടെങ്കിൽ പറയണം."

വൈ. പ—"ചെലവു, പറയാൻ മാത്രം ഒന്നുമില്ല. സാരമില്ല. എനിക്കു് അതു് ഇപ്പോൾ വെച്ചു കിട്ടേണമെന്നു് ആഗ്രഹവും ഇല്ല. എന്റെ പണവും യജമാനന്റെ പണവും വേറെയാണെന്നു ഞാൻ വിചാരിച്ചിട്ടില്ല."

രാ. മേ--"അതു പോരാ; പറയണം. എനിക്കു് ഓൎമ്മയില്ല. നിശ്ചയമായി പറയണം."

വൈ. പ--"സാരമില്ലാത്ത സംഖ്യയാണു്. എനിക്കു് ഇപ്പോൾ തന്നതുകൊണ്ടു് തന്നെ ഞാൻ തൃപ്തനായി. ഇനി ആ കണക്കു് ഇപ്പോൾ പറയുന്നില്ല. യജമാനനെ ക്ഷണിച്ചു കൂട്ടിക്കൊണ്ടു വന്നിട്ടു്, കണക്ക പറഞ്ഞു പണം മേടിക്കുന്നതു് എനിക്കു പോരാത്തതാണു്. ഞാൻ ഈ കണക്കു് പറകയില്ല."

രാ. മേ—"നിശ്ചയമായി നിങ്ങൾ പറയണം. എനിക്ക് അതു് അറിഞ്ഞേ കഴികയുള്ളു. എത്ര സംഖ്യ ചെലവായിട്ടുണ്ടു്? എന്തുവകയാണു്? പറയിൻ."

വൈ. പ—"ഇതിൽ യജമാനൻ എന്നെ ബുദ്ധിമുട്ടിക്കരുതു്. ഞാൻ എല്ലാം പിന്നെ വാങ്ങിക്കൊള്ളാം."

രാ. മേ—"അതു പോരാ. തീൎച്ചയായി എന്നോടു് ഇപ്പോൾ തന്നെ പറയണം. എനിക്കതു് അറിയണം. നിശ്ചയമായിട്ടു പറയണം."

വൈ. പ—"എന്തിന്നു് യജമാനൻ എന്നെ ഇങ്ങിനെ നിൎബ്ബന്ധിക്കുന്നു?"

രാ. മേ--"നിൎബ്ബന്ധംതന്നെ. പറയിൻ, പറയിൻ."
(വൈത്തിപ്പട്ടർ കുറെ നേരം മൌനമായിനിന്നു)

രാ. മേ--"പറയിൻ. ഞാൻ ഇത്രയെല്ലാം താല്പൎയ്യപ്പെട്ടു ചോദിച്ചാൽ പറയരുതെ? പറയിൻ."

വൈ. പ--"കല്പനക്കു് അനാദരവു ഞാൻ കാണിക്കുന്നില്ല; പറയാം. എന്റെ ബുദ്ധിമോശം കൊണ്ടു 'ചെലവ്" എന്ന വാക്കു, വായിൽ നിന്നു വീണുപോയി; അബദ്ധം വന്നുപോയി. ഇനിപറയാതെ നിവൃത്തിയില്ലല്ലൊ. എനിക്കു വളരെ ലജ്ജയുണ്ടു്. എങ്കിലും പറയാതെ നിവൃത്തിയില്ലല്ലൊ. ശാരദയുടെ ജന്മനക്ഷത്രത്തിൻനാൾ ബ്രാഹ്മണൎക്കു സമാരാധന കഴിച്ച വകയിൽ പതിനൊന്നിൽ ചില്ല്വാനം ഉറുപ്പിക എന്റെ കയ്യിൽനിന്നു ചെലവുണ്ടു്. പിന്നെ രാമേശ്വരത്തു നിന്നു പുറപ്പെട്ടവരം വഴി ഒരു ദിവസം വണ്ടിക്കാരനു നാലുറുപ്പിക, എട്ടണ, ഞാൻ കൊടുത്തിട്ടുണ്ടു്. പാൽ വാങ്ങിയ

വക ചിൽവാനം ഉറുപ്പികയൊ മറേറാ ഞാൻ കൊടുത്തിട്ടുണ്ട്. പൂഞ്ചോലക്കര എടത്തിലേക്കു ശങ്കരൻെറക്കൂടെ പോയപ്പോൾ ഒരു രാത്രി ഭക്ഷണച്ചെലവു രണ്ടണ, മടങ്ങിപ്പോരുമ്പോൾ കടവുക്കൂലി ആറുപൈ, തീവണ്ടിക്കൂലി പതിനൊന്നണ. മിനിയാന്ന് ഇങ്ങട്ടു വരുവാനുള്ള വണ്ടിക്കൂലി, മൂന്നു ദിവസമായി കൃഷ്ണൻെറ സാപ്പാട്ടുചെലവ്. ഇത്ര മാത്രമേ ഉള്ളൂ. ഇതെല്ലാം എന്നെക്കൊണ്ടു നിർബ്ബന്ധിച്ചു പറയിക്കുന്നതാണ്."

രാ. മേ--"ശങ്കരാ ഇദ്ദേഹത്തിൻെറ കണക്കുപ്രകാരമുള്ള ഉറുപ്പിക കൂടി കൊടുക്കു്."

(ശങ്കരൻ ഉറുപ്പിക കൊടുത്തു; പട്ടർ വിമുഖതയോടുകൂടി വാങ്ങി)

വൈ. പ--"ഞാൻ ഒരു അത്യാഗ്രഹിയാണെന്നു് യജമാനനു തോന്നരുതെ. ദരിദ്രനാണെങ്കിലും അത്യാഗ്രഹം ഒട്ടും ഇല്ല."

രാ. മേ--"എനിക്കു് അങ്ങിനെ തോന്നീട്ടില്ല. നിങ്ങൾ പോയി കിടക്കിൻ; രാവിലെ കാണാം."

ഈ സംഭാഷണത്തിൽനിന്നു വൈത്തിപ്പട്ടരുടെ ദ്രവ്യാഗ്രഹവും കള്ളത്തരവും നീചതയും ധാരാളം പ്രത്യക്ഷപ്പെടുന്നതോ ഉണ്ടല്ലൊ. നോവലുകളിൽ ഓരോ പാത്രത്തിൻെറ സ്വഭാവവൈശിഷ്ട്യം അനുസരിച്ചു സംഭാഷണങ്ങൾ എഴുതി ചേൎക്കേണ്ടുന്ന രീതിക്കു് ഇതു് ഒരു ഉത്തമമാതൃകയായിരിക്കുന്നു.

വൈത്തിപ്പട്ടർ പിന്നെ അടങ്ങിയിരുന്നുവോ? കൃതഘ്നനും പരദ്രോഹിയും ആയ പട്ടർ കൃഷ്ണനെ കുത്തി

പ്പോക്കി രാമൻമേനവനോട ശമ്പളത്തിന്ന ചോദിക്കാൻ നിർബ്ബന്ധിക്കുന്നു. പിന്നെയും നടന്ന സംഭവങ്ങൾ ഗ്രന്ഥകൎത്താവു വിവരിച്ചതു കേൾപ്പിൻ.

"രാമൻമേനോനും ശാരദയും മററും പുറപ്പാടായപ്പോൾ വൈത്തിപ്പട്ടരുടെ കുട്ടികൾ എല്ലാം ഉണൎന്ന് ഉമ്മറത്തു ഹാജരായി നില്ക്കുന്നു. അമ്മ്യാർ അകത്ത് ഒരു വാതിൽ മറഞ്ഞുനിന്നു, ശാരദയെ കൈകൊണ്ടു് മാടിവിളിച്ചു.

ശാ--അച്ഛാ, അമ്മ്യാർ എന്നെ വിളിക്കുന്നു.

രാ. മേ--പോയ് വരൂ.

അമ്മ്യാർ--(ശാരദയോടു്) എനിക്കു കൈക്കിട്ടുവാൻ ഒരു ചെറിയ മോതിരം അമ്മു തരില്ലേ? അമ്മുവിന്നു വേണ്ടി ഞാൻ എത്ര വെച്ചു വിളമ്പി?

ശാരദ ഇതു കേട്ടപ്പോൾ തന്റെ ചെറുവിരലിൽ കല്ലുവെച്ചു ഒരു മോതിരത്തിന്നു തടമിട്ടിരുന്ന ഒരു ഒഴുക്കൻ സ്വൎണ്ണമോതിരം ഊരി, "നിങ്ങളുടെ വിരലിന്ന് ഇതു പാകമാകുമൊ, എന്ന് അറിഞ്ഞില്ല. എന്നു പറഞ്ഞുകൊണ്ടു അമ്മ്യാരുപക്കൽ കൊടുത്തു ക്ഷണത്തിൽ അച്ഛന്റെ അടുക്കലേക്കു മടങ്ങിവന്നു.

ഉറക്കമെണൎന്നു ഹാജരായി നില്ക്കുന്ന തന്റെ കുട്ടികളെ കണ്ടിട്ടു വൈത്തിപ്പട്ടർ ആശ്ചൎയ്യഭാവത്തോടെ ചിരിച്ചുകൊണ്ടു അവരോടു പറയുന്നു:--

"കുളന്തകളെ, ഉദിച്ച് അഞ്ചു നാഴികപിറന്തു താൻ നീങ്കൾ എഴുന്തിരിക്കറ വഴക്കം. ഇന്നേക്കു ബഹുജാഗ്രതയായിരിക്കേ. എജമാനൻ പോവറതിലെ കുളന്തകൾക്കു റൊമ്പ സങ്കടം. എജമാൻ എങ്ക ഇരുന്താലും ങ്കളെ രക്ഷിപ്പാർ. എജമാനരും സൌഭാഗ്യവതി

ശാരദയും ക്ഷേമമായിരിക്കവേണ്ടുമെന്നു ശൊല്ലി, ഉ ള്ളെപോയി പടുത്തുകൊണ്ടു തൂങ്കംകൾ.

കുട്ടികളിൽ മൂത്തവൻ—എജമാൻ പോറത്തെപ്പററി എങ്കിൾക്കു അഴകൈവറത്. ശാരദാവും എജ മാനും നന്നായിരിക്കട്ടും അപ്പാ. എങ്കളുക്കു മുട്ടായി വാങ്കറതുക്കു, എജമാനിടത്തിലെ ശൊല്ലി കാശ് വാങ്കി താ അപ്പാ.

വൈത്തി. പ—നിങ്ങൾ ഏഴവയത്തിലേ പിറന്ത കഴു ന്തകൾ. ഇന്തമാതിരി ഉപദ്രവം പണ്ണാതങ്കോൾ. എജമാനർ റൊമ്പവും കൊട്ടത്തിരിക്കാർ. പേശാ മൽ ഉള്ളെപോയി പടുത്തുകൊണ്ടു തൂങ്കങ്കൾ. ഇ ല്ലാവിട്ടാൽ പെരമ്പാലേ അടിപ്പേൻ. ഉള്ളേ പോങ്കോൾ.''

രാമൻമേനവൻ ഈ സംഭാഷണം കേട്ടു ചിരിച്ചു, രണ്ടുരൂപ്പിക കുട്ടികൾക്കു കൊടുത്തു പുറപ്പെട്ടു പോക യും ചെയ്തു.

അമ്മാമരേയും കുട്ടികളേയും തലേദിവസം രാത്രി വൈത്തിപ്പട്ടർ, ഇതൊക്കെ ശരിയായി അഭിനയിപ്പി ച്ചു പഠിപ്പിച്ചിരുന്നുവെന്നു വായനക്കാൎക്കു മനസ്സിലാകു മല്ലൊ. ആ വിവരം കവി പ്രസ്താവിക്കുന്നേ ഇല്ല. അ തുകൊണ്ടു് അതിനുള്ള ശക്തി വൎദ്ധിക്കുന്നു.

രാമൻ മേനവനും പൂഞ്ചോലക്കര എടത്തിൽ അ ച്ഛനും തമ്മിൽ വ്യവഹാരത്തിന്നു് ഒരുങ്ങിയശേഷം ഈ കള്ളപ്പട്ടരെ അച്ഛൻ വിളിപ്പിക്കുകയും പട്ടർ രാ മൻ മേനവന്നു് എതിരായി സാക്ഷിപറവാനും തെ ളിവുണ്ടാക്കിക്കൊടുപ്പാനും സന്നദ്ധനാകുകയും ചെയ്തു

നു. പട്ടർ രാമൻമേനവൻെറ ഭൃത്യൻ കൃഷ്ണനെ അ ദ്ദേഹത്തിൻെറ അടുക്കെ നിന്നു തെററിച്ചു. കൃഷ്ണൻ ഒളിച്ചോടി പൂഞ്ചോലക്കര എടത്തിൽ എത്തി. ശാ രദ കല്യാണി അമ്മയുടെ പുത്രിയല്ലെന്നും "ഒരു പ ട്ടാണിച്ചി ജാതിക്കാരത്തി തേവിടി സ്ത്രീ"യുടെ പുത്രി യാണെന്നും കൃഷ്ണനെക്കൊണ്ടു പട്ടർ പൂഞ്ചോലക്കര അ ച്ഛനോടു പറയിച്ചു. അച്ഛനും മററും അതു വിശ്വ സിച്ചു.

ഇതിൽനിന്നു കഥ പൂർത്തിയാകുമ്പോൾ ഉണ്ടാവാൻ പോകുന്ന കേസ്സിലെ തെളിവുകൾ വായനക്കാൎക്ക് ഏക ദേശം മനസ്സിലാക്കാം. കള്ളസ്സാക്ഷിയായിത്തീരാൻ പോകുന്ന കൃഷ്ണൻേറയും വൈത്തിപ്പട്ടരുടേയും കാലിൻ മടമ്പുകൾ മണത്തുകൊണ്ടു്, ഒരു ബ്രഹ്മഹത്യാപാപം പ്രതിക്രിയാമൂൎത്തിയായി പിന്നിൽത്തന്നെ നടക്കുന്നുണ്ടെ ന്നു നമ്മൾക്കറിയാമല്ലോ.

ചന്തുമേനോൻെറ വൎണ്ണനാചാതുൎയ്യത്തിന്ന് ഇനി യും വല്ല ഉദാഹരണവും ആവശ്യമാണെന്നു വായനക്കാർ വിചാരിക്കുന്നുണ്ടെങ്കിൽ, രാമൻമേനവൻെറ എഴുത്തും കൊണ്ടുപോയ ശങ്കരൻ കണ്ടനിലയിൽ പൂഞ്ചോലക്കര എടത്തിലെ അച്ഛനെ വൎണ്ണിച്ചതു വായിച്ചാൽ മതി. അച്ഛൻ ക്ഷേത്രത്തിലേക്കുള്ള പുറപ്പാടാണിതു്:—"പ ടിവാതില്ക്കൽ കൂടി അതികലശലായ ഒരു വെളിച്ചം പു റത്തേക്കു ചാടുന്നതു കണ്ടു. ക്ഷണേന ഒരു ചെറുപ്പക്കാ രൻ വെള്ളിക്കു സമമായി മിന്നുന്ന ദീൎഘമായ തണ്ടി ന്മേൽ തൂങ്ങി സ്വൎണ്ണപ്രഭമായി തിളങ്ങുന്ന ഓട്ടുകെ ണ്ടു വാക്കപ്പെട്ടതട്ടോടുകൂടിയ ഒരു കുത്തുവിളക്കിൽ ഏക

ദേശം ഒരു പന്തം പോലെ അഗ്നി ഉജ്ജ്വലിച്ചു കത്തുന്ന വെളിച്ചത്തോടുകൂടി പടി ഇറങ്ങുന്നതു് കണ്ടു. അതിന്നു് അടുത്തു വഴിയെ അതിദീർഘമായ ഒരു ചങ്ങലവട്ട കത്തിച്ചുപിടിച്ചുകൊണ്ടു മറെറാരു സുമുഖനായ ചെറുപ്പക്കാരൻ ഇറങ്ങുന്നതുകണ്ടു. അതിൻെറ വഴിയേ അത്യന്തം തടിച്ചു് ഉരുണ്ടു്, കറുത്തവർണ്ണത്തിൽ ഭയങ്കരമായ ഒരു സ്വരൂപം ഇറങ്ങിവരുന്നതും കണ്ടു. ഈ സ്വരൂപത്തിൻെറ തലയിൽ വാൽകണ്ണാടിപോലെ അത്ര മിനുസമായി വെളിച്ചം തട്ടുമ്പോൾ മിന്നുന്ന കഷണ്ടിയാണു് കണ്ടതു്. കറുത്തനെററി മുഴുവനും വെളുത്ത ഭസ്മംകൊണ്ടു മൂടിയിരിക്കുന്നു. കണ്ണുകൾ വൃത്താത്തിൽ അത്യന്തം കോപരസത്തോടെ ചുകന്ന രാശിയായിട്ടാണു്. ദീർഘം കുറഞ്ഞു തടിച്ചു കുറെ മേലോട്ടു മലർന്ന ദ്വാരങ്ങളോടുകൂടിയ ആ മൂക്കും പരന്ന മുഖവും കറുത്തുതടിച്ച ചുണ്ടും അത്യന്തം വിശാലമായ വക്ഷസ്സു നിറയ തേച്ച ഭസ്മപ്രഭയും അതിന്നു ഉപരി കിടക്കുന്ന സ്വർണ്ണംകെട്ടിയ വലിയരുദ്രാക്ഷമാലയും കണ്ടു ശങ്കരൻ അത്ഭുതപ്പെട്ടു. വയറു്, ഉജ്ജൃംഭിച്ച ശരീരത്തിൽ നിന്നു് വളരെ മുന്നോട്ടു ചാടിനില്ക്കുന്നതിന്മേൽകൂടി കെട്ടിഉടുത്തിട്ടുള്ള പുളിയിലക്കര വലിയമുണ്ടും കസവുമേൽമുണ്ടും ഇടക്കിടെ അഴിഞ്ഞുപോവാൻ തുടങ്ങുമ്പോൾകൈകൊണ്ടു പിന്നേയും പിന്നേയും മുറുക്കിക്കൊണ്ടിരുന്നു. കാലിൽ ആനക്കൊമ്പു കുരടുകളോടുകൂടിയ ഉയരമുള്ള മെതിയടികൾ ഇട്ടിരിക്കുന്നു. അതുകൾ ഇട്ടു് ഒരു വിധം അനായാസേന ഈ ക്രൂരൻ നടക്കുന്നതു, നിത്യാഭ്യാസംതന്നെ എന്നു ശങ്കരന്നു സംശയംകൂടാതെ തോന്നി. ഈ ഉഗ്ര

വേഷത്തിന്റെ പിമ്പിൽ സേവകന്മാരുടെ നിലയിൽ നല്ല ഉടുപ്പോടുകൂടി പത്തുപതിനഞ്ചു യോഗ്യന്മാരും നടന്നിരുന്നു.”

ഈ വിധം ആകൃതിയോടും വേഷത്തോടുംകൂടിയ പൂഞ്ചോലക്കര അച്ഛൻ വലിയ കോപിയും ദുരഭിമാനിയും താമൂൽപ്രിയനും ആയിരുന്നു. ശങ്കരൻ എഴുത്തു സേവകന്മാരിൽ ഒരാളുടെ കൈവശം കൊടുത്തതും അച്ഛൻ “സമയംപോലെ” എഴുത്തു വായിപ്പിച്ചു വിവരം ഗ്രഹിച്ചതും നാലഞ്ചു നിമിഷം നിശ്ചഞ്ചലനായി നിന്നുപോയതും അതിന്നു ശേഷം പ്രധാന കാൎയ്യസ്ഥനെ വിളിച്ച് “ആ എഴുത്തു കൊണ്ടുവന്ന നായരെ പിടിച്ച് അകത്തു കൊണ്ടുവരട്ടെ. എല്ലൊടിച്ചു വിടട്ടെ.” എന്നു കല്പിച്ചതും മററും ആവക കുബേരന്മാരായ ഇടപ്രഭുക്കന്മാരുടെ ശീലവും സമ്പ്രദായവും പരിചയമുള്ളവൎക്കൊക്കെ നല്ലവണ്ണം ഊഹിക്കാവുന്ന നിത്യസംഭവങ്ങളാണ്. കവിയുടെ ലോകപരിചയവും നിരീക്ഷണശക്തിയും പ്രത്യക്ഷപ്പെടുത്തുന്ന ഒരു പ്രസ്താവം നോക്കുക:— “എഴുത്തു വായന തുടങ്ങുമ്പോഴേയ്ക്കു നാലുകെട്ടിൽ നാലുഭാഗത്തും അവിടവിടെയായി ഉണ്ണിമാരും കാൎയ്യസ്ഥന്മാരും ഭൃത്യന്മാരും മററും അച്ഛനെ മറഞ്ഞു നിറഞ്ഞു നിന്നിരുന്നു. എഴുത്തിലെ സകല വിവരങ്ങളും എല്ലാവൎക്കും വെടിപ്പായി മനസ്സിലാകയും ചെയ്തിരിക്കുന്നു. കോവിലകങ്ങളിലും വലിയ പ്രഭുക്കളുടെ വസതികളിലും സ്വകാൎയ്യമായി ഒരു കാൎയ്യവും വെക്കാൻ കഴിയാത്തതു് ഈ മാതിരി എഴുത്തുവായനകൊണ്ടും മററുമാണെന്നു് ഇപ്പോഴും സ്പഷ്ടമാണല്ലൊ.”

പൂഞ്ചോലക്കര അച്ഛനും രാമവർമ്മൻ തിരുമുല്പാട്ടും തമ്മിലുണ്ടായിരുന്ന മത്സരവും അതുനിമിത്തം അച്ഛൻ അദ്ദേഹത്തെ ദ്രോഹിച്ചതും അവർ തമ്മിൽ നടന്ന വ്യവഹാരങ്ങളും അവയിൽ അച്ഛന്റെ ദ്രവ്യശക്തി ജയം പ്രാപിക്കുന്നതും എല്ലാം നിത്യം സംഭവിച്ചുകാണുന്ന കാര്യങ്ങൾതന്നെ. ആ സംഭവങ്ങൾ നിരീക്ഷണസാമർത്ഥ്യമുള്ള മഹാകവിയായ ഒരു ജഡ്ജിയുടെ പേനയ്ക്കു വിഷയമായപ്പോൾ ഏററവും തന്മയത്വമുള്ള ചിത്രമായി പരിണമിച്ചിരിക്കുന്നു. രണ്ടുപേരും തമ്മിൽ വിരോധമായതിന്റെ ശേഷം തിരുമുല്പാടിന്റെ സ്വന്തം വകയായിരുന്ന ഒരു ദേവസ്വത്തിന്മേൽ അച്ഛനുണ്ടായിരുന്ന "മേൽകോയ്മ അവകാശം ഊരായ്മതന്നെയാക്കി പിടിച്ചു കയറി വ്യവഹരിച്ചു തിരുമുല്പാടിനെ തോല്പിച്ചു" തിരുമുല്പാടിന്റെ ഒരു വസ്തു ഒഴിപ്പിക്കാൻ കൊടുത്തിരുന്ന കേസ്സിൽ കുടിയാന്മാരെക്കൊണ്ടു ജന്മവാദം പുറപ്പെടുവിച്ചു. ആ കേസ്സിലും തിരുമുല്പാടു തോററു. "അതുനിമിത്തം അദ്ദേഹത്തിന്നു രണ്ടായിരം പറ നെല്ല് വരുമാനമുള്ള ഒന്നാന്തരം ഒരു ഭൂമി പൊയ്പോയി.' തിരുമുല്പാടു സങ്കടം സഹിക്കാൻ കഴിയാതെ അച്ഛന്റെ വക ഒരു ഭൂമിയിൽ കൈയ്യേററം ചെയ്തു. അതു നിമിത്തമുണ്ടായ ക്രിമിനൽകേസ്സിലും തിരുമുല്പാടു തോററു. കൈയേററംചെയ്ത ഭൂമിയെപ്പററിയുള്ള സിവിൽവ്യവഹാരം സംബന്ധിച്ചുള്ള അപ്പീലിലും അദ്ദേഹം പരാജിതനായി. തിരുമുല്പാട്ട് ഒരു പുലയനെ തല്ലി എല്ലൊടിച്ചുവെന്ന് ഒരു കള്ളക്കേസ്സ് അച്ഛൻ കൊടുപ്പിച്ചു. അതിൽ തിരുമുല്പാടിന്നു രണ്ടായിരം ഉറുപ്പിക ചെലവായി.

ഉരുപ്പിക ചെലവാക്കിയതിനാൽ മജിസ്ത്രേട്ടു തിരുമുല്പാ
ടിനെ കുററക്കാരനല്ലെന്നു കണ്ടു വിട്ടു. തിരുമുല്പാടിൻെറ
കോവിലകത്തു് അതിഘോഷമായ ഒരു അടിയന്തരം
ഉണ്ടായിരുന്നപ്പോൾ അപ്പൻ അനവധി പോക്കിരിക
ളെ അയച്ചു. അവർ അവിടെ ചെന്നു സർവ്വാണിസദ്യ
യിൽ കലശൽ കൂട്ടി ചോറു കടന്നു വാരി, വെപ്പുസ്ഥലം
അശുദ്ധമാക്കി ഭക്ഷണസാധനങ്ങൾ മുഴവൻ നശിപ്പി
ച്ചു് അടിയും പിടിയും നിലവിളിയും കലശലാക്കി.
ലഹള കണ്ടു ഭയപ്പെട്ടു് അടിയന്തരത്തിനു ചെന്ന മയ്യാ
ക്കാരായ ആളുകൾ ഓടി ഒളിച്ചു. തിരുമുല്പാടും കുടും
ബവും മാളികമേൽ പോയി വാതിലടച്ചു. തിരുമുല്പാടു
മജിസ്ത്രേട്ടുകോടതിയിൽ അന്യായംകൊടുത്തു. "മജി
സ്ത്രേട്ടു ദീർഘമായി വിസ്തരിച്ചു കേസ്സു കളവാണെന്നു
കണ്ടു നീക്കി." ഒരു ഹീനജാതിയായ സ്ത്രീയെക്കൊണ്ടു
തിരുമുല്പാടുമായുണ്ടായ സംസർഗ്ഗത്താൽ തനിക്കു് ഒരു കു
ട്ടിയുണ്ടായെന്നു കാണിച്ചു് ഒരു കേസ്സു കൊടുപ്പിച്ചു.
ആ അന്യായം നീങ്ങിപ്പോയെങ്കിലും തിരുമുല്പാടു കഠിന
മായ വ്യസനവും അപവാദവും സഹിക്കേണ്ടിവന്നു.

ഇതാണു പൂഞ്ചോലക്കര അപ്പൻ. ഇങ്ങിനെ
യാണു് അപ്പനും തിരുമുല്പാടും തമ്മിലുള്ള വൈരത്തി
ൻെറ സ്ഥിതി. ഇങ്ങിനെയുള്ള തിരുമുല്പാടിനെയാണു
രാമൻമേനോൻ ശരണം പ്രാപിച്ചിരിക്കുന്നതു്. ശാരദ
യെ സംബന്ധിച്ചു കേസ്സു നടക്കുമോ എന്നും നടന്നാൽ
അപ്പൻെറ പണസ്സഞ്ചിയുടെ കെട്ടഴിഞ്ഞാൽ ഫല
മെന്തായിരിക്കുമെന്നും ഊഹിക്കുന്നതുതന്നെ പ്രയാ
സം. അന്യായഭാഗം വക്കീൽമാരാവാൻ പോകുന്നതു

യോഗ്യന്മാരും സമൎത്ഥന്മാരും ആയ രാഘവമേനോനും മാധവമേനോനും ആകുന്നു! കേസ്സ നടത്താൻ സഹായിക്കുന്നതു കരിപ്പാട്ടിൽ കുണ്ടൻമേനോൻ എന്ന നാട്ടുകാൎയ്യസ്ഥനാണ്. "നാട്ടുകാൎയ്യസ്ഥൻ'' എന്നുവെച്ചാൽ ഏതുമാതിരി ജീവിയാണ്? ഗ്രന്ഥകൎത്താവു പറയുന്നു:— "സൎക്കാരുദ്യോഗം, കച്ചവടം, കൃഷി, ഗൃഹസ്ഥവൃത്തി, വിദ്യാപരിശ്രമം, കൈവേലപ്രവൃത്തികൾ, കൂലിപ്പണി, തീൎത്ഥാടനം, പിച്ചഎടുക്കൽ മുതലായ യാതൊരു വ്യാപാരങ്ങളിലും ക്രമമായും ശരിയായും പ്രവേശിക്കാതേയും അധികകാലം കോടതികളിൽ വ്യവഹാരകാൎയ്യങ്ങളിൽ പരിചയിച്ചു, വ്യവഹാരത്തിൽ അത്യന്തം രസം പിടിച്ചു പൂൎവാൎജ്ജിതമായി വല്ല സ്വത്തുക്കളും തനിക്ക് ഉണ്ടായിരുന്നുവെങ്കിൽ അതു വ്യവഹാരഭ്രാന്തിനാൽ നശിപ്പിച്ചു ദിവസവൃത്തിക്കു നല്ല ബുദ്ധിമുട്ടോടുകൂടി, വല്ല കാൎയ്യങ്ങളിലും മദ്ധ്യസ്ഥം പറഞ്ഞും വ്യവഹാരങ്ങൾ നടത്തുന്നതിൽ വക്കീൽമാരുടെ ഉപദേഷ്ടാവായും വല്ല മുറിവാചകങ്ങളും പഠിച്ചു ഹരജികൾ, ആധാരങ്ങൾ, തറവാട്ടുകരാറുകൾ മുതലായതു് എഴുതുന്നതിൽ ബഹുസമൎത്ഥനെന്ന് അറിവില്ലാത്തആളുകളെ ധരിപ്പിച്ചും ധനപുഷ്ടിയും ജനപുഷ്ടിയും ഉള്ള തറവാടുകളിൽ കടന്നുകൂടി കുടുംബഛിദ്രവും നാശവും ഉണ്ടാക്കിയും നാട്ടിൽ വ്യവഹാരങ്ങൾ വൎദ്ധിപ്പിച്ചും കാലക്ഷേപം ചെയ്യുന്ന ഒരു മനുഷ്യനു, ഞാൻ "നാട്ടുകാൎയ്യസ്ഥൻ'' എന്ന പേർ കൊടുക്കുന്നു." ഇങ്ങിനെ ദീൎഘമായ ഒരു വാക്യംകൊണ്ടു നിൎവ്വഹിക്കേണ്ടുന്ന ഒരു ജീവിതന്നെയാണു നാട്ടുകാൎയ്യസ്ഥൻ. അതിന്നു് ഒരു ഉത്തമദൃഷ്ടാന്തമാണു കുണ്ടൻ

മേനോൻ. ഈ മനുഷ്യൻെറ "രസച്ചൂടിക്കെട്ടും" "ചെമ്പരുത്തി"യും മററും കുറെ അതിശയോക്തിയാണെന്നു സമ്മതിക്കേണ്ടതാണെങ്കിലും, ലോകരംഗത്തു സചഛന്ദം നടനംചെയ്യുന്ന ഈ ജീവിയെക്കൊണ്ടുള്ള ദോഷങ്ങൾ പ്രത്യക്ഷപ്പെടുത്തുന്ന ഏതുതരം കലാവിദ്യയിലും ഈ അതിശയോക്തി അത്യാവശ്യമാകുന്നുവെന്നും സമ്മതിക്കേണ്ടതാണ്. "രാഘവമേനോൻെറയും, കുണ്ടൻമേനോൻെറയും സംഭാഷണം സൂരിനമ്പൂതിരിയും ഇന്ദുലേഖയും തമ്മിലുള്ള സല്ലാപത്തേക്കാൾ ഒരു പടി ഉയൎന്നിരിക്കുന്നുവെന്നുവേണം പറവാൻ. സൂരിനമ്പൂതിരിയുടെ പാണ്ഡിത്യഭ്രമത്തെക്കാൾ ഒന്നു കവിഞ്ഞിട്ടാണു കുണ്ടൻെറ കാൎയ്യസ്ഥതാഭ്രമം. ഒരാൾ സംസ്കൃതത്തെ അസംസ്കരിക്കുന്നുവെങ്കിൽ മററെയാൾ ഛാററിൻ ഭാഷയെ ആഭാസപ്പെടുത്തുന്നു," എന്നാണു കേരളകാളിദാസൻ പറയുന്നതു്.

"കഥ പറയുന്നതിൽ ഒരു മുഖ്യ മനുഷ്യനായി സംഭവിക്കുന്ന' ആളാണെന്നു ഗ്രന്ഥകൎത്താവുതന്നെ പ്രസ്താവിച്ചിരിക്കുന്ന ശങ്കുവാരിയരാണുരാമൻമേനോൻെറ ഒരു സാക്ഷിയായിത്തീരേണ്ടതു്. പ്രായംചെന്നു, സുശീലനും ഈശ്വരഭക്തനും ആയ ഇദ്ദേഹം സാക്ഷിപറയുമോ? പൂഞ്ചോലക്കര അച്ഛനെ ഭയപ്പെട്ടു പറയാതിരിക്കുമോ? അതൊക്കെ കഥ പൂൎത്തിയാക്കുന്നവർ ആലോചിക്കേണ്ടതാണു്.

വക്കീൽമാരുടെ "കൊളാമ്പി"നെ ഗ്രന്ഥകൎത്താവു വിവരിച്ചതു്, ഈ പുസ്തകത്തിൽ മറെറാരു ഭാഗത്തു് ഉദ്ധരിച്ചിട്ടുണ്ടു്. തുളു എമ്പ്രാനും അയാളുടെ ഭാഷയും

വായനക്കാരെ രസിപ്പിക്കുന്നതിനു കണക്കില്ല. കണിശൻ ചാത്തുപണിക്കരുടേയും അയാളുടെ "പ്രശ്ന"ത്തിൻേറയും വിവരണമാണു വായനക്കാരെ രസിപ്പിക്കുന്ന മറെറാരു ചിത്രം. കണിയാൻ ജാത്യാ കള്ളനാണെങ്കിലും ചന്തുമേനോൻെറ കൈയിൽ കിട്ടിയപ്പോൾ അവൻ പഠിച്ച കള്ളനായി എന്നാണു കേരളവൎമ്മവലിയ കോയിത്തമ്പുരാൻ പറയുന്നതു്. പരമവിരോധികളായ അച്ഛൻേറയും തിരുമുൽപ്പാടിൻേറയും സേവ അവനുണ്ടു്. രണ്ടാളേയും തരംപോലെ പറഞ്ഞു വിശ്വസിപ്പിക്കാനും രാശിയും ഗ്രഹേശ്വരന്മാരേയും അതിന്നു് അനുകൂലികളായി നിൎത്തുവാനും തക്ക പഠിപ്പും സാമൎത്ഥ്യവും അവനുണ്ടു്.

ഒരുതരം വക്കീൽമാരെ കഠിനമായി പരിഹസിക്കണം എന്നു വിചാരിച്ചു തന്നെയാണു് ചന്തുമേനോൻ വക്കീൽ ശാമുമേനോനെക്കൊണ്ടു് നോവലിൽ കാണുംപ്രകാരമുള്ള ഒരു കത്തെഴുതിച്ചതു്. വിചാരിച്ച കാൎയ്യത്തിനു നേരെ എതിരായ അൎത്ഥം വരത്തക്കവണ്ണം മലയാളവാക്യങ്ങൾ രചിക്കുന്നവർ ഇക്കാലത്തെ വക്കീൽമാരുടെ ഇടയിൽ ഉണ്ടോ എന്നറികയില്ല. ഏതായാലും "കല്യാണി എന്ന ഒരു സ്ത്രീ നമ്മുടെ എടത്തിൽനിന്നു നാടുവിട്ടു പോയിട്ടില്ലെന്നു ഇതിനാൽ നിഷേധിക്കുന്നു." എന്നും മററും എഴുതുന്നവർ ഉണ്ടാവാൻ പാടില്ല.

ശാരദ പൂൎത്തിയാക്കേണ്ടതിനെപ്പററി ഞാൻ ഒന്നും പറവാൻ വിചാരിച്ചിട്ടില്ല. എന്നാൽ ചന്തുമേനോൻ കാലധൎമ്മം പ്രാപിച്ചു് അധികം കഴിയുന്നതിന്നു മുമ്പു തന്നെ ഞാൻ "ശാരദ"യെപ്പററിയുള്ള ഒരു നിരൂപണം

'ഭാഷാപോഷിണി'യിൽ എഴുതിയിരുന്നു. അതിൽ "ശാരദ"യെ പൂർത്തിയാക്കുന്നതിനെപ്പററി പ്രസ്താവിച്ചതു് ഇങ്ങിനെയാണു്:—

"കേസ്സുകോടതിയിൽ എത്തുമോ? ന്യായാധിപതിയായിരുന്ന ഗ്രന്ഥകത്താവു കേസ്സു ഫയലിൽ പിടിച്ചു വിചാരണചെയ്തു ന്യായമായ ഒരു വിധി കല്പിക്കാൻ സംഗതി ഉണ്ടായിരിക്കാം. എന്നാൽ കേസ്സുനടത്തുമ്പോഴുള്ള സാക്ഷിവിസ്താരവും മററും വായനക്കാർ സഹിക്കയില്ല. അതുകൊണ്ടു് ആ വക ബുദ്ധിമുട്ടെങ്കിലും കൂടാതെ കഴിക്കാനും സംഗതിയുണ്ടു്. കേസ്സുതന്നെ ഒത്തുതീരാനും വഴിയുണ്ടു്. കൃഷ്ണമേനോൻ സ്ത്രീകളെ കാണുന്നതിൽ ഇഷ്ടമില്ലാത്ത ആളും മററും ആണെങ്കിലും യഥാത്ഥസൌന്ദയ്യത്തെ ബഹുമാനിക്കാത്ത ആളായിരിക്കയില്ല. അദ്ദേഹം കേസ്സുതുടങ്ങുന്നതിനു മുമ്പായി ശാരദയെകണ്ടുമുട്ടാനും സംഗതി ഉണ്ടാകാം. കല്യാണിഅമ്മയെ ചെറുപ്പത്തിൽ കണ്ടവക്കു ശാരദയെ കാണുമ്പോൾ ആകൃതിസാമ്യം തോന്നിയെന്നും അവരതു പ്രസ്താവിച്ചെന്നും, ഒക്കെക്കൂടി സംശയം ജനിച്ചു കൃഷ്ണമേനോൻ ശങ്കുവായ്യരോടു് വിവരം ചോദിച്ചറിഞ്ഞു കായ്യത്തിൻെറ യഥാത്ഥം മുഴുവൻ മനസ്സിലാക്കിയെന്നും വന്നുകൂടാതതല്ല. പരമസാധുവും ദൈവഭക്തനുമായ ശങ്കുവായ്യരുടെ വാക്കു കൃഷ്ണമേനോൻ നിശ്ചയമായും വിശ്വസിക്കും. കൃഷ്ണമേനോൻ വിശ്വസിച്ചാൽ രാഘവനുണ്ണി വിശ്വസിച്ചുവെന്നു പറയാം. കൃഷ്ണനുണ്ണിയുടെ കായ്യം ഒട്ടും സംശയിക്കാനില്ല. കല്യാണിഅമ്മയോടു് അത്രമേൽ സ്നേഹമുള്ള അദ്ദേഹം ഈ കായ്യം എളുപ്പത്തിൽ വിശ്വസി

പ്പാൻ എപ്പോഴുംതയ്യാറാണെന്നു ഗ്രന്ഥകൎത്താവു തന്നെ വരുത്തീട്ടുണ്ടു്. പിന്നെ അച്ഛന്റെ കാൎയ്യമാണു്. ആ വിടുവായൻ ഇനിയും തൎക്കം പറയുമെന്നു കണ്ടാൽ അദ്ദേഹത്തെ കൊല്ലുകയേ നിവൃത്തിയുള്ളൂ. വല്ല വായുവിന്റെ സുഖക്കേടോ മറേറാ മതിയല്ലോ. കാൎയ്യത്തിന്റെ യഥാൎത്ഥമെല്ലാം അറിഞ്ഞുകഴിഞ്ഞാലെങ്കിലും പരമാൎത്ഥം അങ്ങിനെയാണെന്നു വൈത്തിപ്പട്ടരും സമ്മതിക്കും. അദ്ദേഹം സമ്മതിച്ചാലും ഇല്ലെങ്കിലും ആ കള്ളനെക്കൊണ്ടു് ആത്മഹത്യചെയ്യിക്കാതെ വിടരുതു്. അതിന്നു കൃഷ്ണനോ കരുപ്പൻ ചെട്ടിയോ സംഗതിയായി വരണം. ശങ്കരനു വിഷം കൊടുപ്പാൻ ശ്രമിച്ചതും, വിഷം നമ്പൂതിരി കുടിച്ചുമരിച്ചതും പുറത്താകുമെന്നു വന്നുകൂടിയാൽ മതി. പട്ടർ തനിയേ മരിച്ചുകൊള്ളും. ഈ കഥ ഇപ്രകാരം ഒരുവിധം പൂരിപ്പിക്കാമെന്നാണു് എനിക്കു തോന്നുന്നതു്."

കഥ ഒരു വിധം പൂരിപ്പിച്ചതിന്നു ശ്രീമാൻ സി. അന്തപ്പായി അവർകൾക്കാണല്ലോ നമ്മൾ കടപ്പെട്ടിട്ടുള്ളതു്. ഭാഷാപോഷിണിയിൽ ഞാൻ എഴുതിയിരുന്നതിനെ കാണാതെയാണു് അദ്ദേഹം കഥ പൂരിപ്പിച്ചതെങ്കിലും, ഞങ്ങളുടെ രണ്ടുപേരുടേയും അഭിപ്രായം ഏകദേശം ഒത്തുവന്നതിൽ സന്തോഷിക്കുന്നു.

നോവൽ കൎത്താക്കന്മാരുടെ നിൎദ്ദാക്ഷിണ്യം പരിഹസിക്കുന്ന ഒരു ഭാഗം ശാരദയിൽ ഉള്ളതിൽ അല്പം ഇവിടെ എടുത്തെഴുതി ഈ നിരൂപണം അവസാനിപ്പിക്കാം:—

"ഗാംഭീര്യമുള്ള നോവലുകൾ വായിച്ചാൽ ഒന്നാമതു മനസ്സിന്നു യാതൊരു സ്തോഭങ്ങളും ഉണ്ടാവരുതു്. വായിക്കുന്നേടത്തോളം മനസ്സു സ്തംഭിച്ചു, ഘനമായി, യാതൊരു വികാരവും കൂടാതെ നില്ക്കണം. വായിച്ചു മുഴുവനായാൽ ഒരു ആശ്ചര്യരസം മാത്രം മനസ്സിന്നു തോന്നണം. ഇത്ര മനസ്സിരുത്തി വായിച്ചിട്ടും കഥ വഴിപോലെ മനസ്സിലായില്ലല്ലോ എന്നും നാലോ അഞ്ചോ പ്രാവശ്യം വായിച്ചിട്ടും മനസ്സിന്നു് ഒരു വികാരവും ഒരെടത്തു വായിക്കുമ്പോഴും ഉണ്ടായില്ലല്ലോ എന്നും ഉള്ള ആശ്ചര്യം തന്നെ."

ഇതാണു ഗാംഭീര്യമുള്ള നോവലുകളുടെ ലക്ഷണമെങ്കിൽ ശാരദ അശേഷം ഗാംഭീര്യമില്ലാത്ത കൃതിയാണെന്നു് എല്ലാവരും ക്ഷണത്തിൽ സമ്മതിക്കും.

## അനുബന്ധം 1.

൧൦ മനോരമ വ്യ-ൻ-ഫവ്വൻർ

൨൪-൧൨-൧൦൭൦

# മേയൂരസന്ദേശം.൧

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കവിതകളെക്കുറിച്ച് വല്ല അഭിപ്രായവും പറവാൻ ഇൗയുള്ളവനെ എനിക്കു കേവലം അസാദ്ധ്യമായിരിക്കുന്നു. ഇൗ മഹാകവിയെപ്പററിയൊ അദ്ദേഹത്തിൻെറ കൃതികളെപ്പററിയൊ ഉള്ള ബഹുമാനവും, ആശ്ചൎയ്യവും, അതുകളിൽനിന്നു എൻെറ മനസ്സ് സൎവ്വദാ അനുഭവിക്കുന്ന പരമാനന്ദവും ഇന്നപ്രകാരമാണെന്നു മതിയാകുംവണ്ണം പറഞ്ഞ് അന്യന്മാരെ ഗ്രഹിപ്പിപ്പാൻ വിദഗ്ദ്ധത എനിക്കു ഇല്ലെന്നു ചിലപ്പോഠം തോന്നിപ്പോകുന്നു. ഒരു പ്രവൃത്തി ചെയ്യുന്നതിൽ തനിക്കു സാമൎത്ഥ്യം പോരെന്നുള്ള ശങ്കയോടെ ഒരുവൻ ആ പ്രവൃത്തിയേ ചെയ്താൽ സംഭവിക്കുന്നതുപോലെ യഥാൎത്ഥമായി എനിക്കുള്ള ശക്തിയേക്കൂടി ഇൗ വിഷയത്തിൽ പ്രകാശിപ്പിപ്പാൻ അസാദ്ധ്യമായിപ്പോകുമോ എന്നു ഭയപ്പെടുന്നു. ശാകുന്തളം തൎജ്ജമ വായിച്ച് അതിനെക്കുറിച്ചു ഞാൻ വൎത്തമാനക്കടലാസ്സുകളിൽ എഴുതിയിരുന്ന കാലത്തു എൻെറ മനസ്സിനു തിരുമനസ്സിലേ കവിതകളെപ്പററി ഇപ്പോഠം ഉണ്ടായിരുന്ന അഭിപ്രായംതന്നെയാണ് ഏകദേശം ഉണ്ടായിരുന്നത്. എങ്കിലും ഇപ്പോഠം ഉണ്ടാകുന്ന 'ചാപല്യം' അന്ന് ഉണ്ടായിരുന്നില്ല. അതിയായ ആശ്ചൎയ്യവും, ബഹുമാനവും അന്നും ഇവിടുത്തെ കവനങ്ങളെപ്പററി എ

നിക്കുണ്ടായിരുന്നു. എന്നാൽ ആ കാലം ഞാൻ അവിടത്തെ പദങ്ങളുടെ സൌന്ദയ്യമകരന്ദത്തെ മിതമായി ആസ്വദിച്ച് രസിച്ചിരുന്ന കാലമായിരുന്നു. ഈ കാലം ആ സൌന്ദയ്യമകരന്ദസമുദ്രത്തിൽ മഗ്നനായി അതിൽ കേവലം വലഞ്ഞ് കിടപ്പോണ്. ഒരു സാധനത്തെപ്പററി കലശലായ സന്തോഷമോ ആനന്ദമോ ആശ്ചയ്യമോ മനസ്സിന്നുണ്ടായി ആ വികാരങ്ങളെ യാതൊരു പ്രകാരേണയും കുറയ്ക്കുവാനോ അടക്കുവാനോ ഒതുക്കുവാനോ കഴിയാത്ത നിലയിൽ മനസ്സ് പെട്ടു വലയുമ്പോളാണ് ആ സാധനത്തെപ്പററി മനസ്സിന്നു ചാപല്യം ഉണ്ടാവുന്നു എന്നു പറയപ്പെടുന്നത്. ആ നിലയിലാണ് എൻെറ മനസ്സ് ഇപ്പോൾ അമരുകമണിപ്രവാളകർത്താവായ ഈ മഹാകവിയുടെ കവനത്തെ സംബന്ധിച്ചേടത്തോളം നിൽക്കുന്നതു്. അങ്ങനെ ഇരിക്കുമ്പോൾ എങ്ങനെയാണ് ഞാൻ—എന്നെ എല്ലായ്പോഴും പരമാനന്ദലഹരിയിൽ പെടുത്തുന്ന ഇദ്ദേഹത്തിൻെറ കവിതകളെ കുറിച്ച് എൻെറ മനസ്സിന്നു തൃപ്തിയാകത്തക്കവണ്ണം പറയേണ്ടത്?"

എൻെറ അപേക്ഷപ്രകാരം മണിപ്രവാളപ്പെടുത്തിയ "അമരുകശതക"ത്തെക്കുറിച്ച് ഒരു പ്രബന്ധം ഞാൻ എഴുതിത്തുടങ്ങീട്ട് ഇപ്പോഴേക്ക് ഒരു കൊല്ലത്തോളമായി എങ്കിലും അത് അച്ചടിപ്പാൻ തയ്യാറായിട്ടില്ല. എന്തുതന്നെ എഴുതിയാലും, എത്രതന്നെഎഴുതിയാലും, "മതിയാകയില്ല." "പോരാ" "കുറേക്കൂടി ഭംഗി വരുത്തണം" എന്നിങ്ങനെ അവസാനമില്ലാതെ വിചാരിച്ചു വിചാരിച്ച് ഒന്നുംതന്നെ മുഴുവനാകാതെ ഞാൻ വലയുന്നു. ഇങ്ങനെ ഇരിക്കുമ്പോഴാണ് "മയൂരസന്ദേശ"ത്തിൻെറ പുറപ്പാട്.

കുറെ ദിവസങ്ങൾ മുൻപ് തിരുമനസ്സിലെ ഒരു കത്തിൽ താൻ ഇങ്ങനെ ഒരു പുതിയ പുസ്തകത്തെ എഴുതുവാൻ പോകുന്നുണ്ടെന്ന് എനിക്ക് എഴുതിയിരുന്നു. അതിനെപ്പററി പിന്നെ ഒന്നും എഴുതിക്കണ്ടില്ല. ഞാനും എഴുതുവാൻ ഓർമ്മവിട്ടു. അങ്ങനെ ഇരിക്കുമ്പോൾ കഴിഞ്ഞ കൎക്കടകത്തിലെ "വിദ്യാവിനോദിനി"യിൽ ഈ പുസ്തകത്തെപ്പററി വളരെ ഭംഗിയായി എഴുതപ്പെട്ട ഒരു പ്രസ്താവനയെ ഞാൻ കണ്ടെത്തി. ഞാൻ ഇതു കണ്ട ഉടനെ ഒന്നു പരിഭ്രമിച്ചു. പരിഭ്രമത്തിന്റെ കാരണം ഞാൻ പറയേണ്ടതില്ലെന്നു തോന്നുന്നു. കഴിഞ്ഞ ശനിയാഴ്ച പുസ്തകം എനിക്കു കിട്ടി. പുസ്തകം അയച്ചുതന്ന മ. മനോരമാപത്രാധിപരവർകൾ അതിനെപ്പററിയുള്ള എന്റെ അഭിപ്രായത്തെ ഉടനെ അറിയിച്ചുകൊടുക്കണമെന്നു പ്രത്യേകം ആവശ്യപ്പെട്ടിരിക്കയാലും, "വിദ്യാവിനോദിനി"യിലേക്കു ഒരു ലേഖനം അയച്ചുതരാമെന്നു ഒരു വാഗ്ദത്തം ചെയ്തു വളരെ കാലമായിരിക്കയാലും മററുള്ള വൈഷമ്യങ്ങൾ ഒന്നും ഓൎക്കാതെ ഈ കടലാസ്സു എഴുതുവാൻ ഉടനേ ആരംഭിക്കയും ചെയ്തു.

കൎക്കടകത്തിലെ "വിദ്യാവിനോദിനി" എന്നെ രസിപ്പിച്ചതിനു അളവില്ല. മുൻപുണ്ടായിരുന്ന കാളിദാസമഹാകവി ജീവിച്ചതു, ചിലരുടെ സിദ്ധാന്തപ്രകാരം അതി വിദ്വാനും മഹാകവിയുമായ ഭോജരാജാവിന്റെ സദസ്യനായും, അതിയോഗ്യന്മാരായ ഭവഭൂതി, ദണ്ഡി മുതലായ മഹാകവികളുടെ സഹജീവിയായിട്ടും ആയിരുന്നു. അഭിനവകാളിദാസനായ വലിയകോയിത്തമ്പുരാൻ ജീവിക്കുന്ന ഈ കാലം, പക്ഷെ വിരൽകൊണ്ടു

എണ്ണം നിൎണ്ണയിക്കാവുന്നവിധം ചുരുങ്ങിയ ഒരു സംഖ്യയിൽ അവസാനിക്കുന്ന ചില യോഗ്യർ ഒഴികെ, കേവലം പട്ടവങ്കന്മാരായ അനവധി കവികൾ ലജ്ജകൂടാതെ കവനംചെയ്തു്, പകൎച്ചവ്യാധി ചെയ്യുന്നപോലെ ജനോപദ്രവം ചെയ്യുന്ന കാലത്താണു്. ഇതിനാൽ ഈ അഭിനവകാളിദാസരുടെ കവിത പ്രാചീനകാളിദാസരുടേതിനേക്കാൾ തല്ക്കാലം അധികം സഹൃദയഹൃദയംഗമമായി കാണപ്പെടുന്നു. കേവലം ഇരുട്ടുകൊണ്ടു ബുദ്ധിമുട്ടി വലഞ്ഞു് വല്ല വെളിച്ചവും കിട്ടിയാൽ മതിയെന്നു ആൎത്തിപ്പെട്ടിരിക്കുമ്പോൾ വിദ്യുച്ഛക്തിയാൽ ഉണ്ടാക്കപ്പെടുന്ന ഒരു വലിയ വെളിച്ചത്തെ തന്നെ കണ്ടെത്തിയാൽ മനസ്സിനുണ്ടാകുന്ന ആഹ്ലാദംപോലെയാണു്, ഈ കാലത്തു് ഉണ്ടാക്കിവിടുന്ന അനേകം കവിതകളെ വായിച്ചു് ബുദ്ധിമുട്ടിയിരിക്കുമ്പോൾ വലിയ കോയിത്തമ്പുരാൻ അവർകളുടെ ഒരു ശ്ലോകം കണ്ടെത്തിയാൽ മനസ്സിനു തോന്നുന്നതു്. ഈ സംഗതിയെ പ്രതിപാദിച്ചു് കർക്കടകത്തിലെ "വിദ്യാവിനോദിനി" ബഹുഫലിതമായി ഒരു പ്രസ്താവം ചെയ്തിട്ടുണ്ടു്. 'കഥാമഞ്ജരി' എന്ന ഗ്രന്ഥത്തെപ്പററിയാണു് "മയൂരസന്ദേശ"ത്തെപ്പററിയുള്ള പ്രസ്താവന കഴിഞ്ഞ ഉടനെ "വിദ്യാവിനോദിനി" പ്രസംഗിച്ചിട്ടുള്ളതു്. ഈ പ്രസംഗം ആരംഭിച്ചതു് താഴെ കാണിക്കുന്ന വാചകത്തിൽ ആകുന്നു.

"ശരീരത്തിനും മനസ്സിനും അസ്വാസ്ഥ്യമുള്ള സമയങ്ങളിൽ അപൂൎവ്വമായി ചിലപ്പോളുണ്ടാകുന്ന ഗാഢനിദ്രയിൽ സുഖസ്വപ്നപരമാനന്ദം അനുഭവിച്ചുകൊണ്ടിരിക്കെ പെട്ടെന്നു ഉണരുമ്പോൾ ഉണ്ടാകുന്ന കഠിന

മായ മനുഃശല്യം വായനക്കാർ അനുഭവിച്ചിട്ടുണ്ടെങ്കിൽ, അവക്ക് "മയൂരസന്ദേശ"ത്തിൽ നിന്നു "കഥാമഞ്ജരി" യിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന മനോവികാരത്തിന്റെ സ്വഭാവം അറിയാവുന്നതാകുന്നു." "കഥാമഞ്ജരി"യുടെ ഗുണദോഷത്തെപ്പററി 'വിദ്യാവിനോദിനി' യിൽ കണ്ടതല്ലാതെ മറെറാന്നുംഞാൻ അറികയില്ല. എന്നാൽ അതിന്റെ സ്ഥിതി എങ്ങനെ എങ്കിലും ഇരിക്കട്ടെ. മേൽക്കാണിച്ച ഉപമ പലേ നവീനഗ്രന്ഥങ്ങൾക്കും പററുന്നുണ്ടെന്നു ഞാൻ നിസ്സംശയം പറയുന്നു. ഇങ്ങിനെ ഇടികിട്ടീട്ടും ഉപദ്രവശമനം വരുന്നില്ലല്ലൊ. ഇതു് ജനങ്ങളുടെ നിർഭാഗ്യം. മറെറന്തു പറയട്ടെ. മയൂര സന്ദേശത്തെപ്പററിയുള്ള പ്രസ്താവനയുടെ പ്രാരംഭത്തിൽ വിദ്യാവിനോദിനി തന്നെപ്പററി തന്നേ പറഞ്ഞതു ശരിയാണ്. 'വിദ്യാവിനോദിനി'യുടെ ദോഷപ്രഖ്യാപനം കുറെ അധികമാവുന്നുണ്ടു്. ചിലപ്പോൾ നിർദ്ദയമായി ചെയ്യുന്നു. ഒന്നോ രണ്ടോ പ്രാവശ്യം സംഗതിക്കൂടാതെയും കണ്ടിട്ടുണ്ടു്. അതിനേപ്പററി ഇപ്പോൾ പറയുന്നില്ല. സമയമുണ്ടായാൽ ഇനി ഒരു കുറി പറയാം. എന്നാൽ 'വിദ്യാവിനോദിനി'യുടെ പരിഹാസത്തേയൊ ആക്ഷേപങ്ങളേയോ യോഗ്യന്മാർ അറിഞ്ഞു രസിക്കുന്നതല്ലാതെ അതുകൾ മുഖ്യമായി എത്തേണ്ട ദിക്കിൽ എത്തീട്ടും തട്ടേണ്ട ദിക്കിൽ തട്ടീട്ടും ഇല്ലയെന്നു നിശ്ചയമാണു്. പക്ഷെ ഇതിൽ ആശ്ചര്യമില്ല. പരിഹസിച്ചാൽ ലേശംപോലും അറിയാത്ത ചില ബ്രഹ്മാണ്ഡവങ്കന്മാരാണു് ഈ ദുഷ്കവികളിൽ അധികവും. പിന്നെ 'വിദ്യാവിനോദിനി'യുടെ സരസമായ പരിഹാ

സത്തേയോ കഠിനമായ ആക്ഷേപങ്ങളേയോ ഈ കൂട്ട
ക്ക് എങ്ങിനെ അറിയാൻ കഴിയും? 'മയൂരസന്ദേശ'ത്തെ
പ്പററി 'വിദ്യാവിനോദിനി' സ്തുതിച്ചപ്രകാരം യാതൊ
രു പുസ്തകത്തെക്കുറിച്ചും ഇതുവരെ ഈ പത്രിക സ്തുതി
ച്ചതായി ഞാൻ കണ്ടിട്ടില്ല. ഇതിൻെറ കാരണം യാ
തൊരു നവീന പദ്യപുസ്തകങ്ങളും 'മയൂരസന്ദേശ'ത്തോ
ളം വിശേഷയോഗ്യതയോടുകൂടി ഉണ്ടായിട്ടില്ലാത്തതി
നാൽ തന്നെ എന്നു ഞാൻ സത്യമായി സമ്മതിക്കുന്നു.
'വിദ്യാവിനോദിനി' 'മയൂരസന്ദേശ'ത്തെപ്പററിയുള്ള പ്ര
സ്താവനയുടെ അവസാനത്തിൽ എഴുതീട്ടുള്ളതു് വായി
ച്ചപ്പോൾ 'മിൽട്ടൺ' എന്ന മഹാകവിയുടെ പുസ്തകങ്ങ
ളെപ്പററി 'മെക്കാളി' എന്ന മഹാവിദ്വാൻ എഴുതിയി
രുന്ന ഒരു വാചകം ക്ഷണേന എൻെറ ഓർമ്മയിൽ
വന്നു. 'മെക്കാളി' എന്ന ഇംഗ്ലീഷ് കവിസാർവ്വഭൗ
മൻ 'വിദ്യാവിനോദിനി'യെപ്പോലെ ദോഷപ്രഖ്യാപ
നത്തിൽ ലേശം മടിയില്ലാത്ത ആളും ദുഷ്കവികളെ
നിർദ്ദയമായി പരിഹസിക്കുന്ന ദേഹവുമായിരുന്നു. ഏ
തെങ്കിലും ഒരു കവനത്തെക്കുറിച്ചു ഗുണമായ അഭി
പ്രായമുണ്ടായാൽ അതിനെയും ഈ ദേഹം വെളിവായി
പറയാറുണ്ടു്. എന്നാൽ സാധാരണ സ്തുതി മിതമായി
രിക്കുമെങ്കിലും ഈ ദേഹം 'മിൽട്ടനെ'ക്കുറിച്ചു എഴുതി
യപ്പോൾ ആ മഹാകവിയുടെ മേൽ തനിക്കുള്ള അത്യ
ന്ത ബഹുമാനവും ഭക്തിയും പ്രതിപത്തിയും നിമിത്തം ത
നിക്കുണ്ടായ അല്പമായ ഒരു 'ചാപല്യം' വെളിവായി
പ്പോയി. 'മെക്കാളി' താഴെ കാണിക്കുന്ന പ്രകാരം എ
ഴുതി.

"ഇദ്ദേഹത്തിന്റെ ഒരു പുസ്തകത്തെ കാണുന്ന നിമിഷത്തിലും ഇദ്ദേഹത്തിന്റെ നാമധേയത്തെ ആരെങ്കിലും ഉച്ചരിച്ചു കേൾക്കുന്ന നിമിഷത്തിലും എന്റെ മനസ്സിനു താനേ ഒരു ആഹ്ലാദം ഉണ്ടാകുന്നു."

ഇതെല്ലാം ചാപല്യമാണെന്നു ഉടനെ മെക്കാളി തന്നെ സമ്മതിക്കയും ചെയ്തു. ഇതുപ്രകാരം വിദ്യാവിനോദിനിയും മയൂരസന്ദേശത്തിൽ അതിയായി ആനന്ദിച്ചു് ലയിച്ചതിനാൽ താനേ പുറപ്പെട്ട വാചകമാണ് താഴെ കാണിക്കുന്നത്:—

ഞങ്ങൾ അത് ആറ് ഏഴ് പരിവൃത്തി വായിച്ചു. ഓരോവട്ടം വായിക്കുമ്പോൾ അതിൽ രസംകൂടിക്കൂടിയാണ് വന്നത്. അങ്ങനെ രസം കൂടി തോന്നാത്തവരുണ്ടെങ്കിൽ അവരുടെ പേരിൽ ഞങ്ങൾക്കു അസൂയയില്ല.

ഇങ്ങനെ തന്നെയാണ് മയൂരസന്ദേശത്തെക്കുറിച്ചു് എഴുതേണ്ടത്. വിദ്യാവിനോദിനിയുടെ പ്രസ്താവനകൾ പലപ്പോഴും സംഗതിവശാൽ കവിഞ്ഞും കുറഞ്ഞും വന്നിട്ടുണ്ടായിരിക്കാം. പക്ഷേ ഗുണദോഷജ്ഞാനമില്ലാതെ ഒരിക്കലും ഒന്നിനേപ്പററിയും വിദ്യാവിനോദിനി പറഞ്ഞു എന്നു വരാൻ പാടില്ല. നിശ്ചയം തന്നെ. ഈ വിലയേറിയ മാസികാപുസ്തകത്തോട് എനിക്കുള്ള പ്രതിപത്തിയും ബഹുമാനവും ഇതു നിമിത്തമാണ്. അറിയുന്നവർ സ്വാധാന്തമായി അറിയാത്ത ഭാവം നടിച്ചു് പ്രവർത്തിക്കുന്നതു സഹിക്കാം. അറിയാത്തവർ ദുരഭിമാനത്താൽ അറിയുന്നവരുടെ ഭാവം നടിച്ചു് ഗോഷ്ടികാണിക്കുന്നതു സഹിച്ചുകൂടാ.

'മയൂരസന്ദേശ'ത്തെ സംബന്ധിച്ചേടത്തോളം വിദ്യാവിനോദിനിക്ക് എന്റെ പേരിൽ കഠിനമായ അസൂയ ഉണ്ടാവുമെന്നുള്ളത് നിർവ്വാദമാണ്. 'മയൂരസന്ദേശം' പുറത്തു വന്നേടത്തോളം ഇപ്പോൾ എന്റെ ഹൃദിസ്ഥമാണ്. എത്രപ്രാവശ്യം അനിർവ്വചനീയമായ വിധം കോമളമായ ഈ പദ്യങ്ങളെ ഞാൻ വായിച്ച രസിച്ചിരിക്കണമെന്ന ഇപ്പോൾ അറിയാവുന്നതാണല്ലോ.

ഒന്നാമത്, 'മയൂരസന്ദേശ'ത്തെപ്പററി എനിക്ക് അളവില്ലാതെ ഉണ്ടായ ഒരു ആശ്ചയ്യവും, സന്തോഷവും അതിലേ കഥാസന്ദർഭത്തെ കൊണ്ടുവന്ന മാതിരിയിലാണ്. പ്രസിദ്ധനായി അറിയപ്പെട്ടിട്ടുള്ള ഒരു കേരളീയനായ ഈ മഹാകവിതന്നെയാണ് നായകൻ. ഈ സന്ദേശം ആരെ ഉദ്ദേശിച്ചോ ആ ദേഹം അത്യന്ത ഉൽകൃഷ്ടപദവിയിൽ ഇരിക്കുന്ന അതിവിദുഷിയായ ഒരു രാജ്ഞി. തന്റെ അത്യന്ത പ്രിയപ്പെട്ട പത്നി. കേരളത്തിൽ എങ്ങും അറിയപ്പെട്ടിട്ടുള്ള ഒരു സ്ത്രീരത്നം. സന്ദർഭമോ അത്യന്തയുക്തമായുള്ളതുതന്നെ. അത്യന്തയുക്തമായുള്ളതുതന്നെ എന്ന വീണ്ടും പറയുന്നു. വാസ്തവമായി തമ്പുരാൻ അവർകൾക്ക നിർഭാഗ്യവശാൽ തന്റെ പ്രാണപ്രിയയുമായി ഒരു വിയോഗമുണ്ടായി. ഇതും കേരളീയൎക്ക പരക്കെ അറിവുള്ള ഒരു സംഗതി തന്നെ. ഇതിൽപരം എന്താണ് ഈ വിധമുള്ള ഒരു സന്ദേശത്തിന്ന യുക്തമായി കിട്ടേണ്ട കാരണങ്ങൾ! സത്യമായി ഇത്ര യുക്തമായ കാരണങ്ങൾ 'മേഘസന്ദേശ'ത്തിന്ന കാണുന്നില്ല. പിന്നെ സന്ദേശത്തെ ആരുടെ മുഖാന്തരമാണ് അയയ്ക്കുന്നതു്? മേഘം തൽക്കാലം ഈ വക

കാൎയ്യങ്ങളിൽ ഉപയോഗിക്കുവാൻ സകല സംഗതികളാലും അധികയോഗ്യതയുള്ള, കോമളാകൃതിയായ ഒരു മയൂരം മുഖാന്തരം! പിന്നെ മയൂരം സന്ദേശവാഹിയായി സഞ്ചരിക്കേണ്ടുന്ന സ്ഥലങ്ങൾ എല്ലാം ഈ മഹാകവി വാസ്തവമായി സഞ്ചരിച്ചു കണ്ടിട്ടുള്ള സ്ഥലങ്ങൾ എന്നു മാത്രമല്ല, മിക്കവാറും കേരളീയൎക്ക് പരിചയമുള്ള സ്ഥലങ്ങൾ. ആ സ്ഥലങ്ങളെ വൎണ്ണിക്കുന്നതിൽ ഈ മഹാകവി വാസ്തവമായ സംഗതിയെ വിട്ട് വേറെ ഒന്നും പറഞ്ഞിട്ടും, പറയാൻ ആവശ്യവും ഇല്ല. ഒരു ഇംഗ്ലീഷ് കവിയുടെ അഭിപ്രായത്തെ പറയുന്നതായാൽ മേൽക്കാണിച്ച സംഗതികളാൽ 'മയൂരസന്ദേശം' 'മേഘസന്ദേശ'ത്തേക്കാൾ വളരെ അധികയുക്തിയോടെ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണെന്നു നിൎവ്വാഹം പറയേണ്ടിവരും. ഇത്രത്തോളമേ ഈ രണ്ടു കാളിദാസന്മാരുടെ സന്ദേശങ്ങളിൽ അന്യോന്യസാധാരണത്വമുള്ള സംഗതികൾ ഉള്ളൂ. 'മയൂരസന്ദേശം' മണിപ്രവാളമായതിനാൽ സംസ്കൃതത്തിൽ ഉള്ള മേഘസന്ദേശവുമായി ചേൎത്തു് ഈ രണ്ടു കൃതികളിലേ പദ്യങ്ങളുടെ രചനാഭംഗിയേയോ ശബ്ദസൌഷ്ഠവത്തേയോ അൎത്ഥഗാംഭീൎയ്യത്തേയോ പററി ഒന്നുംതന്നെ പറവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. എന്നാൽ 'മയൂരസന്ദേശ'ത്തിന്റെ സൌന്ദൎയ്യത്തെ വേറെ ഒരുപുസ്തകത്തോടു ചേൎത്തുനോക്കി ഗ്രഹിക്കേണ്ടു ആവശ്യമില്ല. ഇങ്ങനെ സൌന്ദൎയ്യമുള്ള മണിപ്രവാളശ്ലോകങ്ങളെ ഇതുവരെ ഞാൻ വായിച്ചിട്ടില്ലെന്നുതന്നെ പറയാം. അഥവാ ഉണ്ടെങ്കിൽ അതു് ഈ മഹാകവിയുടെ മററുള്ള കൃതികളിൽതന്നെ ആയിരിക്കേണമെന്നു

ള്ളതിന്ന എനിക്കു ലേശം പോലും സംശയമില്ല. പ
ക്ഷെ കഥാസന്ദർഭം 'മയൂരസന്ദേശ'ത്തെപോലെ
ഇവിടത്തെ മററുള്ള തജ്ജമകൃതികളിൽ വരുന്നില്ലാത്ത
തുകൊണ്ടു് മയൂരസന്ദേശത്തിലെ ശ്ലോകങ്ങൾക്കു് സുവ
ൎണ്ണത്തിന്നു സൌരഭ്യം ഉണ്ടായാൽ ഉള്ളതുപോലെ ഒരു
വിശേഷത കാണപ്പെടുന്നു.

ആവിശ്ചിന്താദരമവനരിപ്പാട്ടുവാണോരുകാലേ [നേരം
സേവിക്കാനായ് ഗുഹനെയൊരുനാളാസ്ഥയാ പോയ-
ഭാവിശ്രേയഃ പിശുനശകുനം കണ്ടുപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽ കചനഭഗവദ്വാഹനം മോഹ
[നാംഗം

ഇതിൽപരം, അല്ല, ഇതുപോലെ എന്നുതന്നെ
പറയണം, ഭംഗിയായിട്ടുള്ള ഒരു മണിപ്രവാളപദ്യം ഇ
തല്ലാതെ ഉണ്ടാവാൻ പാടുണ്ടോ? രചനാഭംഗിയും ശ്ലോ
കത്തിൻെറ അൎത്ഥപുഷ്ടിയും ഗാംഭീൎയ്യവും എത്രത്തോളം
ഉണ്ടെന്നു എങ്ങനെ പറഞ്ഞറിയിക്കാം. താഴെ കാണി
ക്കുന്ന ശ്ലോകങ്ങളിൽ കാണുന്നതുപോലെ വിയോഗജമാ
യ ശോകരസത്തെ യഥാൎത്ഥമായി നല്ല താർത്തേൻ ഒഴു
കുന്ന മൊഴികളിൽ മനസ്സിനെ ദ്രവിപ്പിച്ചു് ലയിപ്പിച്ചു്
പരമാനന്ദത്തിൽവിടുന്നവിധം അതികോമളങ്ങളായവാ
ക്കുകൾകൊണ്ടു് കേരളവൎമ്മ വലിയ കോയിത്തമ്പുരാ
നവർകളാലല്ലാതെ മറെറാരു മനുഷ്യനാലും ഇത്ര സ്പഷ്ട
മായി പ്രതിഫലിപ്പിപ്പാൻ കഴിയുകയില്ലെന്നു ഞാൻ
നിൎഭയം പറയുന്നു.

കല്യാവേരാൽ കലുഷമതിയാമെൻറ ചാപല്യമൂലം
കല്യാണാംഗിക്കതി കഠിനമാമല്ലലേവം പിണഞ്ഞു.
കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ
കല്യാ നിന്നാൽ പരമിഹമമക്ഷേമവാർത്താം നിവേദ്യം.

തത്താദൃക്കാം നരപതിഭയംകൊണ്ടു മററാരുമിപ്പോ-
ളെത്താനന്തൽപുരമതിൽമഹാരാജ്ഞിയെക്കാണ്മവാനും
വൃത്താന്തം മേ പറവതിനുമാളല്ല നീ തന്നെ വേണം
ചിത്താശ്വാസം രുചിരചികുരയ്ക്കേകുവാൻ കേകിവര്യ!

കോടക്കാർകൊണ്ടിരുളിയലുമീയംബരം കാണ്മവേ മാൻ-
പേടക്കണ്ണാൾ വിരഹവിധുരീഭാവമാർന്നെൻറ നാഥാ
കൂടക്കൂടെക്കരയുമതിനാലാശു നീയന്തികേ ചെ-
ന്നാടൽക്കെല്ലാമറുതിയുളവാക്കേണമെൻ ക്ഷേമമോതി.

എന്തൊരു വാഗ്വിലാസമാണിതു്!

ഈ ശ്ലോകങ്ങളെ ഒന്നാമതു നോക്കിമനസ്സിലാക്കി എനിക്കു പ്രിയപ്പെട്ട ഒരു ദേഹത്തെ സാധാരണ എൻറ സമ്പ്രദായപ്രകാരം ചൊല്ലി കേൾപ്പിപ്പാൻ ഭാവിച്ചപ്പോൾ ഞാൻ ഗൽഗദാക്ഷരനായി ആനന്ദാശ്രുക്കളാൽ വായിപ്പാൻ കേവലം അശക്തനായിപ്പോയി എന്നു സത്യമായി ഇവിടെ പറയുന്നു.

അൎത്ഥപുഷ്ടിക്കു ലേശം കുറവുകൂടാതെ പദചമല്ക്കാരം വരുത്തുന്നതു വളരെ പ്രയാസമാണല്ലൊ. താഴെ കാണിക്കുന്ന ശ്ലോകം നോക്കുക.

തന്ദേശം ചെന്നണവതിനു തേ ചൊല്ലുവൻ
മാൎഗ്ഗമാദൌ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്ര
യാക്കാം ഭവാനെ

സന്ദേഹം വേണ്ടപരൻപ്രകാരത്തിനാ-
കാത്തതെങ്കിൽ
കിന്ദേഹം കൊണ്ടൊരു ഫലമിഹ പ്രാണിനാം
ക്ഷോണിതന്നിൽ.

"അൎത്ഥപുഷ്ടിയ്ക്കു കുറവില്ല, ശബ്ദഭംഗിയുമുണ്ടു" എന്നു പറയത്തക്ക ശ്ലോകങ്ങൾ യോഗ്യന്മാർ ഉണ്ടാക്കാറുണ്ടു്. ഇവിടെ അങ്ങനെയല്ല. അൎത്ഥപുഷ്ടിയോ ജാസ്തി അതല്ല ശബ്ദഭംഗിയോ എന്നു് അതുകൾ തന്നെ അന്യോന്യം മത്സരിച്ചു് രണ്ടും നിസ്തുല്യമനോഹരങ്ങളായി നിൽക്കുന്ന മാതിരി കാണപ്പെടുന്നു. മേൽകാണിച്ച മാതിരി പ്രാസഭംഗിയുള്ള താഴെ ചേൎക്കുന്ന രണ്ടു ശ്ലോകങ്ങൾ നോക്കുക.

രണ്ടും മൂന്നും തവണ കൃഷിയേറുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ചൂരങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്നവള്ളങ്ങളേയും
കണ്ടും കൊണ്ടച്ചെറുപുഴകൾ തൻ തീരമാൎഗ്ഗേണപോക.

വഞ്ചിക്ഷോണിയ്ക്കൊരു തിലകമാമപ്പുരത്തേക്കുപോകും
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാകുമൂലം
വഞ്ചിത്തഭ്രാന്തെഴുമരയരാം നാവികക്കൂട്ടരേ നീ.

വാക്കുകൾ മഹാകവിയായ അലക്സാണ്ടർ പോപ്പിനു നിഷ്പ്രയാസം കിട്ടിയതുപോലെ നമ്മുടെ ഈ കേരളീയ മഹാകവിയ്ക്കും കിട്ടുന്നു എന്നു നിൎവ്വാദം പറയാം.

ഈ കവിതയുടെ പകൎച്ചതയേയും സൌന്ദൎയ്യത്തേയും താഴെ കാണിക്കുന്ന ശ്ലോകത്തെ ഭംഗിയായി ചൊല്ലികേൾക്കുമ്പോൾ അറിയുന്നവർ അറിയും.

വീണശ്ലോകം സ്വരമൊട്ടുവിനോദങ്ങളോരോന്നരയ്ക്കും
പ്രാണപ്രേഷ്ഠപ്രണയിനികളോടൊത്തു ബോട്ടിൻെറ ത-
ന്മാണക്കായൽക്കരകളിലെഴുംകാഴ്ച കണ്ടുല്ലസിയ്ക്കും [ട്ടിൽ
ഉണ്ണന്മാരേ ഖഗതിലക! ത്തേ കണ്ടൊരാനന്ദമുണ്ടാം.

'മയൂരസന്ദേശ'ത്തിൽ ശുദ്ധനേരംപോക്കു മാതിരിയായ ശ്ലോകങ്ങളും ഇല്ലെന്നില്ല. താഴെ പറയുന്നശ്ലോകം നോക്കുക.

മദ്ധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോ-
രദ്ധ്വാവിൽ പുക്കനെവഹിതനായങ്ങുമിങ്ങും നടന്നാൽ
വദ്ധ്വാ ചേന്നിട്ടതുവഴിവരും വല്ല്യസായിപ്പു നിന്നെ-
ബ്ബദ്ധ്വാ പാർപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ.

ഇങ്ങനെ പ്രത്യേകം ശ്ലോകങ്ങൾ എടുത്തു കാണിക്കേണ്ട മാതിരിയിലുള്ള ഒരു കൃതിയല്ല "മയൂരസന്ദേശം." ആപാദചൂഡം മധുരമാണ്. "നഹിക്ഷുഗുളികായാഃ കാപി മാധുൎയ്യഭേദഃ" എന്നുള്ള അഭിപ്രായം വാസ്തവമായി ഈ അതിമഞ്ജുളമായ കൃതിക്കു പൂൎണ്ണമായി ചേരുന്നതാണ്.

'മയൂരസന്ദേശം' പുറത്തുവന്ന മാതിരിയും വളരെ ഭംഗിയായിരിക്കുന്നു. സുരസുന്ദരികളെ അണിയിപ്പാൻ അതിവിദഗ്ദ്ധതയോടെ ഗന്ധൎവ്വന്മാർ കെട്ടിയുണ്ടാക്കുന്ന കല്പദ്രുമനവപുഷ്പഹാരങ്ങളെ ശുദ്ധവാനരങ്ങളുടെ കയ്യിൽ കൊടുക്കുന്ന മാതിരി തമ്പുരാനവർകൾ ഈ അതിമനോഹരമായ മയൂരസന്ദേശത്തെക്കുറിച്ച് പ്രവർത്തിക്കാത്തതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു.

ഇനി ഈ 'മയൂരസന്ദേശം' പ്രസിദ്ധമാവുമ്പോഴും 'യതിഭംഗം' 'യതിഭംഗം' എന്നും മററും കലശലു ക്രു-

ട്ടുമായിരിക്കും. ഈ യതിഭംഗം എന്നു പറയുന്ന സാധനം കേവലം ഇല്ലാതെ യാതൊരു കവിതയും പ്രാചീനമായിട്ടുള്ളതാവട്ടെ നവീനമായുള്ളതാവട്ടെ കാണുകയില്ലെന്നു ഞാൻ ധൈര്യത്തോടെ പറയുന്നു. ഇങ്ങനെ പറയുന്നതിൽ കേവലം 'ഗ്രന്ഥപാരായണംചെയ്യുന്ന രസികശിരോമണികളിൽ ഒരുവനല്ല' ഞാനെന്നും പറയേണ്ടിവന്നിരിക്കുന്നു. യതി എന്നു പറയുന്നത് എല്ലായ്പോഴും വൃത്തത്തോടാശ്രയിച്ചു നിൽക്കുന്നതാണ്. വൃത്തഭംഗമില്ലെങ്കിൽ പിന്നെ യതിയെപ്പററി കവികൾ ചിന്തിക്കാറേ ഇല്ല. അങ്ങനെ ചിന്തിക്കുന്നതായാൽ മഹാകവികളായ കാളിദാസർ, ശ്രീ ശങ്കരാചാര്യർ മുതലായവരുടെ പല ശ്ലോകങ്ങളെയും അബദ്ധമാക്കിത്തള്ളേണ്ടതാണ്. യതിഭംഗം എന്ന് ഘോഷം കൂട്ടുന്ന കൂട്ടർ എല്ലായ്പോഴും പാരായണംചെയ്തും ശ്ലാഘിച്ചും സ്തുതിച്ചും ഘോഷിച്ചും ദൃഷ്ടാന്തങ്ങൾ എടുത്തു കാണിച്ചും വരുന്ന നാരായണീയപുസ്തകത്തിലെ ആദ്യശ്ലോകമായ 'സാന്ദ്രാനന്ദാവബോധാത്മകമനുപമിതം' മുതൽ അവസാനംവരെ വായിച്ച് അതിലെ എത്ര ശ്ലോകങ്ങൾക്ക യതിഭംഗം ഉണ്ട് എന്നു എണ്ണട്ടെ. അതിൻെറ ശേഷം അവർ നാരായണീയത്തെക്കുറിച്ച് ഒരഭിപ്രായം പറയട്ടെ. ആ അഭിപ്രായത്തിൽതന്നെ അമരുകതർജ്ജിമശ്ലോകങ്ങളെയും വെയ്ക്കട്ടെ. എന്നിട്ട് അവർ കലശൽ കൂട്ടിയതിൻെറ നിസ്സാരതയെ ഓക്കട്ടെ. പിന്നെ മലയാളവാക്കുകളുടെ ഉച്ചാരണപ്രകാരം സന്ധിയെ വിട്ട് ഒരേടത്തും യതിഭംഗമില്ലാത്തതും ലേശം വൃത്തഭംഗമില്ലാത്തതുമായ അമരുകമണിപ്രവാളത്തിൽ യതിഭംഗം

എന്നു പറഞ്ഞു ദൂഷിക്കുന്നതു് മഹാപാപമെന്നു മാത്രമേ പറവാനുള്ളൂ.

കചചിത്ഥൂന്ദസ്യാസ്സേ യതിരഭിഹിതാ പൂൎവ്വകൃതിഭിഃ
പദാന്തേ സാശോഭാം വ്രജതിപദമദ്ധ്യേ ത്യജതിച
പുനസ്തത്രൈവാസൌ സ്വരവിഹതസന്ധിൎവ്വയതിതാം
യഥാ കൃഷ്ണഃപുഷ്ണാതചതുലമഹിമാമാം കരുണയാ.

മേൽപറഞ്ഞ ശ്ലോകത്തിൽ കൃഷ്ണഃപുഷ്ണാതചതുല മഹിമാ എന്ന ദിക്കിലുള്ളപോലെ അല്ലാതെ മലയാള പദങ്ങളുടെ ഉച്ചാരണത്തിന് അനുസരിച്ചു ശ്ലോകങ്ങൾ ചൊല്ലിനോക്കിയാൽ ഒരു പ്രകാരത്തിലും യതിഭംഗം അഭിനവകാളിദാസരായ കോയിത്തമ്പുരാൻ തിരുമനസ്സിലെ മധുനിഷ്യന്ദികളായ ശ്ലോകങ്ങളിൽ കാണുകയില്ല എന്നുള്ളത് നിൎവ്വാദമാണ്. എങ്കിലും യോഗ്യത നാനാവിധമായിരിക്കുന്ന ചില വ്യുൽപന്നന്മാർ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ചെയ്യുന്നത് പാപംചെയ്ത ചെവിട്ടുകൾ കേട്ടു സഹിയ്ക്കട്ടെ എന്നു വയ്ക്കു അല്ലാതെ മറെറന്തു ചെയ്യാം.

മാംഗലപുരം
1894 ആഗസ്റ്റ് 24 } ഒ. ചന്തുമേനോൻ.

## അനുബന്ധം 2.

---

## ഉത്തരരാമചരിതം.

രാജമാന്യരാജശ്രീ ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാരവർകൾക്ക്.

നിങ്ങളും ഞാനുമായി കണ്ടുപരിചയമില്ലെങ്കിലും, നിങ്ങളുടെ യോഗ്യതയെപ്പററി "ജാനകീപരിണയം" എന്നെ വേണ്ടുവോളം അറിയിച്ചിട്ടുണ്ട്. ആ പുസ്തകത്തെ ഞാൻ വായിച്ച് വളരെ ആഹ്ലാദിക്കയും ആശ്ചര്യപ്പെടുകയും ചെയ്തു. ആ പുസ്തകത്തെപ്പററിയുള്ള എന്റെ അഭിപ്രായത്തെ ഞാൻ നിങ്ങൾക്കു നേരിട്ടറിയിച്ചിട്ടില്ലെങ്കിലും, എന്റെ രണ്ടുമൂന്നു സ്നേഹിതന്മാർക്കെഴുതുകയും എന്റെ എഴുത്തിലെ ചില ഭാഗങ്ങൾ രണ്ടുമൂന്നു വൎത്തമാനക്കടലാസ്സുകളിൽ ഞാൻ കാണുകയും ചെയ്തു. നിങ്ങളുടെ "ജാനകീപരിണയം" എനിക്കു മനസ്സിനു ബോധ്യപ്പെട്ട പുസ്തകങ്ങളുടെ കൂട്ടത്തിൽ എല്ലായ്പോഴും ഇരിക്കുന്നതും ഇടയ്ക്കിടെ എന്റെ മനോവിനോദത്തിനു ഞാൻ പിന്നെയും പിന്നെയും വായിച്ചു വരുന്നതുമാകയാൽ ആ കവനത്തെ അഭിനന്ദിച്ചു ഇത്രമാത്രമെങ്കിലും പറയാതെ അതിനു പിൻപുവന്ന ഉത്തരരാമചരിതത്തെക്കുറിച്ചു പറയാൻ എന്റെ മനസ്സു എന്നെ സമ്മതിക്കുന്നില്ലാത്തതിനാൽ, ഈ കത്തിനേ ഈ വിധം ആരംഭിച്ചതാണ്.

എന്റെ അഭിപ്രായത്തെ കിട്ടേണമെന്നുള്ള താല്പൎയ്യത്തെ കാണിക്കുന്ന കത്തോടുകൂടി ഉത്തരരാമചരിതം-

ഭാഷാന്തരം ചെയ്തതിനെ എനിക്കു നിങ്ങൾ അയച്ചുതന്നതു വളരെ സന്തോഷമായി. നിങ്ങളുടെ കവനവൈഭവത്തെപ്പററി എനിക്കുള്ള അഭിപ്രായത്തെ വെളിപ്പെടുത്തേണമെന്നു് കുറെ ദിവസങ്ങളായി ഞാൻ വിചാരിച്ചുവരുന്നു. നിങ്ങളുമായി കണ്ടുപരിചയം ഇല്ലാത്തതിനാലും, മലയാളവൎത്തമാനക്കടലാസ്സുകളിലെഴുതുന്ന പതിവു് എനിക്കില്ലാത്തതിനാലും, പിന്നെ സമയക്കുറവിനാലും, ഇതിന്നു് ഇതുവരെ സംഗതിവന്നില്ല. എന്നാൽ ഇപ്പോൾ നിങ്ങൾ ആവശ്യപ്പെട്ടിട്ടുകൂടി എന്റെ ഹൃദയത്തെ ഇത്ര രസിപ്പിച്ചു സുഖിപ്പിക്കുന്ന ഒരു കവിതയെക്കുറിച്ചു ഒന്നും പറയാതിരുന്നാൽ ഞാൻ ഒരു വലിയ കൃതഘ്നനായിവരുമെന്നു ഭയപ്പെട്ടു്, എന്റെ സ്വാഭാവപ്രവൃത്തികളെക്കൂടി പാടുള്ളിടത്തോളം നിൎത്തിവെച്ചു്, രണ്ടു മൂന്നു ദിവസങ്ങളായി നിങ്ങളുടെ ഉത്തരരാമചരിതം ഭാഷയെ മൂലഗ്രന്ഥത്തോടുകൂടി വായിക്കയായിരുന്നു.

നിങ്ങളുടെ തൎജ്ജമയിൽപരം സൂക്ഷ്മമായും കൃത്യമായും ഒരു പുസ്തകത്തെ ഭാഷാന്തരംചെയ്തു് ഇതുവരെ കണ്ടിട്ടില്ലെന്നു ഞാൻ തീൎച്ചയായിപ്പറയുന്നു. സാധാരണ ഒരു ഗ്രന്ഥം ഭാഷാന്തരം ചെയ്തതു മൂലഗ്രന്ഥത്തോടു സമമായി എന്നു രസജ്ഞന്മാരായ മനുഷ്യരെക്കൊണ്ടു സമ്മതിപ്പിക്കുന്നതു അത്യന്തം പ്രയാസമായ ഒരു കാൎയ്യമാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഉത്തരരാമചരിതം ഒരു സാധാരണഗ്രന്ഥമല്ല. മഹാകവിയായ ഭവഭൂതിയുടെ ബുദ്ധിവിദഗ്ദ്ധതയും കവിതാചാതുൎയ്യവും മുഴുവനും പ്രതിഫലിച്ചുകാണുന്ന ഒരു ഗ്രന്ഥമാണു്. പിന്നെ മൂ

ലഗ്രന്ഥം സംസ്കൃതഭാഷയിലാണ്. നിങ്ങളുടെ പരിഭാഷ, ഇനിയും അസംസ്കൃതമായിരിക്കുന്ന മലയാളഭാഷയിലാണ്. ഈ സ്ഥിതിയിൽ മൂലഗ്രന്ഥത്തിലുള്ള താല്പര്യങ്ങളെ പരിഭാഷയിൽ ഏകദേശം ചേരുത്തി ഒരുവിധം മലയാളികളെ രസിപ്പിച്ചാൽതന്നെ, നിങ്ങൾ അതിയോഗ്യനും ബുദ്ധിശാലിയുമായ ഒരാളാണെന്നു നിസ്സംശയം പറയേണ്ടതാണ്. കാര്യം ഇങ്ങനേയായിരിക്കേ, ഈ സ്വല്പഭാഷയായ മലയാളത്തിൽ സംസ്കൃതവാക്കുകളെ കഴിയുന്നിടത്തോളം ചുരുക്കി ഉപയോഗിച്ച്, സംസ്കൃതത്തിൽ അത്യന്തം ശ്രുതിപ്പെട്ടിരിക്കുന്ന ഒരു ഗ്രന്ഥമായ ഉത്തരരാമചരിതത്തെ ആ ഗ്രന്ഥത്തിലുള്ള ജീവനെ ഒട്ടൊടിയാതെ വെളിപ്പെടുത്തി പരിഭാഷപ്പെടുത്തിയതു കണ്ടു ഞാൻ അത്യാശ്ചര്യപ്പെടുന്നു.

എന്റെ അഭിപ്രായത്തിൽ, ഒരു ഭാഷയെ സരസമായും സരളമായും ഉപയോഗപ്പെടുത്തുന്നതിന് ഒരു കവിക്കുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഭാഷയിൽ പദ്യങ്ങളാൽ രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തെ മറെറാരു ഭാഷയിൽ പദ്യരൂപേണ തന്നെ പരിഭാഷപ്പെടുത്തുന്നതു, നവീനമായ ഒരു കഥയെ പദ്യരൂപേണ എഴുതി ഉണ്ടാക്കുന്നതിനേക്കാൾ തുലോം പ്രയാസമായിട്ടുള്ളതാണെന്നാകുന്നു. സ്വതന്ത്രമായി കഥയെ നിർമ്മിക്കുന്നവന്നു പദങ്ങളുടേയോ വാക്യങ്ങളുടേയോ സരളതയ്ക്കുവേണ്ടി തന്റെ മനോയുക്തികളെ ചിലപ്പോൾ കുറേശ്ശെ ഭേദപ്പെടുത്തിക്കൊണ്ടുപോകാം. അങ്ങനെതന്നെ യുക്തികളുടെ ആവശ്യങ്ങൾക്കായി യഥേഷ്ടം പദങ്ങളേയും തിരഞ്ഞെടുക്കാം. തർജ്ജമക്കാരന് ഇതു

സ്വാതന്ത്ര്യം ലേശംപോലും ഇല്ല. ഭംഗിയുള്ള പദങ്ങൾ കിട്ടിയാലും കിട്ടുന്നില്ലെങ്കിലും മൂലഗ്രന്ഥത്തിലെ ഛായയെയല്ലാതേ, മററു യാതൊന്നിനേയും അനുസരിച്ചു തൻെറ കവിതയ്ക്കു ഭംഗിവരുത്തുവാൻ യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ടു ഭാഷയെ ഉപയോഗിക്കുന്നതിൽ അധികദാർഢ്യവും നൈപുണ്യവും കാണിക്കേണ്ടിവരുന്നതു നവീനമായി ഒരു ഗ്രന്ഥത്തെ ഉണ്ടാക്കുന്നവനേക്കാൾ ഒരു മൂലഗ്രന്ഥത്തെ തർജ്ജമ ചെയ്യുന്നവനാണെന്നുള്ളതിന്നു സംശയമില്ല.

നിങ്ങളുടെ തർജ്ജമയിൽ ഞാൻ കണ്ടിട്ടുള്ള ഗുണദോഷങ്ങളെ ചുരുക്കത്തിൽ താഴെ പറയുന്നു. എന്നാൽ "ഗുണദോഷം" എന്ന വാക്കിനെ ഇവിടെ സ്വഭാവം എന്നു മാത്രമേ അർത്ഥമെടുക്കേണ്ടു. അല്ലാതെ ഗുണങ്ങളും ദോഷങ്ങളും എന്നു പറവാനില്ല. പ്രസ്താവനയ്ക്കു യോഗ്യമായ യാതൊരു ദോഷങ്ങളും നിങ്ങളുടെ കവിതയ്ക്കില്ല. വല്ലദോഷങ്ങളുമുണ്ടെങ്കിൽ അതു് ഏററവും ലഘുവാണു്. എന്നാലും പാൽപായസം ധാരാളമായി കഴിക്കുന്ന ചിലർ അന്തർജ്ജഡിമ ഉണ്ടാകാതിരിപ്പാൻ ഇടയ്ക്കിടേയോ കഴിച്ചവസാനിച്ചാലോ രൂക്ഷരസമുള്ള പദാർത്ഥങ്ങളെ തൊട്ടുകൂട്ടുന്നതുപോലെ എൻെറ മനസ്സിൽ തോന്നിയ ദോഷലവങ്ങളെക്കുറിച്ചും ഇടയ്ക്കിടെ അല്പം സൂചിപ്പിച്ചേക്കാം.

നിങ്ങളുടെ മലയാം തർജ്ജമയ്ക്കു ഞാൻ ഒന്നാമതു കാണുന്ന അതിവിശേഷമായ ഗുണം, നിങ്ങൾ കഴിയുന്നിടത്തോളവും പാട്ടുള്ളിടത്തോളവും മലയാളഭാഷയിലുള്ള

പദങ്ങളെത്തന്നെ ഉപയോഗിച്ച കാണുന്നതിലാണ്. സംസ്കൃതപദങ്ങളെ നിവൃത്തിയില്ലാതെ വരുന്ന ചിലേടങ്ങളിൽ മാത്രം അത്യാവശ്യത്തിൽ ഒട്ടും അധികരിക്കാതെ ഉപയോഗിച്ചിട്ടേയുള്ളൂ. ഇതു് അതിപ്രയാസമായിട്ടുള്ള ഒരു കാൎയ്യമാണെന്നു മാത്രമല്ല, നിങ്ങളുടെ തൎജ്ജമ നിസ്തുല്യമായ വിധം വിശേഷമാണെന്നു സർവ്വസമ്മതമാകുന്നതിന്നു മതിയായ ഒരു സംഗതിയായും ഇരിക്കുന്നു. സാധാരണ സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളെ ഭാഷയിലാക്കുന്നതിൻ മണിപ്രവാളം എന്ന പേരു പറഞ്ഞുവരുന്നതു ഭാഷയിൽതന്നെ പദ്യങ്ങൾ മുഴുവൻ ഉണ്ടാകുവാൻ കവികൾക്കുള്ള പ്രയാസം നിമിത്തമോ ഉപേക്ഷയാലോ സാമൎത്ഥ്യക്കുറവുകൊണ്ടോ ആയിരിക്കേണമെന്നു ഞാൻ വിചാരിക്കുന്നു. ഒരു ഭാഷയിലുള്ള ഗ്രന്ഥം മറെറാരു ഭാഷയിലാക്കുന്നതു സാധാരണ ലോകത്തിൽ എല്ലാടവും ചെയ്തുവരുമാറുള്ളതാണ്. ഗ്രീക്കുഭാഷയിലോ ലാററിൻഭാഷയിലോ ഉള്ള ഒരു ഗ്രന്ഥത്തെ ഇംഗ്ലീഷ് ഭാഷയിൽ തൎജ്ജമയാക്കുന്നതായാൽ, ആ തൎജ്ജമയിൽ നിവൃത്തിയില്ലാത്ത ദിക്കിൽ ഒഴികെ ഇംഗ്ലീഷ് ഭാഷയല്ലാതെ ഗ്രീക്കോ ലാററിനോ കാണുകയില്ല. അധികമായി മൂലഗ്രന്ഥത്തിലെ ഭാഷയെ തൎജ്ജമയിൽ കാണിച്ചാൽ തൎജ്ജമകളുടെ ഭംഗിക്കു വളരെക്കുറവു വരും. ഇതിന്നു ഞാൻ നമ്മുടെ ഈ രാജ്യത്തിലുണ്ടാക്കീട്ടുള്ള ഒരു ഗ്രന്ഥത്തിൽനിന്നു ഒരു ദൃഷ്ടാന്തം പറയാം. രസികാഗ്രഗണ്യനും അതിബുദ്ധിമാനും ശൃംഗാരരസപ്രധാനങ്ങളായ പദ്യകവനങ്ങളിൽ അത്യന്തവിദഗ്ദ്ധൻ എന്നു എ

ന്റെ മനസ്സിൽ തീൎച്ചയാക്കി വെച്ചിട്ടുള്ള ദേഹവുമായ കേരളവൎമ്മ വലിയകോയിൽതമ്പുരാനവർകളുടെ പ്രസിദ്ധമായ അഭിജ്ഞാനശാകുന്തളത്തിൽനിന്നു ഞാൻ രണ്ടു ശ്ലോകങ്ങളെ ഇവിടെ ചേൎക്കുന്നു. അതുകളെ വായിച്ചാൽ ഭാഷാന്തരം ചെയ്യുന്നതു എങ്ങനെ വേണ്ടതാണെന്നു് ബുദ്ധിയും രസികത്വവുമുള്ള ഏവനും അറിവാൻ എളുപ്പത്തിൽ സാധിക്കും.

മൂലം

സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർല്ലക്ഷ്മലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം?

തർജ്ജമ

ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ
പായൽ പതിഞ്ഞീടിലും?
ചൊല്ലാൎന്നോരഴകല്ലയോ പനിമതി-
ക്കങ്കം കറുത്തെങ്കിലും?
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും
ഭൂയിഷ്ഠശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാ-
മെല്ലാപ്പദാൎത്ഥങ്ങളും.

ഇതിൽപരം ഭംഗിയായി കാളിദാസരുടെ ശ്ലോകത്തെ എങ്ങനെ പരിഭാഷപ്പെടുത്താൻ കഴിയും? എന്റെ മനസ്സിൽ മേൽകാണിച്ച മണിപ്രവാളശ്ലോകത്തി

ന മൂലശ്ലോകത്തിൻെറ മാധുൎയ്യത്തിൽ ഒരു ലേശം കുറവു ണ്ടെന്നു തോന്നുന്നില്ല. ഈ ശ്ലോകത്തിന്നു ഇത്ര മാധുൎയ്യം തോന്നുന്നതു് ബുദ്ധിശാലിയായ കോയിൽതമ്പുരാന്നവർകറം ഇത്തിരി മനസ്സിരുത്തി മലയാളഭാഷയിൽ തന്നെയുള്ള സരളങ്ങളായ പദങ്ങളാൽ ശ്ലോകത്തെ രചിച്ചതുകൊണ്ടാണെന്നുള്ളതിലേയ്ക്കു് എനിക്കു സംശയമില്ല. എനി ഞാൻ ആ ഗ്രന്ഥത്തിൽനിന്നുതന്നെ വേറെ ഒരു ശ്ലോകം എടുത്തു കാണിക്കുന്നു:—

മൂലം

ക്ഷാമ ക്ഷാമ കപോലമാനനമുരഃ
    കാഠിന്യമുക്തസ്തനം
മദ്ധ്യഃ ക്ലാന്തതരഃ പ്രകാമവിനതാ-
    വംസൌ ഛവിഃ പാണ്ഡുരാ
ശോച്യാ ച പ്രിയദൎശനാ ച മദന-
    ക്ലിഷ്ടേയമാലക്ഷ്യതേ
പത്രാണാമിവ ശോഷണേന മരുതാ
    സ്പൃഷ്ടാ ലതാ മാധവീ.

തർജ്ജമ

താന്തം പ്രക്ഷാമഗണ്ഡം വദനമുരസിജം
    മുക്തകാഠിന്യമേററം
ക്ലാന്തം മദ്ധ്യപ്രദേശം വിനതമതിതരാം
    തോളം നിറം പാണ്ഡുരാഭം
ചെന്താർബാണാൎത്തയായിട്ടിവളതിദയനീ-
    യാ ച ദൃഷ്ടിപ്രിയാ മേ
കാന്താ ഘൎമ്മാനിലേന ഗ്ലപിതദളകലാ-
    മല്ലികാവല്ലികേവ.

ഈ ശ്ലോകവും "ഫുല്ലാംബുജത്തിന്" എന്ന ശ്ലോകവും തമ്മിൽ ചേൎത്തുനോക്കിയാൽകാണുന്ന ഭേദം അല്പമോ? അതി സരസകവിയായ കോയിൽതമ്പുരാനവർകൾക്ക "ക്ഷാമക്ഷാമ കപോലം" എന്ന ശ്ലോകം മണിപ്രവാളീകരിക്കുമ്പോൾ "സരസിജമനുവിദ്ധം'' എന്ന ശ്ലോകം ഭാഷയാക്കിയപ്പോഴുണ്ടായിരുന്ന ശ്രദ്ധ ഉണ്ടായിരുന്നില്ലെന്നു് ഇപ്പോൾ സ്പഷ്ടമല്ലേ? "ക്ഷാമക്ഷാമകപോലം'' എന്ന ശ്ലോകത്തിൻെറ തൎജ്ജമ മുൻപേ പറഞ്ഞ ശ്ലോകത്തോളം രസിക്കുന്നുണ്ടോ? സംസ്കൃതഭാഷയിൽ കാളിദാസരുടെ രചനയുടെ മാധുൎയ്യത്തിൻെറ സമത വരുത്തുവാൻ മറെറാരാൾക്ക വളരെ പ്രയാസമാണെന്നുള്ളതിനു സംശയമില്ലാത്തതാണല്ലൊ. "ക്ഷാമക്ഷാമകപോലം'' എന്ന ശ്ലോകത്തിലെ താല്പൎയ്യം സംസ്കൃതത്തിൽ തന്നെ രണ്ടുപ്രകാരത്തിലുണ്ടാക്കിയ ഫലമാണു മേൽ കാണിച്ച തൎജ്ജമയാലുണ്ടായതു്.

കണ്ടുനാളമഴകിൽതിരിച്ചുനപദം രഥം
പിറകിൽ നോക്കിയും
കണ്ടുനായ് ശരഭയേന പൃഷ്ഠമതു പൂൎവ്വ-
കായഗതമാക്കിയും

എന്നും മററുമുള്ള അനിൎവ്വചനീയമായവിധം ലളിതങ്ങളായും കോമളങ്ങളായുമുള്ള പദ്യങ്ങളെ ശുദ്ധമലയാളത്തിലുണ്ടാക്കി മലയാളപദ്യരചനാവിദ്യയെ അലങ്കരിപ്പിച്ച രസികശിരോമണിയായ ഈ കേരളവൎമ്മതമ്പുരാനവർകൾ കുറെശ്രദ്ധവെച്ചു "മണിപ്രവാളം'' എന്ന വാക്കിൽനിന്നു കിട്ടുന്ന സ്വാതന്ത്ര്യതയെ മാത്രം ഓൎക്കാതേ

യും കഴിയുന്നിടത്തോളം സംസ്കൃതപദങ്ങളെ ചേക്കാ
തേയും ശൃംഗാരരസപ്രധാനമായ തൻെറ വലിയ ബു
ദ്ധിയെ നിൎത്തി ശാകുന്തളം മുഴുവനും "മണി"കളെ വള
രെ കൂട്ടാതേ "പ്രവാള"ങ്ങളെക്കൊണ്ടുതന്നെ രചിച്ചിരു
ന്നുവെങ്കിൽ, "അഭിജ്ഞാനശാകുന്തള"ത്തിനു തുല്യമാ
യി ശൃംഗാരവിഷയത്തിൽ ഒരു പദ്യപ്രബന്ധം മലയാ
ളഭാഷയിൽ ഉണ്ടാവുകയില്ലായിരുന്നു. എന്നാൽ മല
യാളികളുടെ നിർഭാഗ്യവശാൽ ആ മഹാനുഭാവനായ
തമ്പുരാനവർകർ ഇടക്കിടേ പലേ ശ്ലോകങ്ങളിലും
അധികമായി സംസ്കൃതപദങ്ങൾ ഇട്ടുനിറച്ചുകളഞ്ഞു. "മ
ണിപ്രവാളമല്ലേ? അങ്ങനേ ആവുന്നതിന്ന് വിരോധമി
ല്ലല്ലോ" എന്നുള്ള സമാധാനം മതിയാകുമെന്ന് ഉറച്ചി
ട്ടായിരിക്കാം ഇങ്ങനേ ചെയ്തതു്.

എന്നാൽ നിങ്ങളുടെ പരിഭാഷപ്പെടുത്തൽ, പരി
ഭാഷപ്പെടുത്തൽതന്നെയാണു്. ഇതാണു നിങ്ങളുടെ ക
വിതക്കുള്ള ഒരു വലിയ യോഗ്യത. നിവൃത്തിയില്ലാ
തെവന്ന ചില ദിക്കുകളിലല്ലാതെ സംസ്കൃതപദങ്ങളെ
നിങ്ങൾ ഉപയോഗിച്ചിട്ടേ ഇല്ല. പിന്നെ ചിന്തിപ്പാ
നുള്ളതു്, ശുദ്ധമലയാളത്തിലാകയാൽ നിങ്ങളുടെ ശ്ലോ
കങ്ങൾക്കു മൂലഗ്രന്ഥത്തിലുള്ള ശ്ലോകങ്ങളുടെ മാധുൎയ്യം
വന്നിട്ടുണ്ടോ എന്നാണു്. അധികം ശ്ലോകങ്ങൾക്കും
സംസ്കൃതഗ്രന്ഥത്തിലെ ശ്ലോകങ്ങളെപ്പോലെതന്നെ മാ
ധുൎയ്യം വന്നിട്ടുണ്ടു്. "മാധുൎയ്യം" എന്നു പറഞ്ഞാൽ എ
ന്താണു് അതിൻെറ അൎത്ഥം എന്നു ചോദിച്ചാൽ, പറ
ഞ്ഞു മനസ്സിലാക്കുവാൻ പ്രയാസമാണല്ലോ. തേനി

ൻെറ രസം എന്താണെന്നു വ്യവഹാരമായാൽ തേനിനെ ആസ്വാദിപ്പിച്ചു രസം മനസ്സിലാക്കുന്നതുപോലെ, നിങ്ങളുടെ കവിതയിലുള്ള മാധുര്യത്തെ അറിയിക്കുന്നതു് ആ കവിതയിലുള്ള നല്ല ഭാഗങ്ങൾ ചൂണ്ടിക്കാണിച്ചു വായിച്ചു രസിച്ചുകൊൾവാൻ പറയുകമാത്രമേ നിവൃത്തിയുള്ളു: കവിത ബഹുസരളമായിരിക്കുന്നു, മൃദുളമായിരിക്കുന്നു, ലളിതമായിരിക്കുന്നു എന്നും മററും പറഞ്ഞതുകൊണ്ടു സ്വാനുഭവമായ അറിവു വരുത്തുവാൻ പ്രയാസം. അതുകൊണ്ടു എനിക്കു നിങ്ങളുടെ ഭാഷയിൽ ഭവഭൂതിയുടെ സംസ്കൃതശ്ലോകങ്ങളോളംതന്നെ മാധുര്യം വന്നു എന്നു തീച്ചയായി തോന്നീട്ടുള്ള ശ്ലോകങ്ങളിൽ രണ്ടെണ്ണം മാത്രം ഇവിടെ ചേക്കുന്നു:—

മൂലം

അനിയതരുദിതസ്മിതം വിരാജൽ-
കതിപയകോമളദന്തകുഡ്മളാഗ്രം
വദനകമലകം ശിശോഃ സ്മരാമി
സ്ഖലദസമഞ്ജസമുഗ്ദ്ധജല്പിതം തേ.

തർജ്ജമ

ചിരിക്കും മദ്ധ്യത്തിൽ കരയുമിതിനേത്തും
നിയമമി-
ല്ലുരയ്ക്കും തെററിക്കൊണ്ടമൃതസമമ-
സ്പഷ്ടമൊഴിയെ
സ്ഫുരിച്ചുല്ലം കാണാം ചില ചെറിയ പല്ലി-
ങ്ങനെ ലസി-
ച്ചിരിക്കും ബാല്യേ നിൻ മുഖകമലമോക്ക-
ന്നിതു ഞാൻ.

മൂലം

ലോലോല്ലോലക്ഷുഭിതകരുണോ-
ജ്ജൃംഭണസ്തംഭനാർത്ഥം
യോയോയത്നഃ കഥമപിമയാ-
ധീയതേ തം തമന്യഃ
ഭിത്വാ ഭിത്വാ പ്രസരതി ബലാൽ
കോപി ചേതോവികാര-
സ്തോയസ്യേവാപ്രതിഹതരയഃ
സൈകതം സേതുമോഘഃ

തർജ്ജമ

തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ-
ത്തെല്ലൊതുക്കുന്നതിന്നാ-
യുള്ളത്തിൽ തൽക്ഷണം ഞാൻ പലവിധമിഹ ചെ-
യ്യുന്ന യത്നത്തെയെല്ലാം
വെള്ളത്തിൽ വേഗമേറും ഗതി മണലണയെ-
ത്തട്ടിനീക്കുന്നപോലെ-
ത്തള്ളിത്തള്ളിപ്പരക്കുന്നിതു ബത വലുതാ-
യുള്ള ചേതോവികാരം.

മേൽ രണ്ടാംശ്ലോകത്തിൽ നിങ്ങളുടെ ഭാഷയിൽ ഉപമ മുമ്പിൽവന്നു നാലാം പാദം അവസാനിച്ചതു്, ശ്ലോകത്തിലെ പ്രധാന ക്രിയയോടുകൂടി ആകയാലും ക്ലിഷ്ടതാലേശം ഇല്ലാത്ത ലളിതമായുള്ള യമകപ്രയോഗത്താലും മൂലശ്ലോകത്തേക്കാൾ അല്പം വിശേഷവിധിയായ ഒരു ഭംഗി തോന്നുന്നു എന്നു ഞാൻ പറഞ്ഞാൽ ഭവഭൂതിയുടെ കവിതയെ നിന്ദിച്ച ഒരു മൂ

റാളനായ പാപിയാണെന്നു എന്നെ ആരെങ്കിലും ശ കാരിക്കുമോ എന്നു സംശയിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഈ ശകാരത്തെ എനിക്കു ലേശം ഭയമില്ല. അതുകൊണ്ടു തന്നെയാണു് പറഞ്ഞതു്. കാളിദാസരുടേയും ഭവഭൂതിയുടേയും ശ്രീഹർഷൻേറയും മററും സകല ശ്ലോകങ്ങളും ഒരുപോലെ അത്യന്തം ഭംഗിയുള്ള ശ്ലോകങ്ങളാണെന്നു ഭക്തിവിശ്വാസത്തോടുകൂടി വിചാരിച്ചു വരുന്നവരിൽ ഒരുവനല്ല ഞാൻ. ഈ മഹാകവികളുടെ ശ്ലോകങ്ങളിലും ചിലതു് അധികം ഭംഗിയായി എന്നു പറവാൻ പാടില്ലാത്തവിധം ഉണ്ടായി എന്നു വന്നേക്കാം. ഇവർക്കെല്ലാവർക്കും കവനത്തിൽ മാനുഷികമായ ശക്തിയിൽ അധികം ഒന്നും ഉണ്ടായിരുന്നു എന്നു് എനിക്കു് വിശ്വാസമില്ല. ആ ശക്തി ഇപ്പോഴുള്ള മനുഷ്യർക്കും ഉള്ളതാകയാൽ ഇപ്പോഴുള്ള മഹാബുദ്ധിമാന്മാരായ മനുഷ്യരുണ്ടാക്കുന്ന ഒരു ശ്ലോകം മുൻപുള്ള പ്രസിദ്ധശ്ലോകങ്ങളിൽ അധികം നന്നായി എന്നു ചിലപ്പോൾ വന്നേക്കാമെന്നുള്ളതു കേവലം അസംഭവ്യമായ ഒരവസ്ഥയാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതിമധുരങ്ങളായ ശ്ലോകങ്ങൾ ഇനിയും മേൽ കാണിച്ചതുകൂടാതെ പലതും നിങ്ങളുടെ തർജ്ജമയിൽ ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ മാധുര്യത്തെ സംബന്ധിച്ചിടത്തോളം വല്ല ദോഷവും നിങ്ങളുടെ കവിതയ്ക്കു പറയണമെങ്കിൽ, ഗദ്യങ്ങൾ തർജ്ജമയാക്കിയതിനു കുറേക്കൂടി ഭംഗിവരുത്താമായിരുന്നു എന്നു മാത്രമാണു്. മഹാകവിയായ ഭവഭൂതിയുടെ സകല ശ്ലോകങ്ങളിലും ഉള്ള മാധുര്യം നി

ങ്ങളുടെ തൎജ്ജമയിലുള്ള സകല ശ്ലോകങ്ങൾക്കും ഒ- പോലെ വന്നിട്ടില്ലെന്നു പറയുന്നതുകൊണ്ടു നിങ്ങളുടെ കവിതയ്ക്കു യാതൊരു ന്യൂനതയും വരുന്നതല്ലല്ലോ. തൎജ്ജമയിലെ ശ്ലോകങ്ങളിൽ അധികഭാഗവും മൂലഗ്രന്ഥത്തിലെ സംസ്കൃതശ്ലോകങ്ങളോടു തുല്യമധുരങ്ങളായിരിക്കുന്നു എന്നു വന്നാൽ, അതിൽപരം നിങ്ങളുടെ കവിതയുടെ യശസ്സിന്നു മറെറന്തുവേണം? ഇങ്ങനെ വന്നിട്ടുണ്ടെന്നാണു എന്റെ താഴ്മയുള്ള അഭിപ്രായത്തിൽ തോന്നുന്നതു്. ഈ അഭിപ്രായം യോഗ്യരായ ജനങ്ങൾക്കെല്ലാം സമ്മതമാവുന്നപക്ഷം, നിങ്ങളുടെ പ്രയത്നം സഫലംതന്നെ. പിന്നെ, നിങ്ങളുടെ തൎജ്ജമയ്ക്കു ഞാൻ കാണുന്ന ഒരു വിശേഷഗുണം അതിലെ ശ്ലോകങ്ങളിൽ രണ്ടു നാലെണ്ണമൊഴികെ ശേഷം ഉള്ളതു മുഴുവനും മൂലഗ്രന്ഥത്തിലെ ശ്ലോകങ്ങളുമായി ചേൎത്തു നോക്കുമ്പോൾ കാണപ്പെടുന്ന അഭേദമായ ഒരു കൃത്യതയാണു്. "കൃത്യത" എന്ന വാക്കിന്നു ഇവിടെയുള്ള അൎത്ഥം ഞാൻ വെച്ചിട്ടുള്ളതുതന്നെ നിങ്ങൾ ഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ തൎജ്ജമയിലെ അധികം ശ്ലോകങ്ങളും മൂലഗ്രന്ഥത്തിലെ ശ്ലോകങ്ങളുടെ താല്പൎയ്യത്തെ മാത്രമല്ല കാണിക്കുന്നതു്; മിക്കവാറും ശ്ലോകങ്ങൾ പദംപ്രതിയായുള്ള തൎജ്ജമയായി കാണപ്പെടുന്നു. ഇതിന്നു ഒരു ദൃഷ്ടാന്തം മാത്രം ഇവിടെ പറയാം:—

കിമപികിമപിമന്ദം മന്ദമാസക്തിയോഗാ-
ദവിരളിതകപോലം ജല്പതോരക്രമേണ
അശിഥിലപരിരംഭവ്യാപൃതൈകൈകദോഷ്ണോ-
രവിദിതഗതയാമാ രാത്രിരേവ വ്യരംസീൽ.

ഈ പ്രസിദ്ധശ്ലോകത്തെ നിങ്ങൾ താഴെ പറയും പ്രകാരം തൎജ്ജമചെയ്തിരിക്കുന്നു.

നാമോരോ ഭുജവല്ലികൊണ്ടു ദൃഢമാ-
യാലിംഗനം ചെയ്കതി-
പ്രേമത്തോടു കവിൾത്തടം കവിളതിൽ
ചേൎത്തെത്രയും മന്ദമായ്
സാമോദം ക്രമമെന്നിയേ പലതുമ-
ന്നൊട്ടൊട്ടു ചൊല്ലും വിധൌ
യാമം പോയതറിഞ്ഞിടാത്തവിധമായ്-
ത്തന്നേ കഴിഞ്ഞു നിശാ.

ഇതിലധികം കൃത്യമായി ഒരു സംസ്കൃതശ്ലോകത്തിനെ എങ്ങനെ പരിഭാഷപ്പെടുത്തും? ഇങ്ങനെ "കൃത്യ"മായുള്ള പരിഭാഷയിൽ മൂലശ്ലോകത്തിനുള്ള മാധുൎയ്യവും കൂടി വന്നതോൎത്തു്, ഞാൻ അത്ഭുതപ്പെടുന്നു. എന്നാൽ ദുൎല്ലഭം ചില ശ്ലോകങ്ങളിൽ ചില ദിക്കിൽ മൂലഗ്രന്ഥത്തിലെ ശ്ലോകങ്ങളിൽനിന്നു അല്പം ഭേദമായി തൎജ്ജമ ചെയ്തുപോയിട്ടുണ്ടു്. ഇതു പദങ്ങൾക്കു മാത്രമാണു്. അൎത്ഥത്തിനും താല്പൎയ്യത്തിനും ലേശം ഭേദം ഒരിടത്തും വന്നിട്ടില്ല. പദങ്ങളിൽതന്നെ വളരെ ദുൎല്ലഭമായിട്ടേ കാണുന്നുള്ളൂ. എന്നാൽ അങ്ങനെ ദുൎല്ലഭമായിട്ടുകൂടി, ഇങ്ങനെ അതിവിശേഷമായുള്ള തൎജ്ജമയിൽ വന്നുകൂടാത്തതാണെന്നു ഞാൻ ഒരു ദോഷം പറയുന്നു. ...ഷം പറയണമെന്നു ശാഠ്യം പിടിച്ചാൽ, ഇങ്ങനെ ...തെങ്കിലും പറയാതെ കഴിയുമോ?

പിന്നെ, നിങ്ങളുടെ തൎജ്ജമയുടെ മറെറാരു ഗുണം അതിൻെറ ചുരുക്കം ആകുന്നു. ഒരു വാക്കുകൊണ്ടു് അൎത്ഥം സ്ഫുരിപ്പിക്കാവുന്ന ദിക്കിൽ രണ്ടു വാക്കുകൾ ചേൎത്തു അൎത്ഥത്തെ സ്ഫുരിപ്പിച്ചതായി ഞാൻ ഒരിടത്തും കണ്ടിട്ടില്ല. ഈ ഗുണംകൊണ്ടു ശ്ലോകങ്ങൾ അതികൌതുകമായി തീൎന്നിരിക്കുന്നു.

ഇതുവരെ രവിവംശം ശുദ്ധമായ് ത്തന്നെകാത്തു
ക്ഷിതിപതികൾ മഹാന്മാരായ മൽപൂൎവ്വരെല്ലാം
അതിലൊരു മലിനത്വം ഞാൻ നിമിത്തം ഭവിച്ചാൽ
ക്ഷിതിയിലഹമധന്യൻ ഹന്ത ഞാൻതന്നെ നിന്ദ്യൻ.

ഈവക ചെറിയ ചെറിയ കോമളങ്ങളായ പദങ്ങളാൽ രചിക്കപ്പെട്ട ശ്ലോകങ്ങൾ ഭംഗിയായി ചൊല്ലികേട്ടു രസിക്കുമ്പോഴാണ്, കവിയെ ബഹുമാനിക്കാതെ ഇരിപ്പാൻ നിവൃത്തിയില്ലാതെ വരുന്നതു്.

ആകപ്പാടെ നിങ്ങളുടെ കവിതാവാസനയും ബുദ്ധിവിദഗ്ദ്ധതയും അത്യന്തവിശേഷമെന്നേ ഞാൻ പറയുന്നുള്ളു. നിങ്ങളുടെ അതിവിശേഷമായ പദ്യപരിഭാഷകളും, വിദുഷിയും ബുദ്ധിക്കു അത്യന്തസരസതയും ശൃംഗാരവുമുള്ള ദേഹവുമായ ഇക്കാവമ്മയുടെ അതിലളിതങ്ങളായി അത്യന്തമധുരങ്ങളായുമുള്ള ശ്ലോകങ്ങളും എൻെറ മനസ്സിനെ ആഹ്ലാദിപ്പിച്ചതിനു അളവില്ല. നിങ്ങളുടേയും ആ സ്ത്രീരത്നത്തിൻേറയും കോമളങ്ങളായ ദ്യകവനങ്ങളെ "സംഭവന്തു മമ ജന്മജന്മനി" ഒരാൾ പറഞ്ഞതുപോലെ, വായിച്ചുരസിപ്പ

ദീശ്വരൻ എല്ലായ്പോഴും എനിക്കു സംഗതിവരുത്തട്ടെ.

ഞാൻ ആദ്യം വിചാരിച്ചതിൽ അധികം എഴുതി- ു് നിങ്ങളുടെ കവിതയിൽ എനിക്കുള്ള ഭ്രമം നിമി ാണു്. അതിബുദ്ധിമാനായിരിക്കുന്ന നിങ്ങൾ അ കാലം അരോഗദൃഢഗാത്രനായി ജീവിച്ചിരിക്കേ മെന്നു ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടും കവിതയ്ക്കു വാസനയും വിദഗ്ദ്ധതയുമുള്ള നിങ്ങൾ ഇനിയും മ യാളികളുടെ അറിവിനും വിനോദത്തിനുമായി സം തഗ്രന്ഥങ്ങളെ പരിഭാഷപ്പെടുത്തുമെന്നുള്ള വിശ്വാസ ത്തോടും, ഈ കത്തിനെ ഇവിടെ അവസാനിപ്പിക്കുന്നു. പ്രസന്നരാഘവം" നിങ്ങൾ ഒന്നു് തർജ്ജമചെയ്തു ക ണ്ടാൽ കൊള്ളാമെന്നു എനിക്കു വളരെ ആഗ്രഹമുണ്ടു്. തിനെക്കുറിച്ചു് നിങ്ങൾ എന്തു വിചാരിക്കുന്നു എന്നു് അറിവാനും ആഗ്രഹിക്കുന്നു.

എന്നു്,

ഒ. ചന്തുമേനോൻ.

---

dya Vilasam Press, Trivandrum.—1933

SRI KRISHNA VILASAM READING ROOM
MALAVINKEEL

Indic Digital Archive Foundation
gpura.org